## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: സർ, " 2020 ജനുവരി 29-ാം തീയതി കേരള ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ് ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. പി. ടി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. നന്ദിപ്രമേയത്തിൽ " ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു " എന്ന വാക്കുകൾക്ക് പകരം

   "ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം പൗരത്വഭേദഗതി നിയമം സംബന്ധിച്ച കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തെ ചോദ്യം ചെയ്യാനും, ഇപ്രകാരം പ്രമേയം പാസ്സാക്കുന്നതിന് നിയമസഭയ്ക്ക് അധികാരമില്ലെന്ന് പരസ്യമായ നിലപാട് സ്വീകരിക്കാനും തയ്യാറായ ഗവർണ്ണറുടെ നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു"എന്ന് ചേർക്കുക.

2. നന്ദിപ്രമേയത്തിന്റെ അവസാന ഭാഗത്ത് "രേഖപ്പെടുത്തുന്നു" എന്ന

വാക്കിന് പകരം

"രേഖപ്പെടുത്തുന്നതോടൊപ്പം പ്രസംഗത്തിലെ 18-ാം ഖണ്ഡിക വായിക്കുന്നതിന് മുൻപ് നടത്തിയ പരാമർശങ്ങളിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു" എന്ന് ചേർക്കുക.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പി.എസ്.സി. നടത്തിയ സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ എസ്.എഫ്.ഐ. നേതാക്കൾ നടത്തിയ പരീക്ഷാ തട്ടിപ്പ് രീതിയും, തട്ടിപ്പിനുപയോഗിച്ച ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ പത്രസമ്മേളനം നടത്തി പി.എസ്.സി. ചെയർമാൻ വെളിപ്പെടുത്തിയതും കേസന്വേഷണത്തെ ഗുരുതരമായി ബാധിച്ചുവെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, മരടിൽ തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ നഗ്നമായി ലംഘിച്ച് ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയത് സി. പി. എം. നേതൃത്വത്തിലുള്ള ഭരണസമിതി മരട് പഞ്ചായത്ത് ഭരിച്ചിരുന്ന കാലയളവിലായിരുന്നുവെന്നും, പ്രസ്തുത നിയമവിരുദ്ധ നടപടിയാണ് സുപ്രീംകോടതി ഇടപെടലിനും നാല് ഫ്ലാറ്റുകൾ പൊളിച്ച് നീക്കുന്നതിന് ഇടയാക്കിയതെന്നും പറയപ്പെടുന്ന

കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പകുതി പദ്ധതി ചെലവ് വഹിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തതിനാൽ അങ്കമാലി - എരുമേലി ശബരി പാത, എറണാകുളം - കുമ്പളം രണ്ടാം പാത, കുമ്പളം - തുറവൂർ രണ്ടാം പാത, തുറവൂർ - അമ്പലപ്പുഴ രണ്ടാം പാത തുടങ്ങിയ റെയിൽവേ പദ്ധതികൾ റെയിൽവേ ബോർഡ് മരവിപ്പിച്ചുവെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഈ സർക്കാർ ഭരണമേറ്റ ശേഷം സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ വൻ വർദ്ധനവ് ഉണ്ടായതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി ബോർഡ് കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയെ കുറിച്ചുള്ള ആരോപണം സി.ബി.ഐ അന്വേഷിക്കണമെന്ന പ്രതിപക്ഷ ആവശ്യത്തിന് സർക്കാർ അനുമതി നൽകാത്തത് അഴിമതി പുറത്ത് വരുമെന്നതിനാലാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുവാൻ ചുമതലയുണ്ടായിരുന്ന പ്രത്യേകഉദ്യോഗസ്ഥ ടീമിനെ സ്ഥലം മാറ്റിയതും, കൈയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്ന ദേവികുളം സബ്കളക്ടർമാരെ നിരന്തരം ട്രാൻസ്ഫർ ചെയ്യുന്നതും, മൂന്നാറിലെ കയ്യേറ്റങ്ങൾക്ക് ഒത്താശചെയ്യുന്ന കാര്യമാണെന്ന് പറയപ്പെടുന്നതായ കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന് പുനർനിർമ്മാണത്തിനായി ഒരു മാസത്തെ ശമ്പളം സാലറി ചലഞ്ചിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കെ.എസ്.ഇ.ബി. ജീവനക്കാർ നൽകിയിട്ടും 130 കോടിയോളം രൂപ ദുരിതാശ്വാസനിധിയിലേയ്ക്ക് നൽകാതെ കാലതാമസം വരുത്തുകയും അതുമൂലം ആദായനികുതി വകുപ്പിന്റെ നോട്ടീസ് കെ.എസ്.ഇ.ബി.-ക്ക് ലഭിച്ച കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുറ്റകൃത്യങ്ങളിൽ കേരളം രാജ്യത്ത് തന്നെ മുൻപന്തിയിൽ നിൽക്കുകയാണെന്ന ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ഡിസംബറിൽ പുറത്തുവിട്ട കണക്ക്

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അധികാരത്തിലെത്തിയ സർക്കാർ, ജീവനക്കാരുടെ ശമ്പളം പോലും കൃത്യമായി കൊടുക്കാതെ അവരെ ആത്മഹത്യയിലേയ്ക്കും, നിത്യ ദുരിതത്തിലേയ്ക്കും തള്ളിവിടുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

12. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കെത്തിയ രോഗമില്ലാത്ത വ്യക്തിക്ക് തെറ്റായ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കീമോ തെറാപ്പി ചികിത്സ നൽകിയത് ഉൾപ്പെടെ ആരോഗ്യമേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ കാര്യങ്ങളെ കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിമുക്തി പദ്ധതിയുടെ പേരിൽ പ്രചരണത്തിനായി വലിയ തുക മുടക്കുമ്പോൾ സംസ്ഥാനത്ത് 500 ലധികം ബാറുകൾക്ക് എഫ്.എൽ.3 ലൈസൻസ് നൽകുക വഴി മദ്യത്തിന്റെ ലഭ്യത സുലഭമാക്കിയ സർക്കാർ നടപടിയെ കുറിച്ച്

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെരിയ ഇരട്ട കൊലക്കേസിലെ അന്വേഷണത്തിൽ യഥാർത്ഥ പ്രതികളെ സംരക്ഷിക്കുന്ന തരത്തിൽ കുറ്റപത്രം തയ്യാറാക്കിയതായി പറയപ്പെടുന്ന കാര്യവും കേസിന്റെ അന്വേഷണം മുൻവിധിയോടെ ആണെന്ന് കണ്ടെത്തി ഹൈക്കോടതി കുറ്റപത്രം റദ്ദ് ചെയ്യുകയും ചെയ്ത കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പി.എസ്.സി. നടത്തിയ സിവിൽ പൊലീസ് ഓഫീസർ പരീക്ഷയിൽ എസ്.എഫ്.ഐ. നേതാക്കൾ ക്രമക്കേട് കാണിക്കുകയും, അതിലൂടെ കഷ്ടപ്പെട്ട് പഠിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ വഞ്ചിക്കുകയും ചെയ്തെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ധനമന്ത്രി 2017-ൽ കിഫ്ബിക്കായി വിദേശ കമ്പോളത്തിൽനിന്നും 1.53 ശതമാനം പലിശയ്ക്ക് വായ്പ നൽകുവാൻ പലരും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും 30 വർഷം തിരിച്ചടവ് കാലാവധി ലഭിക്കുമെന്നും പ്രഖ്യാപിച്ചതിന് കടകവിരുദ്ധമായി, 9 ശതമാനത്തിന് മുകളിൽ പലിശ നിരക്കുള്ള

വായ്പകൾ കിഫ്ബി എടുക്കുന്നതുമൂലം ഉണ്ടാകുന്ന തിരിച്ചടവ് ബാധ്യത സംസ്ഥാനത്തെ കൂടുതൽ കടക്കെണിയിലാക്കുമെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പങ്കാളികളായിട്ടും സർവ്വീസിൽ തുടരുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 86 അനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിക്കാത്തതായി പറയപ്പെടുന്ന സർക്കാർ നടപടി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കണ്ണൂർ വിമാനത്താവളത്തിൽ നടക്കുന്ന അഴിമതിയും, അനധികൃത നിയമനവും മൂടി വയ്ക്കുവാൻ വേണ്ടിയാണ് സി ആന്റ് എ.ജി.-യുടെ സമ്പൂർണ്ണ ആഡിറ്റ് അനുവദിക്കാത്തതെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാസർഗോഡ് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത് ലാലിനെയും നിഷ്ഠൂരമായി സി.പി.എം. പ്രവർത്തകർ കൊലപ്പെടുത്തിയ കേസിൽ പോലീസ് നൽകിയ കുറ്റപത്രം റദ്ദാക്കി ഹൈക്കോടതി

അന്വേഷണം സി.ബി.ഐ.-ക്ക് വിട്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിൽ തോറ്റ വ്യക്തിയെ ക്യാബിനറ്റ് റാങ്കോടെ ഡൽഹിയിൽ പ്രത്യേക പ്രതിനിധിയായി നിയമിക്കുകയും അതുവഴി ഖജനാവിന് കൂടുതൽ ഭാരം ഉണ്ടാക്കിവെയ്ക്കുകയും ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. റോജി എം .ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ഇ.ബി.-യിൽ ട്രാൻസ്മിഷൻ ഡയറക്ടറായിരിക്കെ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ, പെൻഷനായ ശേഷം ടെറാനസ് എന്ന കമ്പനിയിൽ ചേർന്ന് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ അപ്രൈസൽ നടത്തി ഉയർന്ന എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയത് ഗുരുതരമായ പ്രശ്നമാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാങ്കേതിക സർവ്വകലാശാലയിൽ ചട്ടങ്ങൾ മറികടന്ന് ബി-ടെക് വിദ്യാർത്ഥിനിയുടെ ഉത്തരക്കടലാസ്സ് മൂന്നാമതും മൂല്യനിർണ്ണയം നടത്തുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയതായി പറയപ്പെടുന്ന കാര്യവും, കഷ്ടപ്പെട്ട്

പഠിക്കുന്ന വിദ്യാർത്ഥികളുടെ കഷ്ടപ്പാടിന് യാതൊരു ഫലവും ഇല്ലാത്ത സ്ഥിതിവിശേഷവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 30 ശതമാനം ജി.എസ്.ടി. വളർച്ച ലക്ഷ്യമിട്ടുവെങ്കിലും, നികുതി പിരിവിലുണ്ടായ പാളിച്ചകൾ മൂലവും കൂടുതൽ വ്യാപാരികളെ ജി.എസ്.ടി. നെറ്റ് വർക്കിൽ കൊണ്ടുവരുന്നതിൽ ഉണ്ടായ പരാജയം മൂലവും ലക്ഷ്യമിട്ടതിന്റെ പകുതി പോലും വർദ്ധന നികുതി വരുമാനത്തിൽ ഉണ്ടാക്കുവാൻ സാധിക്കാത്ത കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ രണ്ട് പദ്ധതികളായ കോട്ടയം ലൈൻസ്, കോലത്തുനാട് പദ്ധതികളിൽ കെ.എസ്.ഇ.ബിയുടെ അടിസ്ഥാന നിരക്കിനെക്കാൾ ഉയർന്ന നിരക്കിൽ കരാർ നൽകുകവഴി കരാറുകാർക്ക് അമിത ആനുകൂല്യം ലഭിക്കാനിടയായെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് അവകാശപ്പെട്ട് രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നീങ്ങുന്നതെന്നും നാല് വർഷം

ആകുന്ന സാഹചര്യത്തിൽ ഇതുവരെ 10 ശതമാനം പ്രവൃത്തികൾ മാത്രമേ പൂർത്തിയാക്കുവാൻ സാധിച്ചുള്ളൂവെന്നും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സഹകരണ സംഘങ്ങളിൽ നിന്നും ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപക്ക് മുകളിൽ പണമായി പിൻവലിക്കുന്നവർ രണ്ട് ശതമാനം ആദായ നികുതി നൽകണമെന്ന കേന്ദ്ര നിർദ്ദേശം സഹകരണ സംഘങ്ങൾക്ക് ഉണ്ടാക്കുന്ന ബാധ്യതയും പ്രതിസന്ധിയും സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

27. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെയും ഷുഹൈബ് വധക്കേസിലെയും പ്രതികൾക്ക് ജയിലിൽ സുഖവാസവും, സുഖചികിത്സയും ലഭിക്കുന്നതായി പറയപ്പെടുന്നതും ടി. പി. ചന്ദ്രശേഖരൻ വധ കേസിലെ പ്രതി കൊടി സുനി ജയിലിലിരുന്ന് ക്വട്ടേഷൻ പണി നടത്തിയതായി പറയപ്പെടുന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിയാലിൽ സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി 65 ശതമാനം ഓഹരികൾ ഉണ്ടെന്നും അതിനാൽ ആഡിറ്റിന് അധികാരം ഉണ്ടെന്ന് സി.ആന്റ് എ.ജി.

ചൂണ്ടി കാണിച്ചിട്ടും കിയാലിന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുവാൻ സി.ആന്റ് എ.ജി.-യെ അനുവദിക്കാത്ത നടപടി ക്രമവിരുദ്ധകാര്യങ്ങൾ പുറത്തുവരുമെന്ന കാരണത്താലാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

29. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള പുനർ നിർമ്മാണ പദ്ധതിക്കായി ലോകബാങ്കിൽ നിന്നും ലഭിച്ച 1750 കോടി രൂപ പദ്ധതി നിർവ്വഹണ ഏജൻസിക്ക് യഥാസമയം കൈമാറാതെ വകമാറ്റി ചെലവ് ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

30. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന തനത് നികുതി വരുമാനത്തിൽ കഴിഞ്ഞ മൂന്നര വർഷം കൊണ്ട് കുറഞ്ഞ വളർച്ചാ നിരക്ക് ഉണ്ടായ കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

31. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നെൽവയൽ സംരക്ഷണത്തിനായി നിയമം പാസ്സാക്കിയെങ്കിലും, സംസ്ഥാനത്ത് വ്യാപകമായി തണ്ണീർത്തടങ്ങളും, നെൽവയലുകളും നികത്തുന്ന നടപടി തുടരുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

32. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ബാങ്ക് നിലവിൽ വരുമ്പോൾ സഹകരണ മേഖല പൂർണ്ണമായും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുന്ന കാര്യവും, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അതുമൂലം ഇപ്പോൾ ലഭിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം നഷ്ടമാകുമെന്ന് പറയപ്പെടുന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

33. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ആകെ വരവും, റവന്യൂ വരവും പരിശോധിച്ചതിൽ കഴിഞ്ഞ മൂന്നര വർഷം കൊണ്ട് അവ തമ്മിലുള്ള അന്തരം കൂടി വരുന്നുവെന്നും കടബാദ്ധ്യതകൾ വർദ്ധിച്ചുവരുന്നു എന്നുമുള്ള സൂചകങ്ങളാണ് പുറത്ത് വരുന്നതെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

34. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിനായി അദാനി, തിരുവനന്തപുരം ഇന്റെർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് മുന്നോട്ട് പോകുമ്പോൾ വിമാനത്താവളം സംസ്ഥാന സർക്കാരിന്റെ അധീനതയിലാക്കുവാൻ ക്രിയാത്മകമായ ഇടപെടൽ നടത്തുവാൻ കഴിയാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ

ഖേദിക്കുന്നു.”

35. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാരുണ്യ ലോട്ടറിയിലൂടെ ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ ആദായം കൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് പദ്ധതി നിർത്തലാക്കി സാധാരണക്കാരായ രോഗികളെ പ്രത്യേകിച്ച് ഹീമോഫീലിയ, ക്യാൻസർ രോഗികളെ ദുരിതത്തിലാക്കിയതായി പറയപ്പെടുന്ന നടപടി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

36. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, സംസ്ഥാനത്തിന്റെ പൊതുകടം, മൊത്തം കടം, ആളോഹരി കടം എന്നിവ കഴിഞ്ഞ മൂന്നര വർഷം കൊണ്ട് ഗണ്യമായി വർദ്ധിച്ചതും 2016-ൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 1,57,370.33 കോടി രൂപയായിരുന്നത് 2,49,559.34 കോടി രൂപയായി ഉയർന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

37. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കിഫ്ബി പുറത്തിറക്കിയ 2150 കോടി രൂപയുടെ മസാല ബോണ്ട് വാങ്ങിയത് ലാവ്‌ലിൻ കമ്പനിയെ നയിക്കുന്ന കനേഡിയൻ ഫണ്ടിംഗ് ഏജൻസിയായ സി.ഡി.പി.ക്യൂ. ആണെന്നതായി പറയപ്പെടുന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

38. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ തുകയിൽ 3000 കോടി രൂപയുടെ കുറവ് വരുത്തുവാൻ സർക്കാർ തീരുമാനം ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

39. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, വാളയാറിൽ രണ്ട് പിഞ്ച് ദളിത് സഹോദരിമാർ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടപ്പോൾ അതിൽ പ്രതികളായിരുന്നവരെ പ്രോസിക്യൂഷന്റെ പിടിപ്പ് കേടുമൂലം കോടതി വെറുതെ വിട്ടതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

40. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ചട്ടവിരുദ്ധമായി ക്വാറിക്ക് ജിയോളജി വകുപ്പ് അനുമതി നൽകിയ കാര്യം പോലുള്ള ക്രമവിരുദ്ധമായ നടപടികൾ ക്വാറികൾ അനുവദിക്കുന്നതിൽ സംസ്ഥാനത്ത് നടക്കുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

41. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കുട്ടനാടിന്റെ വികസനത്തിനായി 2447.66 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചുവെങ്കിലും, ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നും സ്വീകരിക്കാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

42. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2016 -ൽ സംസ്ഥാനത്തെ ഒരു വ്യക്തിയുടെ ആളോഹരി കടം 46,078.04 രൂപയായിരുന്നത് ഈ സർക്കാരിന്റെ മൂന്നര വർഷകാലത്തെ ഭരണകാലയളവിൽ 26,352.48 രൂപ വർദ്ധിച്ച് 72,430.52 രൂപയായ കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

43. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിഫ്ബി വികസനപ്രവർത്തനങ്ങൾക്കായി പുറത്തിറക്കിയ 2150 കോടി രൂപയുടെ മസാല ബോണ്ടിന് 9.72 ശതമാനം നിരക്കിൽ ഉയർന്ന പലിശ നൽകേണ്ടിവരുമെന്നും, ഇനി വരുന്ന സർക്കാർ ഇതിന്റെ തിരിച്ചടവായി 3195 കോടി രൂപ പലിശയടക്കം നൽകേണ്ടി വരുമെന്നും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമലയിൽ യുവതീപ്രവേശനം സംബന്ധിച്ച

സുപ്രീംകോടതി വിധി നടപ്പിലാക്കാനെന്ന പേരിൽ ലക്ഷക്കണക്കിന് വിശ്വാസികളുടെ വിശ്വാസത്തിൽ പോറൽ ഏൽപ്പിച്ചുകൊണ്ട് പോലീസ് പരിരക്ഷയിൽ രണ്ട് യുവതികളെ സന്നിധാനത്ത് എത്തിച്ചത് തെറ്റായിപ്പോയി എന്ന് സർക്കാരിന് തോന്നുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

45. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി രൂക്ഷമായതായി പറയപ്പെടുന്നതും റവന്യൂ കമ്മിയിലും ധന കമ്മിയിലും കഴിഞ്ഞ മൂന്നര വർഷം കൊണ്ട് ക്രമാതീതമായ വർദ്ധനവ് ഉണ്ടായ കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

46. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിഫ്ബിയുടെ ഫണ്ടുകൾ ആഡിറ്റ് ചെയ്യുവാൻ സി.ആന്റ് എ.ജി.-ക്ക് നൽകിയിരുന്ന അധികാരം നിയമഭേദഗതികളിലൂടെ എടുത്ത് കളഞ്ഞത് കിഫ്ബിയുടെ ഫണ്ട് ദുരുപയോഗം അറിയാതിരിക്കാനുള്ള നടപടിയായിരുന്നെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

47. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാസർഗോഡ് പെരിയ ഇരട്ടകൊലപാതക കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കൃപേഷിന്റെ

മാതാപിതാക്കൾ ഹൈക്കോടതിയിൽ നൽകിയ കേസിൽ സി.ബി.ഐ. അന്വേഷണം ആവശ്യമില്ലായെന്ന് വാദിക്കുവാൻ സുപ്രീംകോടതിയിലെ അഭിഭാഷകരെ സർക്കാർ ചെലവിൽ കൊണ്ടുവന്നെന്നും അവർക്ക് വക്കീൽ ഫീസിനത്തിൽ 80 ലക്ഷത്തിലധികം രൂപ ഖജനാവിൽ നിന്ന് നൽകിയെന്നും പറയപ്പെടുന്നതിനെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

48. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള പുനർ നിർമ്മാണ പദ്ധതിക്കായി ലോകബാങ്കിൽ നിന്നും ലഭിച്ച 1750 കോടി രൂപ പദ്ധതി നിർവ്വഹണ ഏജൻസിക്ക് യഥാസമയം കൈമാറാതെ വക മാറ്റി ചെലവ് ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

49. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2019-ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കേന്ദ്ര മാനദണ്ഡപ്രകാരം 2101.95 കോടി രൂപയുടെ നഷ്ടം ഉള്ള കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടും ഇതുവരെ ഒരു രൂപപോലും നഷ്ടപരിഹാരം നൽകാത്ത കേന്ദ്ര നടപടിയെ കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

50. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും, അതിലൂടെ യൂണിവേഴ്സിറ്റികളുടെ

സ്വയം ഭരണാവകാശത്തെ ബാധിക്കുന്ന ഇടപെടലുകൾ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെയും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിന്റെയും ഭാഗത്ത് നിന്നും ഉണ്ടായതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

51. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെടുംകണ്ടത്ത് പോലീസ് കസ്റ്റഡിയിൽ രാജ്കുമാറും പാവറട്ടിയിൽ എക്സൈസ് കസ്റ്റഡിയിൽ രജിത് കുമാറും മരിച്ചത് മൂന്നാം മുറ പ്രയോഗം മൂലമാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

52. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള നിയമനങ്ങൾ പി.എസ്.സി. വഴി നടത്താതെ പല സ്ഥലങ്ങളിലും കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ബന്ധുക്കൾക്കും സ്വന്തക്കാർക്കും ആയി നൽകുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

53. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമായ 2019 ലെ പൗരത്വ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പിലാക്കില്ല എന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

54. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിഫ്ബിയുടെ അപ്രൈസൽ വിഭാഗം മേധാവിക്ക് പ്രതിമാസം 2.85 ലക്ഷം രൂപ ശമ്പള ഇനത്തിൽ നൽകുന്നു എങ്കിലും അവർ ചെയ്യേണ്ട ജോലി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ഏൽപ്പിക്കുകയും, അവർ അത് സ്വകാര്യ കമ്പനിക്ക് മറിച്ച് നൽകി കോടികൾ അപ്രൈസൽ ഫീസ് ഇനത്തിൽ നൽകേണ്ടിവരികയും ചെയ്യുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

55. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും, ഇക്കാര്യത്തിൽ യാതൊരു നടപടിയും ഇതിനകം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

56. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടപ്പിലാക്കാതെ കുഴിയിൽ വീണ് യാത്രക്കാർ ദാരുണമായി മരണമടഞ്ഞ സംഭവം ഉണ്ടായ സാഹചര്യത്തിൽ കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി സമയക്രമം പ്രഖ്യാപിക്കേണ്ട സാഹചര്യം ഉണ്ടായതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതികൾ അവതരിപ്പിക്കുന്നു.

57. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുറഞ്ഞ വിലക്ക് കുപ്പിവെള്ളം ജനങ്ങൾക്ക് നൽകുന്നതിനായി കേരള ജല അതോറിറ്റി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാതെ സ്വകാര്യ കുപ്പിവെള്ള കമ്പനികളെ സഹായിക്കുന്നതായി പറയപ്പെടുന്ന നിലപാട് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

58. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ പല ക്ഷേമനിധി ബോർഡുകളുടെയും, സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി രൂപീകരിക്കാതെ, പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി വഴിയല്ലാതെ നടത്തുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

59. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ കോടിക്കണക്കിന് രൂപ അതിന്റെ പ്രവർത്തനത്തിനായി വിനിയോഗിച്ച് നാല് റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചുവെങ്കിലും ഒരു ശിപാർശപോലും ഇതുവരെ നടപ്പിലാക്കാതെ, ഭരണ പരിഷ്ക്കാര കമ്മീഷന്റെ പ്രസക്തിയെ പോലും ചോദ്യം ചെയ്യുന്നതായി പറയപ്പെടുന്ന നടപടി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

60. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം അതിരൂക്ഷമായ ധനപ്രതിസന്ധിയിലൂടെ കടന്നുപോകുന്നതായി പറയപ്പെടുന്നതുമൂലം മാസങ്ങളോളം നീണ്ടു നിൽക്കുന്നതായി പറയപ്പെടുന്ന ട്രഷറി നിയന്ത്രണം പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

61. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നികുതി വളർച്ചാ നിരക്ക് പ്രതീക്ഷിച്ചതിന്റെ പകുതിപോലും എത്താത്തത് സംബന്ധിച്ചും നികുതി പിരിവിൽ ഗുരുതരമായ അനാസ്ഥയുള്ളതായി പറയപ്പെടുന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

62. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാമ്പത്തിക പ്രതിസന്ധിയിൽ ധൂർത്തും പരസ്യ ചെലവിനത്തിലും കോടികൾ മുടക്കുന്നതായി പറയപ്പെടുന്നതും കോടികൾ ചെലവാക്കി ക്യാബിനറ്റ് റാങ്കോടുകൂടി സർക്കാർ പ്രതിനിധിയായുള്ള നിയമനം സംബന്ധിച്ചും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

63. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സി.പി.ഐ.(എം.) പ്രവർത്തകർ കൊലപ്പെടുത്തിയ കൃപേഷിന്റെയും ശരത് ലാലിന്റെയും ഷുഹൈബിന്റെയും പ്രതികളെ സംരക്ഷിക്കാൻ, കേസ് സി.ബി.ഐ.-ക്ക് വിടാതിരിക്കാൻ വേണ്ടി സർക്കാർ ചെലവിൽ കോടികൾ ചെലവഴിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

64. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മദ്യത്തിന്റെ ഉപയോഗം സമൂഹത്തിൽ കുറയ്ക്കുമെന്ന ലക്ഷ്യത്തിൽ പ്രഖ്യാപിച്ച മദ്യനയത്തിന് ശേഷം 565 ബാറുകൾ പുന:രാരംഭിച്ചത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

65. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപറത്തി അതീവരഹസ്യമായി 3 ബ്രൂവെറിയ്ക്കും ഒരു ഡിസ്റ്റിലറിയ്ക്കും അനുമതി നൽകിയതുമായി ബന്ധപ്പെട്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

66. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബന്ധുനിയമനങ്ങളും അനധികൃത നിയമനങ്ങളും നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

67. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പി.എസ്.സി; പരീക്ഷകളുടെ വിശ്വാസ്യത തകർത്ത് ചോദ്യ പേപ്പർ ചോർച്ച നടന്നതായി പറയപ്പെടുന്ന സംഭവം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

68. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പോലീസ് കോൺസ്റ്റബിൾ പരീക്ഷയിൽ അനർഹർ ഉന്നത റാങ്കുകൾ കരസ്ഥമാക്കിയതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

69. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ബാങ്ക് രൂപീകരണത്തിലെ ശ്രീറാം കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

70. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വരാപ്പുഴയിലെ ശ്രീജിത്തടക്കമുള്ള 11 സാധാരണക്കാരുടെ കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

71. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിൽ ആഭ്യന്തര വകുപ്പിന് വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

72. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികളെ പോലീസ് ആസൂത്രിതമായി കേസിൽ നിന്നും ഒഴിവാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

73. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നതായി പറയപ്പെടുന്ന സ്ത്രീപീഡനങ്ങളിലും അക്രമങ്ങളിലും കൊലപാതകങ്ങളിലും ഭരണകക്ഷി അംഗങ്ങൾ തന്നെ വരുന്നത് നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നതായി

പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

74. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിക്ക് പകരമായി രോഗികൾക്ക് ഗുണപ്രദമായ രീതിയിൽ പുതിയ സംവിധാനം ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

75. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വൻകിട വികസന പദ്ധതികളിലെ പൂർത്തീകരണത്തിലുണ്ടാകുന്ന മെല്ലപോക്കുകാരണം വികസന പദ്ധതികൾ നടപ്പാക്കാൻ കാലതാമസമെടുക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

76. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അമ്യൂസ്മെന്റ് പാർക്കുകൾക്കും റിസോർട്ടുകൾക്കും വേണ്ടി നടക്കുന്നതായി പറയപ്പെടുന്ന കായൽ കയ്യേറ്റവും ഭൂമി കയ്യേറ്റവും തടയുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

77. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാർഷിക രംഗത്തെ ഗുരുതരമായ തകർച്ച നേരിടുന്നതിന് കാർഷിക വികസന പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

78. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ആർ.ടി.സി; ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശങ്ക പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

79. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോൾ ഡീസൽ വിലവർദ്ധന നിയന്ത്രിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

80. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിക്കാത്തത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

81. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ വിവിധ കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

82. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വാളയാറിലെ പെൺകുട്ടികളെ പീഡനത്തിനിരയാക്കിയ പ്രതികളെ സംരക്ഷിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ

ഖേദിക്കുന്നു."

83. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

84. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തീരദേശ ഹൈവേ പദ്ധതി പ്രഖ്യാപിച്ചിട്ടും ഇതുവരെയും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

85. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കണ്ണൂരിലെ പ്രവാസി വ്യവസായി സാജന്റെ ആത്മഹത്യയിലേക്ക് നയിച്ചതായി പറയപ്പെടുന്ന കാര്യങ്ങൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

86. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുട്ടനാട് പാക്കേജ് പൂർണ്ണതയിലെത്തിക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

87. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ധനകമ്മി കൂടിയതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

88. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റവന്യൂ കമ്മി കൂടിയതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

89. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആളോഹരി കടം ക്രമാതീതമായി വർദ്ധിച്ചതായി പറയപ്പെടുന്ന സാഹചര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

90. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ എം.ആർ.എസ്. പ്രവർത്തനങ്ങളിൽ വരുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

91. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തൊഴിൽരഹിതരായ യുവാക്കൾക്ക് പ്രഹരമേൽപ്പിക്കുന്ന അപ്രഖ്യാപിത നിയമന നിരോധനം ഉള്ളതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

92. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മലയോര ഹൈവേയുടെ വികസനത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

93. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

94. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പോലീസിന്റെ അതീവരഹസ്യരേഖകൾ സ്വകാര്യ കമ്പനിയായ ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

95. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

96. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അവശ്യ സാധനങ്ങളുടെ വില കുതിച്ചുയരുന്നത് പിടിച്ചു നിർത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

97. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിൽ പരാജയം സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

98. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലഹരിപദാർത്ഥങ്ങളുടെ വ്യാപക ഉപയോഗം ഉള്ളതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

99. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റേഷൻ കാർഡിലെ പിശകുകളും പരാതികളും പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

100. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി വകുപ്പിന്റെ വൻകിട പദ്ധതിയായ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ അഴിമതിയുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

101. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഊരാളുങ്കൽ സൊസൈറ്റിയ്ക്ക് സർക്കാരിന്റെ പ്രധാന പ്രോജക്ടുകൾ ഏൽപ്പിക്കുന്നതിൽ പ്രത്യേക താൽപര്യം ഉള്ളതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

102. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ എണ്ണം കൂടുന്നത് തടയുന്നതിനായുള്ള സത്വരനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

103. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാധാരണ ജനങ്ങൾ ഏറെ ആശ്രയിക്കുന്ന താലൂക്ക് ആശുപത്രികളോട് അവഗണന ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

104. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ പ്രചരണത്തിനായി കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

105. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

106. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിൽ പോരായ്മകൾ ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

107. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എഞ്ചിനിയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരം തകർന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

108. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി ആസ്ഥാന മന്ദിരം തുടങ്ങാത്തത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

109. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ സർക്കാർ തഴയുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

110. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം നഗരത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ അരുവിക്കര ഡാമിലെ ജൈവ-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

111. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ വൻകിട പദ്ധതിയെന്ന് അവകാശപ്പെടുന്ന ലൈഫ് ഭവന പദ്ധതിയിൽ പോരായ്മകൾ ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

112. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തീരദേശമേഖലയിലെ സംരക്ഷണം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

113. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തീരദേശമേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

114. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വയനാട്-കർണ്ണാടക ദേശീയ പാതയിലെ രാത്രി യാത്രാ നിരോധന ദുരിതങ്ങൾ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

115. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ,ചെറുകിട വ്യവസായ മേഖലയിൽ തകർച്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

116. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, വരാനിരിക്കുന്ന കടുത്ത വരൾച്ച മുൻകൂട്ടി കണ്ട് കുടിവെള്ള ക്ഷാമം നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

117. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിൽ കാലതാമസം വരുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

118. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജില്ലാ തലത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ ആരംഭിക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

119. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്രസർക്കാർ വിഹിതങ്ങൾ നേടിയെടുക്കുന്നതിൽ സർക്കാരിന് പരാജയം സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

120. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിലെയും ആർ. സി.സി.-യിലെയും രോഗികളുടെ ദുരവസ്ഥ പരിഹരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

121. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകൾ നൽകുന്നതിൽ കാലതാമസം ഉള്ളതായും കുടിശ്ശിക തീർത്ത് നൽകാത്തതായും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

122. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പട്ടികജാതി വിഭാഗത്തിലുള്ളവരുടെ ഭവന മെയിന്റനൻസ് പദ്ധതി ഒഴിവാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

123. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പിൽ കാലതാമസം വരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

124. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമല വിഷയം പരിഹരിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

125. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പഞ്ചായത്ത് പദ്ധതിയുടെ നിർവ്വഹണം അവതാളത്തിലായതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

126. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റബ്ബർ കർഷകർക്കായി സർക്കാർ ഒന്നും ചെയ്യാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

127. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കയർ വ്യവസായ മേഖലയിൽ തകർച്ച സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

128. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

129. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കിഫ്ബി പദ്ധതിയുടെ ഓഡിറ്റ് സുതാര്യമല്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

130. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കിഫ്ബി പ്രോജക്ട് അവലോകനം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

131. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മസാല ബോണ്ട് ഉയർന്ന പലിശ നിരക്കിൽ ലഭ്യമാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

132. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരെ കിഫ്ബി പദ്ധതിയിൽ വലിയ ശമ്പളം നൽകി നിയമിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

133. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

134. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കിഫ്ബിയിൽ 12000 കോടി രൂപയുടെ സ്ഥലമേറ്റെടുക്കൽ പദ്ധതികൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

135. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ പദ്ധതികളുടെ ബില്ലുകൾ മാറാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

136. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന കർഷക ആത്മഹത്യ പരിഹരിക്കുന്നതിൽ വീഴ്ച വന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

137. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത പാത നവീകരിക്കുന്നതിൽ വീഴ്ച ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

138. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ഇതുവരെ പ്രഖ്യാപിച്ച പുതിയ താലൂക്കുകളുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കാത്തതിൽ വീഴ്ച വന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

139. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ രാഷ്ട്രീയ പകപോക്കലിനായി ജീവനക്കാരെ അനാവശ്യമായി സ്ഥലംമാറ്റുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

140. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ അറ്റകുറ്റപണികൾ നടത്താത്തതു മൂലമുണ്ടാകുന്നതായി പറയപ്പെടുന്ന അപകടങ്ങളെ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

141. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മതിയായ തെളിവുകളില്ലാതെ യു. എ. പി. എ. ചുമത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

142. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മാവോയിസ്റ്റുകളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് പകരം കൊലപ്പെടുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ

ഖേദിക്കുന്നു.”

143. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ലോക കേരള സഭയിൽ ധൂർത്ത് ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

144. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ലോക കേരള സഭയിൽ ഇതുവരെ ചർച്ച ചെയ്ത പ്രമേയങ്ങൾ പ്രാബല്യത്തിൽ വരാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

145. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ ജനവാസ മേഖലകളിലെ വന്യമൃഗങ്ങളുടെ ആക്രമണം ഫലപ്രദമായി ചെറുക്കുന്നതിനുള്ള പരിഹാരം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

146. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

147. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പിന്നോക്ക, പട്ടികജാതി, പട്ടികവർഗ്ഗ

ജനവിഭാഗങ്ങൾക്ക് വായ്പകൾ നൽകുന്നതിൽ കാലതാമസം വരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

148. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ കോളേജിലെ പുതിയ അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

149. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ഭൂ, ക്വാറി മാഫിയകൾ സംസ്ഥാനത്ത് വ്യാപകമായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

150. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

151. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വിവിധ എസ്റ്റേറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

152. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ബോണക്കാട് എസ്റ്റേറ്റിന്റെ പ്രവർത്തനം

പുന:രാരംഭിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

153. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

154. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിലെ പ്രധാന കലാലയങ്ങളായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന അക്രമങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

155. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന അഭിമന്യുവിന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

156. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, റവന്യൂ വകുപ്പിന് പുതുതായി നൽകിയ നിയമപരമായ അധികാരങ്ങളിൽ അപാകതകൾ ഉള്ളതായി പറയപ്പെടുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

157. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ നിർജ്ജീവമാക്കിയതായി പറയപ്പെടുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

158. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പൗരത്വ സമരത്തിൽ പങ്കെടുത്ത പൊതു പ്രവർത്തകരെ അറസ്റ്റ് ചെയ്ത് സർക്കാർ നിയമ നടപടികൾ സ്വീകരിക്കുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

159. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ നിയമഭേദഗതിക്കെതിരെ മനുഷ്യശൃംഖല തീർത്തവർ പൗരത്വ രജിസ്റ്ററിനായി എന്യൂമറേറ്റർമാരെ നിയമിക്കുന്നതായി പറയപ്പെടുന്ന കാര്യം ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എൻ.പി.ആർ. സർക്കുലർ സംസ്ഥാനത്ത് വ്യാപകമായി വിതരണം ചെയ്തതിൽ ഖേദിക്കുന്നു."

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പന്തീരങ്കാവിൽ അലൻ, താഹ എന്നീ വിദ്യാർത്ഥികളെ യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്തതിലും കേസ്സ് എൻ.ഐ.എ.യ്ക്ക് കൈമാറിയതിലും ഖേദിക്കുന്നു."

ശ്രീ.മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സിനിമാ വ്യവസായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മണ്ണ്, മണൽ, ക്വാറി, റിയൽ എസ്റ്റേറ്റ് മാഫിയകളുടെ

പ്രവർത്തനം നിയന്ത്രിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.”

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ നിയമഭേദഗതിക്കെതിരായി സമരം ചെയ്തവർക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസ്സുകൾ എടുത്തതിൽ ഖേദിക്കുന്നു.”

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നാണ്യവിളകളുടെ വിലയിടിവ് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

167. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ മദ്യഉൽപാദനവും ഉപഭോഗവും കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ

ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തു വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച കാര്യം ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ഫലപ്രദമായ ചെലവുചുരുക്കൽ പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എൻ.എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനുള്ള പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിനെക്കുറിച്ചും ജീവനക്കാരുടെ ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നതിനെക്കുറിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരത്തോടനുബന്ധിച്ച് നൽകിയ ഉറപ്പുകളെയും അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനേയും കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതബോർഡിന്റെ ബാധ്യതകളെക്കാൾ അധികരിച്ചതായി പറയപ്പെടുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങളെപ്പറ്റിയും, കാർഷിക മേഖലയിൽ നാണ്യവിളകൾക്കുണ്ടായിരിക്കുന്ന വിലയിടിവിനെക്കുറിച്ചും, കർഷകർ നേരിടുന്നതായി പറയപ്പെടുന്ന വിവിധങ്ങളായ പ്രതിസന്ധികളെക്കുറിച്ചും, കേരളത്തിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനെക്കുറിച്ചും യാതൊരു നയവും വ്യക്തമാക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

178. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ ഭേദഗതി നിയമത്തിനെതിരായി സമരം ചെയ്തവരിൽ ചിലരെ പോലീസ് അറസ്റ്റ് ചെയ്ത് കസ്റ്റഡിൽ വച്ച നടപടിയിൽഖേദിക്കുന്നു."

179. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ
ഖേദിക്കുന്നു. "

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാൽ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി ഗവർണ്ണറുടെ പ്രസംഗത്തിനുള്ള ഭേദഗതിയായതിനാൽ ക്രമപ്രകാരമല്ല.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വളരെ നിസ്സാരമായ ഒരു ഭേദഗതിയാണ് ഇവിടെ ഉന്നയിച്ചത്. ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച " 2020 ജനുവരി 29-ാം തീയതി കേരള ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയത്തിൽ 'ചെയ്ത' എന്നതിനുശേഷം 'അധിക' എന്ന വാക്കുകൂടി ചേർക്കണം എന്ന നിസ്സാര ഭേദഗതിയാണ്. അതായത്, ഇവിടെ അധികപ്രസംഗമല്ലേ നടന്നത്; ഗവർണ്ണർ ഇവിടെ വന്ന് പ്രസംഗിച്ചത് ഞാൻ കേട്ടുകൊണ്ട് ഇവിടെ ഇരിക്കുകയായിരുന്നു; അധിക പ്രസംഗമല്ലേ അദ്ദേഹം നടത്തിയത്.

മി. സ്പീക്കർ: 'അധികം' എന്നുള്ള വാക്ക് അൺപാർലമെന്ററി അല്ലെങ്കിലും

'അധിക പ്രസംഗം' എന്നുള്ളത് അംഗീകരിക്കാൻ കഴിയില്ല. സ്റ്റേറ്റിനെ പ്രതിനിധീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗമാണ്. 'അധിക പ്രസംഗം' എന്നുള്ളത് അംഗീകരിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: 'അധികം' എന്നുള്ള വാക്കുകൂടി ചേർത്താൽ ഞാൻ ഇതിനെ അനുകൂലിക്കും.

മി. സ്പീക്കർ: അത് അംഗീകരിക്കുന്നില്ല. 'ബുദ്ധി' യുടെ പുറകിൽ 'ദുർ' കൂട്ടിയാൽ അത് 'ദുർബുദ്ധി' ആകും. അതുപോലെ പ്രസംഗത്തിന് പുറകിൽ 'അധികം' എന്ന വാക്ക് ചേർക്കണമെന്ന അങ്ങയുടെ വികാരത്തോട് യോജിക്കുന്നുവെങ്കിലും അംഗീകരിക്കുന്നില്ല. ദയവായി ഇരിക്കു...പ്ലീസ്...

മി. സ്പീക്കർ: ഗവർണ്ണറുടെ നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്.

**ചർച്ച**

ശ്രീ. എസ്. ശർമ്മ: സർ, അതീവ ഗൗരവമേറിയ ഒരു സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ഈ നയപ്രഖ്യാപനത്തിന്റെ ചർച്ച നമ്മൾ നടത്തുന്നത്. തൊട്ടുമുമ്പ് ഇവിടെ ചട്ടം 130 അനുസരിച്ച് നടന്ന ഡിബേറ്റിലും ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് കൺക്ലൂഡ് ചെയ്ത്

വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഗവർണ്ണറുമായി ഏതെങ്കിലും തരത്തിലും ഒത്തുകളി ആണെന്നുള്ള തെറ്റിദ്ധരിപ്പിക്കുന്ന പ്രചരണം വൻതോതിൽ കേരളത്തിൽ പ്രതിപക്ഷനേതൃത്വം പ്രചരിപ്പിക്കുന്നുണ്ട്. പൗരത്വ ബിൽ പാർലമെന്റ് പാസ്സാക്കിയതിനുശേഷം ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സംസ്ഥാനത്തിന്റെ ഭരണത്തലവൻ ഈ നിയമം കേരളത്തിന്റെ മണ്ണിൽ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചത് ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. ഭരണത്തലവൻ എന്നുള്ള നിലയ്ക്ക് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ മുഖ്യമന്ത്രിയാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. മാത്രമല്ല, പൗരത്വരജിസ്റ്ററും അംഗത്വ രജിസ്റ്ററും തടങ്കൽ പാളയങ്ങളും കേരളത്തിൽ വരാൻ അനുവദിക്കില്ല എന്നുകൂടി പരസ്യമായി പ്രഖ്യാപിച്ചു. പ്രമേയത്തെ ഗവർണ്ണർ എതിർത്തുവെന്നുള്ളത് ശരിയാണ്. പക്ഷേ അതേ ഗവർണ്ണർ ഇവിടെ വന്ന് ആ പ്രമേയത്തിന്റെ കണ്ടന്റ് കേരളമന്ത്രിസഭ അംഗീകരിച്ചത് തിരിച്ച് വായിക്കാൻ നിർബന്ധിതമായിത്തീർന്നു. അത്തരമൊരു സാഹചര്യം കൂടി നാം ഈ സന്ദർഭത്തിൽ പരിശോധിക്കുമ്പോൾ ഗവർണ്ണർക്ക് ചില പൊളിറ്റിക്കൽ

പൊസിഷനുണ്ട്. ആ പൊസിഷനോട് നമ്മൾ സന്ധി ചെയ്യുന്നില്ല. അടിസ്ഥാനപരമായി മതനിരപേക്ഷത സംരക്ഷിക്കാൻ വേണ്ടി യോജിച്ച പോരാട്ടത്തിനാണ് നമ്മളെല്ലാം ആഗ്രഹിക്കുന്നത്. എന്നാൽ ദൗർഭാഗ്യകരം എന്നുപറയട്ടെ, പ്രതിപക്ഷം യോജിച്ച പോരാട്ടത്തിന് സഹകരിക്കുന്നതിന് സന്നദ്ധമല്ല എന്ന നിലപാട് സ്വീകരിച്ചു. രാജ്യത്ത്, ലോകത്ത് നടന്നിട്ടുള്ള എല്ലാ ഫാസിസ്റ്റ് നീക്കങ്ങളെയും അതിശക്തമായി എതിർക്കുന്നത് വിശാലമായ ജനങ്ങളുടെ ശക്തി ഉപയോഗിച്ചാണ്. ഇവിടെ ഇന്ത്യയുടെ ഭൂപടം വരച്ചു. നല്ല കാര്യമാണ്. ആ ബിൽ പിൻവലിപ്പിക്കാൻ വേണ്ടി നടത്തുന്ന ഒരു പരിശ്രമത്തിന്റെ തുടർച്ചയാണിത്. മനുഷ്യച്ചങ്ങല തീർത്തു. നല്ലകാര്യം. പക്ഷേ എല്ലാ നടപടികളും തീർക്കുമ്പോൾ ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുന്ന പ്രവർത്തനമാകാം, അതേയവസരത്തിൽ കൂട്ടായ പ്രവർത്തനത്തിന് ഇനിയും സമയം നഷ്ടപ്പെട്ടിട്ടില്ല. കൂട്ടായി ഒരുമയോടുകൂടിയുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ ഇനിയും പങ്കുവഹിക്കാനാകും. അങ്ങനെ ഒരുമയോടുകൂടിയുള്ള പങ്കുവഹിക്കാൻ കേരളത്തിലെ പ്രതിപക്ഷ നേതൃത്വം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം പുന:പരിശോധനയ്ക്ക് വിധേയമാക്കുകയും

ഇന്ത്യയുടെ മതേതരത്വ സംരക്ഷണ പ്രക്രിയയിൽ വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് നമ്മൾ നിർവ്വഹിക്കുന്ന കടമ ഒന്നിപ്പിന്റെ മേഖലയിൽ, ഒരുമയുടെ മേഖലയിൽ യോജിച്ചുനിർവ്വഹിക്കാൻ കഴിഞ്ഞാൽ അതായിരിക്കും രാജ്യത്തിനും ജനങ്ങൾക്കും നൽകുന്ന ഏറ്റവും വിലപ്പെട്ട സംഭാവന എന്ന കാര്യം വിസ്മരിക്കരുത് എന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകം പറയുകയാണ്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത് 1957-ലാണ്. ആ അധികാരമാറ്റം ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടു. 1957-നുശേഷം നിരവധി പരിഷ്കാരങ്ങൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. പക്ഷെ 1957-നുശേഷം ഈ കേരളം ലോകശ്രദ്ധയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ടത് പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിനെതിരെ ഞാൻ നേതൃത്വം കൊടുത്ത് ഭരിക്കുന്ന ഈ സംസ്ഥാനത്ത് നടപ്പാക്കില്ല എന്നൊരു മുഖ്യമന്ത്രി പരസ്യമായി പ്രഖ്യാപിച്ചതോടുകൂടിയാണ്. 1957-നുശേഷം കേരളം ലോക ശ്രദ്ധയിലേയ്ക്ക് പോയതുപോലെ ലോക ശ്രദ്ധയിലേയ്ക്ക് വരുന്നതിൽ പങ്ക് വഹിച്ച മഹനീയമായ നേതൃത്വമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ യോജിച്ച പ്രക്ഷോഭ സമരത്തിൽ പങ്ക് വഹിക്കാൻ സന്നദ്ധമാകണമെന്നുള്ളത് ആവർത്തിച്ചാവർത്തിച്ച് ജനങ്ങൾ

ആഗ്രഹിക്കുന്നതാണ്. ജനങ്ങൾ ഇന്ന് ഒറ്റപ്പെട്ട് പോകുന്നതിന് വല്ലാതെ വാശിപിടിച്ചുകഴിഞ്ഞാൽ അതായിരിക്കും ഫലത്തിൽ സംഭവിക്കുകയെന്ന കാര്യവും പ്രതിപക്ഷ നേതൃത്വത്തിലെ സ്നേഹിതൻമാരോട് വളരെ വിനയത്തോടുകൂടി പറയുകയാണ്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുർഘട സ്ഥിതിയിലാണ് ഇന്ന് രാജ്യം പോകുന്നത്. സർക്കാർ നവ ലിബറലിസമെന്ന പേരിൽ ആരംഭിച്ച മുതലാളിത്ത പ്രീണനം കോൺഗ്രസ് ബി.ജെ.പി. ഭരണത്തിൻകീഴിൽ ചങ്ങാത്ത മുതലാളിത്തം അഥവാ ക്രോണിക് ക്യാപിറ്റലിസമായി പരിണമിക്കുകയും മോദി സർക്കാർ 2019-ൽ വീണ്ടും അധികാരത്തിലെത്തിയതോടുകൂടി അതൊരു ഫാസിസ്റ്റ് പ്രവണതയായി വളരുകയും ചെയ്തു. ഭരണഘടനാ നിരാസത്തിലൂടെ ഭരണ സംവിധാനത്തിന്റെ ചതുർസ്തംഭങ്ങളായ പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം എന്നിവയ്ക്ക് മുറിവേറ്റുകഴിഞ്ഞു. രാജ്യം കത്തിയെരിഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്റെ മുഖ തേജസ് നിലനിർത്തിയതിന്റെ രഹസ്യമാണ് പ്രധാനമന്ത്രി 'മൻ കീ ബാത്ത്'-ലൂടെ ചർച്ച ചെയ്യപ്പെട്ടത്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വളരെ മോശമായ സ്ഥിതിയിലാണെന്ന് സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം ലഭിച്ച

ശ്രീ. അഭിജിത് ബാനർജിയെപ്പോലുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻമാർ വിലയിരുത്തിയിരിക്കുന്നു. വിവിധ റേറ്റിംഗ് ഏജൻസികളും ഐ.എം.എഫും സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ആശങ്ക പ്രകടിപ്പിച്ചിരിക്കുന്നു. 70 വർഷത്തിനിടയിൽ കടുത്ത മാന്ദ്യമാണ് ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പ്രധാനമന്ത്രി ചെയർമാനായ നീതി ആയോഗിന്റെ വൈസ് ചെയർമാൻ ഡോ. രാജീവ് കുമാറാണ് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഘടനാപരമായ പ്രതിസന്ധിയിലൂടെയാണ് രാജ്യം കടന്നുപോകുന്നുവെന്ന് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയംഗമായ ഡോ. രതിൻ റോയ് പരസ്യമായി പറഞ്ഞു. രാജ്യം അപകടകരമായ സ്ഥിതിയിലെന്ന് റിസർവ് ബാങ്ക് ശരിവയ്ക്കുകയും ചെയ്തിരിക്കുന്നു. സമ്പദ്‌വ്യവസ്ഥ ടൈം ബോംബിനും മുകളിലെന്ന് റിസർവ് ബാങ്ക് മുൻ ഗവർണ്ണർ ശ്രീ. രഘുറാം രാജൻ പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ സാമ്പത്തിക പ്രതിസന്ധിയിലൂടെ രാജ്യത്ത് വളർന്ന് വരുന്ന ജനങ്ങളുടെ അസംതൃപ്തിയും അകൽച്ചയും അന്തരവും പ്രക്ഷോഭ സമരമായി മാറുമ്പോൾ യുവ തലമുറയിലേയ്ക്ക് ഭീതിയും ഭിന്നിപ്പും സൃഷ്ടിച്ചുകൊണ്ട് ബ്രിട്ടീഷുകാർ സ്വീകരിച്ച ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന തന്ത്രം ഇവിടെ മോദിയും

സ്വീകരിച്ചിരിക്കുകയാണ്. അതിന് വിദ്വേഷ പ്രചരണം, നുണ പ്രചരണം, ക്രിമിനൽ സംഘം അഡോൾഫ് ഹിറ്റ്ലർ-ജോസഫ് ഗീബത്സ്-വാഫൻ-എസ്.എസ്. ജർമ്മൻ ഫാസിസം വിജയിച്ച അതേ ചേരുവയുമായി ഇറങ്ങിയിരിക്കുകയാണ് നരേന്ദ്രമോദി-അമിത് ഷാ-ആർ.എസ്.എസ്. തന്ത്ര ശക്തികൾ. ചരിത്രം ഒരിക്കലും അതേപടി ആവർത്തിക്കില്ലെന്ന് അവർ മനസ്സിലാക്കിയിട്ടില്ല. കേരളത്തിൽ ജനസംഖ്യാ രജിസ്റ്ററോ പൗരത്വ രജിസ്റ്ററോ തടങ്കൽ പാളയങ്ങളോ ഉണ്ടാകില്ലെന്ന് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പ്രഖ്യാപിച്ചത് സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷിതത്വബോധം ഉണർത്തിയെന്ന് മാത്രമല്ല, രാജ്യത്തിനുതന്നെ ദിശാബോധം നൽകുകയും ചെയ്തു. ബി.ജെ.പി. ഇതര പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പൗരത്വ ഭേദഗതി നിയമത്തിനെതിരെ ഒന്നിച്ച് നിൽക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി കത്തെഴുതിയതും ഫലം ചെയ്യുന്നുവെന്ന് കാണാം. പഞ്ചാബ്, തെലുങ്കാന, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ക്രിയാത്മകമായി പ്രതികരിച്ച പ്രതിപക്ഷം പിന്നീട് പിന്നോക്കം പോകുന്ന സ്ഥിതി വിശേഷം കാണുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ജനങ്ങളിൽ ആത്മവിശ്വാസം

പകരാൻ ഗവർണ്ണറെ എതിർക്കുന്നുവെന്ന് വ്യാജ പ്രതീതി മതിയാവില്ലെന്ന് മാത്രം ഓർമ്മിപ്പിക്കട്ടെ. ഓർഡിനൻസുകൾക്ക് അംഗീകാരം നൽകരുതെന്നും സർവ്വകലാശാലകളുടെ ഭരണം ഗവർണ്ണർ നേരിട്ട് നടത്തണമെന്നുമെല്ലാം ആവശ്യപ്പെട്ട് നിരന്തരം ഗവർണ്ണറെ സമീപിക്കുന്ന കേരളത്തിലെ പ്രതിപക്ഷ നേതൃത്വം ഗവർണ്ണറോട് പ്രകടിപ്പിക്കുന്ന എതിർപ്പിന്റെ കാര്യത്തിൽ ജനങ്ങൾക്ക് സംശയമുള്ളതായി നേരത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധത്തിൽനിന്നും വേറിട്ട് നിൽക്കുന്നവർ പിന്നീട് ദു:ഖിക്കേണ്ടിവരുമെന്ന് ആദരണീയനായ എ. കെ. ആന്റണിയുടെ താക്കീത് ഈ അവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. ഫെഡറലിസം തകർക്കാനുള്ള ശ്രമം നടത്തുകയാണ് കേന്ദ്ര ഗവൺമെന്റ്. സംസ്ഥാനത്തെ ജനങ്ങൾ ഇന്ന് പിരിക്കുന്ന നികുതി പണത്തിന്റെ വിഹിതം നിയതമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതാണ് ഫെഡറലിസത്തിന്റെ അടിസ്ഥാനം. എന്നാൽ ഇവിടെ ഫെഡറൽ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് തകർത്തെറിയുന്ന ഒരു സമീപനമാണ് കേന്ദ്ര സർക്കാർ ഇന്ന് സ്വീകരിക്കുന്നുവെന്ന കാര്യം വ്യക്തമാണ്. കേന്ദ്ര സർക്കാർ വരുത്തിവച്ച

സാമ്പത്തിക വിനകളും വിവേചനങ്ങളും സംസ്ഥാനത്തെ ധന പ്രതിസന്ധിക്കിടയാക്കുന്നുണ്ട്. അഭൂതപൂർവ്വമായ പ്രകൃതി ദുരന്തങ്ങളാവർത്തിച്ചുകൊണ്ട് പ്രളയം, ഓഖി എന്നിവ സംസ്ഥാനത്തെയുലച്ചപ്പോൾ തകർത്തെറിഞ്ഞപ്പോൾ സാമ്പത്തിക സഹായമെത്തിക്കുന്നതിനും അവഗണനാപരമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. മറ്റ് സംസ്ഥാനങ്ങൾക്ക് സഹായം നൽകിയതിന്റെ തോത് താരതമ്യം ചെയ്തുനോക്കിയാൽ നാശത്തിന്റെ അളവിനനുസരിച്ചുള്ള ആനുകൂല്യം നമുക്ക് ലഭിച്ചില്ലായെന്നതും അങ്ങേയറ്റം പ്രതിക്ഷേധാർഹമായ കാര്യമാണ്. ഇന്നലെ പ്രഖ്യാപിച്ച കേന്ദ്ര ബജറ്റിൽ കേരളത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ 5000 കോടി രൂപ വെട്ടിക്കുറച്ചത് അങ്ങേയറ്റം വിവേചനപരമാണ്. സാലറി ചലഞ്ച്, അവശ്യ വസ്തുക്കളൊഴികെയുള്ളവയുടെ മേൽ നാമമാത്രമായ സെസ്, ക്രൗഡ് ഫണ്ടിംഗ് തുടങ്ങിയ നവകേരള നിർമ്മാണ പ്രക്രിയകൾക്കുമായുള്ള ധനാഗമമാർഗ്ഗങ്ങളെ തടയാൻ ശ്രമിച്ചുകൊണ്ടുള്ള നീക്കങ്ങളും അങ്ങേയറ്റം അപലപനീയമാണ്. സംസ്ഥാനത്തിന്റെ സർവതോന്മുഖമായ വികസന കുതിപ്പിന് പ്രേരകമായ കിഫ്ബിയെ തകർക്കാൻ നടത്തുന്ന അപവാദ പ്രചരണങ്ങളും തീർച്ചയായും

സംസ്ഥാനത്തിന്റെ വികസനത്തിന് വിലങ്ങുവയ്ക്കുന്നതിന് തുല്യമായിരിക്കും. നമ്മുടെ സംസ്ഥാനം ഭരണ മികവിന്റെ ഉത്തമമായ മാതൃകയാണ്. അത് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സുസ്ഥിര വികസന സൂചികയിലും പൊതു ഭരണത്തിലും ആരോഗ്യ രംഗത്തും വിദ്യഭ്യാസ രംഗത്തും ക്രമസമാധാനപരിപാലന രംഗത്തും സമ്പൂർണ്ണ വൈദ്യുതീകരണ രംഗത്തും ഭിന്നശേഷിക്കാരോടുള്ള കരുതലിന്റെ കാര്യത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് മാറ്റിവച്ച കാര്യത്തിലും ഭക്ഷ്യ സുരക്ഷാ സൂചികയുടെ കാര്യത്തിലും നമ്മുടെ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. ഈ നിലയ്ക്ക് നമ്മുടെ സംസ്ഥാനത്തെ ഒന്നാം സ്ഥാനത്ത് എത്തിച്ച അസൂയാവഹമായ നേട്ടം കേരളത്തിന് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പതിനെട്ട് ലക്ഷത്തോളം ആളുകൾക്ക് പുതുതായി സാമൂഹ്യക്ഷേമ സുരക്ഷാ പെൻഷനുകൾ കഴിഞ്ഞ സർക്കാർ നൽകിയതിന്റെ ഇരട്ടി നിരക്കിൽ നൽകാൻ കഴിഞ്ഞു. കഴിഞ്ഞ സർക്കാർ ഈയിനത്തിൽ 1438 കോടി രൂപ കുടിശ്ശികവരുത്തിയിട്ടാണ് പടിയിറങ്ങിയത്. കിഫ്ബിയിലൂടെ അൻപതിനായിരം കോടി രൂപയുടെ അധിക വികസന ലക്ഷ്യമിട്ട സ്ഥാനത്ത് 56,678 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. അതിവേഗ റെയിൽപ്പാത

ഉൾപ്പെടെയുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതോടെ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമെത്തും. നിക്ഷേപ പ്രോത്സാഹനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ പ്രശംസനീയമാണ്. ഇത് തൊഴിലാളികളുടെ താൽപ്പര്യം ബലി കഴിപ്പിക്കാതെയാണ്. ഒരു സംസ്ഥാനത്തിന്റെ ചരിത്രത്തിൽ, പ്രകടന പത്രികയിൽ പറഞ്ഞ വാഗ്ദാനങ്ങളെല്ലാംതന്നെ നാല് വർഷം പൂർത്തിയാകുന്നതിനുമുമ്പേ നടപ്പാക്കിയ ഒരു സംസ്ഥാന സർക്കാരാണ് ഇപ്പോൾ നയപ്രഖ്യാപനവുമായി ജനങ്ങളെ അഭിമുഖീകരിക്കുന്നത്. വികസന ക്ഷേമരംഗത്തും ഈ വർഷം 12 കർമ്മ പദ്ധതികൾകൂടി പ്രാവർത്തികമാക്കുന്നു. പ്രഖ്യാപിച്ചതിന് വിരുദ്ധമുഖമുണ്ടാക്കിയ പ്രമുഖ മാധ്യമങ്ങൾപോലും സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. 'ലൈഫ് പദ്ധതി'- ഭവന രഹിതരില്ലാത്ത കേരളം എന്നത് സ്വപ്നമായിരുന്നുവെങ്കിൽ ഇന്നത് യാഥാർത്ഥ്യമായിരിക്കുകയാണ്. രണ്ട് ലക്ഷത്തോളം വീടുകളുടെ നിർമ്മാണം 'ലൈഫ് പദ്ധതി'-യിൽ പൂർത്തിയായിക്കഴിഞ്ഞു.

അയൽ രാജ്യങ്ങളിലെ വിവേചനത്തെക്കുറിച്ച് അതീവ ആകുലനായ ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങളെ അവരുടെ വസ്ത്രത്തിൽനിന്നും രാജ്യദ്രോഹികളാണോ ദേശസ്നേഹികളാണോ എന്ന്

വേർതിരിച്ചറിയാൻ ആഹ്വാനം ചെയ്യുന്നത് അങ്ങേയറ്റം ആപത്കരവും ക്രിമിനൽ കുറ്റവുമാണ് യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ആഹ്വാനത്തിലുള്ളത്.

വൻ പ്രതിമകൾ സൃഷ്ടിച്ചിട്ടും മഹാത്മാഗാന്ധിയെ ചെറുതാക്കാൻ അകാത്തതുകൊണ്ട് വ്യാജനിർമ്മിതികൊണ്ട് രാഷ്ട്രപിതാവിനെ ഹിന്ദുത്വവാദിയാക്കാൻ ശ്രമം നടത്തുന്നു. അദ്ദേഹം ആത്മഹത്യ ചെയ്തതിന്റെ കാരണം കണ്ടുപിടിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയാണിപ്പോൾ. മഹാത്മാഗാന്ധി ആത്മഹത്യ ചെയ്തതായിട്ടാണ് വ്യാഖ്യാനം വരുന്നത്. ഗാന്ധിജി വെടിയേറ്റ് വീണതിന്റെ ചിത്രം പോലും എടുത്തുമാറ്റുകയാണ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യ സമരകാലത്ത് ഉടനീളം ബ്രിട്ടീഷുകാരുടെ പാദസേവകരായിരുന്നവർക്ക് 'ആസാദി' എന്ന മുദ്രാവാക്യം ദേശദ്രോഹപരമായി മാറുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. തങ്ങൾ പറയുന്നത് മാത്രമേ മാധ്യമങ്ങൾ  വാർത്തയാക്കാവൂ എന്ന് ഉത്തരവിറക്കി. പാദസേവയ്ക്ക് വലിയൊരു വിഭാഗം മാധ്യമങ്ങൾ സ്വമേധയാ തയ്യാറാകുന്ന സാഹചര്യത്തിലാണ് ഇങ്ങനെ ചെയ്തത്.

രാജ്യത്തിന്റെ സമ്പദ്ഘടനയുടെ കാര്യമെടുത്താൽ ഭക്ഷ്യോല്പാദനം

പകുതിയാകുമെന്നും അവയുടെ വില ഉയരുമെന്നും വ്യവസായം, കെട്ടിടനിർമ്മാണം, സേവന മേഖല തുടങ്ങിയ സമസ്ത മേഖലകളിലും തകർച്ച ഉണ്ടായെന്ന് സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നു. ധനക്കമ്മി ലക്ഷ്യമിട്ടതിന്റെ 114.8 ശതമാനമായി 8 മാസത്തിനുള്ളിൽത്തന്നെ നിയന്ത്രണാതീതമായി ഉയർന്നു. വിലക്കയറ്റ നിരക്ക് വൻതോതിൽ ഉയർന്നു. ഒരു പ്ലേറ്റ് ഭക്ഷണം കഴിക്കുന്ന സാമ്പത്തികശാസ്ത്രം എന്ന പുത്തൻ രീതിശാസ്ത്രം അനുസരിച്ച് ഒരു കുടുംബം ഭക്ഷണ ഇനത്തിൽ ഒരു വർഷം 10,887 രൂപ ലാഭിച്ചത്രേ. പണമില്ലാത്തവൻ ഭക്ഷണം കഴിക്കുന്നത് കുറഞ്ഞത് നേട്ടമെന്നാണ് അവകാശവാദം ഉയർത്തുന്നത്. വിലക്കയറ്റംകാരണം കേന്ദ്ര ധനമന്ത്രിപോലും ഉള്ളി കഴിക്കുന്നത് നിർത്തിയെന്ന് പറയുന്ന പരിതാപകരമായ അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 5 ട്രില്യൺ ഡോളർ, ഇന്നത്തെ വിനിമയ നിരക്കിൽ 358 ലക്ഷം കോടിയാകുമെന്ന് നമ്മളോട് പറയുന്നു.

രാജ്യത്ത് അസമത്വം പെരുകുന്നതായി ഐക്യരാഷ്ട്ര സഭയുടെ വികസന ഏജൻസിയുടെ റിപ്പോർട്ട് പറയുന്നു. 138 കോടി ജനങ്ങളിൽ 28 ശതമാനം അതായത് 36 കോടിയോളം ജനങ്ങൾ ദാരിദ്ര്യത്തിലാണ്. ഈ

സാഹചര്യത്തിലാണ് തൊഴിൽ നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ച മിനിമം കൂലി 176 രൂപയാണ്. അതായത് പ്രതിമാസം 4,576 രൂപ. വിവിധ ഫോർമുലകൾ പ്രകാരം ഇത് 18,000 രൂപയാക്കേണ്ടതാണ്. അതേസമയം രാജ്യത്തെ 63 അതീവ സമ്പന്നരുടെ ആസ്തി കേന്ദ്ര ബഡ്ജറ്റിന് തുല്യമാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തീറെഴുതുന്നത് ഈ അസമത്വം വർദ്ധിപ്പിക്കുന്നു. 79,000 തൊഴിലാളികൾ പണിയെടുക്കുന്ന കൊച്ചിൻ റിഫൈനറി 4.46 ലക്ഷം കോടി രൂപ നഷ്ടത്തിലാണെന്നും റിലയൻസിന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. നഷ്ടത്തിന്റെ പേരിൽ 40,000 കോടി രൂപയുടെ നഷ്ടം ഏറ്റെടുത്തുകൊണ്ട് 27,000 തൊഴിലാളികളുള്ള എയർ ഇൻഡ്യ വിൽക്കുന്നു. 57,000 കോടി രൂപയുടെ റാഫേൽ വിമാന നിർമ്മാണത്തിന്റെ കാര്യത്തിലും 45,000 കോടി രൂപയുടെ മുങ്ങിക്കപ്പൽ നിർമ്മാണത്തിന്റെ കാര്യത്തിലും നാവിക സേനയുടെ എതിർപ്പ് മറികടന്നുകൊണ്ടാണ് അഴിമതി നടത്തുന്നതിന് കേന്ദ്ര സർക്കാർ മുന്നോട്ട് വന്നിരിക്കുന്നത്.

തിരുവനന്തപുരം ഉൾപ്പെടെ ആറ് വിമാനത്താവളങ്ങൾ ഈ മേഖലയിൽ യാതൊരു പരിചയവുമില്ലാത്ത അദാനിക്ക് നൽകാൻ നിശ്ചയിച്ചിരിക്കുന്നു.

അതേ തുകയ്ക്ക് സംസ്ഥാനത്തിന് കൈമാറണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കുന്നില്ല. എൽ.ഐ.സി.-യും വിൽക്കാൻ പോകുന്നുവെന്ന് പരസ്യമായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. വിത്തിനിട്ടതെടുത്ത് കുത്തി കഞ്ഞി കുടിക്കുന്ന സ്ഥിതിവിശേഷമാണ് റിസർവ് ബാങ്കിന്റെ കരുതൽ ധനമെടുത്ത് സർക്കാരിന് കൊടുക്കുന്നതിലേയ്ക്ക് വരുക. ഈ സാഹചര്യത്തിൽ രാജ്യത്തിന്റെ രക്ഷയ്ക്കായി തൊഴിലാളികളും കർഷകരുമടങ്ങുന്ന ജനുവരി 8-ന് നടത്തിയ ചരിത്ര പ്രസിദ്ധമായ പണിമുടക്ക് സമരം, ആ പ്രക്ഷോഭ സമരങ്ങളെ ഭിന്നിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ രൂപത്തിൽ പൗരത്വ നിയമത്തിന്റെ അടിസ്ഥാനത്തിലും....... തൊഴിലാളികളുടെയും അധ്വാനിക്കുന്നവരുടെയും കൃഷിക്കാരുടെയുമെല്ലാം വൻ പ്രക്ഷോഭ സമരങ്ങൾ ഉയർത്തെഴുന്നേറ്റ് വരുമ്പോൾ ആ പ്രക്ഷോഭ സമരങ്ങളെ തകർക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ ഈ നടപടിയുമായി മുന്നോട്ട് വരുന്നത്. കേന്ദ്ര സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഈ നടപടി, ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിക്കുക. അത് ബ്രിട്ടീഷ് മാതൃകയാണ്. പൗരത്വപ്രശ്നം ഇവിടെ മാത്രമുള്ളതല്ല. ആഗോള രാഷ്ട്രീയത്തിൽ സാർവ്വദേശീയ രാഷ്ട്രീയത്തിലെ ഒരു വലത് തീവ്ര രാഷ്ട്രീയത്തിന്റെ മുഖമാണ്, ഉല്പന്നമാണ് ഈ

പൗരത്വ പ്രശ്നം. കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. ഡൊണാൾഡ് ട്രംപ് സ്ഥാനാർത്ഥിയായപ്പോൾ കുടിയേറ്റക്കാരെയും പൗരസ്ത്യരായിട്ടുള്ളവരെയും ഒഴിവാക്കിയെടുക്കുന്നതിന്, പരസ്യമായി അമേരിക്കയുടെ തൊഴിലില്ലായ്മയ്ക്ക് കാരണം ഇതെന്ന് പറഞ്ഞതാണ് ട്രംപ് ഉപയോഗിച്ചത്. ഇവർ കൂട്ടത്തിൽ മതവും കൂടി ചേർക്കുകയാണ്. അതുപോലെത്തന്നെ പൗരത്വ പ്രശ്നത്തിന്റെ പേരിൽ ആഗോളാടിസ്ഥാനത്തിൽ ഒരു അജണ്ട തന്നെ ലോകത്ത് വളർന്നുവരുന്നുണ്ട്. എസ്റ്റോണിയ എന്ന യൂറോപ്പിലെ ഒരു രാജ്യത്തിനകത്ത് പ്രശ്നങ്ങളുണ്ടായപ്പോൾ സർവ്വേ നടത്തി. ആ സർവ്വേയിൽ വളരെ വ്യക്തമായി 70 ശതമാനം ജനങ്ങളും പറഞ്ഞു, ഇവിടെ അഭയാർത്ഥികളാണ്, പുറത്തുനിന്ന് വന്നവരാണ് ഈ പ്രശ്നങ്ങൾക്ക് കാരണമെന്ന്. പുറത്തുനിന്ന് വന്നവർ എത്ര പേരാണെന്നറിയാമോ; വെറും 31 വീട്ടുകാർ മാത്രം പുറത്തുനിന്ന് വന്നവരാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് കള്ള പ്രചരണം കെട്ടഴിച്ചുവിട്ട്, ഗീബൽസിയൻ പ്രചരണം കെട്ടഴിച്ചുവിട്ട് രാജ്യത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും ആശയക്കുഴപ്പത്തിലാക്കിയും മുന്നോട്ട് പോകുന്നു. ഇവിടെ ഒരു കാര്യം വളരെ പ്രസക്തമാണ്. മഹാനായ കാറൽ മാർക്സ് രാജ്യത്തിലെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി ഉയർന്നുവരുമ്പോൾ

പരിഹരിക്കാൻ മുതലാളിത്തം സ്വീകരിക്കുന്ന ഓരോ നടപടികളും കൂടുതൽ പ്രതിസന്ധികളിലേയ്ക്ക് പോകുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നു. അതാണിപ്പോൾ ഇന്ത്യയിലും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭരണകൂടത്തിനോ എക്സിക്യൂട്ടീവിനോ പരിഹരിക്കാൻ കഴിയാത്ത സങ്കീർണ്ണമായ പ്രശ്നത്തിന്റെ പരിഹാരം. ചരിത്രത്തിന്റെ അന്തിമമായ വിധികർത്താക്കൾ ജനങ്ങളായിരിക്കുമെന്ന് മാർക്സ് വിശേഷണം നൽകിയിരുന്നു. അതാണിപ്പോൾ പാർലമെന്റിൽ പാസ്സാക്കിയിട്ടും പരിഹരിക്കാനാകാത്ത, കോടതിയുടെ മുന്നിൽ വന്നിട്ടും പരിഹരിക്കാനാകാത്ത, എന്നാൽ ചരിത്രത്തിന്റെ അന്തിമമായ വിധികർത്താക്കളായ ജനങ്ങൾ തെരുവിലിറങ്ങി പോരാടുന്നത്. ആ പോരാട്ടത്തിന് രൂപവും ഭാവവും കരുത്തും ശക്തിയും ചൈതന്യവും പകരാൻ ഒറ്റക്കെട്ടായി, മത-ജാതി-രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം ഒരുമയോടെ അണിനിരക്കാൻ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ബഹുമാനപ്പെട്ട അംഗം എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്.

കേരളത്തിന്റെ ആത്മാഭിമാനം ഉയർത്തിയ മൂന്നര വർഷക്കാലത്തെ എൽ.ഡി.എഫ്. ഭരണത്തിന്റെ, സർക്കാരിന്റെ നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയത്. കറുപ്പ് പടരുന്ന നമ്മുടെ ദേശീയ രാഷ്ട്രീയാന്തരീക്ഷത്തിലെ വെള്ളി വെളിച്ചമാണ് പിണറായി സർക്കാർ. Country for sale എന്നതാണ് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നയം. ക്ഷേമ രാഷ്ട്ര സങ്കൽപ്പത്തെ അവർ പൊളിച്ചെഴുതുകയാണ്. രാജ്യാഭിമാനവും ദേശാഭിമാനവുമാണ് ബി.ജെ.പി.-യുടെയും ശ്രീ. നരേന്ദ്ര മോദിയുടെയും പ്രചരണ ആയുധങ്ങളായിരുന്നത്. ദശലക്ഷക്കണക്കിന് കോടി രൂപ ആസ്തി മൂല്യമുള്ള നമ്മുടെ പൊതുസ്വത്ത് തന്റെ ഇഷ്ടക്കാരായ ശതകോടീശ്വരൻമാർക്ക് നൽകുന്നതാണോ ദേശാഭിമാനവും രാജ്യാഭിമാനവും; തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവിതത്തിനുമേൽ നിർദ്ദയം അമിതഭാരം അടിച്ചേൽപ്പിക്കുകയും ദൂരവ്യാപകമായ തകർച്ചയിലേയ്ക്ക് നമ്മുടെ രാജ്യത്തെ കൊണ്ടുപോകുകയുമാണ് മോദി സർക്കാർ. ഈ നയങ്ങൾക്ക് ബദലായി നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിവിധ മേഖലകളിൽ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇവിടെ നടന്ന ചില ചർച്ചകളെ സംബന്ധിച്ച് ഏതാനും വാക്കുകൾ പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഇവിടെ നടന്നതെന്താണ്; പ്രതിപക്ഷത്തിന്റെ ഒരു പ്രവൃത്തിയെക്കുറിച്ച് ചുരുങ്ങിയ വാക്കിൽ പറയാവുന്നത്, കേന്ദ്രത്തെ ഓങ്ങി സംസ്ഥാനത്തെ തല്ലുക എന്നുള്ളതാണ്. ഇവിടെ പ്രതിപക്ഷത്തിന്റെ ദിശ മാറിക്കഴിഞ്ഞിരിക്കുന്നു. എന്തിനെയാണ് അവർ എതിർക്കുന്നത്; കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധമായ പൗരത്വ നയത്തെ, ഭരണഘടനാ വിരുദ്ധമായ പൗരത്വ നിയമത്തെ ഏറ്റവും ശക്തമായി എതിർത്തൊരു സർക്കാരാണിത്. സംസ്ഥാന സർക്കാരിനോടൊപ്പം അവർ സമരം ചെയ്തു, ഇവിടെ പ്രമേയം പാസ്സാക്കി എന്നതൊക്കെ ശരിയാണ്. പക്ഷേ, ചില മത്സരങ്ങളിൽ അവർക്ക് നേട്ടമുണ്ടാക്കാൻവേണ്ടി സംസ്ഥാന സർക്കാരിനെ ആക്ഷേപിക്കുക എന്ന ഗൂഢലക്ഷ്യമാണ് പ്രതിപക്ഷത്തിനുള്ളത്. അതുകൊണ്ട് ഇന്നലെവരെ തങ്ങൾ പറഞ്ഞ കാര്യമൊക്കെ അവർ മറച്ചുവയ്ക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൃത്യമായി ചൂണ്ടിക്കാണിച്ച ചില കാര്യങ്ങൾ. ഗവർണ്ണർ എന്ന പദവി നമ്മുടെ ഭരണഘടനയ്ക്ക് എമ്മട്ടിലാണ് ദോഷകരമായിട്ടുള്ളത് എന്ന് പറഞ്ഞിട്ടുള്ള പ്രസ്ഥാനമാണ് സി.പി.ഐ.(എം.)-ഉം ഇടതുപക്ഷവും. ആ നിലപാട് നമ്മുടെ രാജ്യത്തെ നിരവധി സംസ്ഥാന സർക്കാരുകൾ എടുക്കുകയുണ്ടായി. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള വളരെ വലിയ ചർച്ച നമ്മുടെ രാജ്യത്ത്

നടന്നിട്ടുണ്ട്. ആ ചർച്ചകളിലെല്ലാം കോൺഗ്രസ്സ് എടുത്ത നിലപാടെന്തായിരുന്നു; കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ചും ഗവർണ്ണർ പദവിയെ സംബന്ധിച്ചും ഇന്ത്യയിൽ നടന്ന എല്ലാ ചർച്ചകളിലും... സർക്കാരിയ കമ്മീഷന്റെ റിപ്പോർട്ട് കയ്യിൽ കിട്ടിയിട്ട് അത് അലമാരയിൽവച്ച് പൂട്ടി എന്നതല്ലാതെ ഒരു ശിപാർശയും നടപ്പിലാക്കാൻ കോൺഗ്രസ്സ് മുൻകൈ എടുത്തിട്ടില്ല. ഗവർണർമാരെ ഉപയോഗിച്ച് സംസ്ഥാന ഗവൺമെന്റുകളെ ഡിസ്റ്റർബ് ചെയ്യുന്ന കാര്യത്തിൽ ഒന്നാം സ്ഥാനം കോൺഗ്രസ്സിനാണ്. സർക്കാരിയ കമ്മീഷൻ വളരെ കൃത്യമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒരു വ്യക്തിയെ ഗവർണറായി നിയമിക്കുമ്പോൾ ആ വ്യക്തിയുടെ രാഷ്ട്രീയ സത്യസന്ധത, സുതാര്യത ഇതൊക്കെ പരിഗണിക്കണം. അങ്ങനെ പരിഗണിക്കുന്നയാൾ ലോക്കൽ രാഷ്ട്രീയത്തിൽ പോയി അഭിപ്രായം പറയാൻ പാടില്ല. പക്ഷെ ഇവിടെ പലപ്പോഴും അതാണ് സംഭവിച്ചിട്ടുള്ളത്. ഇപ്പോൾ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ-ന്റെ നിലപാടുകളോട് ആർക്കാണ് യോജിപ്പുള്ളത്? അദ്ദേഹം പുറത്തു പറഞ്ഞ നിലപാടുകളോട് ആർക്കാണ് യോജിപ്പുള്ളത്? ഒരിക്കലുമില്ല, അദ്ദേഹത്തിന്റെ നിലപാടുകളെ ശക്തമായി നമ്മൾ എതിർക്കുകയുണ്ടായി. ഇവിടെ ഗവർണർ നയപ്രഖ്യാപന പ്രസംഗം

നടത്തുന്നതിന്റെ തലേദിവസം എന്തായിരുന്നു നമ്മുടെ സംസ്ഥാനത്തെ ചർച്ച? ഗവർണർ മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം വായിക്കുമോ ഇല്ലയോ അതായിരുന്നു ചർച്ച. പക്ഷെ എല്ലാ ചർച്ചകളിലും ഉയർന്നുവന്ന നിഗമനങ്ങളെ തള്ളിക്കൊണ്ടാണ് ഇവിടെ അദ്ദേഹം പൗരത്വ ഭേദഗതി നിയമത്തിനെതിരായിട്ടുള്ള പ്രസംഗം വായിച്ചത്. അദ്ദേഹം പ്രസംഗത്തിന് മുൻപ് ഒരു വാക്ക് പറഞ്ഞത് രേഖയിൽ ഉണ്ടാകുകയില്ല, അത് ഗവർണറുടെ പ്രസംഗത്തിന്റെ ഭാഗമായി വരുന്ന കാര്യമല്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വളരെ കൃത്യമായി ഇവിടെ ഗവർണറുടെ പ്രസംഗത്തിൽ വരികയുണ്ടായി. ഇവർ പറയുന്നതുപോലെ ഗവർണറെ പിൻവലിക്കുകയെന്നു പറഞ്ഞാൽ, നമ്മുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഗവർണറെ പിൻവലിച്ചു എന്നുതന്നെ വയ്ക്കുക. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയാടിസ്ഥാനത്തിൽ ഇതിനേക്കാൾ മോശപ്പെട്ട ഒരാൾ വരികയില്ലെന്നുള്ളതിന് എന്താണ് ഉറപ്പ്? അത്തരം കാര്യങ്ങളിൽ നമ്മൾ നയപരമായി ഈ പ്രശ്നങ്ങളെ ശക്തമായിട്ട് എതിർക്കുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇവിടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും..., നിങ്ങളല്ലേ കെ. ജി. മാരാരെ പിൻതാങ്ങിയതെന്ന് ശ്രീ. പി. ടി.

തോമസ് പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞാൻ തിരിച്ചു ചോദിക്കട്ടേ, 1980-ൽ കാസർഗോഡ് ലോകസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫി.ന്റെ സ്ഥാനാർത്ഥി ആരായിരുന്നു? ഇന്ന് ബി.ജെ.പി. യുടെ അംഗമായി നമ്മുടെ സഭയിലുള്ള ശ്രീ. ഒ. രാജഗോപാൽ ആയിരുന്നു. അപ്പോൾ ചരിത്രത്തെ നിങ്ങൾ വിസ്മരിക്കരുത്. ചില പ്രത്യേക കാര്യങ്ങൾക്കുവേണ്ടി പ്രത്യേകമായ രീതിയിൽ വക്രീകരിച്ച് കാണിക്കുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ഞാൻ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തെ ഇത്രമേൽ ദോഷകരമായി ബാധിക്കുന്ന ഒരു ബഡ്ജറ്റ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇന്ന് മാതൃഭൂമി ദിനപത്രം കേന്ദ്ര ബഡ്ജറ്റിനെ സംബന്ധിച്ച് വളരെ കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'കേരളത്തെ സമ്മർദ്ദത്തിലാക്കുന്ന കേന്ദ്ര ബഡ്ജറ്റ്' എന്ന തലക്കെട്ടിൽ അവർ പറയുന്ന കാര്യങ്ങൾ വളരെ വസ്തുതാപരമായിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനം ആവശ്യപ്പെട്ട നികുതി വിഹിതം നൽകുന്നതിന് സന്നദ്ധമാകുന്നില്ല. കേരളത്തിന് അനുവദിച്ചതിനേക്കാൾ കൂടുതൽ സംഖ്യ ബഡ്ജറ്റിൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് നൽകുന്നു. നമ്മുടെ ഫെഡറൽ ഭരണഘടന നിലനിൽക്കുന്ന ഒരു രാജ്യത്ത് ഇത്ര നഗ്നമായി ഭരണഘടനയെയും ഫെഡറൽ

തത്വങ്ങളെയും ലംഘിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരായാണ് ശക്തമായ നിലപാട് സ്വീകരിക്കേണ്ടത്. അല്ലാതെ കേന്ദ്രത്തെ ഓങ്ങി, സംസ്ഥാനത്തെ തല്ലുകയല്ല പ്രതിപക്ഷം ചെയ്യേണ്ടത്. നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെയും ക്ഷേമ പദ്ധതികളെയുമെല്ലാം തകർക്കുന്ന തരത്തിൽ വളരെ ദോഷകരമായൊരു ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്, അതിനെതിരായി വിപുലമായ പ്രക്ഷോഭം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതുണ്ട്. ഈ ബഡ്ജറ്റിൽ പ്രവാസികളെ സംബന്ധിച്ച് വളരെ ദോഷകരമായിട്ടുള്ള നിർദ്ദേശമാണ് മുമ്പോട്ട് വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടുകളെത്തുടർന്ന് വിദേശത്ത് ജോലിയെടുക്കുന്ന ആളുകൾക്ക് നികുതി ഈടാക്കില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ നിർദ്ദേശം നിൽക്കുകയാണ്. അതുകൊണ്ട് ശക്തമായ പ്രതിഷേധം ഇനിയും ഉയരേണ്ടതുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസിപണം വരുന്ന രാജ്യമാണ് ഇന്ത്യ. 2017-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് 4,47,850 കോടി രൂപയാണ് നമ്മുടെ രാജ്യത്തേയ്ക്ക് എത്തിയത്. ഇത്രമാത്രം വിദേശനാണ്യ ശേഖരം നമ്മുടെ രാജ്യത്തേയ്ക്ക് നൽകുന്ന പ്രവാസികൾക്ക് ഒരാനുകൂല്യവും കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. 11 തരത്തിൽ, 11 വിഭാഗങ്ങൾക്ക് കയറ്റുമതിക്കാർക്ക്

ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കയറ്റുമതി ചെയ്യുന്ന ആളുകൾക്ക്, വിദേശനാണ്യം നമ്മുടെ രാജ്യത്തിന് നൽകുന്നവെന്നുള്ള നിലയിൽ കയറ്റുമതിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. എന്നാൽ ഇത്രയും വലിയ സംഖ്യ ഓരോ വർഷവും നമ്മുടെ നാട്ടിലേയ്ക്ക് എത്തിക്കുന്ന പ്രവാസികൾക്ക് ഒരു രൂപയുടെ ആനുകൂല്യം പോലും നൽകാത്ത ആളുകളാണ് ഇപ്പോൾ മരുഭൂമിയിലും മറ്റും വിയർപ്പൊഴുക്കി അവർ നമ്മുടെ രാജ്യത്തേയ്ക്ക് അയയ്ക്കുന്ന പണത്തിന് നികുതി പിടിക്കാൻ പോകുന്നത്. അവരുടെ പ്രവാസി സ്റ്റാറ്റസ്, ബാങ്കുകളിൽ എൻ.ആർ.ഐ. സ്റ്റാറ്റസ്, 120 ദിവസം ഇന്ത്യയിൽ ഉണ്ടായാൽ അവർക്ക് എൻ.ആർ.ഐ. സ്റ്റാറ്റസ് കിട്ടുകയില്ലെന്നാണ് പറയുന്നത്. അതിൽ ഇപ്പോഴും മാറ്റം വരുത്തിയിട്ടില്ല. ആ തരത്തിൽ പ്രവാസികളെ മുഴുവൻ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്രളയമുണ്ടായിട്ട് ആ പ്രളയത്തിന് കേരളം ആവശ്യപ്പെട്ട ആനുകൂല്യം, കേരളത്തിന് അർഹമായ സാമ്പത്തിക വിഹിതം നൽകാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. കേരളം ഇന്ത്യയുടെ അവിഭാജ്യമായ ഭാഗമാണ്, പക്ഷെ ഈ സംസ്ഥാനത്തിന് ഒരു രൂപപോലും നൽകാതെ ശ്വാസംമുട്ടിക്കുന്ന നിലപാടിനെതിരെ ഭരണപക്ഷം

മാത്രം ശബ്ദിച്ചാൽ പോരാ, പ്രതിപക്ഷവും ശബ്ദിക്കണം. ദൗർഭാഗ്യകരമായ ഒരു കാര്യം പറയട്ടെ, ഈ വിഷയത്തെക്കുറിച്ച് പ്രതിപക്ഷനേതാവ് ഇന്നേവരെ ഒരു പത്രസമ്മേളനത്തിലും മിണ്ടിയിട്ടില്ലായെന്ന കാര്യമാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ക്ഷേമ വികസന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്ന കേരള ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ, ഗവർണറുടെ പ്രഖ്യാപനത്തെ ഞാൻ അംഗീകരിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നന്ദി പറയേണ്ട ഒരു കാര്യവുമില്ല എന്നുള്ളതുകൊണ്ടാണ്. കാപട്യങ്ങൾ അല്ലെങ്കിൽ ഇരട്ടമുഖങ്ങളാണ് ഇവിടെ കാണുന്നത്. ഈ ഗവൺമെന്റ് ചങ്ങല പിടിക്കും, ചങ്ങാത്തം കാണിക്കും. നിങ്ങൾ ശൃംഖലയെടുക്കുമെന്നു പറയുന്നു, പിന്നെ ശൃംഗാരം കാണിക്കും. ഇങ്ങനെ ഇരട്ടമുഖം കാണിച്ചുപോകുന്ന സമീപനം വരുന്നതുകൊണ്ട് ഞങ്ങൾക്ക് പൊതുവെ നിങ്ങളെക്കുറിച്ചുള്ള മതിപ്പു കുറയുന്നത്. ഞങ്ങൾക്കല്ല, ജനങ്ങൾക്ക് മതിപ്പു കുറഞ്ഞുപോകുന്നത്. ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ബോധ്യമുണ്ടോ? ഇവിടെ പ്രളയത്തെക്കുറിച്ച് സംസാരിച്ചു. പ്രളയത്തിന് യഥാർത്ഥത്തിൽ

എൻ.ഡി.ആർ.എഫ്.-ലും സി.എം.ഡി.ആർ.എഫ്.-ലും നിന്നുമായി നമുക്ക് മൊത്തത്തിൽ 8294.25 കോടി രൂപ കിട്ടിയതാണ്. ഈ ജനുവരിവരെ 5301.93 കോടിരൂപയാണ് നിങ്ങൾ ചെലവഴിച്ചത്. 2992.32 കോടി രൂപയാണ് വിതരണം ചെയ്യാതെ പിടിച്ചുവച്ചത്. എന്നു പറഞ്ഞാൽ ഏറെക്കുറെ 3000 കോടിരൂപയോളം നിങ്ങൾ കയ്യിൽ വച്ചിരിക്കുകയാണ്. പാവപ്പെട്ട ആളുകളുടെ പ്രളയ ദുരിതം ജനങ്ങളുടെ മധ്യത്തിൽ നിങ്ങൾ ചൂണ്ടിക്കാണിച്ച്, അതിന് മാധ്യമ പ്രചരണം നടത്തി അവിടെനിന്നും കിട്ടിയ കാശാണിത്. എന്നാൽ ആ കാശെങ്കിലും അവർക്ക് കൊടുക്കണ്ടേ; അത് പിടിച്ചു വയ്ക്കാമോ? അതിലെ 3000 കോടി രൂപ നിങ്ങൾ പിടിച്ച് കൈവശം വച്ചിരിക്കുകയാണ്, എന്നിട്ടാണ് ഇവിടെ ഗവർണറെക്കൊണ്ട്, എന്റെ ഗവൺമെന്റ് എന്നുപറഞ്ഞ് ഈ കാര്യമൊക്കെ പറയിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 2016-ൽ മൊത്തത്തിൽ 29 ബാർ ഉണ്ടായിരുന്നു. സത്യത്തിൽ ഇത് കറങ്ങുന്ന കേരളമാക്കി മാറ്റുകയാണ്. ഇതിന്റെ ലക്ഷ്യം തന്നെ മാറ്റുകയാണ്. 29 ബാർ ഉണ്ടായിരുന്നത്, 2019-ൽ നിങ്ങളുടെ ഔദ്യോഗിക കണക്കനുസരിച്ച് 540 ബാറുകളായി മാറി. 522 കോടി രൂപയാണ് ന്യൂ ഇയർ ദിവസം മാത്രം നമുക്കുള്ള വിറ്റുവരവ്. അങ്ങനെ കേരളത്തെ നിങ്ങൾ കറക്കുകയാണ്,

മയക്കുകയാണ്. മയക്കികിടത്തി കേരളത്തിൽ രക്ഷപ്പെടാനും റിപ്പീറ്റ് ചെയ്യാനും സാധിക്കുമെന്ന തെറ്റായ ധാരണ. പുതുവർഷത്തിന്റെ തലേദിവസം, ഒറ്റദിവസം കൊണ്ടുമാത്രം 68.57 കോടി രൂപയുടെ മദ്യമാണ് ഈ കേരളത്തിൽ വിറ്റഴിച്ചത്. അങ്ങനെ കറങ്ങുന്ന കേരളമായി ഇവിടെ കൊണ്ടുപോകാൻ പറ്റുമോ, അതോടൊപ്പം ബിവറേജസ് കോർപ്പറേഷന്റെ ഇഷ്ടംപോലെ പണത്തിന്റെ വരവുമുണ്ട്. 2015-16 ൽ 11,577 കോടി അത് അവസാനം 2018-ൽ നിങ്ങളുടെ കയ്യിൽ 14,508.10 കോടി രൂപ. എവിടെനിന്നാണ് ഇതെല്ലാം കിട്ടിയത്? പാവപ്പെട്ടവന്റെ കണ്ണീരിന്റെ തുകയല്ലേ; സാധുക്കളുടെ വീടുകളിൽ നിന്നുള്ള പണമല്ലേ? ബി.പി.എൽ. വിഭാഗമടക്കമുള്ള സാധുക്കളുടെ കയ്യിൽ നിന്നും പിടിച്ചുമേടിച്ച പണമല്ലേ? ആ പണം ഈ സർക്കാരിന്റെ കയ്യിൽ ഇരിക്കുകയാണ്. എന്നിട്ട് പണമില്ല, പണമില്ലെന്നു പറയുകയും, കയ്യിൽ കിട്ടിയ കാശുപോലും പുറത്ത് കൊടുക്കാതിരിക്കുകയും ചെയ്യുകയാണ്. നിങ്ങൾ നാട്ടുമുഴുവൻ പ്രകമ്പനം കൊള്ളിക്കുന്ന പ്രസ്താവനകളാണ് നടത്തുന്നത്. ലൈഫ് പദ്ധതിയിൽ 4 ലക്ഷം രൂപയുടെ വീട് കൊടുക്കുന്നുണ്ട്. അതിൽ 2 ലക്ഷം രൂപ, 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കൊടുക്കുന്നത്. അവർ കടമെടുത്തിട്ടാണ് കൊടുക്കുന്നത്. ഒന്നരലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിന്റെ

കയ്യിൽ നിന്നും നബാർഡ് വഴി നിങ്ങൾ മേടിക്കുന്നുണ്ട്. കേരള സംസ്ഥാനത്ത് ഇത്രയും വലിയ വീരസ്യം പറയുന്ന ഈ സർക്കാരിന്റെ വക കൊടുക്കുന്നത് വെറും 50,000 രൂപ. 50,000 രൂപയ്ക്ക് നാല് ലക്ഷം രൂപയുടെ വീട് ഞങ്ങൾ കൊടുക്കുന്നുവെന്ന് വരുത്തി ആളുകളെ മയക്കിയെടുക്കാൻ ശ്രമിക്കുകയാണ്. അവിടെയും മയക്കുമരുന്നിന്റെ പ്രയോഗമാണ്, ഇതിനോട് നമുക്ക് എങ്ങനെയാണ് യോജിക്കാൻ കഴിയുക. മൊത്തം പറഞ്ഞാൽ ശതമാനക്കണക്കിൽ ഈ ഗവൺമെന്റ് കൊടുക്കുന്നത് 12.5 ശതമാനമാണ്. നിങ്ങളുടെ വക ബാക്കിയുള്ളതെല്ലാം വേറെ ഓരോരുത്തരാണ് കൊടുക്കുന്നത്. എന്നിട്ട് ഈ ഗവൺമെന്റ് എന്തിനാണ് ഇത്രവലിയ വീരസ്യം പറയുന്നത്. ഓഖി ദുരന്തത്തിൽ കിട്ടിയ കാശെങ്കിലും കൊടുക്കേണ്ടതായിരുന്നു. ഓഖി ദുരന്തത്തിന് കിട്ടിയ 46 കോടി രൂപ... ശ്രീ. എം. എം. മണി ഇവിടെയില്ലല്ലോ, 46 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന്റെ കയ്യിൽ കിട്ടിയിട്ട് അത് പുറത്തോട്ട് ഇറക്കിയിട്ടില്ല, അത് അവിടെ വച്ചുകൊണ്ടിരുന്നു. അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടുവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ നല്ല ശതമാനം അവർ ചെലവഴിച്ചുമില്ല. ഈ തുകയെല്ലാം മാറ്റിമാറ്റി കൊണ്ടുപോയി, പാവപ്പെട്ടവർക്ക് കൊടുക്കേണ്ട

പണം അത് അവിടെ കൊടുക്കാതെ നിങ്ങൾ ഡാം തുറന്ന് ആളുകളെ ദ്രോഹിച്ചു. എന്നിട്ട് അതിന്റെ പേരിൽ കിട്ടിയ പണം അത് വേറെ രൂപത്തിൽ, അതിൽ ഇലക്ട്രിസിറ്റി ബോർഡാണ് ഈ ഡാം തുറക്കാൻ തീരുമാനമെടുത്തത്. അവർക്ക് കിട്ടിയ 48 കോടി രൂപ അത് കൈവശം വച്ചുകൊണ്ടിരുന്നു. അത് പാവപ്പെട്ടവർക്ക് വിതരണം ചെയ്തുമില്ല. ഇന്ന് സൗജന്യ മരുന്നിന്റെ വിതരണമുണ്ടോ? സൗജന്യ മരുന്നിന്റെ വിതരണമേ ഇല്ല. സൗജന്യ മരുന്ന് നിർത്തിയല്ലോ; ഹീമോഫീലിയയുടെ കാര്യം ഇന്ന് രാവിലെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു, ജീവൻ രക്ഷാ മരുന്നുകളായ ഫാക്ടർ VIII, ഫാക്ടർ IX അത് ആരോഗ്യ വകുപ്പുമന്ത്രിക്ക് ഇപ്പോഴും ഓർമ്മയുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല, പക്ഷെ ആ മരുന്ന് ഇപ്പോൾ കിട്ടുന്നില്ല. അതിന് വലിയ വിലയാണ്. പാവപ്പെട്ട ആളുകൾക്ക് അത് കിട്ടാൻ നിവൃത്തിയില്ല. കോടിക്കണക്കിന് രൂപ കുടിശ്ശികയായതുകൊണ്ട് നാട്ടിലെ മരുന്ന് കമ്പനികൾ ഇവരെ വിശ്വസിച്ച് മരുന്നും കൊടുക്കുന്നില്ല. അതോടുകൂടി എല്ലാം മുടങ്ങി. ഇവിടെ ഭൂമാഫിയ ആടി കളിക്കുകയല്ലേ? അവർ പരന്ന് കളിക്കുകയല്ലേ? എല്ലാ താലൂക്കുകളും എടുക്കണ്ട, നിങ്ങൾ ദേവികുളം താലൂക്ക് മാത്രമെടുക്കൂ, അങ്ങയുടെ താലൂക്ക്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടെ എത്ര സബ്

കളക്ടർമാർ വന്നത്. വന്നവരെയൊന്നും വിശിഷ്ട സേവാ മെഡൽ കൊടുത്ത് വിട്ടതല്ലല്ലോ? അവിടെ ശ്രീ. സബിൻ സമദ് എന്നൊരു കളക്ടർ ഉണ്ടായിരുന്നില്ലേ, അദ്ദേഹം പോയില്ലേ; ശ്രീ. എൻ. ടി. എൽ. റെഡ്ഡി, അവിടെ വന്നശേഷം അദ്ദേഹത്തെ പറപ്പിച്ചില്ലേ? ശ്രീ. ശ്രീറാം വെങ്കിട്ടരാമനെക്കുറിച്ച് ഞാൻ പറയുന്നില്ല, അത് നിങ്ങൾ തന്നെ പറഞ്ഞോളൂ. ശ്രീ. വി. ആർ. പ്രേംകുമാർ അവിടെ വന്നു, പറപ്പിച്ചില്ലേ; ഡോ. രേണു രാജ്, അവരെയും പറപ്പിച്ചില്ലേ? ഇതിന്റെയൊക്കെ ഉത്തരവാദിത്വം താഴെയും മുകളിലും ഇരിക്കുന്ന ആളുകൾക്ക് ഒരുപോലെയുണ്ടാകുമെന്ന വിവരം അങ്ങേയ്ക്കെങ്കിലും അറിയില്ലേ? ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അവർ ചെയ്ത തെറ്റ് എന്താണ്? മിടുക്കരായി അവർ ഐ.എ.എസ്. പാസായി എന്നല്ലേയുള്ളൂ, മൂന്നാറിൽ അവർക്കൊരു നിയമനം കിട്ടിയെന്നല്ലേയുള്ളൂ. അവരെയെല്ലാം പറപറപ്പിച്ചിട്ട് നാട്ടുനീളെ വലിയ കാര്യങ്ങൾ പറയുകയാണ്.

ഇവർ സർവ്വ രോഗ സംഹാരി എന്ന കിഫ്ബി കൊണ്ടുവന്നു. ഏതാണ്ട് ഒരു ടൈറ്റാൻ വരുന്നപോലെയാണ് കിഫ്ബി വരുന്നു എന്നുപറയുന്നത്. എന്നിട്ടെന്തായി, നിങ്ങൾ പറഞ്ഞ കിഫ്ബി വെറുമൊരു കടലാസ് കപ്പലായി മാറുകയല്ലേ? ദീർഘനാളത്തെ കാത്തിരിപ്പില്ലാതെ വേഗം പദ്ധതി

പൂർത്തിയാക്കാമെന്ന് പറഞ്ഞ് ഒരു ടൈറ്റാന്റെ വരവുപോലയാണ് വന്നത്. എന്നിട്ട് എവിടെപ്പോയി? രണ്ടുവർഷംകൊണ്ട് എല്ലാം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചു. ഇവിടെയിരിക്കുന്ന ആളുകളുടെ നിയോജകമണ്ഡലങ്ങളിൽ എത്ര പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്? ഓരോ സാമ്പത്തിക വർഷവും നിങ്ങൾ നടത്തിയ പ്രഖ്യാപനമുണ്ട്, 2016-17 -ൽ 28,213 കോടി രൂപയുടെ പ്രവൃത്തി നടക്കുമെന്ന് പറഞ്ഞു. 2,5000 കോടി രൂപയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ 2017-2018 -ൽ നടക്കുമെന്ന് പറഞ്ഞു. 54,213 കോടി രൂപയുടെ പദ്ധതികളുടെ പ്രഖ്യാപനം നടന്നു. ഇവിടെ എന്തുകാര്യമാണ് നടന്നത്? നിങ്ങൾ ചെലവാക്കിയത് 4,200 കോടി രൂപ മാത്രമാണ്. പ്രഖ്യാപനം 54,000 കോടി രൂപ. എന്നാൽ ചെലവ് 4,200 കോടി രൂപ. മൊത്തത്തിൽ നിങ്ങൾ കൊടുത്തത് 400 കോടി രൂപ മാത്രമാണ്. ഇങ്ങനെ നിങ്ങൾ ഈ നാട്ടിലെ ജനങ്ങളെ എത്രകാലംകൊണ്ട് പറ്റിച്ച് നടക്കുന്നു എന്നുള്ളകാര്യം ആലോചിക്കണം. ഇതുവന്നാൽ നമ്മൾക്കുള്ള ബാദ്ധ്യതയുടെ ഒരംശമെങ്കിലും നയപ്രഖ്യാപനത്തിൽ പറയണ്ടേ; കേരളം കടക്കെണിയിലേയ്ക്ക് പോകുകയാണെന്ന് പറയണ്ടേ? 10 വർഷംകൊണ്ട് തിരിച്ചടയ്ക്കേണ്ടി വരുന്ന തുക ഒരു ലക്ഷം കോടി രൂപയാകും. ഇവിടെയുള്ള പാവപ്പെട്ടവർ, സൗജന്യ

റേഷനുവേണ്ടി നടക്കുന്നവർ, ഒരു നിവൃത്തിയുമില്ലാത്തയാളുകൾ, ഗോതമ്പും ബജ്റയും തപ്പി നടക്കുന്ന പാവപ്പെട്ടവർ, എന്തിന് മണ്ണുതിന്നുന്ന കുട്ടികൾ ഈ തൊട്ടപ്പുറത്ത് തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു മൂലയിലില്ലേ? അവരുടെ തലയിലേയ്ക്കാണ് നിങ്ങൾ ഒരു ലക്ഷം കോടി രൂപയുടെ കടം അടിച്ചേൽപ്പിക്കുന്നത്. ഒരു ലക്ഷം കോടി രൂപ പോയിട്ട് പത്ത് രൂപ ഉണ്ടായിരുന്നെങ്കിൽ അവർ വല്ല അരിയും വാങ്ങി ആഹാരം കഴിക്കില്ലായിരുന്നോ; ഇതെന്തൊരു നാടാണ്; നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? ഇതൊന്നും കേൾക്കാതിരിക്കാൻ പറ്റില്ല, ഇത് കേട്ടേ മതിയാകൂ. നിങ്ങൾ കൊട്ടിഘോഷിച്ച പ്രവാസി ചിട്ടി ക്ലച്ച് പിടിച്ചില്ല. അത് ബെല്ലും ബ്രേക്കുമില്ലാതെ പൊളിഞ്ഞ് എവിടെയോ പോയി. 2020-21-ൽ പലിശയിനത്തിൽ ഈ കേരളം എത്രകോടി രൂപ കൊടുക്കേണ്ടിവരുമെന്ന് അങ്ങേയ്ക്കറിയാമോ? 6,000 കോടി രൂപ കൊടുക്കണം. ഇത് എവിടെനിന്ന് കൊടുക്കും? കേരള വികസനത്തിന്റെ കൊലക്കയറാണ് കിഫ്ബി എന്നുപറയുന്ന ഈ ഏർപ്പാട്. അത് നമ്മുടെ സംസ്ഥാനത്തെ തകർക്കും. ട്രഷറി പൂട്ടിയില്ലേ? ട്രഷറി നിയന്ത്രണം വളരെ കഠിന നിയന്ത്രണമല്ലേ; ചെക്കുകൾ, ബില്ലുകൾ മാറുന്നില്ലല്ലോ. ഈ സാമ്പത്തിക ക്ലേശത്തെക്കുറിച്ച് നയപ്രഖ്യാപനത്തിനകത്ത്

ഒരു വാചകമെങ്കിലും പറയാൻ സാധിക്കുമോ? എനിക്ക് ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല. നിങ്ങൾ യോജിച്ച സമരത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ. ആരോടാണ് ഞങ്ങൾ യോജിക്കേണ്ടത്? ഹിമാചൽ പ്രദേശിൽ നിങ്ങൾക്ക് ഒരു എം.എൽ.എ.യുണ്ട്. മൊത്തം അവിടെ 68 പേരാണുള്ളത്. അവിടെ യോജിക്കാൻ പോയാൽ ആ ആളിനെ കിട്ടാൻ പോലുമില്ല.

മി. ചെയർമാൻ: യെസ്.. സർ, സഹകരിക്കണം. ആ പോയിന്റോടുകൂടി അവസാനിപ്പിച്ച് സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മഹാരാഷ്ട്രയിൽ നിങ്ങൾക്ക് ഒരു എം.എൽ.എ.യുണ്ട്. അവിടെ മൊത്തം 288 പേരുണ്ട്. രാജസ്ഥാനിൽ നിങ്ങൾക്ക് രണ്ട് എം.എൽ.എ.മാരുണ്ട്. അവിടെ ആകെ 200 പേരാണുള്ളത്. ഞാൻ പറയുന്നത് കേട്ടോളൂ, പശ്ചിമ ബംഗാളിന്റെ കാര്യത്തിലാണല്ലോ തർക്കം, നിങ്ങൾക്ക് അവിടെ യോജിപ്പുമില്ല, 22 അംഗങ്ങളുണ്ട്, അവിടെ ആകെ 294 അംഗങ്ങളുണ്ട്. ഇന്ത്യയിൽ മൊത്തത്തിൽ 4131 എം.എൽ.എ.മാരുള്ളതിൽ നിങ്ങളുടെ കയ്യിലിരിക്കുന്നത് എല്ലാംകൂടി കൂട്ടിയാൽ 101 മാത്രമാണ്. എന്നിട്ടും യോജിച്ചോ യോജിച്ചോയെന്ന് പറഞ്ഞ് നിങ്ങൾ ഞങ്ങളെ വിളിക്കുകയാണ്.

അങ്ങനെ വിളിക്കാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? നിങ്ങളാണോ ഇന്ത്യ, നിങ്ങൾക്കാണോ ഈ രാജ്യം. നിങ്ങൾ ഈ രാജ്യസ്നേഹത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ, നിങ്ങൾ ഈ രാജ്യസ്നേഹത്തെക്കുറിച്ച് പറയുമ്പോൾ ക്വിറ്റ് ഇന്ത്യാ സമരത്തിൽ നിങ്ങൾ എവിടെയാണ് പോയിരുന്നത്? ഈ കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, ഇവിടെ നിങ്ങൾക്കറിയാം, *******************+ നിങ്ങൾ ഇവിടെ വലിയ ബി.ജെ.പി. വിരുദ്ധത പറഞ്ഞല്ലോ...

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം സഹകരിക്കണം..അങ്ങ് വളരെ സീനിയർ അംഗമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. എ. കെ. ബാലൻ, ഈ കാര്യങ്ങളെപ്പറ്റി നല്ല സെൻസുള്ളയാളാണ്, അങ്ങ് ഇത് കേൾക്കണം. പാലക്കാട് മത്സരിച്ച ടി. ശിവദാസമേനോൻ, അങ്ങേയ്ക്കറിയാമല്ലോ ടി. ശിവദാസമേനോനെ, ആ കൺവെൻഷൻ ഉദ്ഘാടനം ചെയ്തത് ആരാണ്, ശ്രീ. എൽ. കെ. അദ്വാനി. സത്യം പറഞ്ഞാൽ ആ കൺവെൻഷനിൽ പ്രസംഗം തർജ്ജമ ചെയ്തത് ആരാണെന്നറിയാമോ.

+ സഭാദ്ധ്യക്ഷന്റെ 04.02.2020-ലെ 844/ഇബി/2020/നി.സെ. എന്ന നമ്പർ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യാൻ തീരുമാനിച്ചു.

ശ്രീ. ഒ. രാജഗോപാലാണ് ആ പ്രസംഗം തർജ്ജമ ചെയ്തത്. ശിവദാസമേനോൻ സ്ഥാനാർത്ഥി, എൽ. കെ. അദ്വാനി പ്രസംഗം, ഒ. രാജഗോപാൽ തർജ്ജമ, നിങ്ങൾ ബി.ജെ.പി വിരുദ്ധരും! എന്തൊരു വർത്തമാനമാണ് ഈ പറയുന്നത്? ഇവിടെ സ്പീക്കർ തെരെഞ്ഞെടുപ്പിൽ ശ്രീ. ഒ. രാജഗോപാൽ നിങ്ങൾക്ക് വോട്ട് ചെയ്തില്ലേ. എന്നിട്ട് അദ്ദേഹം പറഞ്ഞു, ശ്രീരാമകൃഷ്ണൻ എന്ന് പേരുള്ളതുകൊണ്ടാണ് ഞാൻ അവിടെ വോട്ട് ചെയ്തതെന്നാണ്. ഞാനാണ് സ്ഥാനാർത്ഥിയെങ്കിൽ, എന്റെ പേര് ശ്രീരാമകൃഷ്ണ പരമഹംസൻ എന്നുപറഞ്ഞാലും ശ്രീ. ഒ. രാജഗോപാൽ എനിക്ക് വോട്ട് ചെയ്യുമോ? ഇല്ലല്ലോ, അതല്ല പ്രശ്നം, പ്രശ്നം വേറെയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സ്പീക്കർ സമ്മതിച്ചാൽ ഞാൻ വഴങ്ങാം, ചെയർ സമ്മതിച്ചാൽ മതി.

മി. ചെയർമാൻ: പ്ലീസ് സഹകരിക്കണം...സഹകരിക്കണം. അങ്ങ് വളരെ സീനിയർ അംഗമാണ്. അങ്ങ് മാതൃകയായി വരേണ്ടതാണ്. ഈ

പോയിന്റോട്ടുകൂടി അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതെ, മാതൃകയാണ്. അതുകൊണ്ട് യോജിച്ച പ്രക്ഷോഭം, യോജിച്ച പ്രക്ഷോഭത്തിന് നിങ്ങൾക്കൊരു ത്രാണി വേണ്ടേ, ശാരീരിക ശക്തി വേണ്ടേ.. സമ്മതിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): *****************+ ആദ്യമായി അതൊന്ന് വ്യക്തമാക്കുന്നത് നല്ലതാണ്. അടിയന്തരാവസ്ഥയ്ക്കെതിരായി ഞങ്ങൾ പലരുമായും യോജിച്ചിട്ടുണ്ട്. അതിലൊന്നും യാതൊരു സംശയവുമില്ല. ഇന്ദിരാഗാന്ധിക്കെതിരായി ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അന്ന് ഞങ്ങളുടെ കൂടെയാണ്, അതുകൂടി മനസിലാക്കുന്നത് നല്ലതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്കിട്ടൊന്ന് വച്ചതോടുകൂടി വല്യ ആത്മസംതൃപ്തിയായി. എന്ത് ആത്മസംതൃപ്തിയാണിത്. ഇവിടത്തെ ചോദ്യം എന്താണ്, നിങ്ങൾ ജനസംഘവുമായി കൂടിയിട്ടുണ്ടോ; നിങ്ങൾ ബി.ജെ.പി.യുമായി കൂടിയിട്ടുണ്ടോ; നിങ്ങളുടെകൂടെ എൽ. കെ. അദ്വാനി

---

+ സഭാദ്ധ്യക്ഷന്റെ 04.02.2020-ലെ 844/ഇബി/2020/നി.സെ. എന്ന നമ്പർ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യാൻ തീരുമാനിച്ചു.

വന്നോ; നിങ്ങൾക്കുവേണ്ടി ഒ. രാജഗോപാൽ പ്രസംഗം ട്രാൻസ്ലേറ്റ് ചെയ്തോ? ഈ സഭയിലുള്ള മറ്റു നേതാക്കന്മാരുടെ പേര് ഞാൻ പറയുന്നില്ല. എനിക്ക് അവരെ ആക്ഷേപിക്കാൻ കഴിയാത്തതുകൊണ്ടാണ്, ചരിത്രം ഇല്ലാത്തതുകൊണ്ടല്ല.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട അംഗം സഹകരിക്കണം...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇങ്ങനെയുള്ള ഒരു സംഭവത്തിൽ എന്ത് ബി.ജെ.പി. വിരുദ്ധതയാണ്. അതുകൊണ്ട് അവസാനത്തെ ഒരു വാക്കുകൂടി പറയട്ടെ; 70 ഉം 80 ഉം 85 ഉം 90 ഉം വയസ്സുള്ള പ്രായംചെന്ന ആളുകൾ. അവരെ മസ്റ്ററിംഗിന്റെ പേരുപറഞ്ഞ് വില്ലേജാഫീസിന്റെ പടിക്കൽ സ്ട്രക്ചറിൽ ഇരുത്തിക്കൊണ്ടുപോകുന്ന കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് പിണറായി ഗവൺമെന്റാണ്. മസ്റ്ററിംഗിന് അവരെ എടുത്തുകൊണ്ടുപോകുകയാണ്. അങ്ങും എടുത്തിട്ടുണ്ടാകുമോയെന്ന് എനിക്കറിയില്ല. എടുത്തുകൊണ്ടു പോകുകയാണ്.

മി. ചെയർമാൻ: പ്ലീസ് സഹകരിക്കണം...നാല് മിനിറ്റ് അധികമായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിർദ്ദയമായ നടപടി

നിങ്ങൾക്ക് നിർത്തരുതോ? പണി മേലെങ്കിൽ നിർത്തിവയ്ക്കണം. അങ്ങ് രാജി വയ്ക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. പണി മേലെങ്കിൽ നിർത്തിവയ്ക്കണം. പാവപ്പെട്ടവരെ ഈ സ്ട്രക്ചറിൽ എടുത്ത്, ഈ മസ്റ്ററിംഗിന്റെ പേരിൽ നേരെ എടുത്തുകൊണ്ടുപോകാൻ പ്രേരണ നൽകുന്ന ആളുകൾ..... നിങ്ങളൊക്കെ പോകുന്നത് ഇന്നോവ കാറിലല്ലേ, എനിക്കൊരു കുഴപ്പവുമില്ല. പക്ഷേ ഈ മസ്റ്ററിംഗിന് ഈ പാവപ്പെട്ടവരെ ഇങ്ങനെ കുഴയ്ക്കാമോ? ശ്രീ. എസ്. ശർമ്മയായതുകൊണ്ട് ഞാൻ ഒരു മിനിറ്റ് വഴങ്ങാം.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ********************+ നമുക്ക് ഇതൊരു പുതിയൊരു വിവരമാണ്, അത് മനസ്സിലാക്കാനാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എനിക്ക് വിശദീകരിക്കാൻ സമയം നൽകുകയാണെങ്കിൽ കൃത്യമായി വിശദീകരിക്കാം, അല്ലെങ്കിൽ അടുത്തൊരു സമയംവച്ചോളൂ, ആസമയത്ത് കൃത്യമായി വിശദീകരിച്ചുതരാം. എനിക്ക് സമയം തരണം.

<u>മി. ചെയർമാൻ</u>: പ്ലീസ്...പ്ലീസ്...ഇപ്പോൾതന്നെ 5 മിനിട്ട് അധികമാകാൻ പോകുകയാണ്.

---

\+ സഭാദ്ധ്യക്ഷന്റെ 04.02.2020-ലെ 844/ഇബി/2020/നി.സെ. എന്ന നമ്പർ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യാൻ തീരുമാനിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ എത്രവേണമെങ്കിലും വിശദീകരിക്കാം. ഞാൻ എഴുതിതരാം. ആർക്കൈവ്സിനകത്തെ രേഖസഹിതം, നാഷണൽ ആർക്കൈവ്സിനകത്തെ രേഖസഹിതം നമുക്ക് എടുക്കാം, ചർച്ച ചെയ്യാം. പക്ഷെ ഇവിടെ സമയമില്ലാത്തുകൊണ്ട് ആ ചർച്ചയിലേയ്ക്ക് ഇപ്പോൾ പോകാൻ കഴിയില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. അഞ്ചുമിനിട്ട് അധികമായി. പ്ലീസ്...പ്ലീസ്..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ആത്മാർത്ഥതയില്ലാത്ത, ജനങ്ങളെ കബളിപ്പിക്കുന്ന, കാപട്യത്തിന്റെ മുഖമായ, ജനഹിതമില്ലാത്ത, പൗരജനങ്ങളെ മൊത്തത്തിൽ അവഹേളിക്കുന്ന ഈയൊരു സമീപനത്തോട് ഞാൻ യോജിക്കുന്നില്ല. നിങ്ങൾക്ക് ചേരും ഗവർണർ, ഗവർണർക്ക് ചേരും നിങ്ങൾ. അങ്ങനെ സമാസമമായി നീങ്ങുക. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

മി. ചെയർമാൻ :പ്ലിസ്... കൺക്ലൂഡ് ........

ശ്രീ. എ. കെ. ബാലൻ: സർ, പല ആളുകൾ പല രൂപത്തിലും പറയും. ശ്രീമതി ഷാനി പ്രഭാകരന്റെ മുമ്പിൽ അദ്ദേഹം എത്രത്തോളം

പരിഹാസ്യമായിയെന്നുള്ളത് ദൃശ്യമാധ്യമത്തിലൂടെ നമ്മൾ കണ്ടതാണ്. ഇവിടെ പറയുന്ന സമയത്ത്, ഇ.എം.എസ്. എന്തോ എഴുതികൊടുത്തുകൊണ്ട് രക്ഷപ്പെട്ടു എന്നൊക്കെ പറയുമ്പോൾ, എന്ത് ആധികാരികത്വമുള്ള രേഖകൾ വച്ചുകൊണ്ടാണ് പറയുന്നത്; അത് ചോദിക്കുമ്പോൾ പറയുന്നത്, ഇപ്പോൾ അത് പറയാൻ സമയമില്ല എന്നാണ്. അങ്ങനെ പറയുന്നത് ശരിയല്ല. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധനയ്ക്ക് വിധേയമായി നടപടി സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,....(മൈക്ക് ഓഫ്)....

മി. ചെയർമാൻ:പ്ലീസ്...പ്ലീസ്... ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരിക്കൂ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പ്രിയപ്പെട്ട ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യം അസാധാരണമായൊരു സാഹചര്യത്തെ നേരിടുകയാണ്. അങ്ങനെ വരുമ്പോൾ അസാധാരണമായ യോജിപ്പ് ജനങ്ങളിൽ ഉണ്ടാകണം. അതുണ്ടാകണമെന്നാണ് ഇന്ത്യയിൽ കേരളത്തിലെ ഗവൺമെന്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ആഗ്രഹിക്കുന്നത്. ആ ആഗ്രഹത്തിന്റെ

അടിസ്ഥാനത്തിലുള്ള രൂപപ്പെടൽ ആദ്യമെല്ലാമുണ്ടായി വന്നതുമാണ്. അതിൽ പ്രതിപക്ഷവും നല്ല നിലപാട് കേരളത്തിൽ എടുത്തതുമാണ്. ഇന്ത്യയിലെ ജനങ്ങൾ അത്തരമൊരു ആഗ്രഹം പ്രകടിപ്പിക്കുന്നതാണ്. സംഘാടകർ പിൻമാറിയിട്ടും ബോംബെയിലെ സ്ത്രീകൾ ആ സമരത്തിൽ പങ്കെടുക്കുകയാണെന്ന് ഇന്നൊരു വാർത്തയുണ്ട്. ഇത് ജനത്തിന്റെ ഒരു ആഗ്രഹമാണ്. ഇന്ത്യയിലെ ജനങ്ങളിൽ ഏറ്റവും താഴെതട്ടിലുള്ളവരുടെ ആഗ്രഹത്തിലാണ് ഇന്ത്യ നിലനിൽക്കുന്നത്. അവന്റെ സ്വപ്നങ്ങളാണ്, ഈ രാജ്യത്ത് നിലനിൽക്കണമെന്നുള്ള പ്രതീക്ഷ, ഈ രാജ്യത്ത് മൊത്തം വ്യാപരിക്കുന്നത്. നമ്മുടെ രാജ്യത്തെ വർഗ്ഗീയതയെക്കുറിച്ച് നമുക്കറിയാം. നമ്മുടെ രാഷ്ട്രപിതാവിനെ വധിച്ചു. എല്ലാവർക്കുമറിയാം നമ്മുടെ രാഷ്ട്രപിതാവ് ഒരു കുടുംബത്തിലെ, ഒരു തറവാട്ടിലെ, ഏറ്റവും വലിയൊരു ആളാണ്. ആ വലിയൊരാളിനെ വധിച്ചത് മഹാരാഷ്ട്രയിലെ ചിത്പവൻ ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ട യുവാവാണ്. ആ കാലഘട്ടത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ചെറുപ്പക്കാരൻ വൃദ്ധനായ ഗാന്ധിയായിരുന്നു. ഗാന്ധിക്ക് സത്യത്തിൽ ഏറ്റവും വലിയ യൗവ്വനം വന്നത് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അദ്ദേഹം ജീവിച്ചിരുന്ന 168 ദിവസങ്ങളിലാണ്. ആ യൗവനം വന്നുകൊണ്ടിരുന്ന, ആ

യൗവനംകൊണ്ട് രാജ്യത്തെ വർഗ്ഗീയതയെ ഇല്ലാതാക്കി നയിക്കാൻ മതേതരത്വത്തിന്റെ ഒരു വഴികാണിച്ചുകൊണ്ടിരുന്ന മനുഷ്യനാണ്. 1948 ജനവരി 30-ാം തീയതി ചെറുപ്പക്കാരനായ ഒരു വർഗ്ഗീയ ഭ്രാന്തന്റെ വെടിയേറ്റ് മരിച്ച ആ ഗാന്ധിയുടെ ഓർമ്മകൾക്ക് ഏറ്റവും പ്രസക്തമായൊരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഇനി നമുക്കുള്ളത് ഒരു മാതാവാണ്. ആ മാതാവിന്റെ പേര് ഇന്ത്യയെന്നാണ്. ആ മാതാവിനെ വധിക്കാനുള്ള ഒരു ആയുധമാണ് പൗരത്വ നിയമ ഭേദഗതി ബിൽ. അതുകൊണ്ട് പിതാവിനെ വധിച്ച രാജ്യത്തിൽ മാതാവിനെക്കൂടി വധിക്കാതിരിക്കണമെങ്കിൽ, ആ മാതാവിനെത്തന്നെ രക്ഷിക്കണമെങ്കിൽ, ഈ രാജ്യം ആ കത്തി കയ്യിലേന്തുന്നവർക്കെതിരായി ഒന്നിച്ചുനിൽക്കണം. ഒന്നിച്ചുനില്ക്കാനുള്ള ആഹ്വാനത്തിന്റെ പുറത്ത് രാജ്യം ഒരുമയോടെ പോകാൻ ശ്രമിക്കുമ്പോൾ ഭിന്നിപ്പിന്റെ സ്വരങ്ങൾ ഏത് തരത്തിലുണ്ടായാലും അത് നല്ലതല്ല. ഞാൻ പറയുന്നത് ഇന്ത്യ എന്താണെന്നും ഇന്ത്യ എങ്ങനെയാണെന്നും ലോകത്തോട് കൃത്യമായി പറഞ്ഞ ഇന്ത്യയുടെതന്നെ മഹാരഥൻമാരായ നേതാക്കന്മാരുണ്ട്. ജാതിക്കും മതത്തിനും പ്രദേശത്തിനും ഭാഷയ്ക്കും ചിന്തകൾക്കും എല്ലാത്തിനുമപ്പുറം ഇന്ത്യ എന്താണെന്നും എങ്ങനെയാണ് നമ്മൾ

രൂപപ്പെട്ടതെന്നും നമ്മുടെ സ്വാതന്ത്ര്യ സമരം എങ്ങനെയാണ് നടന്നതെന്നും അതിന്റെ അനുഭവത്തിൽ ഇന്ത്യൻ ഭരണഘടന ഏതാണ്ട് മൂന്ന് വർഷമെടുത്ത് എങ്ങനെ രൂപീകരിച്ചുവെന്നും അതിൽ പങ്കെടുത്ത ആളുകളുടെ മനസ്സിന്റെ ധാർമ്മികമായ, സത്യസന്ധമായ, നിയമപരമായ ബോധം എന്തായിരുന്നുവെന്നും പലതരത്തിൽ വെളിവാക്കപ്പെടുന്നുണ്ട്. ആ വെളിവാക്കപ്പെടുന്നിടത്താണ് അത് സംരക്ഷിക്കാൻ വേണ്ടിയുള്ള യോജിപ്പിൽ ഇന്ത്യ ഒന്നായി നിൽക്കേണ്ടത്. ഇന്ത്യ എന്താണെന്ന് കൃത്യമായി പറഞ്ഞത്, എനിക്കു തോന്നുന്നത് സ്വാമി വിവേകാനന്ദനാണ്. അദ്ദേഹം ഇവിടെ വച്ചല്ല അത് പറഞ്ഞത്, അമേരിക്കയിൽ വച്ചാണ്. ഒരു പ്രസംഗത്തിലല്ല, പല പ്രസംഗത്തിലാണ്. 1893-ൽ ചിക്കാഗോയിൽ വച്ച് നടന്ന സർവ്വമത സമ്മേളനത്തിൽ അദ്ദേഹം നിരന്തരം നടത്തിയ ആറ് പ്രസംഗങ്ങളുണ്ട്. ആറ് പ്രസംഗങ്ങളിലും അദ്ദേഹം നിരന്തരം ഉപയോഗിച്ച ഒരു വാക്കുണ്ട്. ആ വാക്കിലാണ് അദ്ദേഹം ഇന്ത്യ എന്താണെന്ന് വിശദീകരിച്ചത്. അദ്ദേഹം പറഞ്ഞത് ഇന്ത്യൻ സംസ്കാരത്തിൽ, ഇന്ത്യൻ ഭാഷയിൽ ഇന്ത്യയ്ക്കകത്ത് ഇല്ലാത്തൊരു വാക്ക് 'exclusion' ആണ്. ഒഴിവാക്കൽ എന്നത് ഞങ്ങൾക്കില്ല. എവിടെനിന്നും അഭയാർത്ഥികളായി, എവിടെനിന്നും അനാഥരായി,

എവിടെനിന്നും ആശ്രയം വേണ്ടവരായി, ആരുവന്നോ അവരെയെല്ലാം ഇന്ത്യ ഉൾക്കൊണ്ടു. ഒഴിവാക്കലില്ലാത്ത ഒരു രാജ്യത്തിന്റെ, എല്ലാം ചേർന്ന ലോകത്തിന്റെ, എല്ലാ ദൈവങ്ങളും എല്ലാ മതങ്ങളും എല്ലാ ചിന്തകളും എല്ലാ ദർശനങ്ങളും എല്ലാ തത്വസംഹിതകളും ഉൾക്കൊണ്ട രാജ്യമാണ് ഇന്ത്യ. അതാണ് ഇന്ത്യയുടെ പ്രത്യേകത. അതുകൊണ്ട് അദ്ദേഹം പറഞ്ഞിടത്തുനിന്ന് ഒറ്റ വരിയിൽ പറഞ്ഞാൽ, ഉൾക്കൊള്ളാൻ പറ്റാതിരിക്കുന്ന സമയത്ത് ഇന്ത്യ അവസാനിക്കുന്നു. ഉൾക്കൊള്ളുന്നിടത്ത് ഇന്ത്യ ആരംഭിക്കും. അത് ഭരണഘടന എഴുതിയപ്പോൾ ആരംഭിച്ചതല്ല, അത് സ്വാതന്ത്ര്യം കിട്ടിയപ്പോഴും ആരംഭിച്ചതല്ല. ആയിരക്കണക്കിന് വർഷങ്ങളായി പലതരത്തിലൂടെ പലതരം സാംസ്കാരിക കയറ്റിറക്കങ്ങളിലൂടെ ശരിതെറ്റുകളിലൂടെ രൂപപ്പെട്ടതാണ് ഇന്ത്യൻ പൗരനും ഇന്ത്യ എന്നുപറയുന്ന പ്രത്യേകതയും. ആ പ്രത്യേകതയിൽ സ്വാമിവിവേകാനന്ദൻ പറഞ്ഞ 'ഉൾക്കൊള്ളൽ' ഉൾക്കൊള്ളാൻ പറ്റുന്നില്ലായെന്നതാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും ചെയ്യുന്ന തെറ്റ്. ഈ ഭരണകൂടം ചെയ്യുന്ന തെറ്റ്. അതുകൊണ്ടാണ് കോൺഗ്രസ് നേതാവായ ശ്രീ. പി. ചിദംബരം പറഞ്ഞൊരു വാക്ക് ഞാൻ ഉദ്ധരിക്കുന്നത്. ചിദംബരം പറഞ്ഞത്, ഇപ്പോൾ ഇന്ത്യയിൽ നടക്കുന്ന സമരം ഭരിക്കുന്ന ഇന്ത്യാ

ഭരണകൂടത്തിന്റെ തെറ്റും ഇന്ത്യയിൽ ജീവിക്കുന്ന ജനങ്ങളുടെ ശരിയും തമ്മിലുള്ള സമരമാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ ഭരിക്കുന്ന ഭരണകൂടത്തിന്റെ തെറ്റിനെ ജീവിക്കുന്ന ജനതയുടെ ജനാധിപത്യ ശരി തോൽപ്പിക്കും. അതാണ് ഇന്നത്തെ ഇന്ത്യ. അതിനുവേണ്ടി ഇന്ത്യയിൽ എല്ലാപേരും സമ്മതിക്കുന്നൊരു കാര്യം മാതൃകാപരമായി ശ്രമിക്കുന്ന, ശ്രമിച്ചുകൊണ്ടിരിക്കുന്ന, ഇന്ത്യയിലെ ഒരു ഭരണകൂടം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണമാണ്. ആ നിയമം ഡിസംബർ 9, 11 തീയതികളിലായി പാർലമെന്റിൽ പാസ്സാക്കപ്പെട്ടതിനുശേഷം ഇന്ത്യയിൽ ബി.ജെ.പി.-യോടുകൂടി നിന്ന അകാലിദൾ ഇതിനെ ആദ്യം എതിർത്തവരാണ്. കേരളത്തിലും ഇന്ത്യയിലും സർവ്വരും എതിർത്തവരാണ്. പക്ഷെ മാതൃകാപരമായി അതിലൊരു സംസ്ഥാനത്തിന്റെ മഹാഭൂരിപക്ഷം ജനങ്ങളുടെ രാഷ്ട്രീയവും ധാർമ്മികവും മതപരവുമായ ജനാധിപത്യ ചേരുവ ആദ്യം കാത്തുസൂക്ഷിച്ചത്, കേരളത്തിലെ പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ മുമ്പിലാണ്. അതിൽ ശ്രീ. രമേശ് ചെന്നിത്തല പറയുന്നത്, അദ്ദേഹമാണ് അങ്ങോട്ട് ആവശ്യപ്പെട്ടതെന്നാണ്. ആവശ്യപ്പെട്ടെങ്കിൽ ശരി, അവിടെ യോജിച്ചതിനുശേഷം എന്തുകൊണ്ടാണ് അത് മുന്നോട്ടുപോകാത്തത്; ഇവിടെയാണ് അതിന് ബ്രേക്കിംഗ് ഉണ്ടായത്;

ഇന്ത്യയിൽ എല്ലാം ഉൾക്കൊള്ളണമെന്ന് പറയുന്ന രാഷ്ട്രീയ-ധാർമ്മികത ഇന്ത്യയുടെ തന്നെ മാനവീകത, ആ മാനവീകതയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ ഭരണഘടനയുണ്ടായത്. അക്കാലത്തുള്ള ഇന്ത്യയിലെ ഹിന്ദുവും ക്രിസ്ത്യനും മുസ്ലീമും സർവ്വ രാഷ്ട്രീയ പ്രസ്ഥാനത്തിൽപ്പെട്ട ബുദ്ധിജീവികളും ഇന്ത്യയെക്കുറിച്ച് വികാരപരമായ ഒരു അടക്കം അകത്തും എന്നാൽ വിവേകപരമായ ഒരു ചിന്ത തലച്ചോറിലും ഉണ്ടായിരുന്നവർ ഒരുമിച്ചിരുന്നാണ് ആ ഭരണഘടനയുണ്ടായത്. ആ ഭരണഘടനയുണ്ടായപ്പോൾ ചില വാക്കുകളെക്കുറിച്ച് വലിയ തർക്കങ്ങളുണ്ടായി, ആ തർക്കങ്ങളുണ്ടായ ഒരു വാക്ക് 'ദൈവം' എന്നവാക്കാണ്. ദൈവം എന്ന വാക്ക് ഇന്ത്യൻ ഭരണഘടനയ്ക്കകത്ത് വേണമെന്ന് വാദിച്ചവരുണ്ട്. കാരണം ഇന്ത്യയിൽ ലോകത്തുള്ള എല്ലാ ദൈവങ്ങളും ഉപദൈവങ്ങളുമുണ്ട്. എല്ലാ മതത്തിലെയും ആളുകളുണ്ട്. പക്ഷേ അവർ തീരുമാനിച്ചത് ആ വാക്ക് വേണ്ടെന്നാണ്. ഒരുപക്ഷേ ഭാവിയിൽ അവരുടെ മുമ്പിൽ ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത് ഷായും വരാൻ സാദ്ധ്യയുണ്ടെന്ന് കണ്ടുകാണണം. അതുകൊണ്ട് 'ദൈവം' എന്ന വാക്ക് വോട്ടിനിട്ട് പുറത്തായതാണ്. ഈ വാക്ക് പുറത്താക്കണമെന്ന് ആവശ്യപ്പെട്ടവർക്ക് കൂടുതൽ വോട്ടും വേണമെന്നാവശ്യപ്പെട്ടവർക്ക് കുറച്ച്

വോട്ടുമാണ്. മതവും ഇതുപോലെയാണ്. ഇന്ത്യൻ ഭരണഘടനയ്ക്ക് ഒരു ദൈവമില്ല, അതിനും മുകളിലാണ് ഇന്ത്യൻ ഭരണഘടന. ഇന്ത്യൻ ഭരണഘടനയ്ക്ക് ഒരു മതമില്ല, അതിനും മുകളിലാണ് ഇന്ത്യൻ ഭരണഘടന. ഇന്ത്യൻ ഭരണഘടനയ്ക്ക് താഴെയാണിതെല്ലാം. അതിനെ മുകളിൽ കൊണ്ടുവരാനുള്ള ശ്രമമാണ് ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത് ഷായും നടത്തുന്നത്.

മി. ചെയർമാൻ: ശ്രദ്ധിക്കു..... ശ്രദ്ധിക്കു...... എന്താണ് വഴങ്ങികൊടുത്തതാണോ?

ശ്രീ. പി. ടി. തോമസ്: സർ, ഇന്ത്യൻ ഭരണഘടന ദൈവത്തിന് സമർപ്പിക്കാത്തത് സംബന്ധിച്ചാണ് പറയുന്നത്. ദൈവത്തിന് മുകളിലാണ് ഭരണഘടന എന്നതുമാത്രമല്ല ഇന്ത്യയിലെ നിരീശ്വരവാദികളായ ആളുകളുടെ വികാരം വ്രണപ്പെടാൻ പാടില്ല എന്നതുകൊണ്ടുകൂടിയാണ് ഈ ഭരണഘടന ദൈവപരാമർശം ഒഴിവാക്കിയത് എന്ന് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിൽ അപൂർവ്വം വായിക്കുന്നവരിലൊരാളാണ് ശ്രീ. പി. ടി. തോമസ് എന്നുള്ളതുകൊണ്ട് തീർച്ചയായും അങ്ങയുടെ അഭിപ്രായത്തെയും ഞാൻ ഉൾക്കൊള്ളുന്നു. അവിടെ പ്രശ്നം എന്താണെന്നുവച്ചാൽ ഇതിന്റെയെല്ലാം

മുകളിലാണ് ഇന്ത്യൻ ഭരണഘടനയെങ്കിൽ അവരൊക്കെക്കൂടെ എഴുതിത്തീർത്ത് സമർപ്പിച്ചപ്പോൾത്തന്നെ നമ്മുടെ ചില പ്രശ്നങ്ങളെക്കുറിച്ച് ആ കാലത്ത് ഏറ്റവും വലിയ നിയമപണ്ഡിതനും ചരിത്രപണ്ഡിതനുമായ ഡോ. ബി. ആർ. അംബേദ്ക്കർ 1949 നവംബർ 26-ന് തന്നെ പറഞ്ഞിരുന്നു. ഇന്ത്യയുടെ മേൽമണ്ണിൽ മാത്രമേ ജനാധിപത്യമുള്ളൂ എന്നാണ് അദ്ദേഹം പ്രത്യേകമായി പറഞ്ഞിരുന്നത്. ഒരടി മണ്ണ് താഴ്ന്നകഴിഞ്ഞാൽ അന്തവിശ്വാസവും അനാചാരവും മതവും വ്യക്തിആരാധനയും വേണ്ടാത്ത ജനാധിപത്യ വിരുദ്ധമായ ചിന്തകളും നിറഞ്ഞതാണ് ഇന്ത്യ. അതുകൊണ്ട് ഇന്ത്യൻ ജനാധിപത്യം ദുർബലപ്പെടാനുള്ള സാദ്ധ്യത വളരെ കൂടുതലാണെന്ന് അന്നുതന്നെ ഡോ. ബി. ആർ. അംബേദ്ക്കർ പറഞ്ഞിരുന്നു. ആ സാദ്ധ്യതകൾ  പലപ്പോഴും ഇന്ത്യയിൽ ഉയർത്താൻ ശ്രമിച്ചിട്ടും ഇന്ത്യയിലെ മതേതരത്വ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിൽ ഇന്ത്യയുടെ സാംസ്കാരികബോധമുള്ളതുകൊണ്ടാണ് ഇന്ത്യൻ ജനാധിപത്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ജനാധിപത്യ വിരുദ്ധമായി കോർപ്പറേറ്റ് പിന്തുണയോടെ ഇന്ത്യയെ മുന്നോട്ടുകൊണ്ടുപോകാനും ഇന്ത്യൻ ജനതയുടെ മനസ്സിലുള്ള മതബോധത്തെ തീവ്രമായി വളർത്തിക്കൊണ്ടുവരാനും കഴിഞ്ഞതിന്റെ ശ്രമമാണ് ഈ

ഭരണത്തിലേക്ക് വന്നത്. അതിൽ കോൺഗ്രസ്സിന് പങ്കുണ്ടോ ഇല്ലയോ എന്നുള്ളത് കോൺഗ്രസ്സ് വ്യക്തിപരമായും വിമർശനപരമായും ആലോചിക്കേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ഇന്നത്തെ ലോകത്തെ അറിയാം. അത് ഉലയുന്നൊരു ലോകമാണ്. കോർപ്പറേറ്റുകൾ നയിച്ച് ജനങ്ങളെ ദുരിതത്തിലാക്കുന്ന ഒരു ലോകമാണെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഇന്നലത്തെ ബഡ്ജറ്റ് നോക്കിയാലറിയാം. ഇന്നത്തെ ഇന്ത്യ തകരുന്നൊരു ഇന്ത്യയാണ്. ഇതിനിടയിലാണ് നമ്മൾ വളരുന്ന കേരളമായി നിൽക്കാൻ ശ്രമിക്കുന്നത്. അങ്ങനെ നിൽക്കാൻ ശ്രമിക്കുമ്പോൾ തീർച്ചയായും ബുദ്ധിമുട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കേരളത്തെ എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് നൽകാൻ കഴിയുന്ന സഹായങ്ങൾ തരുന്നില്ല. നമുക്ക് വലിയ പ്രളയത്തെയും വെള്ളപ്പൊക്കത്തെയും മറ്റ് പലതരം കെടുതികളെയും നേരിടേണ്ടി വരുന്നുണ്ട്. നമ്മൾ ഇന്ത്യക്കുവേണ്ടി ഉയർത്തിപിടിക്കുന്ന ഒരു വികസിത സ്വപ്നമുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ കിഫ്ബിയുടെ കാര്യം പറഞ്ഞു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലമുൾപ്പെടെ എല്ലാ മണ്ഡലങ്ങളിലെയും പൊതു സ്കൂളുകളിലേയ്ക്ക് കുട്ടികളൊഴുകുന്നതിന്റെ പ്രധാന കാരണം

അവിടെയൊക്കെ ഗവൺമെന്റ് ശ്രദ്ധ ചെലുത്തി വികസനത്തിന് കൊടുക്കുന്ന പണം കൂടിയാണ്. അതിൽ പലതും കടം വാങ്ങിയതാണ്. കേരളത്തിൽ പലയിടത്തും വികസന പ്രക്രിയയിലും പശ്ചാത്തലമേഖലയിലും ചില അത്ഭുതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇന്നത്തെ ലോകത്തിന്റെ മുഖവുമായി ചേർന്നൊരു അന്തസ്സ് ഒട്ടും ചോരാതെ കേരളം നിലനിർത്തണമെങ്കിൽ അതിനാവശ്യമായ ചില കൂട്ടിയോജിപ്പിക്കലുകളും ചില സാഹസികതകളും ആവശ്യമുണ്ട്. നമുക്കെല്ലാമുണ്ടായാലും സമാധാനപരമായി ജീവിക്കാൻ കഴിയുന്ന അന്തരീക്ഷം വേണം. പാത്തുമ്മയ്ക്കൊരു പ്രശ്നമുണ്ടാകുമ്പോൾ ഭയമില്ലാതെ അയൽപക്കത്തെ ചെല്ലമ്മയെ വിളിക്കണം. ചെല്ലമ്മയ്ക്ക് അങ്ങനെ തോന്നിയാൽ അയൽപക്കത്തെ അന്നമ്മയെ വിളിക്കണം. അന്നമ്മയും ചെല്ലമ്മയും പാത്തുമ്മയും കൂടി യോജിച്ചുനിന്ന് അവരുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കണം. ആ അന്തരീക്ഷമാണ് പൗരത്വനിയമ ഭേദഗതിയിലൂടെ ഇന്ത്യയിൽ മാനസികമായി മനുഷ്യനെ ഭിന്നിപ്പിച്ചുതകർക്കാൻ ശ്രമിക്കുന്നത്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല, രാജ്യത്തിന്റെ പൊതു പ്രശ്നമാണ്. ഇതൊരു സാംസ്കാരിക ജീവിതപ്രശ്നമാണ്. ഇത് രാജ്യത്തിന്റെ ഭാവിയുടെ പ്രശ്നമാണ്. ആ പ്രശ്നത്തെ അങ്ങനെ കാണണം. അങ്ങനെ കാണുമ്പോഴാണ് നമുക്ക് കൈകോർക്കാൻ

തോന്നുന്നത്. അങ്ങനെയാണ് കൈകോർക്കാൻ ശ്രമിക്കാൻ. നമുക്ക് നമ്മുടേതായ പ്രശ്നങ്ങളോ തർക്കങ്ങളോ മറ്റുകാര്യങ്ങളോ ഉണ്ടാകാം. പക്ഷേ അതിനപ്പുറമാണ് നമ്മെ ഒരുക്കിയെടുത്ത പൂർവ്വകാല പുണ്യങ്ങളുടെ ഓർമ്മ നമ്മുടെ മനസ്സിലുള്ളത്. എനിക്ക് വളരെ ഇഷ്ടമുള്ള യുവജനനേതാവാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവുകൂടിയായ ശ്രീ. കനയ്യകുമാർ. ഡൽഹിയിലെ ജെ.എൻ.യു.-ലുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ രണ്ടാഴ്ച മുമ്പ് അദ്ദേഹം അവിടെയൊരു പ്രസംഗം നടത്തി. അതിൽ അദ്ദേഹം പറഞ്ഞത്, സമരത്തിന് ഏറ്റവും പ്രധാനപ്പെട്ട രണ്ടുകാര്യങ്ങളാണുള്ളത്. ഒന്ന്, നിങ്ങൾ സൈലന്റാകാൻ പാടില്ല. രണ്ട്, നിങ്ങൾ വയലന്റാകാനും പാടില്ല. ഒരു പാകതയുള്ള ജനാധിപത്യത്തിന്റെ വഴിയിലൂടെ മാത്രമേ സമരം വിജയിക്കുകയുള്ളൂ. നിങ്ങൾ സൈലന്റായാൽ അവർ രക്ഷപ്പെട്ടു. വയലന്റായാൽ അവരുടെ ആയുധങ്ങളും സർവ്വ സന്നാഹങ്ങളുംകൊണ്ട് നിങ്ങളെ അടിച്ചമർത്തും. ഇതുരണ്ടുമില്ലാതായാൽ മാത്രമേ ഒരു ജനാധിപത്യ സമരം വിജയിക്കൂ. അതിന് അദ്ദേഹം ഉദാഹരണമായി പറഞ്ഞത് മഹാത്മാഗാന്ധിയെയാണ്. മഹാത്മാഗാന്ധി ചിലപ്പോൾ സൈലന്റായാലും ഒരിക്കലും വയലന്റാകാതെ ശ്രദ്ധിച്ചിരുന്നു.

അതുകൊണ്ട് ഒരു സമരത്തിൽ പങ്കുചേരേണ്ട എല്ലാ ജനാധിപത്യ സംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കാൻ ശ്രമിച്ചു. ചെറുപ്പക്കാരനാണെങ്കിലും ശ്രീ. കനയ്യകുമാറിന്റെ ആ പ്രസ്താവനയെ അതിന്റെ അർത്ഥത്തിൽ കാണുന്ന ഒരാളാണ് ഞാൻ. അങ്ങനെയാണെങ്കിൽ ഞാൻ നിങ്ങളോട് പറയുന്നു, നമുക്ക് സൈലന്റും വയലന്റുമല്ലാതെ സമരമാർഗ്ഗമാണെങ്കിൽ കേരള ഗവർണ്ണർ അല്ല നമ്മുടെ മുമ്പിലെ മുഖ്യ ആൾ ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്രമോദിയുമാണ്. ഇപ്പോൾ പ്രതിപക്ഷം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പേരിൽ വയലന്റാകുകയാണ്. നിശബ്ദരാകരുത്, ചിന്തയോടുകൂടി ജനാധിപത്യ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകാൻ ശ്രമിച്ചാൽ നമ്മുടെ മുഖ്യപ്രതി സത്യത്തിൽ വെടിയില്ലാ തോക്കുമായി മുമ്പിൽ നിൽക്കുന്ന ഗവർണ്ണറല്ല വലിയ പാറ്റൻ ടാങ്കുമായി പിന്നിൽ നിൽക്കുന്ന ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയുമാണ്. അവരെ തോൽപ്പിക്കാൻ ക്ഷമാപൂർണ്ണവും ജനാധിപത്യപരവും ഗാന്ധിയൻ രീതിയിലുള്ള സമാധാനപരവുമായ കൂട്ടായ്മ ഉണ്ടാക്കിയെടുക്കണം. എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും തമ്മിൽ ധാരാളം തർക്കങ്ങൾ കാണും. ആ തർക്കങ്ങൾ നമുക്ക് തർക്കിച്ച് തീർക്കാം. തർക്കിച്ചാലും തീരാത്ത തർക്കങ്ങളുണ്ടാകാം. അതെല്ലാം നിലനിർത്തുകയും ചെയ്യാം. ജനങ്ങളുടെ

മുമ്പിലേയ്ക്ക് പോകുകയും ചെയ്യാം. പക്ഷേ നമുക്കെല്ലാംകൂടിയുള്ളതാണ് ഇന്ത്യ. നമുക്ക് പിന്നാലെ വരുന്നവർക്കും കൂടി സമാധാനപരമായി പിളർന്നുപോകാതെ കൈമാറി കൊടുക്കേണ്ടതാണ് ഇന്ത്യ. മുഹമ്മദാലി ജിന്നയും മഹാത്മാഗാന്ധിയുമായി എത്രയോ കത്തിടപാടുകൾ നടന്നു. മഹാത്മാഗാന്ധി ഇന്ത്യ പിളരാതിരിക്കാനും മുഹമ്മദാലി ജിന്ന ഇന്ത്യ പിളർന്നുമാറാനും ശ്രമിച്ചു. ആ കത്തിടപാടുകളിലെ ഒരു കത്തിലാണ് ഇന്ത്യയുടെ പിതാവായ മഹാത്മാഗാന്ധി മുഹമ്മദാലി ജിന്നയ്ക്കെഴുതിയ കത്തിന്റെ അവസാനം നിങ്ങളുടെ സ്വന്തം സഹോദരൻ എം. കെ. ഗാന്ധി എന്നെഴുതിയത്. മുഹമ്മദാലി ജിന്ന അതിന് മറുപടി എഴുതിയത്, ഞാൻ നിങ്ങളുടെ സഹോദരനല്ല, ഞാൻ 'ഖ്വയ്ദ്-ഇ-അസം' ആണ്. അതായത് മഹാനായ നേതാവാണ്. അടുത്ത കത്ത് മുതൽ മഹാത്മാഗാന്ധി മുഹമ്മദാലി ജിന്നയെ അഭിസംബോധന ചെയ്തത് 'ഖ്വയ്ദ്-ഇ-അസം' എന്നാണ്. ഇതാണ് മഹാത്മാഗാന്ധി, ഇതാണ് ഇന്ത്യ, ഇതാണ് മതേതരത്വം, ഇതാണ് ജനാധിപത്യം, ഇതാണ് ക്ഷമ. ഈ വഴിയിലൂടെ മാത്രമെ നമുക്ക് ശ്രീ. നരേന്ദ്ര മോദിയെ തോൽപ്പിക്കാൻ പറ്റൂ. ഈ വഴിയിലൂടെ ഇന്ത്യൻ ജനതയുടെ സമാധാനപരമായി കൈകോർത്തുകൊണ്ടുള്ള യാത്ര മുന്നോട്ടുപോയാൽ, ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും എത്ര

വലിയ ആളുകളാണെങ്കിലും നമുക്ക് മുമ്പിൽ, അതായത്, രാജ്യത്തിനും രാജ്യത്തിന്റെ മതേതരത്വത്തിനും ഭരണഘടനയ്ക്കും മുമ്പിൽ മുട്ടുകുത്തേണ്ടിവരും എന്ന് ഞാൻ ഉറപ്പായി പറയുന്നു. അങ്ങനെ മുട്ടുകുത്തണമെന്നാണ് ഇന്ത്യൻ ജനത, ഇന്ത്യയിലെ സാധാരണ മനുഷ്യർ ആഗ്രഹിക്കുന്നത്. നമ്മൾ തമ്മിലുള്ള തർക്കം അവർക്ക് പ്രശ്നമല്ല. നമ്മൾ തമ്മിലുള്ള തർക്കം മറ്റ് കാര്യങ്ങളിൽ അവർക്ക് ഇഷ്ടമോ ഇഷ്ടക്കേടോ ഉണ്ടാക്കാം. പക്ഷേ ഇക്കാര്യത്തിൽ നമ്മൾ തമ്മിലുള്ള തർക്കമല്ല, ഒരുമിച്ച് നിന്ന് രാജ്യത്തിന്റെ നാളത്തെ രക്ഷയെ ഉറപ്പാക്കുക എന്നതാണ് നമ്മളിൽനിന്ന് ഇന്ത്യൻ ജനത പ്രതീക്ഷിക്കുന്നത്. അത് നാടാകെ പല തരത്തിൽ പടർന്ന് വരുന്നുണ്ട്, ആ ചിന്ത ഒഴുകി വരുന്നുണ്ട്. അവിടെ തടസ്സമായി നിൽക്കരുത്. അവിടെ എൽ.ഡി.എഫ്.-ന് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നിങ്ങൾക്ക് പറയാം, നിങ്ങളുടെ പ്രശ്നമുണ്ടെങ്കിൽ ഞങ്ങൾക്കും പറയാം. പക്ഷേ, ഇത് എൽ.ഡി.എഫ്.-യു.ഡി.എഫ്. പ്രശ്നമല്ല, ഇത് നാടിന്റെ പൊതുപ്രശ്നമാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ എഴുതപ്പെട്ട 101 പേജുകളിൽ 155 ഖണ്ഡികകളായി വിഭജിച്ചിരിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. ഇതിൽ ഇതൊഴിച്ച് ബാക്കി എല്ലാ കാര്യത്തിലും നമുക്ക് തർക്കങ്ങളും ഭിന്നതയുമാകാം, തർക്കിക്കാനുള്ള സമയമെടുക്കാം. നിങ്ങൾക്കും

പ്രസംഗിക്കാൻ സമയം കിട്ടുമ്പോൾ തർക്കങ്ങൾ ഉന്നയിക്കാം. പക്ഷേ, ഇത് രാജ്യത്തിന്റെ മതേതരത്വ പ്രശ്നമാണ്. ഈ വർഗ്ഗീയത ഇന്ത്യയിൽ വന്ന്, ഇന്ത്യാ വിഭജനത്തിന്റെ ഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ ഗാന്ധിജി പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. സത്യത്തിൽ വിവേകാനന്ദന്റെ വാക്കുകളെ പൂരിപ്പിക്കുകയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ചെയ്തത്. അന്നും ഇന്ത്യയിൽ ഹിന്ദു മഹാസഭക്കാരും വി. ഡി. സാവർക്കറുമൊക്കെ പറയാൻ ശ്രമിച്ചത്, ഇത് ഇന്ത്യയിൽ നിലനിന്നവരും ഇന്ത്യയിലേയ്ക്ക് വന്നവരും തമ്മിലുള്ള തർക്കമാണ് എന്നാണ്. ഇന്ത്യ അവർക്കുള്ളതാണ് എന്ന് വി. ഡി. സാവർക്കർ എപ്പോഴും പറഞ്ഞതാണ്. മുസ്ലീങ്ങൾ വന്നവരാണ്. നിന്നവരും വന്നവരും തമ്മിലുള്ള തർക്കം ഗാന്ധിജി വളരെ ലളിതമായാണ് പറഞ്ഞത്. ആദ്യം വന്നവരും രണ്ടാമത് വന്നവരും തമ്മിലുള്ള തർക്കമാണ് ഇവിടത്തെ തർക്കം എന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. അതുകൊണ്ട് ആദ്യം വന്നവൻ മൂത്തവനും രണ്ടാമത് വന്നവൻ ഇളയവനുമാണ്. മൂത്തവൻ ഇളയവനെ കൂടുതൽ കരുതേണ്ടതാണ് എന്നാണ് ഗാന്ധിജി പറഞ്ഞത്. അങ്ങനെ നമ്മുടെ അഭിപ്രായങ്ങളെ ഗാന്ധിയൻ അഭിപ്രായങ്ങളായി,..... ഡോ. ബി. ആർ. അംബേദ്കർ തന്നെ 1949-ൽ പറഞ്ഞത്, നമുക്ക് ഗാന്ധിജി ഇല്ലാ എന്നത് ഒരു

വിഷമമാണ് എന്നാണ്. കാരണം, ഗാന്ധിജി ഒരു ഘട്ടത്തിൽ പ്രത്യേക സമര രൂപങ്ങൾ രാജ്യത്തെ മൊത്തം യോജിപ്പിന്റെ വഴികളിൽ കാണിച്ചു തന്നയാളാണ്. ഗാന്ധിജി കാണിച്ചുതന്ന ഒരുപാട് അഭിപ്രായങ്ങൾ വിദേശിക്കെതിരായി നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പോരാട്ടങ്ങളായി മാറിയ പോരാട്ടത്തിന്റെ രൂപങ്ങളാണ് എന്ന് അദ്ദേഹം പറഞ്ഞു. നമുക്ക് പുതിയ അവസരത്തിൽ പുതിയ സമര രൂപങ്ങൾ വേണം. ആ പുതിയ സമര രൂപങ്ങൾ കാണിച്ചുതരാൻ ഒരു ഗാന്ധിജിയില്ല. ഗാന്ധിജിയില്ലെങ്കിൽ ഗാന്ധിജിയുടെ നന്മകൾ സ്വീകരിച്ച്, ജനാധിപത്യ മാർഗ്ഗത്തിൽ ക്ഷമയോടെ കൈകോർക്കാൻ ഇന്ത്യാക്കാരൻ പഠിക്കണം. ഇതിൽ ശ്രീ. നരേന്ദ്ര മോദി ശ്രുവിക്കുന്ന ഒരു അപകടമുണ്ട്. ശ്രീ. അമിത് ഷാ ആ അപകടത്തെ കൂട്ടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്. അവർ പറയുന്നത് ഇത് ഒരു മുസ്ലീം വിഷയമാണെന്നും മുസ്ലീങ്ങൾക്കാണ് ഭയമുള്ളത് എന്നുമാണ്. അതായത്, ഹിന്ദുക്കൾക്ക് സന്തോഷമാണെന്നാണ്. എന്നാൽ മുസ്ലീങ്ങളേക്കാൾ ഇതൊരു ഹിന്ദു പ്രശ്നമാണ്. രണ്ടിനുമപ്പുറം, ഇതൊരു ഇന്ത്യൻ പ്രശ്നമാണ്, ഇന്ത്യയുടെ ഭാവിയുടെ പ്രശ്നമാണ്. അതിനെ അങ്ങനെ കാണണം. നമുക്ക്, ഇന്ത്യയിൽ എല്ലാം പങ്കുവച്ചുകഴിഞ്ഞാൽ, എല്ലാവരും ഒരുമിച്ച് പോരാടി, ഒരുമിച്ച് പട്ടിണി കിടന്ന്,

ഒരുമിച്ച് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി രക്തസാക്ഷികളായി, നമ്മുടെ മനസ്സിൽ അടങ്ങി നിൽക്കാൻ പറ്റാത്ത തരത്തിൽ വിതുമ്പുന്ന ഓർമ്മകളുണ്ട്. ആ ഓർമ്മകൾക്കുമുമ്പിൽ നിൽക്കുമ്പോഴാണ് അവ ഇന്ത്യയുടെ ഭാവിക്കുവേണ്ടി, ഇന്ത്യയ്ക്കുവേണ്ടി നമ്മളെ നയിക്കേണ്ടത്. അങ്ങനെ നയിക്കേണ്ട കാലത്ത് തെക്കേ ഇന്ത്യ, വടക്കേ ഇന്ത്യ എന്നോ കറുത്തവൻ, വെളുത്തവൻ എന്നോ വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ എന്നോ ഉള്ള വേർതിരിവ് പാടില്ല. ഇന്ത്യയിലെ ഏറ്റവും നല്ല വെജിറ്റേറിയന്മാരിൽ ഒരാൾ ഡോ. എ. പി. ജെ. അബ്ദുൽകലാം ആണ്. നല്ല നോൺ വെജിറ്റേറിയന്മാരിൽ ഒരാൾ ബ്രാഹ്മണനായ ജവഹർലാൽ നെഹ്റു ആണ്. അതുകൊണ്ട് ബ്രാഹ്മണരെല്ലാം വെജിറ്റേറിയന്മാരും മറ്റുള്ളവരെല്ലാം നോൺവെജിറ്റേറിയന്മാരും എന്ന് അർത്ഥമില്ല. എല്ലാ വെജിറ്റേറിയനും നോൺ വെജിറ്റേറിയനും സ്വപ്നം കണ്ടത് വലിയ ഒരു ഇന്ത്യയെയാണ്, ലോകത്തിന് അഭിമാനമായ, ലോകത്തിനുമുമ്പിൽ ഒരിക്കലും തല കുനിക്കേണ്ടാത്ത ഒരു ഇന്ത്യയെയാണ്. അങ്ങനെ ഇന്ത്യയെ സ്വപ്നം കണ്ട വെജിറ്റേറിയനും നോൺ വെജിറ്റേറിയനും മുസ്ലീമും ഹിന്ദുവും ക്രിസ്ത്യാനിയും വിശ്വാസിയും അവിശ്വാസിയും എല്ലാവരുംകൂടി രാജ്യത്ത് എപ്പോഴെങ്കിലും ഒരുമിച്ച് ഒരു നല്ല ഇന്ത്യയ്ക്കുവേണ്ടി കൈകോർക്കണമെങ്കിൽ

ആ സമയം ഇപ്പോഴാണ്. ഈ കാലത്തെ ഏറ്റവും നല്ല പോരാട്ടം മോശം ഇന്ത്യ ഏതാണ്, നല്ല ഇന്ത്യ ഏതാണ് എന്നുള്ളതാണ്. ആ നല്ല ഇന്ത്യ മതേതരത്വ ഇന്ത്യയാണ്, ജനാധിപത്യ ഇന്ത്യയാണ്, മഹാത്മാഗാന്ധിയുടെ ഇന്ത്യയാണ്, ഇന്ത്യയിലെ സോഷ്യലിസ്റ്റുകളുടെയും കമ്മ്യൂണിസ്റ്റുകളുടെയും കോൺഗ്രസ്സുകാരുടെയും എല്ലാം ഇന്ത്യയാണ്. ആ ചീത്ത ഇന്ത്യ ഈ വർഗ്ഗീയ ഇന്ത്യയാണ്, ശ്രീ. അമിത് ഷായുടെയും ശ്രീ. നരേന്ദ്രമോദിയുടെയും ഇന്ത്യയാണ്. ആ ഇന്ത്യയും ഈ നല്ല മതേതരത്വ ജനാധിപത്യ ഇന്ത്യയും തമ്മിലുള്ള പോരാട്ടത്തിൽ, ഇന്ത്യയിൽ മഹാഭൂരിപക്ഷം മനുഷ്യർ ഈ നല്ല ഇന്ത്യയുടെ പിന്നിൽ നിൽക്കാൻ തയ്യാറാണ്. നമ്മൾ തടസ്സമാകരുത്. അതുമാത്രം നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട്, ഈ നന്ദി പ്രമേയത്തെ വീണ്ടും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. വളരെ പരിമിതമായ സമയമായതിനാൽ ഉദ്ദേശിക്കുന്ന കാര്യങ്ങളൊന്നും പറയാൻ സാധിക്കില്ല എന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. ഈ വിഷയത്തിൽ എന്റെ സ്നേഹിതന്മാർ സംസാരിച്ച ചില കാര്യങ്ങൾ, ഗവർണ്ണറെ

എതിർക്കുന്നതിനുപകരം ശ്രീ. നരേന്ദ്രമോദിയെയും ശ്രീ. അമിത് ഷായെയും ഗവൺമെന്റിന്റെ ഫാസിസ്റ്റ് നയങ്ങളെയും എതിർക്കണം എന്ന് പറയുന്നു. ആ എതിർപ്പിന്റെതന്നെ ഒരു അനിവാര്യ ഘടകമാണ് വാസ്തവത്തിൽ ഗവർണ്ണറോടുള്ള എതിർപ്പ്. അത് ഇവിടെ നേരത്തെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അത് വളരെ സിംബോളിക്കായിട്ടുള്ള എതിർപ്പാണ്. ശ്രീ. ആരിഫ് മുഹമ്മദ് ഖാനോടുള്ള എതിർപ്പല്ല, അദ്ദേഹം മറ്റവർക്ക് ചൂട്ടുപിടിക്കുന്നു എന്നതുകൊണ്ടുള്ള ഒരു എതിർപ്പാണ്. വാസ്തവത്തിൽ ഇന്ത്യൻ ജനത അവരുടെ അസ്തിത്വത്തിനുവേണ്ടി, നിലനിൽപ്പിനുവേണ്ടി, ഭരണഘടനയ്ക്കുവേണ്ടി പൊരുതുകയാണ്. എക്സിസ്റ്റൻസിനുവേണ്ടിയുള്ള പോരാട്ടമാണ് ഇന്ത്യയിൽ നടക്കുന്നത്. ആ പോരാട്ടത്തിനിടയിൽ, നമ്മൾ ചില രാഷ്ട്രീയ കക്ഷികൾ അവനവന്റെ നിലനിൽപ്പിനുവേണ്ടി നടത്തുന്ന പോരാട്ടം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തെ ദുർബ്ബലമാക്കും എന്നാണ് എന്റെ വിനീതമായ അഭിപ്രായം. രാഷ്ട്രീയ കക്ഷികൾ അവരുടെ അസ്തിത്വത്തിനുവേണ്ടി പോരാടുകയല്ല വേണ്ടത്. നിലനിൽപ്പിനും വളർച്ചയ്ക്കുംവേണ്ടി പോരാടുന്നതിനുമുമ്പ് ജനപക്ഷത്തുനിന്നുകൊണ്ട്, ജനങ്ങളുടെ അസ്തിത്വത്തിനുവേണ്ടി, ഭരണഘടനയ്ക്കുവേണ്ടി, പഴയ ഇന്ത്യയ്ക്കുവേണ്ടി,

മതേതരത്വത്തിനുവേണ്ടിയുള്ള പോരാട്ടമാണ് നമ്മൾ നടത്തേണ്ടത്. ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയോ മുന്നണിയോ നടത്തുന്ന സമരങ്ങളും പ്രക്ഷോഭങ്ങളുമൊക്കെ ചെറുതാണെങ്കിലും വലുതാണെങ്കിലും സ്വാഗതാർഹവും ഈ വിഷയത്തിൽ സ്വീകാര്യവുമാണ്. പക്ഷേ, അവരവർ നടത്തുന്ന സമരങ്ങളെ പർവ്വതീകരിച്ചും ഇതര മതേതര കക്ഷികൾ നടത്തുന്ന സമരങ്ങളെ ലഘൂകരിച്ചും കാണാതെ, രണ്ടിനെയും അംഗീകരിച്ചുകൊണ്ട്, ചെറുതും വലുതുമായ അനേകം പ്രസ്ഥാനങ്ങളുടെ ഒരുമിച്ചുള്ള പ്രയാണത്തിൽനിന്നാണ് നമുക്ക് വിജയം നേടാനാകുക എന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. നമ്മുടെ ഈ നിയമസഭ വളരെ ശരിയായ രീതിയിൽ, പൗരത്വ നിയമത്തിനെതിരായ പ്രമേയം ഏകകണ്ഠമായി പാസ്സാക്കി. എന്നാൽ അത് ചട്ടലംഘനമാണ് എന്നാണ് ആ പ്രമേയത്തെ നിരാകരിച്ചുകൊണ്ട് ബഹുമാന്യനായ ഗവർണ്ണർ പറഞ്ഞത്. ഇന്ത്യയുടെ ഭരണഘടനതന്നെ ലംഘിക്കപ്പെടുകയും അട്ടിമറിക്കപ്പെടുകയും ചെയ്യുമ്പോൾ, ഏതോ ഒരു ചട്ടം ലംഘിക്കപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം ആരോപണം ഉന്നയിക്കുമ്പോൾ, ചട്ടമാണോ ഭരണഘടനയാണോ വലുത് എന്ന ചോദ്യം പ്രസക്തമാണ് എന്നാണ് ഞങ്ങൾ ഗവർണ്ണറെ എതിർക്കുന്നതിൽ അന്തർലീനമായ ഒരു

യാഥാർത്ഥ്യം എന്ന കാര്യം വിസ്മരിക്കരുത്. "അവനവന്റെ കണ്ണിലെ കോലുകാണാതെ ആരാന്റെ കണ്ണിലെ കരട് ചികയരുത്" എന്ന് യേശു പറഞ്ഞിട്ടുണ്ട്. ആ പണിയാണ് ഗവർണ്ണർ എടുത്തത്. അതുകൊണ്ടാണ് ഞങ്ങൾ അതിനെ എതിർത്തു എന്നുപറയുന്നത്. ഇവിടെ, ബഹുമാന്യനായ മുഖ്യമന്ത്രി രാവിലെ ഗവർണ്ണറുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിച്ച അവസരത്തിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ച തിരിച്ചുവിളിക്കൽ പ്രമേയത്തെക്കുറിച്ച് പറഞ്ഞപ്പോൾ, ബി. ഡി. ജെട്ടിയെ പണ്ട് തിരിച്ചുവിളിച്ചിട്ട് അദ്ദേഹം പിന്നീട് വൈസ് പ്രസിഡന്റായ കാര്യം പറഞ്ഞു. അതുകൊണ്ട് ഈ ഗവർണ്ണറെ തിരിച്ചുവിളിക്കരുത്, കാരണം, അദ്ദേഹം വൈസ് പ്രസിഡന്റായേയ്ക്കും എന്ന ഭീതിയാണ് അദ്ദേഹത്തിനുള്ളത് എന്ന് എനിക്ക് തോന്നി. അത് എത്ര ബാലിശമായ വാദമാണ് എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. എല്ലാവരും ഒരുമിച്ചുനിന്ന് നടത്തുന്ന സമരങ്ങൾ മാത്രമേ വിജയിക്കുകയുള്ളൂ. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. അതുകൊണ്ടുതന്നെ എനിക്ക് തോന്നുന്നത് രാഷ്ട്രീയ പാർട്ടികൾ ഒരുമിച്ച് നിന്നുകൊണ്ട് ഒരു പ്രക്ഷോഭം ഇവിടെ വളർന്നുവരണമെങ്കിൽ ഗവൺമെന്റ് തന്നെ എല്ലാ വിഭാഗം

ജനങ്ങളുടെയും ഒരു സഭ വിളിച്ച് കൂട്ടുകയും ലോക കേരളസഭ പോലെ ഭരണഘടന സംരക്ഷണത്തിനുവേണ്ടി ഒരു പൊതു വേദി സംസ്ഥാനതലത്തിൽ രൂപീകരിക്കുകയും വേണമെന്നാണ്. അതിന് പഞ്ചായത്തുകൾതോറും ജില്ലകൾതോറും ഘടകങ്ങൾ വേണം. അതിൽ വിദ്യാർത്ഥികൾ, യുവാക്കൾ, സ്ത്രീകൾ, ചലച്ചിത്രകാരന്മാർ, നടന്മാർ, കായികതാരങ്ങൾ, എഴുത്തുകാർ, ആക്റ്റിവിസ്റ്റുകൾ, പരിസ്ഥിതി പ്രവർത്തകർ എന്നിങ്ങനെയുള്ള എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സഭ സംസ്ഥാനതലത്തിൽ ഉണ്ടാക്കുകയും അതിന് കീഴിടങ്ങൾ ഉണ്ടാക്കുകയും അതിന്റെ നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ സമാധാനപരമായി ശബ്ദരഹിതമോ അക്രമപരമോ അല്ലാത്ത ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടി പരിശ്രമിക്കുകയും വേണമെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം പറയാനുള്ളത്. അതിനർത്ഥം വേറെയാരും ഒരു സമരവും നടത്തരുത് എന്നല്ല. അവനവന് നടത്തേണ്ടത് നടത്താം. പക്ഷെ ഇങ്ങനെ പൊതുവായ, എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു സമിതിയുടെ നേതൃത്വത്തിൽ സമരം നടത്തുമ്പോൾ മാത്രമേ ഈ രണ്ടാം സ്വാതന്ത്ര്യ സമരം നമുക്ക് വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്തായാലും ഈ മഹാപ്രസ്ഥാനത്തിന് നമ്മളെല്ലാം ഒരുമിച്ച് നിൽക്കാതെ വിജയിക്കാൻ നമുക്ക്

സാധിക്കും എന്ന് കരുതുന്നതിൽ യാതൊരു അർത്ഥവുമില്ല. മറ്റൊരു കാര്യം നമ്മൾ ചിന്തിക്കേണ്ടതായിട്ടുള്ളത്, ഇന്ത്യയിലോ അല്ലെങ്കിൽ കേരളത്തിലോ എൻ.ആർ.സി. നടപ്പിലായാൽ ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗം മാത്രമല്ല പുറത്താക്കപ്പെടുന്നത്. എല്ലാവരും അതിൽപ്പെടും. ദളിതർ, പിന്നോക്ക വിഭാഗക്കാർ, സാധാരണ ജനങ്ങൾ, കർഷക തൊഴിലാളികൾ, ആദിവാസികൾ അങ്ങനെ രേഖകളില്ലാത്ത എല്ലാവരും ഇതിന്റെ ഭാഗമായി പുറത്താക്കപ്പെടും.

മി. ചെയർമാൻ: അങ്ങേയ്ക്ക് ഒരു മിനിറ്റ് കൂടി മാത്രമേ ബാക്കിയുള്ളൂ.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അതുകൊണ്ട് രേഖകളില്ലാത്തവരുടെ കൂട്ടത്തിൽ ഏതെങ്കിലും ഒരു സമുദായം മാത്രമായി വരില്ല. മുസ്ലീം സമുദായത്തിന്റെ മാത്രം ഒരു പ്രശ്നമല്ലിത്. ഇത് ഒരു പൊളിറ്റിക്കൽ ക്വസ്റ്റിയൻ ആണ്. ഇത് ഒരു രാഷ്ട്രീയ പ്രശ്നമല്ല എന്ന് ഇവിടെ പറഞ്ഞു. പക്ഷെ, കക്ഷിരാഷ്ട്രീയ പ്രശ്നമല്ല, ഇത് ഒരു രാഷ്ട്രീയ പ്രശ്നം എന്നുതന്നെയാണ് മാറ്റിപ്പറയേണ്ടത്. ഈ കേന്ദ്ര ഗവൺമെന്റിനെ മാറ്റി പുതിയൊരു ഗവൺമെന്റ് ഉണ്ടാക്കിയ ഒരു പുതിയ നയവും പഴയ ഇന്ത്യയും എന്ന രീതിയിൽ മുന്നോട്ട് പോകുകയാണ് വേണ്ടത്. അപ്പോൾ ഇതൊരു രാഷ്ട്രീയ പ്രശ്നമാണ്.

ഇതിനുവേണ്ടി സമരം ചെയ്യുന്നവരിൽ എല്ലാ വിഭാഗക്കാരുമുണ്ട്. അത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്. അന്തരിച്ച ഗൗരി ലങ്കേഷ്, കൊലചെയ്യപ്പെട്ട ഡോ. എം. എം. കൽബുർഗി, ഗോവിന്ദ് പൻസാരെ, ധബോൽക്കർ, ഇപ്പോൾ ജയിലിൽ പോയ ചന്ദ്രശേഖർ ആസാദ്, കണ്ണൻ ഗോപിനാഥൻ എന്നിവരൊന്നും മുസ്ലീങ്ങളല്ല; വേറെ സമുദായത്തിൽപ്പെട്ടവരാണ്. ഇവരെല്ലാവരും ഉൾപ്പെടെ എല്ലാ വിഭാഗം ആളുകളും ഒരുമിച്ച് ഈ സമരം നടത്തുന്നതിലാണ് നമ്മുടെ വിജയം കുടിയിരിക്കുന്നത്. പ്രത്യേകിച്ച് വിദ്യാർത്ഥികൾ നമുക്ക് കാണിച്ചുതന്നത് വളരെ നല്ലൊരു മാതൃകയാണ്. ആ മാതൃക പിന്തുടർന്ന് അവരോടൊപ്പം നിന്ന് അവരെ പ്രോത്സാഹിപ്പിച്ച് മുന്നോട്ട് പോകാനുള്ള ബാധ്യത നമുക്കുണ്ട്. ആ തരത്തിലാണ് നമ്മൾ ഈ വിഷയത്തെ സമീപിക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം.

<u>മി. ചെയർമാൻ</u>: സമയം കഴിഞ്ഞിരിക്കുന്നു....പ്ലീസ് സഹകരിക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: காஞ்சுபோன பூமியெல்லாம் வற்றாத்த

நதிகளை பார்த்து ஆறுதல் அடையும். அந்த நதியெல்லாம் துன்பபடுகிறவர்களுடைய கவலையை பார்த்து தெய்வத்துக்கிட்ட முறையிடும், அந்த தெய்வமே கலங்கி நின்றால்.......... അങ്ങയെ ഓർമിപ്പിക്കുകയാണ്. ഇത് വളരെ സുപ്രധാനമായ ഒരു വിഷയമാണ്. ഇതിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും കടന്നാൽ ഒരുപാട് സമയമെടുക്കും. ഞാൻ പറയുന്നത് നമ്മൾ എല്ലാവരും ഒരുമിച്ച് നിന്ന് ഈ പ്രക്ഷോഭം നടത്തുന്നതിനുള്ള പരിശ്രമം നടത്തുമ്പോൾ ഈ ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒരു പ്രധാന പ്രശ്നം എന്തെന്നാൽ രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഇവിടെ പ്രക്ഷോഭം നടത്തുന്ന ആരെയും അറസ്റ്റ് ചെയ്യാൻ ഗവൺമെന്റിന് ഉദ്ദേശ്യമില്ല എന്ന്. പക്ഷെ ബഹുമാനപ്പട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും നയം എന്തായാലും പോലീസിനും പുറത്തുള്ള കുറേ ഉദ്യോഗസ്ഥന്മാർ വളരെ തെറ്റായ രീതിയിൽ ഈ സമരത്തെ അടിച്ചമർത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് ദാസ്യവൃത്തി ചെയ്യുന്നുണ്ട് എന്ന താക്കീത് നൽകികൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ ഭാവിക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യ വികസനം അതിനുതകുംവിധം നിക്ഷേപങ്ങളെയും ആധുനിക വ്യവസായങ്ങളെയും ആകർഷിക്കുക, ഉൽപ്പാദനം വർദ്ധിപ്പിക്കുക, വിഭവങ്ങളുടെ നീതിയുക്തമായ വിതരണം സാധ്യമാക്കുക എന്നിവ ഈ സർക്കാരിന്റെ പ്രകടനപത്രികയിൽതന്നെ മത്സരിക്കുമ്പോൾ അവ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങളാണ്. അതിനനുസൃതമായിട്ടുള്ള സമീപനങ്ങൾ സ്വീകരിച്ചുകൊണ്ടാണ് 2016 മുതൽ ഈ സർക്കാർ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. ഇന്ന് രാവിലെ ഇവിടെ ഉന്നയിച്ച ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയുമുൾപ്പെടെ കേരള സർക്കാർ എന്തൊക്കെയാണ് ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി നടപ്പാക്കുന്നത് എന്നുള്ള കാര്യങ്ങളെ സംബന്ധിച്ച് സവിസരം സൂചിപ്പിച്ചുകഴിഞ്ഞു. അതുപോലെതന്നെ കേരളത്തിന്റെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ജനങ്ങളോട് ഉത്തരവാദിത്വം നിറവേറ്റാൻ വേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നു എന്നുള്ളതിനെ സംബന്ധിച്ച ഇടപെടലുകളും ഇന്ന് ഇവിടെ വിവരിച്ചു കഴിഞ്ഞു. കേരളത്തിന്റെ സമസ്ത

മേഖലയിലും വലിയ രീതിയിലുള്ള മുന്നേറ്റം സൃഷ്ടിക്കുന്ന തരത്തിലുള്ള നയങ്ങളും നടപടികളുമല്ലേ യഥാർത്ഥത്തിൽ ഇതുവരെ സ്വീകരിച്ചുപോന്നിട്ടുള്ളത്? ഈ സർക്കാർ വന്നതിനുശേഷം സംഭവിച്ചിട്ടുള്ള ഓരോ മാറ്റവും പരിശോധിച്ചാൽ നമുക്ക് അത് മനസ്സിലാക്കാൻ സാധിക്കും. ഓഖി ദുരന്തം, നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയതുമൂലമുണ്ടായ പ്രതിസന്ധി, സമാനതകളില്ലാത്ത വലിയ പ്രളയം അതുപോലെ അതിനുശേഷം വന്ന പ്രളയം, കേന്ദ്രത്തിന്റെ നിരന്തരമായിട്ടുള്ള അവഗണനയും വിവേചനവും എല്ലാം അതിജീവിക്കാൻ ശ്രമിച്ചുകൊണ്ട് ധീരമായിട്ടല്ലേ ഈ സർക്കാർ മുന്നോട്ട് പോകുന്നത്. അത് തർക്കിക്കാൻ കഴിയുമോ? കിഫ്ബി സംവിധാനത്തിലൂടെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലും വികസനത്തിന്റെ ഒരു വിപ്ലവം സൃഷ്ടിക്കാൻ ഈ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ കിഫ്ബി കടലാസ്സ് കപ്പലായി മാറിയെന്നും കേരളത്തിന്റെ കൊലക്കയർ അല്ലേ കിഫ്ബി എന്നും ചോദിക്കുകയുണ്ടായി. സത്യം പറഞ്ഞാൽ ഇത്രയും അവാസ്തവമായിട്ടുള്ള ഒരു പ്രസ്താവന അദ്ദേഹത്തെപ്പോലെയുള്ള ഒരു വലിയ നേതാവ് ഇവിടെ പറയാൻ പാടില്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. കാരണം കേരളത്തിൽ

അങ്ങോളമിങ്ങോളം നടന്ന് നോക്കിയാൽ കിഫ്ബി എന്ന സംവിധാനത്തിലൂടെ പണം സമാഹരിച്ച് കെട്ടിയ കെട്ടിടങ്ങൾ നൂറുകണക്കിന് കാണാൻ സാധിക്കും. അതുപോലെതന്നെ 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി ആശുപത്രികളെ മെച്ചപ്പെടുത്തിയതും നമുക്ക് കാണാൻ കഴിയും. ഇങ്ങനെ ഓരോ മേഖലകളിലും ജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് അതിസമർത്ഥമായ രീതിയിൽ ജനാധിപത്യവും ഭരണഘടനയുമാണ് വലുത് എന്ന് മനസ്സിലാക്കിക്കൊണ്ട് ഫെഡറൽ സംവിധാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു ഭരണ സംവിധാനത്തിലൂടെയല്ലേ ഈ സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ കാര്യങ്ങളൊക്കെ മറന്നുകൊണ്ട് ഇങ്ങനെ സംസാരിക്കാൻ പാടുണ്ടോ? വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും പൊതുഭരണത്തിലും ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങളിലും കേരളം ഈ രാജ്യത്ത് തന്നെ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു എന്നത് തർക്കിക്കാൻ കഴിയുമോ? രാഷ്ട്രീയമായി വളരെ വലിയ വ്യത്യസ്തത ഉണ്ടായിട്ടും കേന്ദ്ര ഗവൺമെന്റിന് ഈ അവാർഡുകൾ നമുക്ക് നൽകേണ്ടിവരുന്നു. അതാണ് അതിന്റെ വ്യത്യാസം. നല്ല നിലയ്ക്ക് മിഷനുകൾ രൂപീകരിച്ചുകൊണ്ട് എത്രയെത്ര കാര്യങ്ങളാണ് ഈ ചുരുങ്ങിയ സമയം കൊണ്ട് ചെയ്തിട്ടുള്ളത്. 'ആർദ്രം' പദ്ധതിയിലൂടെ

ആശുപത്രിയിലെ ഭൗതികസാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തിക്കൊണ്ട് വളരെ ധീരമായിട്ടല്ലേ ഈ സർക്കാർ മുന്നോട്ട് പോകുന്നത്. 'നിപ' വൈറസ് വന്ന് മറ്റ് രാജ്യങ്ങളിലുണ്ടായ ദുരന്തങ്ങൾ ഇവിടെ ഉണ്ടായില്ലല്ലോ. വളരെ നന്നായി അത് നിയന്ത്രിച്ചു. അതുപോലെ ഇപ്പോൾ 'കൊറോണ' വൈറസ് വന്നു. എത്ര ജാഗ്രതയോടെ ആണ് എല്ലാം കൈകാര്യം ചെയ്യുന്നത്. അതിനെതിരെ എല്ലാ സ്ഥലത്തുമുള്ള താലൂക്ക് ആശുപത്രികളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ദ്രുതഗതിയിലുള്ള ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു. ഞങ്ങളുടെ താലൂക്ക് ആശുപത്രിയിലുൾപ്പെടെ പ്രത്യേകമായ സംവിധാനങ്ങൾ ചെയ്തുകഴിഞ്ഞു. ഏതെങ്കിലും ഒരു രോഗി അഥവാ വന്നുകഴിഞ്ഞാൽ വേണ്ട ക്രമീകരണങ്ങൾ വളരെ വേഗത്തിൽ തന്നെ ചെയ്തുകൊണ്ട് ലോക ശ്രദ്ധ ആകർഷിക്കുന്ന തരത്തിലല്ലേ ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഭവനങ്ങളില്ലാത്തവർക്ക് വീട് കൊടുത്തുകൊണ്ട് എത്രയെത്ര വീടുകളുടെ താക്കോൽദാനത്തിന് നമ്മളൊക്കെ പങ്കെടുത്തുകൊണ്ടിരിക്കുന്നു. ഇതൊക്കെ ഒരു യാഥാർത്ഥ്യമല്ലേ? എന്റെ മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി 67 കോടി രൂപയുടെ കെട്ടിടനിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞു. റോഡുകളുടെ

പണിതീർന്നു. പലതും പൂർത്തീകരണ ഘട്ടത്തിലാണ്. ഇതുപോലെ എല്ലാവർക്കും പറയാനുണ്ടാകും നിരവധി കാര്യങ്ങൾ. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ കെട്ടിടങ്ങൾക്ക് സമാനതകളില്ലാത്ത മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയല്ലേ. ഈ നയ സമീപനങ്ങളല്ലേ സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അടിക്കടി നമ്മളെ അടിച്ച് താഴ്ത്താൻ നോക്കുമ്പോൾ, ഫണ്ട് വെട്ടിക്കുറയ്ക്കുമ്പോൾ, നമ്മൾ പിരിച്ച് കൊടുക്കുന്ന നമുക്ക് അർഹതപ്പെട്ട പണം തരാതിരിക്കുമ്പോൾ, നമുക്ക് അർഹമായിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം നമുക്ക് തരാതിരുന്നുകൊണ്ട് ഇങ്ങനെ ക്രൂശിക്കുമ്പോഴും പിടിച്ചുനിൽക്കാൻ പോകുമ്പോൾ രണ്ട് അഭിപ്രായം പറഞ്ഞുകൊണ്ട് ഇത്തരത്തിൽ മാറിനിൽക്കുന്ന പ്രതിപക്ഷത്തിന്റെ നയം ശരിയാണോ എന്നുള്ളതാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇവിടെ തന്നെ ഹരിതകേരള മിഷനിലൂടെ നാട്ടിലാകെ എത്രയെത്ര വ്യത്യാസങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. കൃഷി നല്ല നിലയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങുന്നത് നമുക്ക് കാണാൻ കഴിയും. അതോടൊപ്പം ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട്,..... ഓരോ സ്ഥലത്തു പോയാലും കാണാം. ഞങ്ങളുടെയൊക്കെ ചെറിയ മുനിസിപ്പാലിറ്റികളിൽ

വന്നാൽ ഇത്തരത്തിൽ ഒരുപാട് സ്ഥലങ്ങൾ ഞങ്ങൾ കാണിച്ചുതരാം. അതുപോലെതന്നെയാണ് വീടില്ലാത്തവരുടെയും റോഡുകളുടെയും കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. നിങ്ങളുടെയെല്ലാം മണ്ഡലത്തിലടക്കം ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത് ഈ ഫണ്ടുപയോഗിച്ചുകൊണ്ടാണ് എന്ന് പറഞ്ഞിട്ടാണോ കിഫ്ബി കടലാസ്സ് കപ്പലാണെന്ന് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ആലോചിച്ച് നോക്കണ്ടേ; ഒന്ന് സ്വയം ചിന്തിക്കണ്ടേ? യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എന്തായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഒരു ഐക്യവുമില്ല ഒരു കാര്യത്തിലും മുന്നോട്ട്പോക്കില്ല. പ്രഖ്യാപനങ്ങളുടെ ഒരു പെരുമഴ തന്നെയായിരുന്നു. എന്റെ മണ്ഡലത്തിലും അനുഭവമുണ്ട്. ഞാൻ ആക്ഷേപിക്കുകയല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ എന്റെ മണ്ഡലത്തിലെ റൂറൽ എസ്.പി. ഓഫീസിന്റെ തറക്കല്ലിട്ടു. പക്ഷേ പണമില്ലായിരുന്നു. 2017-ൽ ഈ സർക്കാർ വന്നിട്ടാണ് തുക അനുവദിച്ചത്. അതിന്റെ പണി ഇപ്പോൾ തീരാറായിട്ടുണ്ട്. ഇതുപോലെയുള്ള എത്രയെത്ര കാര്യങ്ങൾ. അപ്പോൾ സ്വയം ചെയ്ത കാര്യങ്ങൾ കൂടി ഒന്ന് ആലോചിക്കണം. ഇവിടെ അദ്ദേഹം സംസാരിച്ചപ്പോൾ പറഞ്ഞു ഇടതുപക്ഷം ഒരു സംസ്ഥാനത്തും ഇല്ല എന്ന്. അവർ എവിടെയുണ്ട്? ഈ

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും അടക്കി ഭരിച്ചിരുന്ന കേന്ദ്രത്തിൽ വൻഭൂരിപക്ഷം ഉണ്ടായിരുന്ന കോൺഗ്രസ്സിന്റെ നില ഇന്ന് എവിടെയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ഭരണഘടന അനുസൃതമായിട്ടല്ലേ ഒരു സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കൂ. ശരിയായ നിലപാടല്ലേ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹം പത്രത്തിനു മുന്നിൽ വന്ന് പറയുന്ന വാക്കുകളിലൂടെ അദ്ദേഹത്തെ ജനങ്ങൾ വിലയിരുത്തും. എല്ലാവരും വിലയിരുത്തും. അതിന് ചെയ്യേണ്ട നിയമനടപടിക്രമങ്ങൾ അനുസരിച്ച് മുൻകാലങ്ങളിൽ സ്വീകരിച്ച നയ സമീപനമനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇവിടെ കാണിച്ചിട്ടുള്ളത്. മറ്റൊന്ന്, ഇവിടെ വിദ്യാഭ്യാസ മേഖലയിലെല്ലാം ഇത്രയേറെ മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് ലക്ഷക്കണക്കിന് കുട്ടികൾ സ്കൂളുകളിലേയ്ക്ക് പഠിക്കാൻ വരുമ്പോൾ ആ കുടുംബങ്ങളിലെ ഭാരിച്ച ചെലവ് ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. പഠിച്ച് ഇറങ്ങിയാൽ എന്ത് ചെയ്യും എന്ന ചോദ്യത്തിന് നല്ല ഉത്തരമാണ് ഇവിടെ കൊടുത്തിട്ടുള്ളത്. പഠിച്ചിറങ്ങുമ്പോൾ ജോലി കിട്ടാൻ വേണ്ടിയിട്ടുള്ള തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളടക്കം ഞാൻ നേരത്തെയും പറഞ്ഞിട്ടുള്ളതാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ കൊടുക്കുന്ന കേന്ദ്രങ്ങളടക്കം പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. സി.ഡി.സി.കൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ മേളകൾ നടത്തിയതിന്റെ ഫലമായി എത്രയോ പേർക്ക് തൊഴിൽ കിട്ടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് എല്ലാവരുടെയും തൊഴിൽ ഇല്ലാതാക്കുമ്പോൾ, നയ സമീപനങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ എല്ലാം വിറ്റ് നശിപ്പിക്കുമ്പോൾ, അതെല്ലാം സ്വകാര്യ മേഖലയ്ക്ക് കൊടുക്കുമ്പോൾ, ഈ കൊച്ചു കേരളത്തിൽ അതിനെയെല്ലാം പുഷ്ടിപ്പെടുത്തിക്കൊണ്ടും കൂടുതൽ തൊഴിലവസരങ്ങൾ നൽകിക്കൊണ്ടുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് എന്തൊക്കെ വലിയ മാറ്റങ്ങളാണ് ഈ കൊച്ചുകേരളത്തിലുണ്ടാക്കിയിട്ടുള്ളത്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ വ്യവസായ സൗഹൃദമായിട്ടുള്ള ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുകയല്ലേ; ഇവിടെ ലോക കേരളസഭ രൂപീകരിച്ചില്ലേ? ഇതൊക്കെ ഹാസ്യമായി പറഞ്ഞവർ കാണണം, എത്രയോ സ്ഥലങ്ങളിൽ സൗജന്യമായി സ്കൂൾ കെട്ടിടം കെട്ടാനുൾപ്പെടെ നിക്ഷേപം നടത്താൻ പ്രവാസി മലയാളികൾ തയ്യാറായി. അവർക്ക് ഇത്രയും വലിയൊരു അംഗീകാരം കിട്ടിയ മറ്റൊരു കാലമുണ്ടോ; ഇത് പണ്ടേ നമ്മൾ

ചെയ്യേണ്ടതായിരുന്നില്ലേ? യഥാർത്ഥത്തിൽ അവർ അവിടെ പോയി കഷ്ടപ്പെട്ട് ജോലി ചെയ്ത് ഇങ്ങോട്ട് അയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ വികസനത്തിന് ഒരുപാട് സഹായിച്ചിട്ടുണ്ട്. അവർക്ക് കൊടുത്ത ഒരു വലിയ അംഗീകാരമാണിത്. ഇപ്പോൾ ദുബായിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് വന്നിട്ടുള്ളത്. അത് ചില്ലറക്കാര്യമാണോ? ഓരോ തവണയും രാജ്യാന്തര സന്ദർശനം നടത്തുമ്പോൾ അവിടെയെല്ലാം തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട്, കേരളത്തിലുള്ള വീട്ടുജോലിക്കുപോകുന്നവർക്കുപോലും നോർക്ക റൂട്ട്സ് വഴി സുരക്ഷിതമായി ജോലി കിട്ടാനുള്ള സൗകര്യമുണ്ടാക്കി. മറ്റ് രാജ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പഠിക്കുന്നതിന് നല്ല നിലയ്ക്കുള്ള മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എസ്.സി./എസ്.ടി. മേഖലയിലുള്ള കുട്ടികൾക്ക് പഠിക്കാൻവേണ്ടി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഉപരി പഠനത്തിന് അവരെ വിദേശത്തേയ്ക്ക് അയച്ചിട്ടുണ്ട്, കുടുംബശ്രീയെ മെച്ചപ്പെടുത്തി. വൈദ്യുതി മേഖല എടുത്താൽ, ഒരു ദിവസമെങ്കിലും കറണ്ട് കട്ടോ പവർ കട്ടോ ഉണ്ടായിട്ടുണ്ടോ; ഇത്ര ഭംഗിയായി കൊണ്ടുപോയൊരു കാലഘട്ടമുണ്ടായിട്ടുണ്ടോ? അങ്ങനെ ഓരോ മേഖലയിലും, കാർഷിക മേഖലയിൽ ഇത്രയും വലിയ വിലക്കയറ്റം

വന്നിട്ടും നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ വിലകുറച്ച് കൊടുത്തുകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്തി. ഹോം അപ്ലയൻസിൽവരെ കടന്നിരിക്കുന്നു. ഇത്തരത്തിലുള്ള വലിയ മാറ്റങ്ങൾ കണ്ണുള്ളവർക്ക് കാണാതിരിക്കാൻ കഴിയുമോ? ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഇത്തരത്തിലുള്ള നല്ല നയസമീപനങ്ങളുമായി ഭരണഘടനാനുസൃതം പോകുമ്പോൾ ഭരണഘടനയ്ക്ക് അനുസൃതമായ അവകാശങ്ങൾ സംരക്ഷിക്കാൻ ബാധ്യതയുള്ള  കേന്ദ്ര ഗവൺമെന്റ് അതിന് വിരുദ്ധമായി ചലിച്ചുപോകുന്നത് കാണുമ്പോൾ അതിനെതിരെ ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ട അതീവ ഗൗരവതരമായ സാഹചര്യമാണ് ഇവിടെയുള്ളത്.  ലോകത്തിലെ ഏറ്റവും നീളം കൂടിയ, ഏറ്റവും വിസ്തൃതമായി വിവരിച്ചിട്ടുള്ള, മനുഷ്യന്റെ അവകാശങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഭരണഘടനയാണ് നമുക്കുള്ളത്. അതിന്റെ എല്ലാ നന്മകളും നിലനിർത്തിക്കൊണ്ടുതന്നെ ഭരണഘടന എന്ന അടിസ്ഥാന ശിലയ്ക്ക് കോട്ടം തട്ടാതെ ഇന്ത്യയുടെയും കേരളത്തിന്റെയും ഭരണം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്.  അതിന് ചെറിയ പോറൽ ഏൽക്കാൻ തുടങ്ങിയാൽ തീർച്ചയായും ഇവിടത്തെ ജനാധിപത്യം തകരുമെന്ന കാര്യത്തിൽ സംശയമില്ല. അതിനിടകൊടുക്കാതെ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ ചെയ്യുന്ന നല്ല

കാര്യങ്ങൾക്കൊപ്പം വന്ന് നിന്നുകൊണ്ട് നല്ലതിനെ അഭിനന്ദിക്കാനും കൊള്ളരുതാതെ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ തള്ളിക്കളയാനുമൊക്കെ മുന്നോട്ടുവന്നുകൊണ്ട് എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളുടെ അല്ലെങ്കിൽ പ്രവർത്തന രംഗത്ത് നടത്തിയതിന്റെ തുടർച്ചയുടെ വിവരണമാണെങ്കിലും പല മേഖലകളും പരിശോധിച്ചാൽ എല്ലാ വർഷവും കുറേ പ്രഖ്യാപനങ്ങൾ നടത്തുന്നുവെന്നതിനപ്പുറത്ത് ഫലപ്രദമായ ഒരു പ്രവർത്തനത്തിലേയ്ക്ക് പല രംഗത്തും കടക്കാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ചൂണ്ടികാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലേയ്ക്ക് കടക്കുന്നതിനുമുമ്പ്, നമ്മുടെ രാജ്യം ഉയർത്തിപ്പിടിക്കുന്ന മതേതരത്വ നിലപാടും മതേതരത്വ മൂല്യങ്ങളും സംരക്ഷിക്കാൻ വേണ്ടിയുള്ള പ്രയാണത്തിൽ ഇന്ന് ഭരണകക്ഷി-പ്രതിപക്ഷ ഭേദമെന്യേ, യു.ഡി.എഫ്. എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ കേരളം ഒറ്റക്കെട്ടായി നിൽക്കുന്ന ഒരു നല്ല സമീപനം നമുക്ക്

ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. പക്ഷെ അതിന്റെ ഒരു തുടർച്ച എന്ന നിലയിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല മുന്നോട്ടുവച്ച പ്രമേയം സത്യത്തിൽ രാജ്യത്തിന്റെ മുന്നിൽ കേരളം ഉയർത്തിപ്പിടിക്കുന്ന മറ്റൊരു ശക്തമായ നിലപാടായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ പ്രസംഗിക്കുമ്പോൾ, മതേതരത്വത്തിനുവേണ്ടി ഉറച്ച നിലപാട് എടുക്കുമെന്നും അതിന് കേരളം ഒറ്റക്കെട്ടായി നിന്നത് നല്ല കാര്യമാണെന്നുമെല്ലാം പറയുമ്പോഴും ഇതിന്റെയെല്ലാമുള്ളിലും രാഷ്ട്രീയം കാണാൻ നടത്തുന്ന ശ്രമം നല്ലതാണോ എന്ന് എൽ.ഡി.എഫ്. പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയാണ് കൊണ്ടുവന്നത് എന്ന ഒറ്റക്കാരണംകൊണ്ട് പ്രമേയത്തെ എതിർക്കുന്ന ഒരു നിലപാട് സ്വീകരിച്ചു. എന്നാൽ തിരിച്ചും മുഖ്യമന്ത്രിയാണ് കൊണ്ടുവന്നത് എന്നതുകൊണ്ട് പ്രതിപക്ഷം അതിനെ രാഷ്ട്രീയമായി കാണുകയും ആ നിലയിൽ എതിർക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് സ്വീകരിച്ചിരുന്നതെങ്കിൽ നമുക്ക് വലിയ പരാജയം കേരളത്തിലുണ്ടാകുമായിരുന്നു. വലിയ റിസൾട്ടിലേയ്ക്ക് പോയ ആ കാര്യത്തിന്റെ

നന്മ കളയുമായിരുന്നു. പ്രതിപക്ഷം സ്വീകരിച്ച ആ നല്ല നിലപാട് പോലെതന്നെ ഭരണകക്ഷിയും യഥാർത്ഥത്തിൽ ചെയ്യേണ്ടതായിരുന്നു. അത് ചെയ്യാൻ കഴിയാതിരുന്നത് ഒരു പരാജയമായിത്തന്നെ അല്ലെങ്കിൽ അതൊരു വീഴ്ചയായിത്തന്നെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷെ നിലപാടിൽ നമ്മൾ ഉറച്ചുനിന്നുകൊണ്ട്, ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ഇന്ന് നരേന്ദ്രമോദി ഗവൺമെന്റ് രാജ്യത്തിന്റെ ഐക്യം തകർക്കാനും മതത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ വേർതിരിവുകൾ സൃഷ്ടിക്കാനും നടത്തുന്ന ഹീനമായ ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കുന്നതുവരെ ഈ പോരാട്ടം ഒരു രണ്ടാം സ്വാതന്ത്ര്യസമരംപോലെ രാജ്യം മുഴുവൻ മുന്നോട്ടുകൊണ്ടുപോകുക എന്ന അടിസ്ഥാന നിലപാടിന്റെ മുന്നിൽ വിട്ടുവീഴ്ചയില്ലാതെ പോകേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ കേരളം ഇനിയും ഒന്നിച്ചുനിൽക്കുക എന്നതുതന്നെയാണ് നമുക്ക് അഭികാമ്യമായിട്ടുള്ളത്. ഇപ്പോൾ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട പി. അയിഷാ പോറ്റി അവസാനം സംസാരിച്ചപ്പോൾ ഗവൺമെന്റ് ചെയ്ത പല നല്ല കാര്യങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. എനിക്ക് വ്യത്യസ്തമായ അഭിപ്രായമാണുള്ളത്.

കൃഷിയെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്, നാല് വർഷം പിന്നിടുമ്പോൾ കാർഷിക മേഖലയ്ക്കുവേണ്ടി ഗവൺമെന്റ് പുതിയതായി എന്തുചെയ്തു എന്ന ചോദ്യത്തിന് ഇനിയും ഒരുപിടി കാര്യങ്ങൾ നടപ്പാക്കുമെന്നാണ് പറയുന്നത്. ഇവിടെ തരിശുകിടക്കുന്ന നെൽകൃഷി പാടശേഖങ്ങളെല്ലാം കൃഷിയുക്തമാക്കി മാറ്റാൻവേണ്ടി കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലടക്കം വളരെ സജീവമായി നമ്മളെല്ലാവരും ഇടപെട്ടതാണ്. എം.എൽ.എ.-മാരെല്ലാവരും നല്ല നേതൃത്വം കൊടുത്തു. 'റോയൽറ്റി ഫോർ ഇക്കോസിസ്റ്റം സർവ്വീസ്' എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ നെൽവയൽ ഉടമകൾക്കും ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുമെന്ന് ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി നെല്ലിന്റെ പമ്പിംഗ് സബ്സിഡി ഒരു രൂപപോലും കൊടുത്തിട്ടില്ല. ഇത് പല പ്രാവശ്യം നിയമസഭയിൽ പറഞ്ഞെങ്കിലും ഇതുവരെയും കൊടുത്തിട്ടില്ല. അതിനെപ്പറ്റി ആരാണ് ഇവിടെ ശ്രദ്ധിക്കുന്നത്? നെൽകർഷകന്റെ ബുദ്ധിമുട്ട് എന്താണെന്ന് മനസ്സിലാക്കുന്ന ജനപ്രതിനിധികൾ ഇത് പരിശോധിക്കണം. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. മൂന്ന് വർഷമായി നെല്ലിന് പമ്പിംഗ് സബ്സിഡി കൊടുക്കാത്തതുകൊണ്ട് അടുത്ത്

കൃഷി എങ്ങനെ ഇറക്കാൻ പറ്റുമെന്ന് കൃഷിക്കാർ ചോദിക്കുന്ന അവസ്ഥയിൽ നമ്മുടെ നാട് നിൽക്കുകയാണ്. കൊയ്തുവച്ച നെല്ലിന്റെ കാശ് കൊടുത്തിട്ടില്ല എന്നതാണ് ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം. ഞങ്ങളെല്ലാവരും കഴിഞ്ഞ ദിവസം കുട്ടനാട്ടിൽ പോയിരുന്നു. കുട്ടനാട്ടിൽ കഴിഞ്ഞ രണ്ട് വർഷമായി നെൽകൃഷിയിറക്കാൻ വേണ്ടി ബാങ്കിൽനിന്ന് വായ്പ കൊടുത്തു. ആ ബാങ്കുകൾക്കൊന്നും ഗവൺമെന്റ് കാശ് കൊടുത്തിട്ടില്ല. ബാങ്കുകൾ മുഴുവൻ ജപ്തി നോട്ടീസുമായി കുട്ടനാട്ടിലെ കർഷകരുടെ വീടുകളിലേയ്ക്ക് കടന്നിരിക്കുകയാണ്. ജപ്തി ഭീഷണി മുഴക്കിയിരിക്കുന്ന ബാങ്കുകൾ വരുന്നു. ബാങ്കുകൾ വരുന്നതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ വായ്പ ആദ്യം കൊടുത്തതാണ്. ജപ്തിനടപടികളിൽനിന്നും ഒഴിവാക്കണമെങ്കിൽ ഗവൺമെന്റ് അവർക്ക് കാശ് കൊടുക്കണം. അത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അപ്പോൾ ഈ പ്രഖ്യാപനത്തിൽ എന്ത് ആത്മാർത്ഥതയാണുള്ളത്. വീണ്ടും വീണ്ടും പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. കാർഷിക മേഖലയുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധകൊടുക്കേണ്ടതുണ്ട്.

'റീ ബിൽഡ് കേരള' എന്ന വാക്ക് നമ്മൾ ഉപയോഗിക്കുന്നതല്ലാതെ എത്ര

വീടുകൾ നിർമ്മിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. വർഷം നാലായി. പ്രളയക്കെടുതിയിൽ വീട് തകർന്നുപോയവരിൽതന്നെ പുതിയ ആളുകൾക്ക് വീടുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തെ കുടിശ്ശിക കിടന്നിരുന്നതെല്ലാം കുടിശ്ശിക തീർത്ത് കുറച്ചുകൊടുക്കാനുള്ള ശ്രമമാണ് ആദ്യം നടത്തിയത്. അത് നല്ല കാര്യം. പക്ഷെ പുതിയതായി വീട് നിർമ്മിക്കാനുള്ള ആവശ്യത്തിൽ ഇതുവരെ പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയിലെ വിഷയങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, ഉദാഹരണമായി റബ്ബർ വില സ്ഥിരതാ ഫണ്ടിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. എന്ത് മാറ്റമുണ്ടായി? യു.ഡി.എഫ്. ഭരണകാലത്ത്, ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത ഗവൺമെന്റിന്റെ സമയത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി ഒരു പുതിയ പദ്ധതിയായി റബ്ബറിന് 180/- രൂപ വില സ്ഥിരതാ ഫണ്ട് ഏർപ്പെടുത്തി. 180/- രൂപയിൽനിന്ന് ഒരു രൂപ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല, ഇപ്പോൾ വർഷം നാലായി. റബ്ബറിന് വിലയില്ലാത്ത സമയത്താണ് 180/- രൂപ ഏർപ്പെടുത്തിയത്. വലിയ നഷ്ടം ഗവൺമെന്റിനുണ്ടായിട്ടുണ്ട്. ഇപ്പോൾ റബ്ബറിന് കുറേ വില വർദ്ധിച്ചു, അപ്പോൾ ന്യായമായും 200/- രൂപയാക്കാവുന്നതാണ്, അങ്ങനെയാക്കിയാലും സർക്കാരിന് വലിയ നഷ്ടം

വരുന്നില്ല. എന്നിട്ടും ഒരു രൂപ പോലും വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല. ഈ പ്രഖ്യാപനങ്ങളല്ലാതെ പുതിയ പദ്ധതിയിലേയ്ക്ക് കടക്കാൻ കഴിയുന്നില്ല. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടക്കുകയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ടായിരിക്കാം ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം വരുന്നത്. പക്ഷെ വികസനസ്തംഭനമല്ലേ ഇവിടെ നടക്കുന്നത്. പി.ഡബ്ല്യൂ.ഡി.-യിൽമാത്രം മൂവായിരം കോടി രൂപയാണ് ഇപ്പോൾ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക. കരാറുകാർ വർക്ക് നിർത്തിവയ്ക്കുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രശ്നം പരിഹരിക്കാൻവേണ്ടി ഈ സമയത്ത് ഇടപെടേണ്ടതാണ്. എൽ.എസ്.ജി.ഡി.-യിൽ ആയിരം കോടി രൂപയാണ് കുടിശ്ശിക. അതിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇടപെടേണ്ടതാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും. ഞാനൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു, ഇപ്പോൾ ശ്രീമതി പി. അയിഷാ പോറ്റി ചോദിച്ചു, എം.എൽ.എ.-മാർക്ക് വേണ്ടിയുള്ള സ്കീം ഗവൺമെന്റ് തുടങ്ങിയിട്ടുണ്ടോയെന്ന്. കഴിഞ്ഞ യു.ഡി.എഫ്.

ഗവൺമെന്റിന്റെ സമയത്തെ ധനകാര്യ മന്ത്രിയായിരുന്ന കെ. എം. മാണി അഞ്ച് കോടി രൂപ വീതം എം.എൽ.എ.-മാർക്ക് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചു. ഭരണകക്ഷി-പ്രതിപക്ഷഭേദമെന്യേ എല്ലാവർക്കും അത് കിട്ടുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം മൂന്ന് കോടി രൂപ വീതം എല്ലാ എം.എൽ.എ.-മാർക്കും തുല്യമായി വീതിക്കാൻ തയ്യാറായിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി.-യുടെ ഫണ്ട് നീതിപൂർവ്വമായി അദ്ദേഹം വീതിച്ചിട്ടുണ്ട്. പക്ഷെ ഈ മൂന്ന് കോടി രൂപ കൊണ്ട് മണ്ഡലത്തിൽ അത്യാവശ്യമായി കുഴി അടയ്ക്കലും കാര്യങ്ങളും നടത്താം. മറ്റൊരു റോഡിന്റെ വികസനം ഏറ്റെടുക്കണമെങ്കിൽ ഫണ്ടുണ്ടോ; ധനകാര്യ വകുപ്പ് നമുക്ക് ഫണ്ട് തരുന്നുണ്ടോ? ഫണ്ട് തരാൻ തയ്യാറാകുന്ന ഒരു സാഹചര്യം ഇവിടെയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പുതിയ പ്രഖ്യാപനങ്ങളല്ല, പ്രഖ്യാപിച്ച കാര്യം നടപ്പാക്കുകയാണ് വേണ്ടത്. ഞാൻ സൂചിപ്പിച്ചത്, അഞ്ച് കോടി രൂപ എം.എൽ.എ. ഫണ്ടിലൂടെ അസറ്റ് ഫണ്ട് പ്രഖ്യാപിച്ചു, ഇപ്പോഴും ഈ ഗവൺമെന്റിന്റെ സമയത്തും അത് നടന്നുകൊണ്ടിരിക്കുകയാണ്. ഈ അഞ്ചുകോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി കളക്ടറേറ്റിൽ പോയാൽ ഫണ്ട് ലഭിക്കുമോ? ഇപ്പോൾ

കിട്ടുന്നില്ല. വർക്ക് ചെയ്യാൻ എം.എൽ.എ. ഫണ്ടിന്റെയും അസറ്റ് ഫണ്ടിന്റെയും കാര്യത്തിൽപോലും കഴിയുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... പ്ലീസ്....

ശ്രീ. മോൻസ് ജോസഫ്: സർ, ഒരുമിനിറ്റുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ പറയുന്ന മറ്റ് കാര്യങ്ങളെല്ലാം നിൽക്കട്ടെ, എം.എൽ.എ.-മാർ ചെയ്യുന്ന വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിലുള്ള പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. അതിനെങ്കിലും ട്രഷറി നിയന്ത്രണം മാറ്റി, ഫണ്ട് കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ധനകാര്യ വകുപ്പ് ഉണ്ടാക്കണം, ഇത് രണ്ട് കൂട്ടരെയും ഒരുപോലെ ബാധിക്കുന്ന വിഷയമാണ്. വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേയ്ക്ക് വന്നിരിക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നു എന്നുള്ളത് ഗൗരവമായി കാണണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാഹചര്യമുണ്ടാകണം. മൊറട്ടോറിയത്തിന്റെ കാലാവധി കുറച്ചുകൂടി നീട്ടികൊടുക്കാതെ ഇന്നത്തെ സാഹചര്യത്തിൽ ജനങ്ങൾക്ക് രക്ഷയില്ല. അതുകൊണ്ട് പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനേക്കാൾ പ്രധാനപ്പെട്ടത് പ്രഖ്യാപിച്ച പദ്ധതികൾ നടക്കാതെ പോകുന്നുവെന്നതാണ്. ജനങ്ങളെ ബാധിക്കുന്ന വിഷയം

നടപ്പാക്കാൻവേണ്ടിയുള്ള ആത്മാർത്ഥതയാണ് ഗവൺമെന്റ് കാണിക്കേണ്ടത്. അതിന് തയ്യാറാകാത്ത വിവിധ വിഷയങ്ങളാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഈ സാഹചര്യത്തിൽ നന്ദി പ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. വലിയ പ്രതിസന്ധി സൃഷ്ടിക്കാൻ പ്രതിപക്ഷം ശ്രമിച്ചിട്ടും ബഹുമാനപ്പെട്ട ഗവർണർ കേരള നിയമസഭയിൽ ചെയ്ത പ്രസംഗം ലോകത്തിനുതന്നെ മാതൃകയാകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത് 'എന്റെ സർക്കാർ 1344 ദിവസം പൂർത്തിയാക്കിയപ്പോൾ കേരള ജനതയുടെ മുമ്പാകെ ഉറപ്പ് കൊടുത്ത വാഗ്ദാനങ്ങൾ നിറവേറ്റിയ കാലമാണ് 2020' എന്നാണ്. അതിന് മകുടം ചാർത്തുന്ന തരത്തിലാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ വരികൾക്കിടയിലൂടെ വായിക്കാതെ എല്ലാം വായിച്ച് തീർത്തത്. സംസ്ഥാനത്തിലേയ്ക്ക് നിക്ഷേപം ആകർഷിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞ കാലമാണിത്. മുമ്പെങ്ങുമില്ലാത്ത പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ചുകൊണ്ട് നടത്തിയ

സമയോചിതമായ ഇടപെടൽ പോലെ അന്താരാഷ്ട്ര നിലവാരത്തിൽ പ്രശംസ പിടിച്ചുപറ്റിയ എത്രയെത്ര കാര്യങ്ങളാണ് നമ്മുടെ ഗവൺമെന്റ് നടത്തിയിട്ടുള്ളത്.

2013-14 കാലഘട്ടത്തിൽ മുൻഗവൺമെന്റ് തീർപ്പുകൽപ്പിക്കാത്ത വലിയ പ്രതിബന്ധങ്ങളെ തരണം ചെയ്യാനും കിഫ്ബിയിലൂടെ അൻപതിനായിരം കോടി രൂപ റോഡുകൾ, ഇലക്ട്രിസിറ്റി ലൈനുകൾ, ജലവിതരണ പദ്ധതികൾ, സ്കൂൾ/കോളേജ് കെട്ടിടങ്ങൾ, ആശുപത്രികൾ തുടങ്ങി വലിയ മുന്നേറ്റങ്ങളുണ്ടാക്കാൻ സർക്കാരിന്റെ ഇച്ഛാശക്തികൊണ്ട് കഴിഞ്ഞുവെന്നുള്ളതാണ് മറ്റൊന്ന്. അതുകൊണ്ടാണ് ലോകത്തിനുതന്നെ മാതൃകയാകുന്നത്. ലോകത്തിന് മാതൃക, ഇന്ത്യയിൽ ഒന്നാമത്, മുഖ്യമന്ത്രി ഒന്നാമത്, സ്പീക്കർ ഒന്നാമത്. ബഹുമാനപ്പെട്ട സ്പീക്കർ സീറ്റിൽ ഇല്ലെങ്കിലും അദ്ദേഹത്തെ ഞാൻ അനുമോദിക്കുകയാണ്, ആരോഗ്യ വകുപ്പുമന്ത്രി ഒന്നാമത്. അങ്ങനെ വിവിധ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒന്നാമതായി മാറാൻ കഴിഞ്ഞത് നമ്മുടെ സുതാര്യതയും പ്രതിബദ്ധതയും വകതിരിവില്ലാത്ത പ്രവർത്തനങ്ങളല്ലാത്ത വളരെ സംശുദ്ധമായ പ്രവർത്തനങ്ങളുംകൊണ്ടാണ്. ഇന്ത്യൻ ഭരണഘടനയെ തകർക്കുന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരെ

പ്രമേയം പാസ്സാക്കി കേരള നിയമസഭയും സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ആവർത്തിച്ച് നിലപാട് വ്യക്തമാക്കുകയും ചെയ്ത സംസ്ഥാന സർക്കാർ രാജ്യത്തിന് മാതൃകയാകയാണ്. ഇവിടെ എന്താണ് പറയാനുള്ളത്; ഇന്ത്യ മരിച്ചിട്ട് നാം ജീവിക്കുന്നതെന്തിന്; എവിടെ മനുഷ്യൻ തല കുനിക്കാൻ ഇടവരുന്നോ അവിടെ മഹത്വം ചോരുമെന്ന് ജനങ്ങൾ തിരിച്ചറിയണം. അത് തിരിച്ചറിഞ്ഞ ഒരു കാലഘട്ടമാണിത്. ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ നടത്തിയ സമരം, രാഷ്ട്രീയ സമരം, സാംസ്കാരിക സമരം, വിദ്യാർത്ഥികളുടെ സമരം, അങ്ങനെ ബ്രിട്ടീഷുകാരെ തുരത്താൻ വേണ്ടി ഗാന്ധിജിയുടെയും മറ്റ് നേതാക്കളുടെയും നേതൃത്വത്തിൽ നടത്തിയ സമരത്തിന്റെ പശ്ചാത്തലം വീണ്ടും വരുന്നോയെന്ന് ജനങ്ങൾക്ക് ശങ്കയുണ്ടാകുന്ന ഒരു കാലഘട്ടമാണിത്. അവകാശ സമരങ്ങളിലൂടെ നമ്മൾ നേടിയെടുത്ത സ്വാതന്ത്ര്യവും എല്ലാ ചൈതന്യവും 37 ശതമാനം മാത്രം പിന്തുണയുള്ള മഹാശക്തിയാണെന്ന് സ്വയം നടിക്കുന്നവർ രാജ്യം ഭരിക്കുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നതെന്ന് ഓർക്കണം. അന്യോന്യം കുറ്റപ്പെടുത്തുമ്പോൾ ഓർക്കണം ആരുടെ തലയ്ക്കാണ് ഇടിത്തീ വീഴുകയെന്നുള്ളത് മുൻകൂട്ടി നമുക്ക് പ്രവചിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. വൃത്തികെട്ട രാഷ്ട്രീയം കളിച്ച് ജനങ്ങളെ

കബളിപ്പിക്കുന്ന അവസ്ഥ മാറ്റിയെടുക്കാൻ കഴിയണം. എനിക്ക് സൂചിപ്പിക്കാനുള്ളത്, ജനജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് നമ്മുടെ ദേശീയത. ആ ദേശീയത ഇന്ന് അലകുംപിടിയും തെറ്റികിടക്കുകയാണ്. സാംസ്കാരിക സവിശേഷതകളെ ബുൾഡോസർകൊണ്ട് നടപ്പാക്കുന്ന ഫാസിസ്റ്റ് പ്രവണതകളെയും വർഗ്ഗീയ ഇടപെടലുകളെയും നമുക്ക് ഒന്നിച്ച് നേരിടേണ്ടതുണ്ട്. "കുടിയിറക്കപ്പെട്ട കൂട്ടരേ, പറയുവിൻ പറയുവിൻ ഏത് രാജ്യക്കാർ നിങ്ങൾ" എത്രയോ വർഷം മുമ്പ് ഇടശ്ശേരി ചോദിച്ചതാണ്. തലച്ചോർ ഇല്ലാത്തവന്റെ മുന്നിൽ തലകുനിക്കേണ്ടി വരുന്ന ഗതികേടിലേക്ക് പോകണോ; നമ്മുടെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നിച്ച് നിന്നുകൂടെ; പഞ്ചായത്തുകളിൽ വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ മത്സരിക്കുന്നു. അവിടെ പ്രതിപക്ഷവും ഇടതുപക്ഷവും ഭരണപക്ഷവുമില്ല. പ്രതിപക്ഷത്തിന് പ്രതിപക്ഷത്തിന്റെ സ്ഥാനം കൊടുക്കുകയും ഭരണപക്ഷം ഭരണപക്ഷത്തിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് കാര്യങ്ങൾ നീക്കുകയും ചെയ്യുമ്പോൾ നല്ലതിനെ നല്ലതായി പറഞ്ഞുകൂടെ. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നമ്മുടെ കടമയാണത്. സ്വാതന്ത്ര്യത്തിന്റെ ഉല്പന്നമാണ് ഇന്ത്യൻ ഭരണഘടന. ലോകത്തിന് മാതൃകയായ ഭരണഘടനയെ സംരക്ഷിക്കേണ്ട

ചുമതല നമുക്കുണ്ട്. ഇന്ത്യയെ വിഭജിക്കാൻ ശ്രമിക്കുന്ന ഹിന്ദുത്വ ഫാസിസ്റ്റുകളുടെ കുടില തന്ത്രങ്ങൾക്കെതിരെ ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്തവിധം പ്രക്ഷോഭങ്ങളുടെ കനൽപാതകൾ തീർത്ത് സർവ്വകലാശാല വിദ്യാർത്ഥികളടക്കം രാപ്പകൽ ഭേദമില്ലാതെ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത് ആവേശം നൽകുന്നു. ഇത് പുതിയ അനുഭവം അല്ലെങ്കിലും ഇന്ത്യയിലെ ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഉണർന്നെഴുന്നേറ്റ ഒരു കാലമുണ്ടായിട്ടില്ല. ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ഓർത്തതുകൊണ്ടാണ്, തലച്ചോർ ഇല്ലാത്തവരുടെ തലതിരിഞ്ഞ വെപ്രാളം കണ്ട് അമ്പരന്ന് നിന്നതുകൊണ്ടാണ് പ്രക്ഷോഭ സമരത്തിലേയ്ക്ക് അവർ എടുത്ത് ചാടിയത്. ഇത് എവിടെ ചെന്നെത്തും. ഈ ഭ്രാന്തൻ പോക്ക് ഇന്ത്യയിലെ ജനങ്ങളുടെ ഒരുമ നഷ്ടപ്പെടുത്തുകയില്ലേ; ഇന്ത്യയുടെ ആത്മാവാണ് ഇന്ത്യൻ ഭരണഘടന. ഭരണഘടനയെയും റിപ്പബ്ലിക്കിനെയും സംരക്ഷിക്കാൻ വലിയ പോരാട്ടങ്ങൾ രാജ്യത്ത് നടക്കുകയാണ്. തെരഞ്ഞെടുപ്പ് നേട്ടങ്ങൾ മാത്രം ചിന്തിക്കുന്ന സങ്കുചിത രാഷ്ട്രീയഭാവങ്ങൾ മാറ്റി വയ്ക്കേണ്ട കാലമായിരിക്കുന്നു. രാജ്യ താല്പര്യം മാത്രം ലക്ഷ്യംവച്ചുള്ള പൗരത്വ ഭേദഗതി ബില്ലിനെതിരായ പോരാട്ടങ്ങളാണ് നാട്ടിലുടനീളം നടക്കുന്നത്. ഭരണഘടനാ മൂല്യങ്ങൾ

വെല്ലുവിളി നേരിടുന്നുവെന്നാൽ ജനങ്ങളുടെ ജീവിതം വെല്ലുവിളിക്കപ്പെടുന്നുവെന്നാണ് അർത്ഥം. ഭരണഘടന സംരക്ഷിക്കുകയെന്നത്, നമ്മുടെ ജീവിതത്തെയും രാജ്യത്തെയും സംരക്ഷിക്കാനാണ്. ഭരണഘടന പൗരൻമാരുടെ ജീവിതത്തെ നയിക്കുകയും അവർക്ക് രാഷ്ട്രീയവും സാമൂഹ്യവുമായ ദിശാബോധം നൽകുകയും ചെയ്യുന്നു. നാനാത്വത്തിൽ ഏകത്വം എന്നുപറയുന്നത്, നാനാത്വം എന്നത് 'വൈവിദ്ധ്യമാർന്ന ഇന്ത്യ'യാണ്. ഏകത്വം എന്നത് 'ഐക്യ'മാണ്, ഇന്ത്യയെന്ന വികാരമാണ്. അതുതന്നെയാണ് ഭരണഘടനയുടെ അടിത്തറ എന്നിരിക്കെ 2019-ലെ പൗരത്വ ഭേദഗതി നിയമത്തിൽ 2014 ഡിസംബർ 30-ന് മുമ്പ് കുടിയേറി പാർത്ത മുസ്ലീങ്ങളെ ഉൾപ്പെടുത്താതിരിക്കുന്നത് മതരാഷ്ട്രം സ്ഥാപിക്കുകയെന്ന നഗ്നമായ വരവാണത്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ഭരണഘടന മതനിരപേക്ഷതാ കാഴ്ചപ്പാടിന് എതിരാണ്. ലോകം കണ്ട ഏറ്റവും വലിയ ഫാസിസ്റ്റുകളായ ഹിറ്റ്ലർ ആത്മഹത്യ ചെയ്തതും മുസ്സോളിനിയെ നാട്ടുകാർ തല്ലികൊന്ന ചരിത്രവും ഈ വൈതാളികർ ഓർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 1947-ന് മുമ്പുള്ള കാലഘട്ടത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനെ ശക്തമായി എതിർക്കേണ്ടതുണ്ട്. മുതലാളിത്വം ഭരിച്ച് മനനുഷ്യരെ അടിമകളാക്കിയ,

മനുഷ്യരിൽ മനുഷ്യരാക്കി മാറ്റിയ നമ്മുടെ സമരങ്ങളെ നമ്മൾ ഓർക്കണം. 1959-ലും 1970-ലും 1972-ലും എന്ത് സംഭവിച്ചു; എല്ലാവരിലുമുണ്ട് നന്മ. അത് ചെയ്യാനുള്ള സന്നദ്ധത ആർജ്ജിക്കുകയാണ് വേണ്ടത്. മുഖ്യശത്രു ആരെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്ന അഴിമതിമുക്ത ഗവൺമെന്റ് രാജ്യത്തിന് മാതൃകയാണ്. ജനങ്ങൾ നടത്തിയ അവകാശ പ്രക്ഷോഭങ്ങളുടെ, ആശയ സമരങ്ങളുടെ സംഭാവനയാണ് റിപ്പബ്ലിക് എന്ന സങ്കൽപ്പം എന്ന് ഓർക്കേണ്ടതായിട്ടുണ്ട്. 'നമ്മൾ നമുക്കായി' എന്നൊരു ഭാവനാ പൂർണ്ണമായ പദ്ധതിയാണ്. കേരള പുനർ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയും ദുരന്ത പ്രതിരോധ ശക്തിയുള്ള കേരളത്തെ സൃഷ്ടിക്കുകയും ചെയ്യു. സ്വയം കത്തി തീരാൻ മടിയില്ലാത്തവർക്കേ സമൂഹത്തിന്റെ ചിന്തയ്ക്ക് തീ കൊളുത്താൻ കഴിയൂവെന്ന് മുഖ്യമന്ത്രി കാണിച്ചുതന്നു. ഇന്ന് വിശ്രമിക്കാൻ നമുക്ക് സമയമില്ലായെന്ന് പറഞ്ഞത് ഓർക്കുക. കഴിഞ്ഞ കാലത്തെക്കുറിച്ച് പഠിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാൾക്ക് നിരാശപ്പെടേണ്ടി വരില്ലായെന്ന് അദ്ദേഹം പേർ<u>ത്തും</u> പേർ<u>ത്തും</u> നമ്മെ ഓർമ്മപ്പെടു<u>ത്തു</u>ന്നു. സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റുമ്പോഴാണ്

പുരോഗമനമുണ്ടാകുക, പോരാട്ടങ്ങളുടെ സംഗീതമായി അനുഭവപ്പെടുകയെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുന്നു......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... പ്ലീസ്.....

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഈ ഊർജ്ജവും സൂര്യനിൽനിന്നാണ് എന്നപോലെ കേരളത്തിന്റെ ഊർജ്ജവും ഭാഗ്യവും പുണ്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തന്നെയാണ്. ഇത് ലോകം ശ്രദ്ധിക്കുന്നു. കഴിഞ്ഞ മാസം രണ്ട് ദിവസം ഡൽഹിയിൽ നടന്ന എം.എൽ.എ.-മാരുടെ അഖിലേന്ത്യാ ക്യാമ്പിൽ പങ്കെടുക്കാനുള്ള സന്ദർഭം ഉണ്ടായി. മറ്റ് എം.എൽ.എ.മാർ ഓരോരുത്തരും അന്വേഷിക്കുന്നത് കേരളത്തെയും കേരളത്തിലെ മുഖ്യമന്ത്രിയെയും ഭരണത്തെയും ആരോഗ്യസ്ഥിതിയെയുംക്കുറിച്ചാണ്. ഇന്ത്യയിലെ എല്ലാ എം.എൽ.എ.-മാരും ഇത് ചിന്തിക്കുന്നുവെന്ന് പറഞ്ഞാൽ കേരളത്തിന്റെ പ്രത്യേകത നമ്മൾ ഓർക്കണം. വെറുതെ പരാതികൾ പറഞ്ഞിട്ട് കാര്യമില്ല......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... പ്ലീസ്.....

ശ്രീ. പുരുഷൻ കടലുണ്ടി: മറ്റ് സംസ്ഥാനങ്ങളിലെ എം.എൽ.എ. മാർ കേരളത്തെക്കുറിച്ചും മുഖ്യമന്ത്രിയെക്കുറിച്ചും അറിയാനായിരുന്നു കൂടുതൽ

താല്പര്യം കാണിച്ചത്. ഇന്ത്യ മൂലധനശക്തികളുടെ കാര്യസ്ഥനായി മാറുമെന്ന് പലരും ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... പ്ലീസ് കൺക്ലൂഡ് .... പ്ലീസ്....

ശ്രീ. പുരുഷൻ കടലുണ്ടി: സർ, എന്റെ കാലശേഷം അവർ എന്റെ ഭാഷയിൽ സംസാരിച്ച് തുടങ്ങുമെന്ന് എക്കാലത്തേയും രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പറഞ്ഞത് അന്വർത്ഥമാക്കുന്ന സംഭവങ്ങളാണ് 150-ാം ജന്മദിന വാർഷികം ആഘോഷിക്കുമ്പോഴും നമ്മൾ കേൾക്കുന്നത്......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... പ്ലീസ് .....

ശ്രീ. പുരുഷൻ കടലുണ്ടി: വീണ്ടും വെടിവയ്ക്കുകയാണ്, ആരുടെ നേർക്ക്. സമൂഹത്തിലെ ദുർബലരോടുള്ള സമീപനമാണ് മാനവികതയെന്ന് ചിന്തിക്കാൻ നമുക്ക് കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ബഹുമാനപ്പെട്ട സ്പീക്കർ, പാല് തരുന്ന അമ്മയോട് നമുക്ക് സ്നേഹവും കൂറുമുണ്ട്. പക്ഷേ പാലിൽ വിഷം പുരട്ടിത്തരുന്ന അമ്മയോട് നമുക്ക് സ്നേഹവും കൂറുമില്ല. മുലപ്പാലിൽ വിഷം കലർത്തി ഭഗവാൻ ഉണ്ണികൃഷ്ണനെ കൊല്ലാൻ ശ്രമിച്ച പൂതനയുടെ രക്തംകുടി

വലിച്ചെട്ടുത്ത് ശ്രീകൃഷ്ണൻ അവരെ വധിക്കുകയാണ് ചെയ്തത് എന്ന് പറയുന്നതുപോലെയാണ് ഇപ്പോൾ പാലിൽ വിഷംതന്ന് കൊല്ലുവാൻ ശ്രമിക്കുന്ന, വിഷം പുരട്ടി നയംപ്രഖ്യാപിക്കുന്ന ഒരു ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് എങ്ങനെയാണ് നന്ദി പ്രകടിപ്പിക്കുവാൻ കഴിയുന്നത്; ഇവിടെ ഭരണകക്ഷിയിലെ എം.എൽ.എ.-മാരെല്ലാവരും ഗവർണറുടെ പ്രവൃത്തികളെയും പ്രസംഗത്തെയും വളരെ വ്യക്തമായി പ്രതിരോധിക്കുകയും എതിർക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം എതിർത്തതിനുശേഷം അവർ അതിനെ സ്വാഗതം ചെയ്യുന്നുവെന്ന് പറയുമ്പോൾ അതിൽത്തന്നെ ഒരു വിരോധാഭാസമില്ലേയെന്ന് തോന്നുകയാണ്. ശ്രീ. മുല്ലക്കര രത്നാകരൻ പ്രഗത്ഭനായ ഒരു പ്രാസംഗികനാണ്. അദ്ദേഹത്തിന്റെ പ്രസംഗം എനിക്ക് വളരെ ഇഷ്ടവുമാണ്. സൈലൻസാവരുത്, വയലൻസാവരുത് എന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾക്ക് സംഭവിച്ചതെന്താണ്; നിങ്ങൾ സൈലന്റായിപ്പോയി, നിങ്ങൾ വയലന്റായതുമില്ല. എന്നുപറഞ്ഞാൽ, വലിയ പ്രശ്നം ഉണ്ടായപ്പോൾ ഭരണഘടനയെ സംരക്ഷിക്കേണ്ട കാര്യത്തിൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മൾ എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ്ഖാനെ

എതിർക്കുന്നത്; നിങ്ങൾ ഈ പുസ്തകം വായിച്ചാൽ, വളരെ രസകരമായ ഒരു കാര്യമുണ്ട്. 4-ാം ഖണ്ഡികയിൽ ഗവർണർ പറയുന്ന ഒരു കാര്യമുണ്ട്. 'എന്റെ സർക്കാരിന് അതിന്റെ മുൻഗാമിയിൽനിന്നും തീർപ്പുകൽപ്പിക്കാത്ത വലിയ പ്രതിബന്ധതകൾ കൈമാറിക്കിട്ടി'. തീർപ്പു കൽപ്പിക്കാത്ത വലിയ പ്രതിബദ്ധതകൾ; ആരാണ് മുൻഗാമി; അതാണ് രസം. നിങ്ങൾക്കെതിരെയാണ് ഈ നയപ്രഖ്യാപനം. മുൻഗാമിയെന്ന് ഉദ്ദേശിക്കുന്നത് ജസ്റ്റിസ് പി. സദാശിവത്തെയാണ്. മുമ്പ് ജസ്റ്റിസ് പി. സദാശിവത്തിൽനിന്ന് എനിക്ക് കൈമാറിക്കിട്ടിയത് തീർപ്പുകൽപ്പിക്കാത്തതാണെന്ന് പറയുകയാണ്. നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം അഞ്ചാമത്തെ നയപ്രഖ്യാപന പ്രസംഗമാണ് നമ്മൾ കേട്ടത്. ആദ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ എന്താണ് ഗവർണർ നമ്മളോട് പറഞ്ഞത്; ഞങ്ങൾക്ക് ഒരു നയമുണ്ട്. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' അതാണ് ഞങ്ങളുടെ നയമെന്ന് പറഞ്ഞിട്ട് എവിടെയെങ്കിലും വാതിൽ തുറന്നോ എന്നുള്ളത് നമ്മൾ കണ്ടില്ലായെന്ന് മാത്രമല്ല, അവസാനം നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ഉള്ള വാതിൽകൂടി അടച്ചിടുകയാണ് നിങ്ങൾ ചെയ്തത് എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കുക. ജസ്റ്റിസ് പി. സദാശിവം മുതൽ ഏറ്റവുമൊടുവിൽ

ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ 21-ാമത്തെ ഗവർണറായി ഈ സഭയിൽ വന്നപ്പോൾ ഞാനടക്കമുള്ളവർക്ക് എന്തുകൊണ്ടാണ് 'ഗോ ബാക്ക് വിളിക്കേണ്ടി വന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കണ്ടേ; അദ്ദേഹത്തിന്റെ നടപടിക്രമങ്ങളും പ്രസംഗങ്ങളും നിയമസഭയെ അവഹേളിക്കുന്നതായിരുന്നു. നിയമസഭയിൽ ഐകകണ്ഠ്യേന എടുക്കുന്ന തീരുമാനങ്ങൾ ബി.ജെ.പി.-യിലെ ഒരംഗം പേരിന് ഉണ്ടായിട്ടും അദ്ദേഹംപോലും എതിർക്കാതെ, ഭരണഘടനയെ സംരക്ഷിച്ചിടുമെന്നും പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്നും ഐകകണ്ഠ്യേന നമ്മളെടുത്ത തീരുമാനത്തെയും ആ പ്രമേയത്തെയും നിയമസഭയെയും മൂന്നരക്കോടി ജനങ്ങളെയും എതിർത്ത ഒരു ഗവർണർക്ക് ഓശാന പാടുവാൻ നമ്മൾ എന്തിന് ശ്രമിക്കണം എന്നുള്ളതാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. പത്രത്തിന്റെ മുൻപേജിൽ വാർത്തയും ചിത്രവും വന്നില്ലെങ്കിൽ വിഷാദരോഗം മാത്രം വരുന്ന ഒരു ഗവർണറാണ് ഇവിടെയുള്ളതെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണ്ടേ; ഇവിടെ അദ്ദേഹം പറഞ്ഞതെന്താണ്; ഞാൻ ഒരു റബ്ബർ സ്റ്റാമ്പല്ല, ഗവൺമെന്റ് എഴുതിത്തരുന്ന കാര്യങ്ങൾ വായിക്കാൻ എനിക്ക് ഉത്തരവാദിത്വമില്ലായെന്നാണ്. 18-ാം ഖണ്ഡിക ഞാൻ

വായിക്കില്ല. പത്രങ്ങളിലൂടെ വലിയ വീമ്പിളക്കുന്ന ഗവർണർ ഭരണഘടനയുമായി ബന്ധപ്പെട്ട ചരിത്രമറിയുമെങ്കിൽ സംസ്ഥാന ഗവൺമെന്റ് എഴുതിക്കൊടുക്കുന്നത് വായിക്കേണ്ട ഒരാളുതന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയും വേണ്ട. പക്ഷേ അദ്ദേഹം ചെയ്തത് എന്താണ്; നമ്മൾ കൊടുത്തത് അദ്ദേഹം വായിച്ചു, പക്ഷേ ആത്മാർത്ഥതയുടെ ഒരംശംപോലും ഉണ്ടായിരുന്നില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ടാണ് എനിക്ക് ഇഷ്ടമില്ല വായിക്കുവാൻ, നിങ്ങൾ നിർബന്ധിച്ചതുകൊണ്ടുമാത്രം വായിക്കുന്നുവെന്ന രീതിയിൽ പതിനെട്ടാം ഖണ്ഡിക വായിച്ചത്. അത് സ്വാഭാവികമായും അദ്ദേഹം കേരളത്തെ അപമാനിച്ചതിന് തുല്യമാണ് എന്നിവിടെ ഞാൻ സൂചിപ്പിക്കുകയാണ്. പദവിയുടെ അന്തസ്സും ആഭിജാത്യവുമുള്ള പലതരത്തിലുള്ള ഗവർണർമാർ ഇവിടെ ഉണ്ടായിരുന്നുവെന്നുള്ളത് നമുക്കറിയാം. പക്ഷേ ഗവർണർ പദവിയുടെ അന്തസ്സ് മാറി പ്രവർത്തിക്കുമ്പോൾ അതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് സൂചിപ്പിക്കുകയാണ്. എന്തുകൊണ്ടാണ് ബി.ജെ.പി.-യും കേന്ദ്രഗവൺമെന്റും ഇതുപോലെയാകുന്നത്. നമ്മളെപ്പോലെ മനുഷ്യരല്ലേ അവർ, പക്ഷേ എന്തുകൊണ്ട് അവർ ഇങ്ങനെ ചിന്തിക്കുന്നു; എന്തുകൊണ്ട് മുസ്ലീം സമുദായത്തെ

മാത്രം മാറ്റിനിർത്തുന്നു. പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നപ്പോൾ എന്തുകൊണ്ടാണ് അവർ നാടിനെ വിഭജിക്കാൻ ശ്രമിക്കുന്നത്; എന്തുകൊണ്ടാണ് രാജ്യത്തെ ഒന്നായിക്കാണാൻ ശ്രമിക്കാത്തത്; അതിന് കാരണമെന്താണെന്ന് ചോദിച്ചാൽ ഒരു കിണറ്റിലെ വെള്ളമെടുത്ത് കരിമ്പിനും പാവയ്ക്കക്കും പുളിമരത്തിനും കൊടുത്താൽ നമുക്കറിയാം, കരിമ്പിന് മധുരം കിട്ടും, പാവയ്ക്കക്ക് കയ്പായിരിക്കും, പുളിക്ക് പുളിയാണ്. വെള്ളമെല്ലാം ഒരു കിണറ്റിലേതാണ്. എന്താണ് അതിന് കാരണം; ഇത് വിത്തിന്റെ സ്വഭാവഗുണമാണ് എന്നുള്ളതുകൊണ്ടാണ്. രാജ്യത്തെ ഒറ്റികൊടുത്തവരുടെ വിത്തുകളാണ് ബി.ജെ.പി. എന്നുള്ളതുകൊണ്ടാണ് ആ സ്വഭാവഗുണം അവർ പ്രകടിപ്പിക്കുന്നത്. സമസ്ത മേഖലകളിലും ഈ ഗവൺമെന്റ് പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ അധികാരത്തിൽവന്ന് മൂന്നരവർഷം കഴിയുമ്പോൾ ഒന്നരലക്ഷം കോടി രൂപയുടെ കടബാധ്യത രണ്ടരലക്ഷം കോടി രൂപയായി ഉയർന്നു. 60 വർഷക്കാലം മാറിമാറി ഭരിച്ച ഗവൺമെന്റുകൾ കൊണ്ടുവന്നതിന്റെ ഇരട്ടി കടബാധ്യതയാണ് നിങ്ങളിപ്പോൾ കൊണ്ടുവന്നിരിക്കുന്നത് എന്നിവിടെ സൂചിപ്പിക്കട്ടെ. എല്ലാ മേഖലയിലും ഗവൺമെന്റ് പരാജയപ്പെട്ടുപോകുന്നതായാണ് കാണാൻ കഴിയുന്നത്. ട്രഷറി

പൂട്ടിയില്ലേ; ഒരു വ്യക്തിക്ക്, ആളോഹരി 72,430 രൂപയാണ് ഈ ഗവൺമെന്റിന്റെ കടബാധ്യത എന്നുപറഞ്ഞാൽ, ഭാവിയിൽ ഉണ്ടാകാൻ പോകുന്ന വലിയ കടബാധ്യത കാണാതെ കിഫ്ബിയിലൂടെയും മറ്റുമായി പദ്ധതികൾ മാത്രം പ്രഖ്യാപിച്ച് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് കേരളത്തെ കടക്കെണിയിൽ ഇറക്കുവാൻ പോകുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. നിത്യച്ചെലവിനുപോലും പണമെടുക്കാനില്ലാത്ത അവസ്ഥയിലേയ്ക്ക് കേരളം മാറി എന്നുള്ളത് നമുക്ക് കാണാൻ കഴിയുന്നതാണ്. റോഡുകളുടെ കുഴിയടയ്ക്കാൻപോലും സാധിക്കുന്നില്ല. കോൺട്രാക്ടർമാരോട് റോഡുകളുടെ വർക്കെടുക്കാൻ ആവശ്യപ്പെടുമ്പോൾ, അവർ പറയുന്നതെന്താണ്, 2018-ലെ പണം കിട്ടിയിട്ടില്ല, ഇപ്പോൾ പണം ചെലവഴിച്ചുകഴിഞ്ഞാൽ കുഴിയടയ്ക്കാൻവേണ്ടി തുക മാറ്റിവച്ചാൽ ഞങ്ങൾക്ക് ബില്ലെഴുതണമെങ്കിൽ പത്തുമാസം കാത്തിരിക്കണം, ഒന്നരവർഷം കഴിഞ്ഞാലും കാശ് കിട്ടുന്നില്ല. ഞങ്ങൾ എങ്ങനെ മുന്നോട്ടുപോകുമെന്ന് പറയുമ്പോൾ ഇവിടെ എല്ലാ കാര്യങ്ങൾക്കും ഭരണാനുമതി നൽകിക്കൊണ്ട് മുന്നോട്ടുപോകുന്നുവെന്നുള്ളതല്ലാതെ എല്ലാ മേഖലയിലും ഈ സംസ്ഥാനം പെട്ടുകിടക്കുകയാണ്. കിഫ്ബി എന്നുപറയുന്നത് ഒരു പണിമുടക്കിയാണ്

എന്നുള്ളത് ഇവിടത്തെ എം.എൽ.എ.-മാർക്കും അറിയാം. കിഫ്ബിയുടെ ഒരു നിർമ്മാണംപോലും നേരെചൊവ്വെ മുന്നോട്ടുപോകുന്നില്ല എന്നുള്ളത് ഈ ഗവൺമെന്റ് പരിശോധിക്കണമെന്നുള്ള കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ, ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. നിങ്ങളുടെ ധൂർത്ത് നിർത്തണമെന്നുള്ളതാണ് ഞങ്ങളുടെ അഭ്യർത്ഥന. എത്രമാത്രം ധൂർത്താണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പ്ലീസ്...

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ചെറിയൊരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. മന്ത്രിസഭയുടെ സത്യപ്രതിജ്ഞ - 3.17 കോടി രൂപ, മന്ത്രിസഭയുടെ 100-ാം ദിനാഘോഷം- 2.24 കോടി രൂപ, മന്ത്രിസഭയുടെ ഒന്നാം വാർഷികം - 18 കോടി രൂപ, മന്ത്രിസഭയുടെ 1000 ദിവസം ആഘോഷത്തിന് പത്തുകോടി രൂപയും ധൂർത്തടിച്ചു, ഷുഹൈബ് വധം സി.ബി.ഐ.ക്ക് വിടാതിരിക്കാൻ - 85 ലക്ഷം രൂപ, പെരിയ കേസ് സി.ബി.ഐ.ക്ക് വിടാതിരിക്കാൻ - 45 ലക്ഷം രൂപ, ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ സോളാർ

കേസിന് ഒന്നരക്കോടി രൂപ എന്നിങ്ങനെ മുടക്കി. നവോത്ഥാന സമുച്ചയത്തിന് 700 കോടി രൂപ, നവോത്ഥാന മതിലിന് 50 കോടി രൂപ, സെക്രട്ടേറിയറ്റ് അനക്സിന്റെ സുരക്ഷ വർദ്ധിപ്പിക്കാൻ രണ്ടരക്കോടി രൂപ, മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ വെബ്സൈറ്റ് പരിപാലനം 4,32,000/- രൂപ, ഉപദേശകൻമാരുടെ കണക്ക് ഞാൻ പറയുന്നില്ല. എല്ലാ മേഖലയിലും വലിയ ധൂർത്തുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, ഭാവി പൗരന്മാരുടെ തലയിൽ നിങ്ങളിത്രയുമധികം കടബാധ്യത കെട്ടിവയ്ക്കുമ്പോൾ അവർ നിങ്ങൾക്ക് മാപ്പുതരില്ല എന്നകാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു. ജയ്ഹിന്ദ്.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. കേരളം വികസനത്തിന്റെ സുവർണ്ണ ദിനങ്ങളിലൂടെ കടന്നുപോവുകയാണ്. സമസ്ത മേഖലകളിലും പ്രകടമായ പുരോഗതിയുടെ നേർചിത്രം നയപ്രഖ്യാപന പ്രസംഗത്തിലും കണ്ടു. വ്യക്തമായ നിലപാടും

നിശ്ചയദാർഢ്യവുമുള്ള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വരുംകാലത്തിന്റെ ഏത് വെല്ലുവിളികളെയും നേരിടാൻ പര്യാപ്തമാണ്. ഏത് ഗവൺമെന്റാണെങ്കിലും ജനങ്ങൾ എപ്പോഴും നെഞ്ചോട് ചേർത്ത് വയ്ക്കുന്ന രണ്ട് വകുപ്പുകളാണ് ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും. ഈ രണ്ട് വകുപ്പുകളെയും കുറിച്ച് ശത്രുക്കൾക്കുപോലും പരാതികളൊന്നും ഉണ്ടാകാൻ സാധ്യതയില്ല. ലോകത്ത് കൊറോണ വൈറസ് പൊട്ടിപുറപ്പെട്ടു, ആലപ്പുഴയിലും തൃശ്ശൂരിലും അതിന്റെ റിപ്പോർട്ട് വന്ന് നിമിഷങ്ങൾക്കകം ലോകത്ത് കിട്ടാവുന്ന ഏറ്റവും നല്ല പ്രതിരോധങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് കൊറോണ വൈറസ്ബാധയെ ഇല്ലാതാക്കാൻ വേണ്ടി ശ്രമിക്കുന്ന ഒരു ആരോഗ്യ വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. ഉത്കണ്ഠപ്പെടേണ്ട എന്ന് മന്ത്രി പറയുമ്പോൾ കേരളം ഉത്കണ്ഠപ്പെടുന്നില്ല, അത് മുൻകാല അനുഭവം വച്ചുകൊണ്ടാണ്. നിപാ വൈറസിനെ കീഴടക്കിയപോലെ കൊറോണ വൈറസിനെയും നമ്മൾ കീഴടക്കുമെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുമ്പോൾ ആ ആത്മവിശ്വാസം ഈ നാടിന്റെ ഒരു സന്ദേശമായി മാറുന്നു, അഭിനന്ദനങ്ങൾ.

വിദ്യാഭ്യാസം ഔദാര്യമല്ല, കുട്ടികളുടെ അവകാശമാണെന്ന ഒരു വലിയ

ശ്ലോകം മുന്നിൽ വച്ചുകൊണ്ടാണ് അദ്ധ്യാപകനായ പ്രൊഫ. സി. രവീന്ദ്രനാഥ് മുന്നോട്ടു വന്നത്. മുൻകാലങ്ങളിൽ ഒരു കുട്ടി രാവിലെ ഉണർന്ന് എഴുന്നേൽക്കുന്നത് തന്നെ സ്കൂളിൽ പോകേണ്ട എന്ന് കരഞ്ഞു പറഞ്ഞുകൊണ്ടാണ്, അവന് സ്കൂൾ അത്രമാത്രം വെറുക്കുന്ന ഒരു സ്ഥലമായിരുന്നു. ആ കാലഘട്ടത്തിൽ രക്ഷകർത്താക്കൾ കുട്ടികളെ വലിച്ചിഴച്ച് സ്കൂളിൽ കൊണ്ടുപോകുന്ന കാഴ്ച നമ്മൾ കണ്ടിട്ടുണ്ട്. ഒരു സ്കൂൾ എങ്ങനെയായിരിക്കണം, അവിടത്തെ പൂന്തോട്ടം എങ്ങനെയായിരിക്കുണം, അവിടത്തെ കളിസ്ഥലം എങ്ങനെയായിരിക്കണം, അവിടത്തെ ബാത്ത്റൂമുകൾ എങ്ങനെയായിരിക്കണം, അവിടത്തെ അദ്ധ്യാപകർ എങ്ങനെയായിരിക്കണം, അവിടത്തെ ചുവരുകളിൽ തേയ്ക്കുന്ന പെയിന്റിന്റെ നിറം അവന്റെ മനസ്സിനെ സ്വാധീനിക്കുന്നതായിരിക്കണം എന്നൊക്കെയുള്ള വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടാണ് ഇന്നൊരു കുട്ടി ഉണർന്ന് എഴുന്നേറ്റ് കഴിഞ്ഞാൽ എന്നെ എത്രയും പെട്ടെന്ന് സ്കൂളിൽ കൊണ്ട് പോകു എന്ന് പറയാൻ കാരണം, അഭിനന്ദനങ്ങൾ.

പൗരത്വ ഭേദഗതി ബില്ലിനെതിരെ രാജ്യമെങ്ങും ഉയരുന്ന പ്രക്ഷോഭം ജനാധിപത്യം വീണ്ടെടുക്കാനുള്ളൊരു പ്രക്ഷോഭമായി മാറി. പൗരത്വ ഭേദഗതി

ബിൽ എത്രമാത്രം ദോഷകരമാണെന്ന് ഭരിക്കുന്നവർ ഒഴികെ ബാക്കി എല്ലാപേർക്കും ബോധ്യമായിക്കഴിഞ്ഞു. ഇന്ത്യാക്കാർക്ക് മാത്രമല്ല, നമ്മൾ അഭിമാനത്തോടെ സന്തോഷത്തോടെ കാണുന്ന ഇന്ത്യയുടെ ജനാധിപത്യം ഇതാ തകരാൻ പോകുന്നു. ഈ ബിൽ ഇംപ്ലിമെന്റ് ചെയ്തുകഴിഞ്ഞാൽ ഇന്ത്യയുടെ ജനാധിപത്യം ഇല്ലാതാകുമെന്ന് യൂറോപ്യൻ യൂണിയൻ ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു. എന്നാൽ നമ്മുടെ ആൾക്കാർക്ക് അത് മനസ്സിലായിട്ടില്ല. ഈ ബിൽ പാസ്സായപ്പോൾ ആദ്യം തന്നെ ആ ബില്ലിനെ എതിർത്തുകൊണ്ട് ഐക്യകണ്ഠേന ഒരു പ്രമേയം പാസ്സാക്കിയത് കേരള നിയമസഭയാണ്. അതിന്റെ ചുവടു പിടിച്ച് കേരളത്തെ മാതൃകയാക്കിക്കൊണ്ട് അനേകം സംസ്ഥാനങ്ങൾ മുന്നോട്ടുവരുന്നു. ആ ദിവസം എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്നത്, ഈ സഭയിലെ ഏറ്റവും മുതിർന്ന ഒരു ബി.ജെ.പി. നേതാവ് ശ്രീ. ഒ. രാജഗോപാലിന്റെ ബില്ലിനെ അനുകൂലിക്കണമോ വേണ്ടയോ എന്ന മാനസിക സംഘർഷം എനിക്ക് കാണുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ മനസ്സ് പറയുന്നു അനുകൂലിക്കാൻ, മനസ്സാക്ഷി പറയുന്നു അനുകൂലിക്കരുത് അവസാനം മനസാക്ഷി വിജയിച്ച് മനുഷ്യത്വത്തിന്റെ കൂടെ പോയി, അഭിനന്ദനങ്ങൾ.

ജനാധിപത്യ വാദികൾ നമ്മുടെ നാടിന്റെ ഇന്നത്തെ സ്ഥിതിയിൽ

വേദനിക്കുന്നു. "Democracy is the road to Socialism" എന്നാണ് മഹാനായ കാറൽ മാർക്സ് നിരീക്ഷിച്ചത്. എന്നാൽ ബി.ജെ.പി.-ക്കാർ "Democracy is the path to Fascism" എന്ന് മാറ്റി എഴുതാൻ ആഗ്രഹിക്കുന്നു. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ 72-ാം രക്തസാക്ഷി ദിനം കടന്നുപോയി. ആ ദിവസം നമ്മൾ രാജ്ഘട്ടിൽ കണ്ട ചിത്രം എന്തായിരുന്നു; രാജ്ഘട്ടിലേക്ക് സമാധാനപരമായി മാർച്ച് നടത്തിയ ജാമിയ മിലിയ സർവ്വകലാശാലയിലെ വിദ്യാർത്ഥി പ്രവർത്തകരുടെ നേർക്ക് ഒരു ചെറുപ്പക്കാരൻ നിറയൊഴിക്കുകയാണ്. നിറയൊഴിക്കും മുൻപ് അയാൾ വിളിച്ചു പറഞ്ഞത്, ഇതാ പിടിച്ചോ നിങ്ങളുടെ സ്വാതന്ത്ര്യം എന്നാണ്. നമ്മുടെ നാട്ടിൽ ഈ ധാർഷ്ട്യം, ഈ അഹങ്കാരം, ഈ ഓവർ കോൺഫിഡൻസ് എവിടെ നിന്നാണ് കിട്ടുന്നത്. പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി മുതൽ ഒരു സാധാരണ പ്രവർത്തകനിൽ വരെ ഇത് കുത്തിവയ്ക്കപ്പെട്ടു കഴിഞ്ഞുവെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ ഭാരതമെന്ന് ലോകം അംഗീകരിക്കുമ്പോൾ ഗാന്ധിജി പിറന്ന മണ്ണിൽ സംഭവിക്കുന്നത് എന്താണ്; പത്രമാധ്യമങ്ങളിലൂടെ നമ്മൾ അറിഞ്ഞ കാര്യമാണ്; അദ്ദേഹം ജനിച്ച ഗുജറാത്തിലെ ഒരു സ്കൂളിൽ ചോദിച്ച ഒരു ചോദ്യമാണ്. ഗാന്ധിജി ആത്മഹത്യ

ചെയ്തതിന്റെ കാരണമെന്താണ്? ആത്മഹത്യ ചെയ്തതാണെന്ന് അവർ തീരുമാനിച്ചു കഴിഞ്ഞു; കാരണം മാത്രം കുട്ടികൾ എഴുതിയാൽ മതി. ലോക സമാധാനത്തിന്റെ ദൂതനായ ഗാന്ധിജിയുടെ സ്വന്തം നാട്ടിൽ ഗാന്ധിജി സ്വപ്നം കണ്ട ആ കുട്ടികളുടെ ഇന്ത്യ എവിടെ എത്തി നിൽക്കുന്നു?

ഈ അവസരത്തിൽ എന്റെ ഒരു അനുഭവം കൂടി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ കോളേജിൽ പഠിക്കുന്ന സമയത്ത് ഒരു നാടകത്തിൽ അഭിനയിച്ചിരുന്നു. ചെറിയ ഒരു ഇതിവൃത്തമാണ് ആ നാടകത്തിനുണ്ടായിരുന്നത്. ഒരു ഗാന്ധി പാർക്കിന് കാവൽ നിൽക്കുന്ന ഒരു വൃദ്ധനും ആ പാർക്കിൽ വരുന്ന ഒരു യുവാവും തമ്മിലുള്ള സംഭാഷണമാണ് നാടകം. യുവാവ് വൃദ്ധനോട് ചോദിക്കുന്നു, നിങ്ങൾ ഈ ഗാന്ധി പാർക്കിന്റെ കാവൽക്കാരനാണ് പക്ഷെ ഇത്ര ചെറിയ ഒരു ഗാന്ധി പ്രതിമ ഞാൻ കണ്ടിട്ടില്ല. ഞാൻ കണ്ടിട്ടുള്ളതെല്ലാം ഗാന്ധിജിയുടെ വലിയ പ്രതിമകളാണ്. ഇങ്ങനെ ഒരു ചെറിയ ഗാന്ധി പ്രതിമയുണ്ടാക്കി നിങ്ങൾ എന്തിന് ഇവിടെ വച്ചു? അപ്പോൾ വൃദ്ധൻ മറുപടിയായി പറഞ്ഞു, ഈ പ്രതിമ അനാഛാദനം ചെയ്ത സമയത്ത് രണ്ടാൾ പൊക്കമുള്ള വലിയ ഗാന്ധിപ്രതിമ ആയിരുന്നു. എന്നാൽ ഈ ഗാന്ധിപ്രതിമ ഇവിടെ സ്ഥാപിച്ച ശേഷം ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന

രാഷ്ട്രീയപാർട്ടികൾ ഇവിടെയാണ് സമ്മേളനം കൂടുന്നത്. അവരിവിടെ പറയുന്ന ഓരോ കള്ളങ്ങൾക്കും ഗാന്ധിപ്രതിമ ചെറുതായി ചെറുതായി ഇപ്പോൾ ഈ നിലയിൽ ആയി. ഇങ്ങനെ പോയാൽ ഒരു മാസത്തിനകം ഈ ഗാന്ധിപ്രതിമ ഇല്ലാതാകും. പ്രശസ്തനായ ഐൻസ്റ്റീൻ പറഞ്ഞു, ഒരു പക്ഷെ വരും തലമുറകൾക്ക് ഇങ്ങനെ മജ്ജയും മാംസവുമുള്ള ഗാന്ധിജിയെന്ന മനുഷ്യൻ ഇവിടെ ജീവിച്ചിരുന്നുവെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പറ്റില്ലായെന്ന്. ആ ഗാന്ധിജിയെയാണ് ഇവർ അവഹേളിക്കുന്നത്. മഹാത്മാവേ മാപ്പ്.

പൗരത്വഭേദഗതി നിയമത്തിനെതിരെ രാജ്യ വ്യാപകമായ പ്രക്ഷോഭത്തിന് കേരളം നേതൃത്വം നൽകുന്നുവെന്ന യാഥാർത്ഥ്യം കേന്ദ്ര സർക്കാർ തിരിച്ചറിഞ്ഞ് കഴിഞ്ഞിരിക്കുന്നു. അതിനെത്തുടർന്നുള്ള പ്രതികാര നടപടികളും നമ്മൾ കാണുന്നുണ്ട്. അതിനെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമായി ഇവിടെ പറയുകയുണ്ടായി. അതിനാൽ അക്കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഈയിടെ പാവക്കുളം ക്ഷേത്ര പരിസരത്ത് ഞാനൊരു രംഗം കണ്ടു. ആ അമ്പലത്തിനോട് ചേർന്നുള്ള ഓഡിറ്റോറിയത്തിൽ പൗരത്വ ഭേദഗതി ബില്ലിന് അനുകൂലമായുള്ള ഒരു മീറ്റിംഗ് നടക്കുകയാണ്. ഇത് കേട്ട് അതിനടുത്തുള്ള ഒരു സഹോദരി വന്ന് ഒരു

സംശയം ചോദിച്ചു. ആക്രോശിച്ചുകൊണ്ട് ആക്രമിക്കാൻ വരുന്നവരെയാണ് പിന്നീട് കണ്ടത്. അതിലൊരു സ്ത്രീ വിളിച്ചു പറയുന്നത് നമ്മൾ ടെലിവിഷനിൽ കണ്ടിരുന്നു, "ഈ സിന്ദൂരപൊട്ടിന്റെ അർത്ഥം എന്താണെന്ന് നിനക്ക് അറിയാമോ? എനിക്ക് രണ്ട് പെൺകുട്ടികൾ ഉണ്ട് അവരെ കാക്കമാർ കൊത്തിക്കൊണ്ട് പോകാതിരിക്കാനാണ്.'' ആരെങ്കിലും കൊത്തിക്കൊണ്ടുപോകാൻവേണ്ടി നിന്നുകൊടുക്കുന്നവരാണോ കേരളത്തിലെ പെൺകുട്ടികൾ. സ്ത്രീകളെത്തന്നെ ആക്ഷേപിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവനയാണത്. ഈ സിന്ദൂരക്കാരുടെ മഹാമനസ്കത കൊണ്ടാണ് ആ പെൺകുട്ടിയെ കൊല്ലാതെ വിട്ടതെന്ന് അവിടെ ഉണ്ടായിരുന്ന ബി.ജെ.പി. നേതാവായ ഒരു സ്ത്രീ പറയുന്നു. ഈ ധാർഷ്ട്യം, ഈ അഹങ്കാരം, ഈ ഓവർ കോൺഫിഡൻസ് എവിടെ നിന്നാണ്?

പ്രധാനമന്ത്രി ആണെങ്കിലും കേന്ദ്ര ആഭ്യന്തര മന്ത്രിയാണെങ്കിലും ഒരു സാധാരണ പ്രവർത്തകനാണെങ്കിലും ഇതുതന്നെയല്ലേ നടക്കുന്നത്. ഞാൻ ഇക്കഴിഞ്ഞ ആഴ്ച മനുഷ്യ മഹാശൃംഖലയുടെ ഭാഗമായി വീട് വീടാന്തരം പോയപ്പോൾ അവിടത്തെ ആവേശം നേരിട്ട് കണ്ടതാണ്. നമ്മൾ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുമ്പോൾ എല്ലാ തരത്തിലുമുള്ള ജാതി-മത-

രാഷ്ട്രീയ ചിന്തകളും വെടിഞ്ഞുകൊണ്ട്, സത്യം മനസ്സിലാകുമ്പോഴുള്ള അമ്മമാരുടെയും സഹോദരിമാരുടെയും ആവേശമാണ് പാറശ്ശാല മുതൽ കാസർഗോഡ് വരെ ഇത്രയും വലിയ ഒരു വിജയം നമുക്ക് കാണാൻ കഴിഞ്ഞത്. അതുകൊണ്ട് നമ്മൾ അമാന്തിച്ച് നിൽക്കാതെ വീടുകളിൽ ഇറങ്ങി നിരന്തരമായി ബോധവത്കരണം നടത്തണം. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ എന്ന് പറയുമ്പോൾ ആർക്കെങ്കിലും വിഷമം ഉണ്ടെങ്കിൽ സെപ്പറേറ്റ് ആയി ചെയ്താലും മതി. പക്ഷെ വഴികളെല്ലാം ഒന്നിച്ചായിരിക്കണം. ഒന്നിച്ച് വരണം. ഒറ്റപ്പെട്ട് പോകരുത്, വിലയ്ക്ക് വാങ്ങപ്പെടുകയും ചെയ്യരുത്. എന്നാൽ മാത്രമേ ഇന്ത്യയെ നമുക്ക് രക്ഷിക്കാൻ സാധിക്കൂ, മതേതരത്വത്തെ രക്ഷിക്കാൻ സാധിക്കൂ, നമ്മുടെ ഭരണഘടനയെ രക്ഷിക്കാൻ സാധിക്കൂ. "Democracy leads to Socialism". അതായിരിക്കണം നമ്മുടെ ശ്ലോകം. ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. ശ്രീ.

എസ്. ശർമ്മ നമുക്കെല്ലാവർക്കും ബഹുമാനമുള്ള എം. എൽ. എ. ആണ്. അദ്ദേഹത്തിന്റെ അനിതരസാധാരണമായ പ്രസംഗ പാടവത്തെയും ശൈലിയേയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയുമെല്ലാം ഞാൻ വളരെയധികം ആദരിക്കുന്നു. പക്ഷേ എന്തപരാധമാണ് എൽ. ഡി. എഫ്.- നോട് അദ്ദേഹം ചെയ്തതെന്ന് എനിക്കറിയില്ല. കാരണം ഇന്നത്തെ ഗവർണ്ണർക്ക് നന്ദി പറയുക എന്നുപറഞ്ഞാൽ, കേരളീയ സമൂഹം മുഴുവൻ വെറുക്കുന്ന ഒരു വ്യക്തിക്ക് നന്ദി പറയുക എന്നുവച്ചാൽ അതിനെക്കാളും വലിയ ക്രൂരതയുണ്ടോ? ആ ഒരു ക്രൂരത അദ്ദേഹത്തെക്കൊണ്ട് ചെയ്യിപ്പിച്ചത് ഏതായാലും ശരിയായില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. സി. പി. ഐ. (എം) -ന് ഇനിയും അദ്ദേഹത്തോടുള്ള വിരോധം തീർന്നിട്ടില്ലേ. ആ ഒരു മുൾക്കിരീടം അദ്ദേഹത്തെക്കൊണ്ട് ചൂടിപ്പിച്ചത് എന്തുകൊണ്ടും ശരിയായില്ലെന്നാണ് ഇവിടെ എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ശ്രീ. ടി. പി. സെൻകുമാറിനെക്കുറിച്ച് പറയുമ്പോൾ ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം പറഞ്ഞു; മുൻ പോലീസുദ്യോഗസ്ഥനെന്ന നിലയിൽ ചില സ്വാധീനങ്ങൾ ഇപ്പോഴുമുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുറന്ന് സമ്മതിച്ചത്. അതിന്റെ അർത്ഥം ഇവിടെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത് കുറെ മുൻ

പോലീസ് ഉദ്യോഗസ്ഥരാണെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചിരിക്കുകയാണ് എന്നാണ്. ആഭ്യന്തര വകുപ്പിൽ അദ്ദേഹത്തിന് ഒരു പങ്കുമില്ല . ശ്രീ. ടി. പി. സെൻകുമാർ, ശ്രീ. രമൺ ശ്രീവാസ്തവ തുടങ്ങിയ മുൻ ഉദ്യോഗസ്ഥന്മാരാണ് ഇവിടെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ സഭയിൽ സമ്മതിച്ചിരിക്കുകയാണ്. മറ്റൊരുകാര്യം ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ഗവർണ്ണറെ തിരിച്ച് വിളിക്കണമെന്ന പ്രമേയം നമ്മൾ പാസ്സാക്കി. ഇനിയെങ്ങാനും ഗവർണ്ണറെ തിരിച്ചുവിളിച്ചാൽ അദ്ദേഹത്തെക്കാൾ മോശമായ ഒരാൾ ഇവിടെ വരില്ലേ എന്ന്. അദ്ദേഹം പറഞ്ഞത് വിഡ്ഢിത്തമെന്ന് ഞാൻ പറയുന്നില്ല; അത് ബുദ്ധിശൂന്യതയായിപ്പോയി എന്നേ ഞാൻ പറയുകയുള്ളൂ. കാരണം ഇപ്പോൾ ഇന്ത്യയിലെ ജനങ്ങൾ മുഴുവനും ശ്രീ. നരേന്ദ്ര മോദിക്കും ശ്രീ. അമിത് ഷായ്ക്കും എതിരെ ധീരമായ പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദി മാറിയാലും ശ്രീ. അമിത് ഷാ മാറിയാലും അവരെക്കാൾ മോശമായ ആൾക്കാർ വരും. അതുകൊണ്ട് ഈ സമരവും പോരാട്ടവും നിർത്തിക്കൂടെയെന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ നാളെ പറയുമെന്ന് പറഞ്ഞാൽ അതിൽ വലിയ അതിയശോക്തിയൊന്നുമില്ല.

അദ്ദേഹം അത് പറയും. ഇന്ന് അദ്ദേഹം ഇത് പറഞ്ഞിട്ടുണ്ടെങ്കിൽ ചിലപ്പോൾ നാളെ അദ്ദേഹം പറയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ അദ്ദേഹത്തെക്കുറിച്ച് ഞാൻ സി.പി.ഐ.(എം)- നോട് പറയേണ്ട ആവശ്യമില്ല. പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ മിണ്ടരുതെന്നാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഇപ്പോൾ കേരളീയരോടും നമ്മുടെ നിയമസഭയോടും പറയുന്നത്. ശ്രീ. ആരിഫ് മുഹമ്മദ് ഖാനാണ് അത് പറയേണ്ട ആളെന്ന് നമുക്കെല്ലാവർക്കുമറിയാം. പാർലമെന്റ് പാസ്സാക്കിയ നിയമത്തെ എതിർക്കാൻ ഒരാൾക്കും അധികാരമില്ലെന്നാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പറയുന്നത്. 1986-ൽ രാജീവ്ഗാന്ധി പ്രധാന മന്ത്രി ആയിരിക്കുമ്പോൾ നമ്മുടെ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് മുസ്ലീം വിമൻ പ്രൊട്ടക്ഷൻ ആക്ട്. ആ ആക്ട് പാർലമെന്റ് പാസ്സാക്കിയപ്പോൾ അതിൽ പ്രതിഷേധിച്ച് കോൺഗ്രസ്സിൽ നിന്ന് രാജിവയ്ക്കുക മാത്രമല്ല മന്ത്രിസ്ഥാനം രാജിവച്ചയാളാണ് ഇപ്പോഴത്തെ കേരള ഗവർണ്ണർ എന്ന് നാം മനസ്സിലാക്കണം. അന്ന് അദ്ദേഹത്തെ എഴുന്നള്ളിച്ച് കേരളത്തിലേക്ക് കൊണ്ടുവന്ന ഒരു പാർട്ടിയാണ് സി.പി.ഐ.(എം). കോഴിക്കോട് എഴുന്നള്ളിച്ച് കൊണ്ടുവന്നു. അവിടെ അദ്ദേഹത്തിന് ഒരു സ്വീകരണം നൽകി. എന്തിനാണ് സ്വീകരണം

നൽകിയത്; ശരിയത്തിനെതിരെ പ്രസംഗിക്കാൻ. ശരിയത്തിനെതിരെ പ്രസംഗിക്കാൻ ഡൽഹിയിൽ നിന്ന് ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ കോഴിക്കോട്ടേക്ക് കൊണ്ടുവന്ന് പ്രസംഗിപ്പിച്ച പാർട്ടിയാണ് ഇന്നത്തെ മാർക്സിസ്റ്റ് പാർട്ടിയെന്ന് നമ്മൾ ഓർക്കണം. ഒരു അന്തർധാരയെക്കുറിച്ച് ഇവിടെ പറയുന്നുണ്ടല്ലോ: ആ അന്തർധാര ഇന്ന് തുടങ്ങിയതല്ല, മുൻകാലം മുതൽ ഈ അന്തർധാരയുള്ളതാണ്. അതുകൊണ്ട് ശ്രീ. ആരിഫ് മുഹമ്മദ് ഖാനും സി.പി.ഐ. (എം)-ഉം ശ്രീ. പിണറായി വിജയനും ഭായി ഭായി ആണ്. നമുക്കാർക്കും അതിൽ ഒരു സംശയവും വേണ്ട. അന്ന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ചേർന്ന ശരിയത്ത് വിരുദ്ധ സമ്മേളനത്തിൽ അന്നത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് നടത്തിയൊരു പ്രസംഗമുണ്ട്. 1400 വർഷം പഴക്കമുള്ള ഒരു കാടൻ നിയമം ഇരുപതാം നൂറ്റാണ്ടിലും മുറുകെ പിടിക്കാൻ ഏതെങ്കിലും അള്ളാഹ‌ു പറഞ്ഞാൽ ആ അള്ളാഹുവിനെ നിങ്ങൾക്ക് വേണമോ എന്നാണ് മുതലക്കുളം മൈതാനിയിൽ പ്രസംഗിക്കുമ്പോൾ ചോദിച്ചത്. കുറേ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ കയ്യടിച്ച് ആ പ്രസംഗത്തെ സ്വാഗതം ചെയ്തു. ഇന്നിപ്പോൾ ദേശാഭിമാനി പത്രമുണ്ടല്ലോ. ആ പത്രത്തിന്റെ പഴയ കോപ്പി പരതി

നോക്കിയാൽ ആ പ്രസംഗം പ്രിയപ്പെട്ട സഖാക്കൾക്ക് വായിക്കാൻ സാധിക്കും. ഇവിടെ സി.പി.ഐ. (എം) കുറേ വികാരജീവികളായ ചെറുപ്പക്കാരുടെ വികാരങ്ങളെ കുത്തിയിളക്കി താൽക്കാലിക നേട്ടത്തിനുവേണ്ടി ഞങ്ങൾ മുസ്ലീംഗളുടെയും ന്യൂനപക്ഷങ്ങളുടെയും കൂടെയാണെന്ന് പറയുമെന്നല്ലാതെ ആത്മാർത്ഥമായ ന്യൂനപക്ഷ സ്നേഹം അവർക്കില്ലെന്നതിൽ യാതൊരു സംശയവുമില്ല. നമുക്കറിയാം സദ്ദാം ഹുസൈനെ കുറേക്കാലം കൊണ്ടു നടന്നു, പിന്നെ സദ്ദാം ഹുസൈനെ വിട്ടു. അതിനുശേഷം ഗുജറാത്തിലെ ഒരു സഹോദരനായ കുത്തബ്ദീൻ അൻസാരി, ആ സഹോദരൻ ഇപ്പോൾ എവിടെയുണ്ടെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുപോലുമറിയില്ല. അദ്ദേഹത്തെയും കയ്യൊഴിഞ്ഞു. പിന്നീട് പോത്തിനെ കൊണ്ടുനടന്ന് ബീഫ് വിളമ്പി. സദ്ദാം ഹുസൈൻ, കുത്തബ്ദീൻ അൻസാരി, പോത്ത്., അപ്പോൾ താൽക്കാലിക നിയമങ്ങൾക്കുവേണ്ടി ഇവരെയെല്ലാം കൂട്ടുപിടിക്കുമെന്നല്ലാതെ സി.പി.ഐ.(എം) -ന്റെ ന്യൂനപക്ഷ പ്രേമം ആത്മാർത്ഥതയുള്ളതല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് നല്ലതുപോലെ ബോദ്ധ്യമുണ്ട്. ഇബ്രാഹിം സുലൈമാൻ സേട്ടിനെ എനിക്കും നിങ്ങൾക്കും പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ. ആ ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബിനെ

മരിക്കുന്നതുവരെ നിങ്ങൾ അംഗീകരിച്ചോ? നിങ്ങൾക്ക് അദ്ദേഹത്തെ അംഗീകരിക്കാനുള്ള തടസ്സം അദ്ദേഹത്തിന്റെ തൊപ്പിയും താടിയുമാണെന്ന് ഞാൻ പറയും. ഇബ്രാഹിം സുലൈമാൻ സേട്ടിനെക്കുറിച്ച് നിങ്ങളുടെ നേതാവ് ഇ.എം.എസ്. എന്താണ് പറഞ്ഞത്. ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ് ശരിയത്ത് അനുസരിച്ച് ജീവിച്ച യഥാർത്ഥ ഒരു മത വിശ്വാസിയായിരുന്നു. XXXXXXXXX+. മാത്രവുമല്ല ഇബ്രാഹിം സുലൈമാൻ സേട്ട് 1980-ൽ മഞ്ചേരിയിൽ ലോകസഭയിലേക്ക് മത്സരിക്കുമ്പോൾ അവിടെ നിങ്ങൾ നടത്തിയ ചുമരെഴുത്തുകൂടി നിങ്ങൾ വായിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 'പാകിസ്ഥാൻ ചാരനായ ഇബ്രാഹിം സുലൈമാൻ സേട്ടിനെ പരാജയപ്പെടുത്തുക' നിങ്ങൾ എഴുതി വച്ച ചുമരെഴുത്താണത്. ആ സേട്ടിനൊപ്പം ഞാനുമുണ്ടായിരുന്നു. നിങ്ങളുടെ കാപട്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് ഞാൻ ഇതിലേക്ക് വന്നത് ...(ബഹളം)... നിങ്ങൾ അദ്ദേഹത്തെ ഒന്നുമല്ലാതാക്കി. ...(ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എം.എൽ.എ. ആകാൻ വേണ്ടിയല്ല;

+ സഭാദ്ധ്യക്ഷന്റെ ( ഫ.നം. 843/ ഇ.ബി/2020/നി.സെ തീയതി 04-02-2020)-ലെ ഉത്തരവിൻപ്രകാരം സഭാരേഖയിൽനിന്നും നീക്കംചെയ്തു.

നിങ്ങളുടെ കാപട്യം മനസ്സിലാക്കിയതുകൊണ്ടാണ് ഞാൻ ലീഗിലേക്ക് വന്നത്. നിങ്ങളുടെ ന്യൂനപക്ഷ പ്രേമം കാപട്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഞാൻ ലീഗിലേക്ക് വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നിങ്ങളെപ്പോഴും ശരിയത്തിനെതിരായിരുന്നു. നിങ്ങളിപ്പോൾ ഈ പൗരത്വ നിയമത്തിന്റെ കാര്യത്തിൽ ...(ബഹളം)... ഒരു പോയിന്റുമില്ല എനിക്ക് പറയാനുള്ളത്. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... പറയൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്ന സമയത്ത് കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ സമാരാധ്യനായ ഇ.എം.എസ്.- നെക്കുറിച്ച് അങ്ങേയറ്റം വസ്തുതാ വിരുദ്ധവും വളരെ തെറ്റിദ്ധാരണയുളവാക്കുന്നൊരു പ്രസ്താവന അദ്ദേഹം നടത്തിയിരിക്കുകയാണ്. ഇബ്രാഹിം സുലൈമാൻ സേട്ട് അദ്ദേഹത്തിന്റെ അവസാന കാലത്ത് മഹാനായ ഇ.എം.എസ്. -നോടൊപ്പം ഇടതുപക്ഷത്തിനൊപ്പമാണ് പ്രവർത്തിച്ചിരിക്കുന്നത്. ഇ.എം.എസ്.-

നെക്കുറിച്ചുള്ള അനുചിതമായ, തെറ്റായ, വസ്തുതാ വിരുദ്ധമായ പ്രസ്താവന രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... യെസ്..

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പറഞ്ഞിട്ടുള്ളത് വസ്തുതാ പരമായിട്ടുള്ള കാര്യമാണ്. ശ്രീ. ടി. വി. രാജേഷിന്റെ പാർട്ടിയുടെ മുഖപത്രമാണല്ലോ ദേശാഭിമാനി. ആ ദേശാഭിമാനി ഇപ്പോൾ ഡിജിറ്റലാണ്. ശ്രീ. ടി. വി. രാജേഷിന് 1985-ലെ ദേശാഭിമാനി പരതി നോക്കിയാൽ ഇ.എം.എസ്.- ന്റെ ആ പ്രസംഗം കാണാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... യെസ്..പ്ലീസ്... പ്ലീസ്... (ബഹളം)... കൺക്ലൂഡ് ചെയ്യൂ..

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇന്ത്യയിൽ നിലപാടില്ലാത്തൊരു പാർട്ടിയുണ്ടെങ്കിൽ അത് സി.പി.ഐ. (എം) ആണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..യെസ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇവിടെ എന്തൊക്കെയാണ് പറഞ്ഞത്. ശബരിമല പ്രശ്നം വന്നപ്പോൾ എന്താണ് പറഞ്ഞത്, നിലപാടിൽ

ഞങ്ങൾ ഉറച്ച് നിൽക്കും. രണ്ട് വോട്ടുകൾക്ക് വേണ്ടി ഞങ്ങൾ ഞങ്ങളുടെ നിലപാട് മാറ്റുകയില്ല. ശബരിമലയുടെ കാര്യത്തിൽ നിങ്ങൾ നിലപാട് മാറ്റിയില്ലേ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇവിടെ ചിലയാളുകളെ നിങ്ങൾ എന്തൊക്കെപ്പറഞ്ഞു. ...(ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...ശ്രീ. എൻ. എ. നെല്ലിക്കുന്ന് സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ചിലയാളുകളെ നിങ്ങൾ എന്തെല്ലാം വിളിച്ച്, അതേയാളുകളെ പിന്നീട് നിങ്ങൾ പൊന്നുമോനെ എന്ന് വിളിച്ചു. ചിലയാളുകളെ നികൃഷ്ട ജീവി എന്ന് വിളിച്ചു. നാല് വോട്ടുകൾക്ക് വേണ്ടി അതേ ആൾക്കാരുടെ കാലുപിടിക്കാൻ നിങ്ങൾ ചെന്നു...(ബഹളം)... എന്നിട്ടാണ് നിങ്ങൾ പറയുന്നത് നാല് വോട്ടുകൾക്കുവേണ്ടി നിലപാടുകൾ മാറ്റുകയില്ലെന്ന്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... ഒരു മിനിട്ട്. ബഹുമാനപ്പെട്ട മന്ത്രി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): Sir,

I have a point of order. സ്പീക്കർ പറഞ്ഞാൽ അങ്ങ് ഇരിക്കണ്ടേ? ഒരു തമാശ പറഞ്ഞുവെന്നാണ് ആദ്യം കരുതിയത്. ഒന്ന് ശ്രീ. ടി. വി. രാജേഷ് ഉന്നയിച്ചു. വീണ്ടും തമാശ പറയുകയാണോ? കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ് എവിടെവച്ച് എപ്പോൾ പറഞ്ഞുവെന്ന രേഖ ഹാജരാക്കാതെ ഇത് രേഖയിലുണ്ടായാൽ, രേഖ വലിച്ചുകീറി ഞങ്ങളിവിടെ കത്തിക്കും. ഇവിടെ രേഖ കൊണ്ടുവരണം. ഏത് പത്രത്തിലെന്നുള്ള രേഖ ഇവിടെ ഹാജരാക്കിയാൽ അംഗീകരിക്കാം. അല്ലാത്ത കാലത്തോളം സഭാരേഖകളിൽ ഇതുണ്ടാകാൻ പാടില്ല. സീരിയസ് ആണ് ഈ പ്രശ്നം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് പരിശോധിക്കാം. പ്ലീസ്.. കൺക്ലൂഡ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: 1985 മാർച്ച് 14-ന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ വച്ചാണ് ഇ.എം.എസ്. പ്രസംഗിച്ചത്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്, ക്രമസമാധാനപാലനത്തിൽ ജനങ്ങളോടുള്ള എല്ലാക്കാലത്തേയും പ്രതിബന്ധത എന്റെ സർക്കാർ ആവർത്തിച്ച് ഉറപ്പിച്ചുവെന്ന് പറഞ്ഞതല്ലാതെ അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചില്ല. കാരണം, അദ്ദേഹത്തിന്റെ മനഃസാക്ഷി അതിന് അനുവദിച്ചില്ല. യു.എ.പി.എ. ചുമത്തില്ലെന്ന് ഈ സർക്കാർ പറഞ്ഞു. പക്ഷേ,

യു.എ.പി.എ. ചുമത്തി. സ്വന്തം പാർട്ടിക്കാർക്കെതിരെപ്പോലും യു.എ.പി.എ. ചുമത്തിയ സർക്കാരാണിത്. കാട്ടാക്കട കൊലപാതകം ഇവിടെ രാവിലെ ചർച്ച ചെയ്തതാണ്. നോബൽ സമ്മാന ജേതാവിനെ ആലപ്പുഴയിൽ ബോട്ടിൽ ബന്ദിയാക്കിയപ്പോൾ ഈ സർക്കാരിന്റെ പോലീസിന് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? മരാമത്ത് കരാറുകാരുടെ കുടിശ്ശികയെപ്പറ്റിയും കോളേജ് അദ്ധ്യാപകരുടെ ശമ്പളകുടിശ്ശിക കൊടുത്തുതീർത്തിട്ടില്ലാത്തതിനെക്കുറിച്ചും പറഞ്ഞു. ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവതാളത്തിലാണ് പിന്നെ എന്ത് നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയത്. നയപ്രഖ്യാപനത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ശ്രീ. എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ബി. സത്യൻ</u>: ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് പ്രിയങ്കരനായ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിൻതുണയ്ക്കുന്നു. രാജ്യവും ലോകവും വളരെ ഭീതിജനകമായ ഒരന്തരീക്ഷത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയ പൗരത്വ ഭേദഗതി നിയമം ബി.ജെ.പി. സർക്കാർ അവതരിപ്പിച്ചപ്പോൾ

അതിനെതിരായി വലിയ പോരാട്ട സമരങ്ങൾക്ക് രാജ്യം വളരെ ഗൗരവമായി പ്രക്ഷോഭ സമരങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്ദർഭമാണ്. നമ്മുടെ സംസ്ഥാനമായ കൊച്ചുകേരളത്തിൽ രണ്ട് പ്രളയങ്ങൾക്കുശേഷം ഇപ്പോൾ നിപായും കടന്ന് കൊറോണാ വൈറസിനെതിരായി കേരളം ഒറ്റക്കെട്ടായി, ഒത്തൊരുമിച്ച്, ഒറ്റമനുഷ്യനായി ഒരു വലിയ പോരാട്ടത്തിൽ ഏർപ്പെട്ട് നിൽക്കുന്ന സന്ദർഭമാണിത്. ആ സന്ദർഭത്തിലാണ് കേരളത്തിലെ ഭാവി പുരോഗതിയെ മുന്നിൽ കണ്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നാലാം വർഷത്തിലേക്ക് കടക്കുന്നത്. ഈ ഘട്ടത്തിൽ നമുക്കറിയാം, കഴിഞ്ഞ ദിവസം കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടു. രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധികളിൽക്കൂടി കടന്നുപോകുന്നു. ഇപ്പോൾ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് സശ്രദ്ധം നാം വായിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റ് തുലയ്ക്കുന്നു. തന്ത്രപ്രധാനമായ സ്ഥാപനങ്ങളിൽപ്പോലും സ്വകാര്യ പങ്കാളിത്തം അനുവദിക്കാനായി തീരുമാനിച്ചിരിക്കുന്നു. അതിസമ്പന്നർക്കും കോർപ്പറേറ്റുകൾക്കും വലിയ ആശ്വാസം നൽകുന്ന ബഡ്ജറ്റാണ്. കേന്ദ്രത്തിന്റെ ഭാഗം തന്നെയാണല്ലോ സംസ്ഥാനം. ഫെഡറൽ

സംവിധാനം നിലനിൽക്കുന്നതാണ്; കേന്ദ്ര-സംസ്ഥാന ബന്ധം നിലനിൽക്കുന്നതാണ്, അത് വിട്ടുകളയരുത്. 5000-ത്തോളം കോടി രൂപയുടെ വലിയ ബാദ്ധ്യത കേരളത്തിന് വരുന്നുവെന്നുള്ള കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അഭിമാനമായിട്ടുള്ള എൽ.ഐ.സി. പോലും സ്വകാര്യവത്കരിക്കാനുള്ള നീക്കമാണ് നടക്കുന്നത്. എൽ.ഐ.സി. 1956-ൽ രൂപീകൃതമായതാണ്. തുടക്കത്തിൽ അഞ്ച് കോടിയിൽ ആരംഭിച്ചത് ഇപ്പോൾ 31 ലക്ഷം കോടിരൂപയുടെ വരുമാനമാണുള്ളത്. കഴിഞ്ഞവർഷം കേന്ദ്രം സർക്കാരിന് നൽകിയ വിഹിതം 2,611 കോടി രൂപയാണ്. 'രാജ്യസ്നേഹികൾ' എന്ന് വിശേഷിപ്പിക്കുന്ന നരേന്ദ്ര മോദിയും അമിത്ഷായും അടങ്ങിയ ബി.ജെ.പി. സർക്കാർ ഭരിക്കുന്ന രാജ്യത്ത് പൊൻമുട്ടയിടുന്ന താറാവ് എന്ന് നാം വിശേഷിപ്പിക്കുന്ന എൽ.ഐ.സി.-യെത്തന്നെ തകർക്കുകയാണ്. നമ്മുടെ നാടിന്റെ അഭിമാനമായ പദ്ധതിയാണ് ബി.പി.സി.എൽ., നവരത്ന കമ്പനി. ഏതാണ്ട് എട്ട് ലക്ഷം കോടി രൂപയുടെ ആസ്തിയുള്ളത് 80,000 കോടി രൂപയ്ക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നാണ് അറിയുന്നത്. എണ്ണ കമ്പനികൾക്കുവേണ്ടി 1972-ൽ ഇന്ത്യ-പാകിസ്ഥാൻ യുദ്ധം നടന്ന സന്ദർഭത്തിൽ രൂപീകരിച്ചതാണ് ബി.പി.സി.എൽ.. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്

ഫാക്ടറിയും വിൽക്കാൻ തീരുമാനിച്ചതായാണ് അറിയുന്നത്. ബി.എസ്.എൻ.എൽ.-ൽ നിന്ന് ഏതാണ്ട് ഒന്നരലക്ഷം ആളുകൾ ഇതിനകം പിരിഞ്ഞുപോയി. 1996 -ലെ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ഇവിടെ ശാസ്ത്ര ഉപദേഷ്ടാവായിരുന്ന സാം പിത്രോഡ അന്ന് അവതരിപ്പിച്ചതാണ് പുതിയ നയം. അതിന്റെ ഭാഗമായി ബി.ജെ.പി. അത് തുടരുന്നു. ഏതാണ്ട് ഒന്നരലക്ഷത്തോളം ആളുകൾ ബി.എസ്.എൻ.എൽ.-ൽ നിന്ന് പിരിഞ്ഞുപോകുന്നു. കേരളത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ ഘട്ടത്തിലാണ് കേരളത്തിലെ ബഡ്ജറ്റിന് മുമ്പ് പ്രിയപ്പെട്ട ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച നയപ്രസംഗത്തെ തുടർന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം ഈ നാട് വിലയിരുത്തപ്പെടുന്നു. അഭിമാനകരമായിട്ടുള്ള നേട്ടമായി കേരളം മുന്നോട്ടുപോകുന്നു. 2019-ലെ പുറത്തുവിട്ട സുസ്ഥിര വികസന സൂചികയിൽ 70 പോയിന്റ് നേടി കേരളം ഒന്നാമതായി അഭിമാന നേട്ടം കൈവരിച്ച് തല ഉയർത്തി നിൽക്കുന്നു. കേരളം മുൻനിരയിൽ നിൽക്കുന്ന സ്ഥിതി. നീതി ആയോഗിന്റെ റിപ്പോർട്ട് പുറത്തുവന്നതിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. ഇച്ഛാശക്തിയോടുകൂടി സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന പദ്ധതികളെ സംബന്ധിച്ച് കേരളാ കൗമുദിയിൽ 2020

ജനുവരി 14-ന് എഴുതിയതാണ്. 'കാൻസർ കെയർ പദ്ധതി ഏറ്റവും നല്ല ആശയം. പാവപ്പെട്ട ആളുകൾക്ക് അത് ഏറ്റവും കൂടുതൽ ഗുണം ചെയ്യും'. സംസ്ഥാനത്ത് അസുഖങ്ങൾ വന്നുചേർന്നാൽ മുഴുവൻ ചെലവും വഹിക്കുന്ന രീതിയാണ് ഈ പദ്ധതി വഴി വരുന്നതെന്ന് ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം ഉയരുകയാണ്. ആകെ അടങ്കലിന്റെ 26 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്നു. ഏതാണ്ട് 36,756 കോടിരൂപയുടെ മൊത്തം അടങ്കലിൽ സംസ്ഥാന പദ്ധതിക്ക് 27,610 കോടിരൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് 7,158 കോടി രൂപയുമാണ്. കഴിഞ്ഞവർഷം 25 ശതമാനമായിരുന്നെങ്കിൽ അത് 26 ശതമാനമായി നീക്കിവയ്ക്കുന്നു. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം അത്യധികം ആവേശത്തോടുകൂടി യുവതലമുറ സ്വീകരിക്കുകയാണ്. പുതിയ സംരംഭത്തേയ്ക്ക് ഈ സംസ്ഥാനം കടക്കുകയാണ്. സ്വകാര്യ മേഖലകളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി തൊഴിൽ ചൂഷണം തടയുന്നതിനെതിരായ നിയമം ഈ സംസ്ഥാനം പാസ്സാക്കി കഴിഞ്ഞു. സാധാരണക്കാർക്കായി വമ്പൻ

പദ്ധതികളെന്ന പേര് പറയാതെ പതിവ് ശൈലിവിട്ട് ഏറ്റവും ശ്രദ്ധേയമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുള്ള സംരംഭങ്ങൾ പുതുതായി അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിലുണ്ട്. പാവപ്പെട്ട ആളുകൾക്കുവേണ്ടി രണ്ട് ലക്ഷം രൂപവരെ കടാശ്വാസം എത്തിക്കുവാനുള്ള കടാശ്വാസ കമ്മീഷൻ. 2014 ഡിസംബർ 31 വരെയുള്ള വായ്പകൾ കടാശ്വാസ പരിധിയിൽ കൊണ്ടുവരും. ഇടുക്കിയിലും വയനാട്ടിലും 2018 ആഗസ്റ്റ് 31 വരെയുള്ള വായ്പകൾക്ക് മാനദണ്ഡം ഏർപ്പെടുത്തി അവരെ സഹായിക്കും. സ്കൂൾ വിദ്യാഭ്യാസത്തിൽ ഗുണമേന്മയുള്ള സംസ്ഥാനമായി കേരളം മാറുന്നു. കേരളം അതിൽ 76.76 ശതമാനം മുന്നിലാണ്. സാമ്പത്തിക അച്ചടക്കം, അദ്ധ്യാപക നിയമനത്തിലെ സുതാര്യത, ഹാജർ സംവിധാനം, അദ്ധ്യാപക പരിശീലനം എന്നിവയിൽ കേരളം മുന്നിലാണ്. കേരളത്തിലെ സ്കൂളുകൾ വികസന പാതയിലെന്ന് നീതി ആയോഗിൽ പറഞ്ഞിരിക്കുന്നു. ഏറ്റവും പിന്നിൽ യു.പി. ആണ്. അങ്ങനെ സ്തുത്യർഹമായ നേട്ടവുമായി കേരളം മുന്നോട്ടുപോകുന്നു. രാജ്യത്തെ ആദ്യ ഭക്ഷ്യസുരക്ഷാ സൂചികയിൽ, സ്റ്റേറ്റ് ഫുഡ് സേഫ്റ്റി-യിൽ കേരളം ഒന്നാമതാണ്. രാജ്യത്തെ ഏറ്റവും പ്രയാസവും ദുരിതപൂർണ്ണവുമായ ജീവിതം നയിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ആവിഷ്കരിച്ചിട്ടുള്ള 'ലൈഫ് പദ്ധതി' രണ്ട്

ലക്ഷത്തോളം വരുന്ന ആളുകൾക്ക് പുതുതായി ഭവനനിർമ്മാണം നടത്തി അവർക്ക് അടച്ചുറപ്പുള്ള വീടുണ്ടാക്കികൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയും. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഏതാണ്ട് 15776 പേർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. 3 വർഷംകൊണ്ട് 45 ലക്ഷം പേർക്കുകൂടി ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി ജലസേചന വകുപ്പ് തയ്യാറാക്കിയിരിക്കുന്നു. ഈ പദ്ധതിയുടെ പ്രയോജനം 26 നഗരങ്ങളിലും 160 ഗ്രാമപഞ്ചായത്തുകളിലും 10 ജില്ലകളിലും നടപ്പിലാക്കാൻ പോകുന്നു. പൊതുശുചിത്വത്തിന് 954 കോടി രൂപയുടെ പദ്ധതി. പുതിയ പെൻഷൻകാരായി 17.20 ലക്ഷം പേർ കടന്നുവന്നു. ഈ സർക്കാർ പെൻഷൻ ഇനത്തിൽ ഇതുവരെ 18141.18 കോടി രൂപ നൽകി. ഈ മൂന്ന് വർഷത്തിനുള്ളിൽ ഏതാണ്ട് 17,20,206 പേരാണ് സംസ്ഥാനത്തെ സാമൂഹിക സുരക്ഷാ ക്ഷേമ പെൻഷൻ പദ്ധതികളിൽ പുതുതായി ചേർന്നത്. എൽ.ഡി.എഫ്. സർക്കാർ ചുമതലയേറ്റതു മുതൽ ഇതുവരെ സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതികളിൽ 12,75,810 പേർ പുതുതായി അംഗങ്ങളായി. ആ നിലയിൽ പാവപ്പെട്ടവർക്കുള്ള ക്ഷേമപദ്ധതികൾ തുടരുന്നു. പുനരധിവാസമില്ലാത്ത 10 ലക്ഷം ആളുകൾക്ക് നോർക്ക റൂട്ട്സ് വഴി

തൊഴിലുറപ്പാക്കാൻ കഴിയുന്ന പദ്ധതി രൂപീകരിച്ചു. നവകേരള സൃഷ്ടിക്കുവേണ്ടി കാർഷിക രംഗത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ അതിബൃഹത്തായ പദ്ധതിക്ക് രൂപം നൽകി. ഇന്നുവരെ നടപ്പിലാക്കാത്ത സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി. അതുപോലെ 45 മീറ്റർ വീതിയിൽ 600 കിലോമീറ്റർ തിരുവനന്തപുരം-കാസർഗോഡ് പാത ഇരട്ടിപ്പിക്കലിനുവേണ്ടി ഏതാണ്ട് 44000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. അതിന്റെ സ്ഥലമെടുപ്പിന് 21496 കോടി രൂപ വേണം. അതിൽ സംസ്ഥാന വിഹിതമായി 5374 കോടി രൂപ നൽകാൻ കിഫ്ബിയും മരാമത്ത് വകുപ്പും തീരുമാനിച്ചു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ആദ്യത്തെ പദ്ധതിയാണിത്. ഭാവിയിൽ import tax ഉൾപ്പെടെ ഏർപ്പെടുത്തി ഈ പദ്ധതി വിജയകരമായി മാറ്റാൻ കഴിയുമെന്ന് കരുതുന്നു. പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏതാണ്ട് 1300 പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രി വിവിധ സംരംഭകരുമായി ആലോചിച്ച് വിപുലമായ പദ്ധതിക്ക് രൂപം നൽകുകയാണ്. അങ്ങനെ ചരിത്രം കുറിച്ച് മുന്നേറുന്ന ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടങ്ങൾ ആർജ്ജിക്കാൻ കഴിഞ്ഞ

കാലമാണിത്.

ആരോഗ്യ മേഖലയിലെ കാര്യങ്ങൾ കൂടുതൽ പറയുന്നില്ല. കാരുണ്യ സുരക്ഷ പദ്ധതി മുതൽ ആരംഭിച്ച് ഏറ്റവും നന്നായി ആരോഗ്യ പരിപാലനരംഗം മുന്നേറുന്ന കാഴ്ച നാം കാണുകയാണ്. നീതി ആയോഗിന്റെ കണക്കുപ്രകാരം വിദ്യാഭ്യാസ, ആരോഗ്യ രംഗത്തേയ്ക്കുള്ള വലിയ കുതിച്ചുചാട്ടം കേരളത്തിൽ സംജാതമായി. നേരത്തെ സൂചിപ്പിച്ചതുപോലെ, സാമൂഹിക സുരക്ഷാരംഗത്തുൾപ്പെടെ വലിയ നേട്ടങ്ങൾ കൈവരിച്ച് ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനം മുന്നോട്ടുപോകും. വളരെ ദിശാബോധത്തോടുകൂടി മുന്നോട്ട് നയിക്കാൻ ശ്രമിക്കുന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരാണിത്. കേന്ദ്ര-സംസ്ഥാന ബന്ധം നിലനിൽക്കുന്നു. ഫെഡറൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ ഭാഗമായിട്ടാണ് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ പദവിയും അംഗീകാരവുമുള്ളത്. ഇത് അറിഞ്ഞുകൂടാത്തതു കൊണ്ടാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് അടക്കമുള്ള പലരും ഇവിടെ സംസാരിച്ചത്. ഭരണഘടനപ്രകാരം നിയമസഭയിൽ ഗവർണർ, അത് ആരോ ആയിക്കോട്ടെ, നയപ്രഖ്യാപനം നടത്തേണ്ട എന്നാണോ; അതിവിടെ ആരും പറഞ്ഞില്ല. ജനാധിപത്യ സംവിധാനത്തിൽ

ഭരണഘടന പ്രകാരം രാജ്യത്തെ ഫെഡറൽ സംവിധാനം നിലനിൽക്കുന്ന സംസ്ഥാനത്ത് സ്വാഭാവികമായും ഗവർണർ ആരായിരുന്നാലും നയപ്രഖ്യാപനം നടത്താനും അതിനനുസരിച്ച് കാര്യങ്ങൾ ചർച്ച ചെയ്യാനുമുള്ള പ്രാഥമികവും ആധികാരികവുമായ അവകാശം നിയമസഭയ്ക്കുണ്ട്. അതുപയോഗിച്ച് കാര്യനിർവ്വഹണം നടത്തി മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് മഹാന്മാരായിട്ടുള്ള സഖാവ് ഇ. എം. എസ്.-നെക്കുറിച്ചുപോലും എന്തും വിളിച്ചുപറയുന്ന നിലയിലേയ്ക്ക് സഭയിലെ അംഗങ്ങളുടെ നിലവാരം താഴ്ന്നതിനെക്കുറിച്ച് സഹതപിക്കാനേ മാർഗ്ഗമുള്ളൂ. സഭയിൽ ഇല്ലാത്തവരെക്കുറിച്ചും ഈ രാജ്യത്തെ നയിച്ച മഹാന്മാരായ ആളുകളെക്കുറിച്ചും നടത്തുന്ന പരാമർശങ്ങൾ സഭാ രേഖയിലുണ്ടാകാൻ പാടില്ല. അങ്ങത് പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ സർവ്വാത്മനാ ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ലോകത്തിലെ മലയാളികൾ മുഴുവൻ വിശ്വാസമർപ്പിച്ച അവരുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കുമൊപ്പം ഉയർന്ന ഒരു സർക്കാരിന്റെ നയങ്ങളും പ്രവർത്തനങ്ങളുമാണ് ബഹുമാനപ്പെട്ട

ഗവർണറുടെ പ്രസംഗത്തിൽ ഇവിടെ നമ്മൾ കേട്ടത്. ഇത്രയേറെ പ്രതിസന്ധികൾ നേരിടേണ്ടിവന്ന ഒരു സർക്കാർ ഇതിനുമുമ്പുണ്ടായിട്ടില്ല. എന്നാൽ പ്രതിസന്ധികളെല്ലാം തരണം ചെയ്യാനും ജനങ്ങൾക്ക് സുരക്ഷിതത്വബോധം പ്രദാനം ചെയ്യാനും ഈ സർക്കാരിനു കഴിഞ്ഞു എന്നതാണ് ഇതിന്റെ പ്രത്യേകത. ജനങ്ങൾ പ്രതീക്ഷിക്കുന്ന തിളക്കമാർന്ന ഒരു ഭാവികേരളം പടുത്തുയർത്താൻ ഈ സർക്കാരിനു കഴിയുമെന്ന ഉത്തമ ദൃഷ്ടാന്തമാണ് ഈ നയപ്രസംഗം. തുടർച്ചയായി വന്ന പ്രകൃതിക്ഷോഭങ്ങളും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സമ്മർദ്ദങ്ങളുമടക്കം ഒട്ടനവധി വെല്ലുവിളികളുണ്ടെങ്കിൽക്കൂടി അതിനെയെല്ലാം അതിജീവിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് കാലത്തിനൊപ്പം സഞ്ചരിക്കാൻ നമ്മുടെ സംസ്ഥാനത്തെ പ്രാപ്തമാക്കിയതിൽ കിഫ്ബിയുടെ പങ്ക് വളരെ വലുതാണ്. 56000 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി അനുമതി നൽകിയെന്നതാണ് കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായി നമുക്ക് പറയാനുള്ളത്. റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, സ്കൂൾ-കോളേജ് കെട്ടിടങ്ങൾ തുടങ്ങി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി

പൂർത്തിയാക്കാൻ കിഫ്ബി പദ്ധതികൾവഴി കഴിയുന്നു. 1344 ദിവസങ്ങൾക്കുള്ളിൽ 25 വർഷംകൊണ്ട് നേടാവുന്ന വികസന നേട്ടങ്ങളാണ് ഈ സർക്കാർ നേടിയെടുത്തിട്ടുള്ളത്. അറിയാത്ത അത്ഭുതങ്ങളെക്കാൾ അറിയുന്ന നിളയെയാണ് സ്നേഹിക്കാൻ എനിക്കിഷ്ടം എന്ന് കേരളത്തിന്റെ സ്വന്തം എഴുത്തുകാരൻ ശ്രീ. എം. ടി. വാസുദേവൻ നായർ പറയുകയുണ്ടായി. ലോകത്തിന്റെ മാറ്റങ്ങൾക്കൊപ്പം സഞ്ചരിച്ചപ്പോഴും കേരളത്തിന്റെ തനതായ സാംസ്കാരിക പാരമ്പര്യം ഉയർത്തിക്കാട്ടുന്നതിൽ ഈ സർക്കാർ സാംസ്കാരിക രംഗത്ത് കൈക്കൊണ്ട നടപടികൾ വലുതാണ്. നമ്മുടെ മാതൃഭാഷയെ ലോകവ്യാപകമായി പ്രചരിപ്പിക്കുന്നതിൽ മലയാളം മിഷന്റെ പ്രവർത്തനം 31 രാജ്യങ്ങളിൽ സ്ഥാപിക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. നമ്മുടെ കലാകാരന്മാരെ ആഗോളതലത്തിൽ എത്തിച്ചേരാൻ സഹായിക്കുന്നതിന് റൂറൽ ആർട്സ് ഹബ് രൂപീകരിക്കുന്ന സാംസ്കാരികയിടങ്ങൾ, എല്ലാ ജില്ലകളിലും തിയേറ്റർ സമുച്ചയങ്ങൾ തുടങ്ങി കലയും സംസ്കാരവും അതിന്റെ മൂല്യം നഷ്ടപ്പെടാതെ ലോകോത്തരമാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ശ്ലാഘനീയം തന്നെയാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ റോഡായാലും കെട്ടിടങ്ങളായാലും സർക്കാർ രൂപീകരിച്ച "പുതിയ

കാലം പുതിയ നിർമ്മാണം" എന്ന നയം ഈ മേഖലയിൽ അതിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ളതാണ്. ഏറ്റവും നൂതനമായ സാങ്കേതികവിദ്യകൾ റോഡുനിർമ്മാണത്തിൽ കൊണ്ടുവരുന്നതിനും നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും കൈക്കൊണ്ട നടപടികൾ സർക്കാരിന് എന്നും ചരിത്രത്തിൽ അടയാളപ്പെടുത്താൻ തക്കതാണ്.

കേരളത്തിന്റെ ഗതാഗത മേഖലയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്ന സിൽവർ ലൈൻ കാസർഗോഡ് -തിരുവനന്തപുരം യാത്ര 4 മണിക്കൂറായി കുറയ്ക്കുമ്പോൾ മനുഷ്യാദ്ധ്വാനംതന്നെ യാത്രയിൽ ഒതുങ്ങിക്കൂടുന്ന ഈ കാലഘട്ടത്തിൽ വലിയ മാറ്റങ്ങൾക്കാണ് തുടക്കം കുറിക്കാൻ പോകുന്നത്. വാട്ടർ ബസ്, ജലപാതയുടെ വികസനം തുടങ്ങിയ നിരവധി പദ്ധതികൾക്ക് ഗതാഗത മേഖലയിൽ രൂപം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നോട്ട് നിരോധനം വന്നപ്പോൾ കേരളത്തിലെ സഹകരണ ബാങ്കുകൾ തകരുമെന്ന പ്രചരണമുണ്ടായിരുന്നു. എന്നാൽ ഇനി ഒരു ശക്തിക്കും തകർക്കാൻ പറ്റാത്തവിധം കേരള ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ മികച്ച നേട്ടമാണ്. 825 ശാഖകളും 65000 കോടി രൂപയുടെ മൂലധന നിക്ഷേപവുമായി കേരള ബാങ്ക് ഇപ്പോൾ രണ്ടാം സ്ഥാനത്താണ്. ഇനി പ്രാഥമിക സഹകരണ

സംഘങ്ങൾകൂടി ഇതിൽ ലയിക്കുന്നതോടുകൂടി കേരളത്തിലെ പ്രഥമ ബാങ്കായി കേരള ബാങ്ക് മാറുകയാണ്. ഒരു നാടിനെ താങ്ങിനിർത്തുന്ന തൂണുകളിലൊന്നായി സഹകരണ മേഖല മാറിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരേ മേഖലാ ഉല്പന്നങ്ങൾക്ക് ഒരേ ബ്രാൻഡ് നൽകിയതും കൺസ്യൂമർഫെഡ് ഓൺലൈനാക്കിയ നടപടിയും ഈ മേഖലയുടെ വളർച്ചയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികളാണ്. എന്നും എക്കാലവും കേരളത്തിനു മുന്നിൽ അടയാളപ്പെടുത്തുന്ന വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ വലിയ നേട്ടങ്ങളെക്കുറിച്ച് പറയേണ്ടതില്ലല്ലോ. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതികൾ, ക്ഷേമ കാര്യങ്ങളിൽ ഈ സർക്കാർ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികൾ തീരദേശ മേഖലയുടെ വികസന ചരിത്രത്തിൽ ഒരു സുവർണ്ണ അദ്ധ്യായം കുറിക്കുന്നതാണ്. മത്സ്യബന്ധന തുറമുഖങ്ങൾ ഇതിനുമുമ്പ് വെറും പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയെങ്കിലും അത് പ്രാവർത്തികമാക്കുന്നത് എങ്ങനെയാണെന്ന് ഈ സർക്കാർ തെളിയിച്ചിരിക്കുകയാണ്. സംഘപരിവാറിന്റെ അജണ്ട നടപ്പിലാക്കിക്കൊണ്ട് കേന്ദ്രം ഭരിക്കുന്ന നരേന്ദ്രമോദി സർക്കാർ എഴുതിയുണ്ടാക്കി ബഹുമാനപ്പെട്ട പ്രസിഡന്റ് വായിച്ച

നയപ്രഖ്യാപനത്തിൽ ചരിത്രം വളച്ചൊടിക്കുന്ന എന്തെല്ലാമാണ് പറഞ്ഞിട്ടുള്ളത്! പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കിയത് ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടാനാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഗാന്ധിജിയുടെ വാക്കുകളിൽനിന്ന് അല്പം ചിലത് അടർത്തിയെടുത്ത് ഇതായിരുന്നു ഗാന്ധിജിയുടെ സ്വപ്നമെന്ന് വിളിച്ചുപറഞ്ഞ് രാജ്യത്തിന്റെ പരമോന്നത പദവിയിലിരിക്കുന്ന ഇന്ത്യൻ പ്രസിഡന്റിനെക്കൊണ്ടുപോലും കളവ് പറയിക്കാൻ ഈ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞെന്നുള്ളതാണ്. ഇന്ത്യയുടെ വിശ്വസ്തരായിരിക്കുന്ന ഇന്ത്യൻ മുസ്ലീംങ്ങളെ നാം പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കണമെന്ന് ഇതോടൊപ്പം ഗാന്ധിജി പറഞ്ഞത് പറയാൻ അവർ വിട്ടുപോയി എന്നതാണ് ഇതിലെ സത്യം. ഇന്ത്യാ രാജ്യം ഒരു ഹിന്ദു രാജ്യമായാൽ ലോകത്തിനുമുന്നിൽ തലയുയർത്തി നിൽക്കാമെന്നും അങ്ങനെയൊരു ഹിന്ദു രാജ്യമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാതെ പോയത് ഗാന്ധിജി ജീവിച്ചിരിക്കുന്നതുകൊണ്ടാണെന്നും പറഞ്ഞ സംഘപരിവാർ ശക്തികളാണ് പ്രസിഡന്റിനെക്കൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞത്. ഗാന്ധിജിയെക്കുറിച്ച് പറയുന്നവർ വിവേകാനന്ദ സ്വാമികളെ മറന്നുപോയി. I'm proud of my nation, '*ഞാൻ*

*എന്റെ രാഷ്ട്രത്തെക്കുറിച്ച് അഭിമാനം കൊള്ളുന്നു, ലോകത്തിലെ നാനാഭാഗങ്ങളിൽ നിന്നും എത്തിയ അഭയാർത്ഥികളെ ജാതിയുടെയോ മതത്തിന്റെയോ പേരിൽ വേർതിരിക്കാതെ സ്വാഗതം ചെയ്ത നാടാണ് എന്റെ രാജ്യം'* എന്ന് ഉറക്കെ വിളിച്ചുപറഞ്ഞ സ്വാമിയുടെ ഉദ്ധരണികൾ ഇവർ മറന്നുപോയി. രാജ്യത്തെ ജനങ്ങളെ ഓരോ തവണയും പറ്റിക്കുന്ന പച്ചക്കള്ളങ്ങൾ പ്രചരിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ മുന്നോട്ടുവരികയാണ്. നോട്ട് നിരോധനം തീവ്രവാദത്തിന് തടയിടാനാണെന്ന് ആദ്യം പറഞ്ഞു. ആസാമിൽ എൻ.ആർ.സി. നടപ്പാക്കുന്നത് എല്ലാ ഇന്ത്യൻ പൗരന്മാരെയും ഒരേപോലെ കാണാനാണെന്ന് വീണ്ടും പറഞ്ഞു. ഇപ്പോൾ പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നത് ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനാണെന്നും പറഞ്ഞിരിക്കുകയാണ്. ഇനിയും ഇവരുടെ കള്ളങ്ങളും വഞ്ചനയും ഏറ്റുവാങ്ങാൻ രാജ്യത്തെ ജനങ്ങൾ തയ്യാറല്ല എന്നതിന്റെ പ്രഖ്യാപനമാണ് രാജ്യത്തെ മതനിരപേക്ഷരരായ ജനങ്ങൾ ഉയർത്തുന്ന പ്രതിഷേധങ്ങൾ. ഈ പ്രതിഷേധങ്ങൾ നമുക്ക് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ഈ നയം തിരുത്തുന്നതുവരെ ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളിൽ നമ്മൾ മുന്നോട്ട് പോകുമെന്നുള്ള

പ്രതിജ്ഞ കൂടിയാണ് ഈ അവസരത്തിൽ ഉണ്ടാകേണ്ടത്. കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിന്റെ നിജഃസ്ഥിതി നമ്മൾ മനസ്സിലാക്കണം. കേന്ദ്ര ബഡ്ജറ്റുപോലും പ്രൈവറ്റൈസേഷനാണ്. അദാനി, അംബാനിമാരുടെ അക്കൗണ്ടന്റുമാരുണ്ടാക്കിയ ബഡ്ജറ്റ്. ബഡ്ജറ്റിന്റെ തലേദിവസം ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമനെക്കൊണ്ട് വായിച്ചപ്പോൾ, അവർ അത് വായിച്ചുകഴിഞ്ഞ് തലചുറ്റി വീഴുന്നത് നമ്മൾ കണ്ടു. ജെ.എൻ.യു.-വിൽ പഠിച്ച ഒരു വിദ്യാർത്ഥിയായതുകൊണ്ടാണ് ആ ബഡ്ജറ്റിന്റെ ഉള്ളടക്കം മുഴുവനും വായിച്ചപ്പോൾ അവർ ബോധം കെട്ടുവീണത് എന്നാണ് ഡൽഹിയിലെ പിന്നാമ്പുറങ്ങളിൽ നിന്നും കേൾക്കുന്ന വാർത്തകൾ. കാരണം അവർപോലും അറിയാത്ത, ഇന്ത്യയെ വിറ്റുതുലയ്ക്കുന്ന നിരവധി പ്രഖ്യാപനങ്ങൾ കേട്ടപ്പോൾ ജെ.എൻ.യു.-വിലെ ഒരു പൂർവ്വ വിദ്യാർത്ഥിയെന്ന നിലയിൽ അവർ ബോധംകെട്ടുപോയി. അത്രയും മോശമായ ഒരു ബഡ്ജറ്റാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായത്. അതുകൊണ്ടുതന്നെ ഇത് എതിർക്കപ്പെടേണ്ടതാണ്.

ഇവിടെ ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് വളരെ വികാരഭരിതനായി ന്യൂനപക്ഷ പ്രീണനത്തിനുവേണ്ടി സി.പി.ഐ.(എം) നടത്തുന്ന

കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. പ്രീണന നയം നടത്താൻ നല്ല വിരുതുള്ളത് ലീഗിനാണെന്ന് ഇവിടെ എല്ലാവർക്കുമറിയാം. അതിന് പ്രത്യേക കാരണം, കഴിഞ്ഞ ദിവസങ്ങളിൽ യുവമോർച്ചയുടെ ഒരു ഫണ്ട് പിരിവ് ഉദ്ഘാടനം ചെയ്ത് സംസാരിച്ച ഒരു കാര്യമുണ്ടായിരുന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട തങ്ങൾ സോമയാഗത്തിൽ പങ്കെടുത്തുകൊണ്ട് മറ്റൊരു സീനുണ്ടാക്കി. ഇതിനെല്ലാം പുറമെ പൗരത്വ രേഖ സ്വീകരിച്ചുകൊണ്ട് ലീഗിന്റെ ചില നേതാക്കന്മാർ പങ്കെടുത്ത കാര്യങ്ങളെല്ലാമുണ്ട്. പക്ഷെ അതൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. കാരണം മുസ്ലീംലീഗിനെ ഏറ്റവും കൂടുതൽ അറിയുന്ന മലപ്പുറം ജില്ലയിലെ ഒരു എം.എൽ.എ. എന്ന നിലയിൽ എല്ലാ പ്രസംഗങ്ങളിലും അവരെക്കുറിച്ച് പറയുന്നത് എനിക്ക് താല്പര്യമില്ലെങ്കിൽക്കൂടി ഞാൻ ഒരു കാര്യം പറയാം, പൗരത്വ ബില്ലുമായി നിങ്ങൾ ഇപ്പോൾ നടത്തുന്ന യാത്ര, അത് പള്ളികൾ കേന്ദ്രീകരിച്ചായാലും മുസ്ലീം പൗരന്മാരെ കേന്ദ്രീകരിച്ചായാലുമെല്ലാം തന്നെ 1921 കാലഘട്ടങ്ങളിൽ മലബാറിലെ കാർഷിക ലഹള എന്നറിയപ്പെടുന്ന ഒന്നാം സ്വാതന്ത്ര്യസമര കാലത്ത് മുസ്ലീംലീഗുണ്ടാക്കിയ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് മലബാറിൽ മുസ്ലീംലീഗ് വളർന്നത്. ഏതായാലും ഈ പൗരത്വ ബില്ലിനെ

അടിസ്ഥാനമാക്കിക്കൊണ്ട് അത്തരത്തിലൊരു നേട്ടത്തിന് നിങ്ങൾ ശ്രമിക്കരുത്. കാരണം ബി.ജെ.പി. ഭരിക്കുന്ന ഇന്ത്യാ രാജ്യത്ത് നമ്മൾ ചെയ്യേണ്ടത് ഒന്നിച്ച് നിന്നുള്ള പോരാട്ടമാണെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട പിണറായി സഖാവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കുറേയേറെ കാര്യങ്ങൾ ചെയ്തു. പ്രത്യേകിച്ച് ആരോഗ്യം, പി.ഡബ്ല്യു.ഡി., വിദ്യാഭ്യാസം എന്നീ മേഖലകളിലെല്ലാം ചെയ്തിരിക്കുന്ന കാര്യങ്ങളെ ചെറുതായി കാണുന്നില്ല. അക്കാര്യങ്ങളെല്ലാംകൂടി ഗവർണറെക്കൊണ്ട് വായിപ്പിച്ചു എന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതല്ലാതെ പ്രത്യേക നയമൊന്നും അതിൽ ഞാൻ കാണുന്നില്ല. നിങ്ങൾ ചെയ്ത കാര്യങ്ങളെല്ലാം ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ.

എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം, പൗരത്വ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം സമരരംഗത്താണ്. നമ്മൾ ഇവിടെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. അതിൽക്കൂടുതൽ എന്താണ് വേണ്ടത്? കേരളം മുഴുവനും പ്രകടനം നടത്തി ജനങ്ങളുടെ മനസ്സിലേയ്ക്ക് ഈ വികാരം കടത്തിവിട്ട്...., 96 ശതമാനം മുസ്ലീംങ്ങളുള്ള

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ താമസിക്കുന്നയാളാണ് ഞാൻ. ഇന്ന് നിങ്ങൾ രണ്ടുംകൂടി നടത്തുന്ന ഈ സമരംകൊണ്ട് കിട്ടിയിരിക്കുന്ന ലാഭം എന്താണെന്ന് അറിയാമോ; പാവപ്പെട്ട മുസ്ലീം വനിതകളുടെയും കുഞ്ഞുങ്ങളുടെയും മനസ്സിൽ അരക്ഷിതബോധം വന്നിരിക്കുകയാണ്. ഇന്ത്യയിൽ അവർ സുരക്ഷിതരാണോ എന്ന പേടി വന്നിരിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് ജനിച്ചുവളർന്ന ഒരു മുസൽമാന് ആര് നോക്കിയാലും പൗരത്വം കൊടുക്കാതിരിക്കാൻ കഴിയുമോ; അങ്ങനെയൊരു സംഭവമുണ്ടാകാൻ പോകുന്നുണ്ടോ; നടക്കാത്ത കാര്യം പറഞ്ഞ് സമരം ചെയ്ത് പാവപ്പെട്ട മുസ്ലീം സഹോദരങ്ങളെ ഭീതിയിലാക്കുന്നു. എനിക്ക് എന്റെ നാടിനോട് ഉത്തരവാദിത്വമുണ്ട്. എന്റെ നാട്ടിൽ ജനിച്ച ആർക്കെങ്കിലും പൗരത്വമില്ലെങ്കിൽ ഏതവന്റെയടുത്തും പോയി പൗരത്വം വാങ്ങാൻ എനിക്ക് തന്റേടമുണ്ട്. അതുകൊണ്ടാണ് ഇത് പറയുന്നത്. അപ്പോൾപ്പിന്നെ ആർക്കുവേണ്ടിയാണ് നിങ്ങൾ സമരം ചെയ്യുന്നത്; ഈ പരാജയ ഭീതി ജനങ്ങളിലുണ്ടാക്കുന്നത്? അതുകൊണ്ട് പറഞ്ഞതാണ്.

ഇവിടെ ഗവൺമെന്റുണ്ട്, അഞ്ചുപൈസ കയ്യിലില്ല. നാളെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സഹകരണ ജീവനക്കാരുടെ സമരം ഉദ്ഘാടനം

ചെയ്യാൻ പോകുകയാണ്. ശ്രീ. തിരുവഞ്ചൂരേ, ദൈവത്തെയോർത്ത് ആ സമരം ഉദ്ഘാടനം ചെയ്യാൻ അങ്ങ് പോകരുത്. സഹകരണ മേഖലയിലെ ശമ്പളമെത്രയാണ്? ബഹുമാനപ്പെട്ട മന്ത്രി അവിടെ ഇരിപ്പുണ്ടല്ലോ; ഒന്നു പറയൂ. ഒരു പൈസ സഹകരണ മേഖലയിൽ കൂട്ടിക്കൊടുത്താൽ നിങ്ങളെ ദൈവം ശിക്ഷിക്കും, ഈ ഗവൺമെന്റിനെയും. ഞാൻ ഒരു ബാങ്കിലെ കാര്യം പറയാം. ഒരു ബാങ്കിൽ ആറാം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള പ്യൂൺ വാങ്ങുന്നത് 74,000/- രൂപ, ശമ്പളം വാങ്ങുന്ന രണ്ട് പ്യൂൺമാരുണ്ട്. 72,000/- രൂപ ശമ്പളം വാങ്ങുന്ന ഒരു പ്യൂണുണ്ട്. 90,000/- രൂപ ശമ്പളം വാങ്ങുന്ന ഒരു കീപ്പറുണ്ട്. ഒരു ബാങ്കിലെ കാര്യമാണ് ഈ പറയുന്നത്. ഇനി എങ്ങോട്ടാണ് ശമ്പളം കൂട്ടിക്കൊടുക്കുന്നത്; മനഃസാക്ഷി വേണ്ടേ? സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 42.8 ശതമാനവും അഞ്ചര ലക്ഷത്തോളം വരുന്ന അദ്ധ്യാപകരും സെക്രട്ടേറിയറ്റ്-ഇതര വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് സുഖമായി ഭക്ഷണം കഴിക്കുകയാണ്. 24 ശതമാനം നികുതിപ്പണവും പോകുന്നത് പെൻഷനുവേണ്ടിയാണ്. 18 ശതമാനം നിങ്ങൾ രണ്ടുപേരുംകൂടി വാങ്ങിയ പണത്തിന് പലിശ കൊടുക്കുകയാണ്. 84.8 ശതമാനം റവന്യൂ വരുമാനം ഇങ്ങനെ പോകുകയാണ്. ബാക്കി 15 ശതമാനം കൊണ്ടാണ് ആശുപത്രി,

വിദ്യാഭ്യാസ മേഖലകളിലെ കാര്യങ്ങൾ നടക്കുന്നത്. ഇത് എങ്ങനെ മുന്നോട്ടുപോകും? കൃഷിക്കാരനെപ്പറ്റി പറയുമ്പോൾ, തെറ്റിദ്ധരിക്കരുത്, ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്. അഞ്ചേക്കർ റബ്ബർ തോട്ടം വച്ച് ഞാൻ നോക്കി. ഒരു വർഷത്തെ വരുമാനം 60,000/- രൂപ, ഒരു പ്യൂണിന്റെ വരുമാനം എത്രയാണ്; ഒരു എൽ.ഡി. ക്ലർക്കിന് 25,000/- രൂപ ശമ്പളമുണ്ട്. ഒരു വർഷം അവന് 3 ലക്ഷം രൂപ കിട്ടും. അഞ്ചേക്കർ ഭൂമിയുള്ള ഒരു റബ്ബർ കൃഷിക്കാരന് ഒരു വർഷം 60,000/- രൂപ കിട്ടും. ഒരു എൽ.ഡി. ക്ലർക്കിനൊപ്പം അവന് വരുമാനമുണ്ടാകണമെങ്കിൽ എത്ര നാൾ വേണം? അഞ്ച് ഏക്കറിന് 60000, പത്തേക്കറിന് 1.2 ലക്ഷം, ഇരുപതേക്കറിന് 2.40 ലക്ഷം. 25 ഏക്കർ റബ്ബർ തോട്ടമുള്ള കൃഷിക്കാരന് തുല്യമാണ് ഒരു എൽ.ഡി. ക്ലർക്ക്. കൃഷിക്കാരനെ വളർത്തുമെന്ന് പറഞ്ഞിട്ട് എന്താണ് നിങ്ങൾ ചെയ്യുന്നത്? കൃഷിക്കാരന്റെ കാര്യം പറയുമ്പോൾ, 25 ഏക്കർ റബ്ബർ തോട്ടമുള്ളവൻ സമ്പന്നനെന്നാണ് പറയുന്നത്. അവന് കഞ്ഞി കുടിക്കാൻ മാർഗ്ഗമില്ല. ഇവിടെ എൽ.ഡി. ക്ലാർക്കിന് 3 ലക്ഷം വാർഷിക വരുമാനം കിട്ടുന്നു. പ്യൂണിന് 23,000/- രൂപ ശമ്പളമില്ലേ? നിങ്ങൾ ഇതൊന്നും കാണുന്നില്ല. ഇവിടത്തെ പാവപ്പെട്ട കൃഷിക്കാരൻ ഇന്ന് വേദനിച്ച് ജീവിക്കുകയാണ്. ചോദിക്കാനും

പറയാനും ആളില്ല. അതുപോലെതന്നെ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും ആനുകൂല്യം പ്രഖ്യാപിച്ചപ്പോൾ 5 ഏക്കറാണ് വച്ചത്. നാണമില്ലേ ശ്രീ. എ. കെ. ബാലൻ, നിങ്ങളുടെ ഗവൺമെന്റ് അത് 2.5 ഏക്കറായി ചുരുക്കിയല്ലോ; നിങ്ങളുടെ മനഃസാക്ഷി എവിടെപ്പോയി? നിങ്ങൾ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം, എനിക്ക് എതിർപ്പില്ല. പക്ഷെ മനഃസാക്ഷി വേണം. കർഷകന് ജീവിക്കണം. പട്ടിണി കിടന്ന് ചാകുകയാണ്. ആ ചാകുന്നവരുടെ പ്രതിനിധിയായാണ് പറയുന്നത്. മനഃസാക്ഷിയില്ലാതെ പോകാൻ പറ്റില്ല.

ശമ്പള വർദ്ധനവ്, അതുകൂടി പറഞ്ഞ് നിർത്താം. നിങ്ങൾ ശമ്പള കമ്മീഷനെ വച്ചിരിക്കുകയാണ്. ആർക്കാണ് ഇനി ശമ്പളം? കഴിഞ്ഞ ശമ്പള കമ്മീഷൻ റിപ്പോർട്ട് നിങ്ങളുടെ ഗവൺമെന്റ് ഒന്ന് വായിക്കണം. എന്താണ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്; ഇങ്ങനെയുള്ള ശമ്പള വർദ്ധനവ് തെറ്റാണ്. അഞ്ച് വർഷം കൂടുമ്പോൾ ശമ്പളം വർദ്ധിപ്പിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. കേന്ദ്ര ഗവൺമെന്റിൽപോലും പത്ത് വർഷം കൂടുമ്പോഴാണുള്ളത്. നിങ്ങൾ ഇപ്പോൾ അഞ്ച് കൊല്ലത്തിലൊരിക്കലായി വച്ചിരിക്കുകയാണ്. ആ ശമ്പള കമ്മീഷൻ 14000 കോടി രൂപയാണ്........

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): സർ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ലാഭത്തിലെ ഒരു വിഹിതം കർഷകന് അവകാശപ്പെട്ടതാണെന്ന് അംഗീകരിക്കുന്നുണ്ടോ; അതിനുവേണ്ടി താങ്കൾ മുൻകയ്യെടുക്കുമോ? കേരളത്തിൽ 40 ലക്ഷം ടൺ അരി വിൽക്കുന്നുണ്ട്. 40/- രൂപയാണ് ഒരു കിലോ അരിയുടെ വില. അതിൽ ഒരു രൂപ മാറ്റിവച്ചാൽ 400 കോടി രൂപ ലഭിക്കും. 400 കോടി രൂപ കിട്ടിയാൽ ഒരു ഏക്കർ കൃഷി ചെയ്യാൻ 15,000/- രൂപ കൊടുക്കാം. പണിയെടുക്കുന്ന മൂന്ന് തൊഴിലാളിക്ക് 2,500/- രൂപ വച്ച് കൊടുത്താൽ 50 കോടി രൂപയാകും. ബാക്കി 350 കോടി രൂപയുണ്ടാകും. കൃഷിക്കാരനെ രാജ്യസേവകനായി അംഗീകരിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ജി.എസ്.ടി വന്നതുകൊണ്ട് കേരളത്തിന് മാത്രമായി നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്. അത് ഇന്ത്യാ ഗവൺമെന്റാണ് നടപ്പാക്കേണ്ടത്. നമുക്ക് ഒരുമിച്ച് അക്കാര്യം ആവശ്യപ്പെടുന്നതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മന്ത്രി, എനിക്ക് അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ചക്ക വറുത്തെടുത്താൽ അത്

മൂല്യവർദ്ധിതമാകും. അത് എവിടെ കൊടുത്ത് പണം വാങ്ങും? അതാണ് ഞാൻ ചോദിക്കുന്നത്. മൂല്യവർദ്ധിതംകൊണ്ടുമാത്രം കർഷകൻ രക്ഷപ്പെടില്ല. ഞാൻ തറപ്പിച്ച് പറയുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്...

<u>ശ്രീ. പി. സി. ജോർജ്</u>: ഞാൻ ചുരുക്കുകയാണ്. പറഞ്ഞുവന്ന പോയിന്റ് പറഞ്ഞ് നിർത്താം. റവന്യൂ വരുമാനത്തിന്റെ 15 ശതമാനംകൊണ്ട് ജീവിക്കാൻ സാധ്യമല്ല. പുതിയ ശമ്പള കമ്മീഷൻ വന്നിരിക്കുകയാണ്. 14,000 കോടി രൂപ. അതിന്റെ കണക്കുപറയാൻ സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. അതിൽ ഒരു ഏഴായിരം കോടി രൂപയുണ്ടെങ്കിൽ കേരളത്തിലെ മൂന്ന് കോടി അറുപത് ലക്ഷം ജനങ്ങളും സമ്പന്നന്മാരായി ജീവിക്കും. അതിന് പണമില്ല. ഈ പത്ത് ലക്ഷം ആളുകൾക്ക് വേണ്ടിമാത്രമായി 14,000 കോടി രൂപ കൊടുക്കാൻ പോകുന്ന നിങ്ങളുടെ നടപടി തെറ്റാണ്. മൂന്ന് കോടി അമ്പത് ലക്ഷം ആളുകൾ പട്ടിണികിടക്കുകയാണ്. ഇതുമനസ്സിലാക്കാതെ നിങ്ങൾ പെരുമാറരുത്. ശമ്പളവർദ്ധനവ് അനുവദിക്കാൻ പാടില്ലെന്ന ശക്തമായ

അഭിപ്രായംകൂടി ഞാൻ രേഖപ്പെടുത്തുന്നു. ഒരു കാരണവശാലും ശമ്പളവർദ്ധനവുമായി മുന്നോട്ടുപോകരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. മാത്യൂ ടി. തോമസ്: സർ, 2016 മേയ് 25-ാം തീയതി അധികാരത്തിൽ വന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ അഞ്ചാമത്തെ നയപ്രഖ്യാപനമാണ് ഈ സഭയിൽ നടത്തിയിരിക്കുന്നത്. നാല് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള സുസ്ഥിര വികസനം നാട്ടിൽ കൊണ്ടുവരാൻ കഴിഞ്ഞ ഗവൺമെന്റാണിത്. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത പ്രതിസന്ധികൾ ഈ നാല് കൊല്ലക്കാലം സംസ്ഥാനത്തുണ്ടായി. 2017-ലെ വരൾച്ച, നിപ വൈറസ്, ഓഖി ദുരന്തം, 2018-ലെ മഹാപ്രളയം ഇപ്പോൾ കൊറോണ വൈറസ്, കേന്ദ്ര നയത്തിന്റെ ഭാഗമായുള്ള അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, കേന്ദ്രത്തിന്റെ ശത്രുതാനയം തുടങ്ങി പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴാണ് ഒരു കാലഘട്ടത്തിലുമില്ലാത്ത സുസ്ഥിര വികസനം കൈവരിക്കാൻ ഈ

സർക്കാരിന് കഴിഞ്ഞിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മാത്രമല്ല, നമ്മുടെ ജനസുരക്ഷയ്ക്കുവേണ്ടിയും സർക്കാർ ആശുപത്രികളിലെ സേവനങ്ങൾക്കുവേണ്ടിയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതടക്കമുള്ള ഒരു സുവ്യക്തമായ കാഴ്ചപ്പാടോടുകൂടി കഴിഞ്ഞ മൂന്നേമുക്കാൽ വർഷത്തോളം പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതാണ് വസ്തുത. നന്ദിപ്രമേയ ചർച്ചയിൽ പ്രതിപക്ഷം പ്രധാനമായും ഉന്നംവയ്ക്കുന്നത് പ്രതിപക്ഷ നേതാവ് അവതരിപ്പിക്കുന്നതിനുവേണ്ടി നോട്ടീസ് നൽകിയ ഒരു ഉപക്ഷേപത്തിന്റെ പേരിലാണ്. സഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു പ്രമേയത്തിന് സമാനമൊന്നുമല്ല. സഭ പാസാക്കിയ പ്രമേയം രാജ്യത്തെ മുഴുവൻ ബാധിക്കുന്ന പൗരത്വ വിഷയത്തെ സംബന്ധിച്ചാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ ശ്രീ. പി. സി. ജോർജ് മുസ്ലീം സഹോദരങ്ങൾക്കും ഇവിടെ പൗരത്വം കിട്ടാതെപോകില്ലെന്ന് ഉറപ്പിച്ചുപറഞ്ഞു. അദ്ദേഹത്തിന് പ്രസംഗിക്കാനുള്ളത് രണ്ടു മിനിട്ടാണ്. ആറ് മിനിട്ടെടുത്തു. രണ്ട് മിനിട്ടിൽ ഒരു മിനിട്ട് ബി.ജെ.പി.യുടേതായിരിക്കാം. അതുകൊണ്ട് ആദ്യഭാഗം

കുറച്ചധികം പൗരത്വ നിയമത്തിന് അനുകൂലമായി സംസാരിച്ചു. ഇന്ത്യയുടെ മുൻരാഷ്ട്രപതി 1975 ജൂൺ മാസം 25- ാം തീയതി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി വച്ചുനീട്ടിയ അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിൽ ഒപ്പുവച്ച ഫക്രുദീൻ അലി അഹമ്മദിന്റെ പിൻതലമുറക്കാർക്ക് ഇപ്പോൾ പൗരത്വം കിട്ടുന്നില്ല. അവർ ഇപ്പോൾ രജിസ്റ്ററിന് പുറത്താണ്. അപ്പോൾ സംഘപരിവാറും ബി.ജെ.പി.യും പ്രചരിപ്പിക്കുന്ന, ഒരു മുസ്ലീം സഹോദരരും രാജ്യത്തിന് പുറത്തുപോകില്ലെന്ന അവരുടെ ശബ്ദം ഈ സഭയിൽ ഉയർന്നുകേട്ടത് സങ്കടകരമായിപ്പോയി എന്നുപറയാനാണ് ഞാൻ ശ്രമിക്കുന്നത്. ഒരു രാഷ്ട്രം നിലനിൽക്കുന്നത് ഒരു അടിത്തറയിലാണ്. ഇന്ത്യാ രാജ്യം നിലനിൽക്കുന്നത് നമ്മുടെ ഭരണഘടനയിലാണ്. അതിന്റെ സത്തയാണ് ജനാധിപത്യവും മതേതരത്വവും. ജനാധിപത്യം മരിക്കുന്നിടത്ത് മതേതരത്വം ഇല്ലാതാകും. തിരിച്ചും സംഭവിക്കാം. മതേതരത്വമാണ് ആദ്യം നശിക്കപ്പെടുന്നതെങ്കിൽ മതേതരത്വത്തിന്റെ നാശത്തിലൂടെ ജനാധിപത്യത്തിന്റെ ഇല്ലായ്മയാണ് നാം ക്ഷണിച്ചുവരുത്തുന്നത്. നമ്മുടെ

രാജ്യത്ത് മതേതരത്വം ഇല്ലാതാക്കാൻവേണ്ടി സംഘപരിവാറും ബി.ജി.പി.യും നടത്തുന്ന പരിശ്രമങ്ങൾ ആത്യന്തികമായി ഇന്ത്യയുടെ മഹത്തായ ജനാധിപത്യമൂല്യങ്ങളെയായിരിക്കും തകർത്തെറിയാൻ ഇടയാക്കുകയെന്ന തിരിച്ചറിവ് നമുക്ക് എപ്പോഴും ആവശ്യമാണ്. അതുകൊണ്ട് അന്നത്തെ പ്രമേയം ഏകകണ്ഠമായിരുന്നെങ്കിൽ ഇന്നത്തേത് അത്തരത്തിലുള്ള വിഷയമല്ല. 1989-ൽ നടന്ന ചർച്ചയെക്കുറിച്ച് പല ആളുകളും ഇവിടെ സൂചിപ്പിച്ചു. ഇത് അതിനുസമാനമല്ല. അന്ന് പ്രതിപക്ഷ നേതാവായിരുന്ന കെ. കരുണാകരൻ അത്തരത്തിലൊരു ചർച്ച നടത്തുന്നത് സഭയുടെ അന്തസ്സിന് ചേരുന്നതല്ലെന്ന് പറഞ്ഞപ്പോൾ പഴയ നിയമസഭാ മന്ദിരത്തിൽ മൂന്നാം നിരയിലിരുന്നു ഡെസ്കിലടിച്ച് പ്രോത്സാഹിപ്പിച്ച ആളാണ് ഇന്നത്തെ പ്രതിപക്ഷ നേതാവ്. ഞാനും ആ സഭയിലുണ്ടായിരുന്നു. ഞാൻ ആ ചർച്ചയിൽ പങ്കെടുത്ത ആളാണ്. അന്നത്തെ വിഷയം, സർക്കാർ നൽകിയ പാനലിൽ വെട്ടിത്തിരുത്ത് വരുത്തി തൊട്ടുമുമ്പ് മാത്രം സംസ്ഥാനത്തെത്തിയ ഗവർണർ സെനറ്റിലേയ്ക്ക് വേറെ ചില പേരുകൾ കൂട്ടിച്ചേർത്തു. സിൻഡിക്കേറ്റിൽ പ്രിഫറൻസ് വോട്ട്

എന്ന രീതിയിലാണത് ചെയ്തത്. അന്നത്തെ പ്രതിപക്ഷ നേതാവ് കെ. കരുണാകരന്റെ പ്രസംഗത്തിൽ വളരെ വ്യക്തമായി പറയുന്നു, ചാൻസിലറെപ്പറ്റിയാണ് പ്രസംഗമെങ്കിലും ആത്യന്തികമായി അത് ഗവർണർക്കെതിരെയുള്ളതായതുകൊണ്ട് ചർച്ച ചെയ്യാൻ പാടില്ല എന്ന്. അന്നത്തെ വിഷയം, ഗവർണർക്ക് ഈ പേരുകൾ എവിടെ നിന്ന് കിട്ടിയെന്നുള്ളതാണ്. അതൊരു അഡ്മിനിസ്ട്രേറ്റീവ് ആക്ഷനാണ്. കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന് കൊടുത്ത ശിപാർശയ്ക്ക് വിരുദ്ധമായി ഗവർണർ നടത്തിയ ഭരണപരമായ നടപടിയെയാണ് അന്ന് ചോദ്യം ചെയ്തത്. ഇന്ന് അതല്ല. ഗവർണറുടെ ചില വർത്തമാനങ്ങൾ. ക്യാമറയും മൈക്കും കാണുമ്പോൾ ചില ആളുകൾക്കുള്ള സ്വഭാവം ഗവർണർ എന്ന ഉന്നത പദവിയിലിരിക്കുന്ന ആളിന് ഉണ്ടാകാൻ പാടില്ലെന്ന കാര്യത്തിൽ തർക്കമില്ല. കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശയെ തള്ളിക്കളഞ്ഞു എന്ന വിഷയമില്ലാത്തതുകൊണ്ട് അതിന് സമാനമാണ് ഇതെന്ന് കരുതാൻ കഴിയില്ല. ഇവിടത്തെ പ്രശ്നമെന്താണ്; പൗരത്വ വിഷയത്തിൽ സംസ്ഥാന സർക്കാരും സംസ്ഥാനത്തെ മുഖ്യമന്ത്രിയും

രാജ്യത്ത് നേടിയിരിക്കുന്ന മേൽക്കൈ എങ്ങനെ നഷ്ടപ്പെടുത്താമെന്ന ഗവേഷണത്തിലാണ് പ്രതിപക്ഷം. അതിന്റെ ഭാഗമായുള്ള മറുമരുന്ന് അന്വേഷിച്ചുകൊണ്ട് നടക്കുകയാണ്; ഇതൊന്നും അതിന് പോരാ. രക്തസാക്ഷി മണ്ഡപത്തിൽ നമ്മളൊരുമിച്ച് സമരം ചെയ്തു. അപ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞത്, നമുക്കൊരുമിച്ചിരിക്കാമെന്ന് ഞാനാണ് പറഞ്ഞതെന്നാണ്. അതിനെക്കുറിച്ച് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി വിശദീകരിച്ചതിനാൽ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടുന്ന സമയത്തും അന്നും പ്രതിപക്ഷനേതാവ് പറഞ്ഞു, ഞാനാണ് പറഞ്ഞതെന്ന്. അപ്പോൾ ഒരു ഉൾവിളി യു.ഡി.എഫ്.-ലെ ചില ആളുകൾക്കുണ്ടായി. ഈ പ്രക്ഷോഭത്തിൽ ഇങ്ങനെ യോജിച്ച സമരവുമായി പോയാൽ കേരളം രാജ്യത്തിൽ തന്നെ മുൻപന്തിയിലായിരിക്കും. ഈ രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുന്ന പോരാട്ടത്തിലും പ്രക്ഷോഭത്തിലും കേരളത്തിന്റെ മുഖ്യമന്ത്രിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മുൻപന്തിയിൽ വരുന്ന ഒരു സാഹചര്യമൊഴിവാക്കണമെന്ന് അവർ ആഗ്രഹിച്ചു. അന്നുമുതൽ ഈ സംയുക്ത നീക്കങ്ങൾ വേണ്ടെന്ന് തീരുമാനിച്ചു.

അതുകൊണ്ട് തന്നെ മനുഷ്യ മഹാശൃംഖലയിൽ യു.ഡി.എഫ്. പങ്കെടുത്തില്ല. എൽ.ഡി.എഫ്.- ന്റേതായിരുന്ന പരിപാടി. യു.ഡി.എഫ്. കൂടാത്തതുകൊണ്ട് മനുഷ്യ മഹാശൃംഖല പരാജയപ്പെട്ടോ? ഇല്ല. എൽ.ഡി.എഫ്.-ന്റെ പ്രവർത്തകർ മാത്രമാണോ അതിൽ പങ്കെടുത്തത്? അല്ല. മത-ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളുകൾ മാത്രമാണോ പങ്കെടുത്തത്? അല്ല. ഈ രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കണമെന്നാഗ്രഹിക്കുന്ന മുഴുവൻ ജനാധിപത്യ വിശ്വാസികളും ആ മനുഷ്യമഹാശൃംഖലയിൽ പങ്കെടുത്തത് നാം കാണുകയുണ്ടായി. നാട്ടിൽ വികസന പ്രവർത്തനങ്ങൾ നടത്തുക, ഇവിടത്തെ പ്രതിസന്ധികളെ ഒന്നൊന്നായി അഭിമുഖീകരിച്ച് അതിജീവിക്കുക, അതോടൊപ്പം തന്നെ രാജ്യത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന ഉദാത്തമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള രാഷ്ട്രീയമായ ഇടപെടൽ നടത്തുക, അതിന് മുൻകൈയെടുക്കുന്ന സംസ്ഥാന സർക്കാരിന്റെ ഒരു നയപ്രഖ്യാപനമാണ് ഇവിടെ ബഹുമാന്യനായ ഗവർണർ ഈ സഭയിൽ അവതരിപ്പിച്ചത്. ഇവിടെ സംസാരിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്ന് 1985-ലെ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഒരു പ്രസംഗത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. അദ്ദേഹം ഇപ്പോൾ നൽകിയ രൂപത്തിലല്ല ആ പ്രസംഗത്തിന്റെ വ്യാഖ്യാനം. ഞാൻ

അതിലേയ്ക്കല്ല കടക്കുന്നത്. 1985-ന് ശേഷം 2010 വരെയുള്ള 25 വർഷക്കാലം, അതായത് കാൽനൂറ്റാണ്ട് കാലം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമായിരുന്നു. രണ്ടോ മൂന്നോ തവണയെങ്കിലും എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയായി അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുമുണ്ട്. ഇപ്പോൾ ഇത്തരത്തിലുള്ള ഒരു വ്യാഖ്യാനം ആവശ്യമില്ലാതെപോയി എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും വളരാനുള്ള വളക്കൂറുള്ള മണ്ണായി ഭാരതത്തിന്റെ ചില മേഖലകളെ മാറ്റിക്കൊടുത്തത് ആരാണ്? ഒരു സംശയവും വേണ്ട, കോൺഗ്രസ് തന്നെയാണ്. 1980-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷമാണ് ബി.ജെ.പി. രൂപം കൊള്ളുന്നത്. അതിനുമുമ്പ് ജനതാപാർട്ടിയുടെ ഭാഗമായി നിന്നിട്ടുണ്ട്. മൊറാർജി ദേശായിയുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആർ.എസ്.എസ്.-ന്റെ പരിപാടികളൊന്നും നടന്നിട്ടില്ല. 1980-ന് ശേഷം ലോക്സഭയിലേയ്ക്ക് ആദ്യമായി മത്സരിച്ചത് 1984-ലാണ്. അവരുടെ രണ്ട് എം.പി.-മാരാണ് ജയിച്ചത്. അതിനുശേഷം 1989-ൽ 80-ലധികം എം.പി.-മാരായി വളർന്നുവരാനുള്ള സാഹചര്യമുണ്ടായത് രാമജന്മഭൂമി തുറന്നുകൊടുത്ത് കൊണ്ടുള്ള ഒരു പ്രഖ്യാപനം രാജീവ് ഗാന്ധി അന്ന് നടത്തിയതുകൊണ്ടാണ്.

പിന്നീട് കോൺഗ്രസ് ഭരിക്കുന്ന സമയത്ത് അതായത് നരസിംഹ റാവു ഗവൺമെന്റിന്റെ കാലഘട്ടത്തിൽതന്നെയല്ലേ ബാബ്റി മസ്ജിദ് തകർന്നു വീണത്. അങ്ങനെ ബി.ജെ.പി.-യുടെയും സംഘപരിവാറിന്റെയും ആർ.എസ്.എസ്.-ന്റെയും പരിപാടികൾ ഇവിടെ നടപ്പിലാക്കിക്കൊടുത്തത് കോൺഗ്രസ് ഭരിക്കുന്ന സമയത്താണ്. അവർക്ക് വളരാനുള്ള സാഹചര്യമൊരുക്കിക്കൊടുത്തത് കോൺഗ്രസാണ്. ഇന്ന് ആ കോൺഗ്രസിന്റെ കൈയിലൊന്നും നിൽക്കില്ല എതിർപ്പുകൾ. ഇന്ന് രാജ്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ തന്നെ ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അവയെ ചെറുത്തുനിൽക്കാനുള്ള പ്രക്ഷോഭങ്ങളിൽ നമുക്കൊന്നിച്ച് അണിനിരക്കണം. ചില കാര്യങ്ങളിൽ വ്യത്യസ്തതകൾ നിലനിർത്തിക്കൊണ്ടുതന്നെ, രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടി, ഭരണഘടന ഉറപ്പുനൽകുന്ന മൂല്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരുമിച്ച് നിൽക്കാൻ കഴിയണം. ഇക്കാര്യത്തിൽ കേരളത്തിലെ ഗവൺമെന്റ് എടുത്തിരിക്കുന്ന മുൻകൈ നമുക്ക് മുന്നോട്ടുകൊണ്ട് പോകാനാകണം. ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഞാൻ ഈ ഗവർണറുടെ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പറഞ്ഞിട്ടുള്ള 600 ഇന വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള കാഴ്ചപ്പാടും വ്യക്തമായി അവതരിപ്പിക്കുന്നതാണ് ഗവർണറുടെ പ്രസംഗം. ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഗുരുതരമായ പ്രതിസന്ധികളിൽ രാഷ്ട്രീയ പ്രശ്നങ്ങളെപ്പോലും അതിൽ അഭിസംബോധന ചെയ്യുന്നുണ്ട്. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം ഗവർണർ പൂർണ്ണമായും വായിക്കില്ലെന്നാണ് പലരും പ്രതീക്ഷിച്ചിരുന്നത്. വായിക്കാതിരിക്കുന്നതിനുവേണ്ടി ഉപരോധം ഏർപ്പെടുത്താനാണ് 29-ാം തീയതി പ്രതിപക്ഷം ഇവിടെ പരിശ്രമിച്ചത്. ഇവിടെ നിന്ന് നോക്കുമ്പോൾ ഒരു ചങ്ങാതി നാടകം കളിക്കുന്നതുപോലെ തറയിൽ വീഴുന്നതുകണ്ടു. എന്നാൽ പത്രങ്ങളിൽ വന്ന വാർത്ത, വാച്ച് ആൻഡ് വാർഡുമായുള്ള ഉന്തുംതള്ളലിൽ അവർ തള്ളിയിട്ടുവെന്നാണ്. യഥാർത്ഥത്തിൽ അയാൾ ബോധപൂർവ്വം വീഴുകയായിരുന്നു. അങ്ങനെ ഉപരോധിക്കാൻ ശ്രമിച്ചെങ്കിലും ഗവർണർ അദ്ദേഹത്തിന്റെ വിയോജനം പറഞ്ഞുകൊണ്ട് മന്ത്രിസഭ അംഗീകരിച്ച എല്ലാ വാചകങ്ങളും ഇവിടെ പ്രസംഗിക്കുകയുണ്ടായി.

അതൊരു പൊളിറ്റിക്കൽ ഡിപ്ലോമസിയുടെ വിജയമാണ്. ഗവർണർ തന്നെ സൂചിപ്പിച്ച, മുഖ്യമന്ത്രി ആവശ്യപ്പെട്ടതുപ്രകാരം ഞാൻ വായിക്കുന്നതെന്നാണ്. അത് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ ഡിപ്ലോമസിയുടെ വിജയമായി കാണാൻ കഴിയും. ഇവിടെ ഭരണഘടനയെ സംരക്ഷിക്കാനുള്ള പുതിയ കാലഘട്ടത്തിലെ പോരാട്ടത്തിൽ യോജിച്ചുനിൽക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ലെന്നത് ഖേദകരമായ വസ്തുതയാണ്. ശബരിമല പ്രശ്നം വന്ന സമയത്ത് ബി.ജെ.പി.-യുടെ സമരത്തോടൊപ്പം സ്വന്തം കൊടിപിടിക്കാതെ പോകാൻ അണികളെ ആഹ്വാനം ചെയ്ത കോൺഗ്രസ് നേതൃത്വം രാജ്യത്തിന്റെ നിലനിൽപ്പ് ഭീഷണിയാകുന്ന ഈ പ്രശ്നത്തിൽ യോജിച്ച സമരത്തിന് ആഹ്വാനം ചെയ്യുന്നില്ലെന്നുമാത്രമല്ല അതിനുനേരെ വിപരീതസമീപനം സ്വീകരിക്കുന്നത് വളരെ ഖേദകരമായ ഒരു കാര്യമാണ്. കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വം വിളിച്ചുകൂട്ടിയ യോഗത്തിൽ ഏതാണ്ട് ഇരുപതോളം രാഷ്ട്രീയ പാർട്ടികളും മറ്റും പങ്കെടുക്കുകയുണ്ടായി. ആ യോഗത്തിൽ വച്ച് കോൺഗ്രസ് നേതൃത്വം തന്നെ ആഹ്വാനം ചെയ്തത്, കേരള മുഖ്യമന്ത്രിയെയും കേരളത്തെയും മാതൃകയാക്കണമെന്നാണ്. കോൺഗ്രസിനുകൂടി ഭരണപങ്കാളിത്തമുള്ള നിരവധി സംസ്ഥാനങ്ങളിൽ കേരളം പാസ്സാക്കിയതുപോലുള്ള നിയമം പാസ്സാക്കാൻ

ശ്രീമതി സോണിയ ഗാന്ധി അവരുടെ അണികളെ ആഹ്വാനം ചെയ്യുന്ന നില വന്നുചേർന്നു. കേരള സംസ്ഥാനത്ത് സി.എ.എ./എൻ.ആർ.സി./ എൻ.പി.ആർ. തുടങ്ങിയ നിയമങ്ങൾ നടപ്പിലാക്കില്ലെന്നും ഇവിടെ കരുതൽ പാളയങ്ങളുണ്ടാകില്ലെന്നും ആർ.എസ്.എസ്.-ന്റെ അജണ്ട നടപ്പിലാക്കലല്ല ഞങ്ങളുടെ ലക്ഷ്യമെന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള മുഖ്യമന്ത്രിയുടെ നിലപാടിനെ, മുസ്ലീം ജനസമൂഹത്തിൽ ഒരു വലിയ വിഭാഗമാളുകൾ ഉമർ ബിൻ ഖതാബിനെ കാണുന്നതുപോലെയാണ് ശ്രീ. പിണറായി വിജയനെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഖലീഫമാരിൽ ഏറ്റവും അംഗീകാരം നേടിയ ഒരാളായിരുന്നു ഉമർ ബിൻ ഖതാബ്. അദ്ദേഹത്തിന്റെ സ്ഥാനത്താണ് ഇപ്പോൾ മുഖ്യമന്ത്രിയെ ഈ നാട്ടിലെ ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്നത്. അദ്ദേഹം മലപ്പുറത്ത് നടത്തിയിട്ടുള്ള ഒരു പ്രസംഗം ഏറെ ആവേശകരമായിരുന്നു. ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ പ്രാധാന്യവും മലപ്പുറത്തിന്റെ രാഷ്ട്രീയ പശ്ചാത്തലവുമെല്ലാം പറഞ്ഞുകൊണ്ട് നടത്തിയ പ്രസംഗം, ഈ കേരളത്തിൽ സമീപകാലത്ത് അദ്ദേഹം നടത്തിയ ഏറ്റവും നല്ല പ്രസംഗമായിരിക്കുമെന്ന് എനിക്കുതോന്നുന്നു. പ്രതിപക്ഷം മനുഷ്യ മഹാശൃംഖല ബഹിഷ്കരിക്കാൻ തീരുമാനിച്ചെങ്കിൽപ്പോലും വലിയ വിജയമായി

മാറുകയുണ്ടായി. കോഴിക്കോട് നഗരത്തിലെ ഒരു പള്ളിയിൽ ഇശാഹ്ബാങ്ക് കൊടുത്തതിനുശേഷം ഇമാം നിൽക്കുന്ന ആൾ പറയുകയാണ്, ഇപ്പോൾ മനുഷ്യ മഹാശൃംഖലയുടെ സമയമായതുകൊണ്ട് നമ്മുടെ നിസ്കാരം പിന്നെയാണ് എന്നാണ്. മനുഷ്യശൃംഖലയിൽ പങ്കെടുത്ത് തിരിച്ചുവന്നിട്ട് നിസ്കരിക്കാമെന്ന് ഇമാം പറയുക എന്നുപറഞ്ഞാൽ എന്താണ് അതിന്റെയൊരു സ്ഥിതിയെന്ന് നിങ്ങൾ ആലോചിക്കണം. കോഴിക്കോട് അങ്ങാടിയിലെ പള്ളിയിൽ സംഭവിച്ചതാണ്. സംഗതി സത്യവുമാണ്. ഇതുപോലെ ആളുകൾ സ്വമേധയാ വന്നുചേരുക എന്നുപറഞ്ഞാൽ നിങ്ങൾക്ക് ഊഹിക്കാൻ കഴിയുകയില്ല. ലീഗിന്റെ നേതാവ് ശ്രീ. കെ. എം. ബഷീർ സ്വമേധയാ വന്നുചേർന്നതാണ്, ഞങ്ങളാരും കൂട്ടികൊണ്ടുവന്നതല്ല. മനുഷ്യശൃംഖലയിൽ പങ്കെടുത്തതിനാൽ ലീഗുകാർ അദ്ദേഹത്തെ പുറത്താക്കുകയാണ് ചെയ്തത്. നിങ്ങൾ എന്നെ പുറത്താക്കിയാലും ഇതുപോലുള്ള സമരങ്ങളിൽ ഇടതുപക്ഷത്തോടൊപ്പം ഇനിയും ഞാൻ പങ്കെടുക്കും എന്നാണ് പുറത്താക്കുമ്പോൾ അദ്ദേഹം പറഞ്ഞത്. ആയിരക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. ശ്രീ. എം. ജി. എസ്. നാരായണനെ പോലുള്ള ചരിത്രകാരന്മാർ, ശ്രീമതി പി. വത്സലയെപോലുള്ള എഴുത്തുകാരികൾ തുടങ്ങി സമൂഹത്തിന്റെ നാനാമേഖലയിലുള്ളവർ പങ്കെടുത്ത,

സമീപകാല കേരളം കണ്ട ഏറ്റവും ഉജ്ജ്വലമായ ജനപങ്കാളിത്തമുള്ള സമരമായി മനുഷ്യമഹാശൃംഖല മാറി. ആ മനുഷ്യമഹാശൃംഖലയുടെ വിജയം കണ്ട് വിറളിപൂണ്ടിട്ടുള്ള വിഭാഗമാണ് കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ നേതൃത്വം. ദൗർഭാഗ്യകരമെന്ന് പറയട്ടേ, അവരെ വിശദീകരിക്കാൻ ഞങ്ങൾ മെനക്കെടുന്നില്ല. യഥാർത്ഥത്തിൽ അവരെ വിശദീകരിച്ച ഒരാളുണ്ട്. കോൺഗ്രസ് നേതാവ് ശ്രീ. കെ. മുരളീധരൻ. അദ്ദേഹം പറഞ്ഞത്, താമരക്കുമ്പിളിലല്ലോ മമ ഹൃദയം എന്നാണ്. കോൺഗ്രസ്സിന്റെ സമീപകാല സംസ്ഥാന നേതൃത്വം ബി.ജെ.പി.-യുടെ താമരയുടെ ഉള്ളിലാണ് കിടക്കുന്നതെന്നാണ്. അതുകൊണ്ടാണ് ശബരിമലയിൽ ബി.ജെ.പി. നേതൃത്വം ആഹ്വാനം ചെയ്ത സമരത്തിൽ പങ്കെടുക്കാൻ സ്വന്തം അണികളെ ആഹ്വാനം ചെയ്ത അതേ നേതാവ് ഇടതുപക്ഷത്തിന് എതിരായി, ഇടതുപക്ഷത്തെ ബഹിഷ്കരിക്കണമെന്ന രീതിയിലാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. എവിടെയാണ് തെറ്റി പോകുന്നതെന്ന് കോൺഗ്രസ്സുകാർ മനസ്സിലാക്കണം. മാർക്സിസ്റ്റുകാരല്ല കോൺഗ്രസ്സിന്റെ ഒന്നാം നമ്പർ ശത്രുവെന്നും യോജിച്ച സമരമാണ് കാലഘട്ടത്തിന്റെ ആവശ്യമെന്നും ആ യോജിച്ച സമരത്തിൽ നാം നിന്നില്ലെങ്കിൽ കോൺഗ്രസ് ഒറ്റപ്പെട്ട് പോകുമെന്നും യാദവകുലം പോലെ

മുടിഞ്ഞു പോകുമെന്നും അതുകൊണ്ട് കോൺഗ്രസ്സിന്റെ ഒന്നാം നമ്പർ ശത്രു ഇപ്പോൾ കോൺഗ്രസ് തന്നെയാണെന്നാണ് ബഹുമാനപ്പെട്ട എ. കെ. ആന്റണി സമീപകാലത്ത് നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്. പ്രതിപക്ഷ നേതാവും അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ള ആളുകൾ യോജിച്ച സമരത്തിനുവേണ്ടി വാദിക്കുമ്പോൾ പുതിയ കാലഘട്ടത്തിലെ കോൺഗ്രസ് നേതൃത്വം ഈ സമരത്തെ തള്ളിപ്പറയുന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. മുക്കത്ത് നടന്ന സമരത്തെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മുക്കത്ത് പണ്ട് പിതൃത്വം നിർണ്ണയിക്കാൻ വേണ്ടി സമരം നടന്നു. 5-ഉം 10-ഉം വയസ് പ്രായമുള്ള കുട്ടികൾ അച്ഛനാണെന്ന് അവർ ആരോപിക്കുന്ന ആളുടെ മുന്നിൽ വന്ന് നിന്നുകൊണ്ട് അച്ഛാ ഞങ്ങൾ ആരുടെ മക്കൾ, രക്തം കുത്തി പരിശോധിക്കു എന്ന മുദ്രാവാക്യം വിളിക്കും. അച്ഛാ ഞങ്ങൾ ആരുടെ മക്കൾ, രക്തം കുത്തി പരിശോധിക്കു എന്നു പറഞ്ഞത് ഇന്ന് കോൺഗ്രസ്സുകാർ ആലോചിക്കണം. ഇവിടെ പാസ്സാക്കിയിട്ടുള്ള എല്ലാ കരിനിയമങ്ങളുടെയും ഉത്തരവാദിത്വം അതിന്റെ ഉപജ്ഞാതാക്കൾ നിങ്ങളാണ്. ആ കരിനിയമങ്ങളാണ് ഇപ്പോൾ ഇന്ത്യയിൽ പല രൂപത്തിലും ഭാവത്തിലുമായി നടപ്പിലാക്കാൻ ബി.ജെ.പി. ശ്രമിക്കുന്നത്.

യു.എ.പി.എ. ഉൾപ്പെടെയുള്ള വിഷയങ്ങളെ സംബന്ധിച്ച് എനിക്ക് ശേഷം എന്റെ സുഹൃത്ത് സഖാവ് റ്റി. വി. രാജേഷ് സംസാരിക്കുമെന്നതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ വിഷയം ഉയർത്തികൊണ്ട് ഡോ. എം. കെ. മുനീർ കോഴിക്കോട് അങ്ങാടിയിലെ ഒരു വീട്ടിൽ പോയി. അദ്ദേഹം പോയതിന്റെ അടുത്ത ദിവസം ശ്രീ. രമേശ് ചെന്നിത്തലയും പോയി. ഇതെല്ലാം വെറും തരംതാഴ്ന്ന നാടകം കളിക്കുന്നിടത്തേയ്ക്ക് നിങ്ങൾ എത്തുകയാണ്. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും മാറി നിൽക്കുകയാണ്. അത് നിങ്ങളുടെ അവസാനത്തേയ്ക്ക് ഉപകരിക്കു എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷം യു.എ.പി.എ.-യുമായി ബന്ധപ്പെട്ട 26 കേസ്സുകളിൽ 25-ഉം എഴുതി തള്ളുകയാണ്. അതിന്റെ ഒഫിഷ്യലായ നീക്കങ്ങളെല്ലാം കഴിഞ്ഞു. കാസർഗോഡ് ഐ.എസ്.-ഉമായി ബന്ധപ്പെട്ട് ഒരു കേസ് ഒഴിച്ച് ബാക്കിയെല്ലാം തള്ളുകയാണ് ചെയ്യുത്. നിങ്ങളുടെ കാലത്ത് യു.എ.പി.എ.യു-മായി ബന്ധപ്പെട്ട് 136 കേസ്സുകളാണ് ചാർജ് ചെയ്യുതെന്നുള്ളത് മറക്കരുത്. അതെല്ലാം ചെയ്യിട്ട് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇത് ശരിയായ സമീപനമല്ല.

ജമാ അത്തെ ഇസ്ലാമി എന്ന സംഘടനയുടെ ഹെഡ് ക്വാർട്ടേഴ്സ് എന്റെ നിയോജകമണ്ഡലമായ മുക്കത്തെ ചേന്ദമംഗല്ലൂരാണ്. അവരാണ് യു.ഡി.എഫ്.-ന്റെ അജണ്ട നിശ്ചയിക്കുന്നത്. യു.ഡി.എഫ്.-നെ വിളിച്ചുകൂട്ടുന്നവരാണ്, ഏകോപിപ്പിക്കുന്നവരാണ്, ജമാ അത്തെ ഇസ്ലാമിയുടെ അജണ്ടക്കനുസരിച്ച് സഞ്ചരിക്കുന്ന വിഭാഗമായി ഇന്ന് കോൺഗ്രസ് നേതൃത്വം മാറുകയാണ്. ഇതുമൂലം ഉണ്ടാകാൻ പോകുന്ന ഭവിഷത്ത് നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാകില്ല. ഭൂരിപക്ഷ വർഗ്ഗീയതയെ ആളികത്തിക്കാൻ മാത്രമേ ന്യൂനപക്ഷ വർഗ്ഗീയതയുടെ പരിലാളന ഏറ്റുവാങ്ങുന്നതിലൂടെ സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് ജമാ അത്തെ ഇസ്ലാമിയുടെ കെണിയിൽ വീഴാതിരിക്കാനെങ്കിലും മുസ്ലീംലീഗിലെ പക്വതയുള്ള ആളുകൾ ശ്രദ്ധിക്കണം. കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ നന്ദിപ്രമേയത്തിന് അനുകൂലമായി ഒരുവട്ടം കൂടി അഭിപ്രായം രേഖപ്പെടുത്തികൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ഗവർണർക്ക് തന്നെ വേണ്ടാത്ത നന്ദി പ്രമേയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. പിന്നെ അതിന് നന്ദി പറയേണ്ട ആവശ്യം എന്താണുള്ളത്? പൗരത്വ വിഷയം

കിട്ടിയില്ലായിരുന്നെങ്കിൽ ഈ സർക്കാരിന്റെ നേട്ടം എന്താണെന്നത് സംബന്ധിച്ച് ചർച്ച ചെയ്യേണ്ട കാര്യമാണ്. ഈ പൗരത്വത്തിൽ എല്ലാം ഒലിച്ച് പോകുമെന്ന് മനസ്സിലാക്കിയാണ് ഈ കളി കളിക്കുന്നത്. യു.ഡി.എഫ്./കോൺഗ്രസ് സഹകരിച്ചില്ലായെന്ന് ബഹുമാനപ്പെട്ട തിരുവമ്പാടി മെമ്പർ ജോർജ് എം. തോമസ് പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ബി.ജെ.പി. അധികാരത്തിൽ വരാൻ പോകുന്നതുകൊണ്ട് നിങ്ങൾ സഹകരിക്കണമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ എന്ത് നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്? നിങ്ങൾക്ക് പ്രധാനമന്ത്രി സ്ഥാനാർത്ഥി........... ഇവിടെ ഇക്കാര്യം പലതവണ ചർച്ച ചെയ്തതാണ്. ഇപ്പോൾ കേരളത്തിൽ നല്ല നിലപാട് സ്വീകരിച്ചുവെന്ന് പറയുന്നു. കേരളത്തിന്റെ മതേതര സ്വഭാവവും പൈതൃകവും ചരിത്രവും പാരമ്പര്യവും അതാണ്. അത് ഇടതുപക്ഷ സർക്കാർ ഭരിക്കുന്നതുകൊണ്ട് മാത്രമുണ്ടായ കാര്യമല്ല. കേരളത്തിൽ യു.ഡി.എഫ്. ആണ് ഭരിക്കുന്നതെങ്കിൽ ഇതിലേറെ ശക്തിയായി ഈ നയവുമായി മുന്നോട്ട് പോകുമെന്ന് മാത്രമല്ല, ഒരുമിച്ചുള്ള സമരവുമായി ഞങ്ങൾ മുന്നോട്ട് പോകുകയും ചെയ്യുമായിരുന്നു. നിങ്ങൾ ഇവിടെ ഇതിനെ പ്രോത്സാഹിപ്പിച്ചത് പലതിലാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്ത് വിഭജനവുമായി

ബന്ധപ്പെട്ട് വന്നപ്പോൾ, ക്രിസ്ത്യൻ പഞ്ചായത്ത്, മുസ്ലീം പഞ്ചായത്ത് എന്ന് പറഞ്ഞ ആളുകളാണ് നിങ്ങൾ. ബി.ജെ.പി.-ക്ക് പ്രോത്സാഹനം കൊടുത്ത ആളുകളാണ് നിങ്ങൾ. ബി.ജെ.പി.-യെ വളർത്താനുള്ള നിലപാടാണ് സ്വീകരിച്ചത്. നിങ്ങൾ ഇപ്പോൾ പറയുന്നതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ട്. നിങ്ങൾ ബഹളം വയ്ക്കേണ്ട. പൗരത്വ നിയമ ഭേദഗതിക്കെതിരെ നാദാപുരത്ത് പ്രകടനം നടത്തി നിങ്ങൾ. ബംഗാളികളാണ് പ്രകടനം നടത്തിയത്. ആ പ്രകടനം നടത്തി കുറച്ചുകഴിഞ്ഞതിനുശേഷം രാത്രി ഇവർ കിടന്നുറങ്ങുന്ന ഫ്ലാറ്റിൽ കയറി ഇവരെ മർദ്ദിച്ചു. 8 ആളുകൾക്ക് പരിക്കുപറ്റി.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, (മൈക്ക് ഓഫ്) (ബഹളം)....

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: ഷംസീർ കേൾക്കൂ... ഞാൻ പറഞ്ഞുതരാം. എന്നിട്ട് നിങ്ങൾ സംസാരിക്കൂ. അവരെ മർദ്ദിച്ചതിൽ പ്രതിഷേധിച്ച് ഉടൻ യു.ഡി.എഫ്.-കാർ ബി.ജെ.പി., ആർ.എസ്.എസ്.-കാർക്കെതിരെ ശക്തമായ പ്രകടനം നടത്തി. ഈ പാവങ്ങളെ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. ഒരാളുടെ തലയ്ക്ക് 8 സ്റ്റിച്ചാണുള്ളത്. ഒന്നാം നമ്പർ ഡി.വൈ.എഫ്.ഐ.-ക്കാരായ മൂന്ന് പേരെയാണ് രണ്ടാമത്തെ ദിവസം

പോലീസ് അറസ്റ്റ് ചെയ്തത്. സാധാരണ വടകര മേഖലയിൽ ഒരാൾ അങ്ങോട്ട് തുറിച്ച് നോക്കിയാൽ 308-ാം വകുപ്പ് പ്രകാരം കേസ്സെടുക്കുന്നതാണ്. ഈ പ്രതികളെ പോലീസ് ജാമ്യത്തിൽ വിട്ടയയ്ക്കുകയാണുണ്ടായത്. ഞാനും ശ്രീ. കെ. മുരളീധരനും ലോംഗ് മാർച്ച് നടത്തി. മാർച്ച് കഴിഞ്ഞതിന്റെ പിറ്റേദിവസം ഞങ്ങളുടെ പ്രവർത്തകരെ ഒരു കാരണവുമില്ലാതെ എടച്ചേരി പോലീസ് സ്റ്റേഷനിൽ നിന്ന് വിളിച്ച് കേസ്സെടുക്കാൻ പോകുകയാണെന്ന് പറഞ്ഞു. ഞാനും ശ്രീ. കെ. മുരളീധരനും വന്ന് കിടക്കാമെന്ന് പറഞ്ഞു. ഞങ്ങളുടെ പേരിൽ കേസ്സെടുത്തുകൊള്ളൂ എന്ന് പറഞ്ഞു. ഒരു കാരണവുമില്ലാതെ പോലീസ് ചൊറിയുകയാണ്. അങ്ങനെയുള്ള പോലീസിനെ വച്ചുകൊണ്ട്....നിങ്ങളുടെ നിലപാട് കൊണ്ടാണ് പോലീസ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. ആലുവയിൽ പൗരത്വ ബില്ലിനെതിരെ പ്രതിഷേധിച്ചുവെന്ന കാരണത്താൽ പ്രകടനത്തിൽ പങ്കെടുത്തു, കേസ്സില്ല. വഴി തടഞ്ഞിട്ടില്ല, ഒന്നുമില്ല. കേസ്സെടുത്തപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? പാവത്തിനൊരു ജോലി കിട്ടുന്നത് നിഷേധിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. ഇത്തരം നിലപാടുകളുമായി മുന്നോട്ടുപോകുമ്പോൾ നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് എന്താണ്? ഒരു സമൂഹത്തെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുകയാണ്. നിങ്ങൾക്ക് രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ന്യൂനപക്ഷ

വിഭാഗത്തെ കൊണ്ടുപോകാമെന്നാണ് കരുതുന്നതെങ്കിൽ അത് നടക്കുകയില്ല. അത് ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോൾ ജാഥ നടത്താൻ സി.പി.ഐ.(എം) ഭയങ്കര........ സി.പി.ഐ.(എം) ജാഥ നടത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ നിങ്ങളുടെ പിന്നിലെ അണികളാരാണ്? ആ ജാഥയുടെ പിന്നിൽ സി.പി.ഐ.(എം)-ന്റെ പ്രവർത്തകർ എത്രയുണ്ടെന്ന് പരിശോധിക്കണം. എന്നിട്ട് അതിനുവേണ്ട നടപടികൾ നിങ്ങൾ സ്വീകരിക്കണം. (......ബഹളം......) നിങ്ങൾക്കൊപ്പം അണികളില്ല. (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, പ്ലീസ്..... (......ബഹളം......) പ്ലീസ്......

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിങ്ങൾ സംരക്ഷിക്കുമെന്ന് പറയുമ്പോൾ ഞങ്ങൾക്കത് വിശ്വസിക്കാൻ സാധിക്കില്ല. (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, പ്ലീസ്..... (......ബഹളം......) അങ്ങ് ഇവിടെനോക്കി സംസാരിക്കു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസാരിക്കാൻ അനുവദിക്കണ്ടേ? ഇടതുപക്ഷം സംരക്ഷിക്കുമെന്ന് പറയുമ്പോൾ ന്യൂനപക്ഷ വിഭാഗത്തിന്

സംശയമുണ്ട്. എന്തുകൊണ്ടാണ് സംശയം? യു.എ.പി.എ. ഞങ്ങൾ നടപ്പിലാക്കുകയില്ലെന്ന് ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ നിങ്ങൾ യു.എ.പി.എ. പ്രകാരം നിങ്ങളുടെ പാർട്ടിക്കാരായ അലൻ ഷുഹൈബിനെയും താഹ ഫസലിനെയും അറസ്റ്റ് ചെയ്തു. ഇപ്പോൾ നിങ്ങളുടെ നിലപാട് എന്താണ്? പൗരത്വ ബില്ലുമായി ബന്ധപ്പെട്ട് എൻ.പി.ആർ. ഉണ്ടാകില്ലെന്ന് പറഞ്ഞു. കൊടുവള്ളിയിലും താമരശ്ശേരിയിലും മഞ്ചേരിയിലും പല നഗരസഭകളിലും കത്ത് വന്നു. എൻ.പി.ആർ.-ന്റെ ഭാഗമായി സെൻസസുമായി ബന്ധപ്പെട്ടുകൊണ്ട് തന്നെ കത്ത് വന്നത്. എന്താണ് നിങ്ങൾക്ക് ചെയ്യാൻ സാധിച്ചത്? അതുമാത്രമല്ല, കലക്ക വെള്ളത്തിൽ മീൻ പിടിക്കുന്നതിനാണ് നിങ്ങൾക്ക് താല്പര്യം. നിങ്ങളിപ്പോൾ ജമാ അത്തെ ഇസ്ലാമിക്ക് എതിരായി പറയുന്നു. കുട്ടിലങ്ങാടി പഞ്ചായത്തിൽ ജമാ അത്തെ ഇസ്ലാമിയും സി.പി.ഐ. (എം)-ഉം ഒരുമിച്ച് ഭരിക്കുമ്പോൾ...... (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇവിടെ നോക്കി സംസാരിക്കു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ശ്രീ. സി. കെ. നാണു ഇവിടെയുണ്ട്. എന്റെ ജന്മദേശമായ വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ. പ്രവർത്തകരോടൊപ്പം നിന്നിട്ടാണ് രണ്ട്

മാസം മുമ്പ് നിങ്ങൾ അധികാരം പിടിച്ചെടുത്തത്. നിങ്ങൾ കാലങ്ങളായി വർഗ്ഗീയ കക്ഷികളെ പ്രോത്സാഹിപ്പിക്കുകയാണ്. വർഗ്ഗീയമായ നിലപാടുകൾ സ്വീകരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...... സമയം കഴിഞ്ഞു.

ശ്രീ. സി. കെ. നാണു: സർ, പോയിന്റ് ഓഫ് ഓർഡർ. എസ്.ഡി.പി.ഐ.-യുടെ ഒരു മെമ്പറുണ്ട്. അയാൾ ഇപ്പോൾ എൽ.ഡി.എഫ്.-നോടൊപ്പമല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അദ്ദേഹം ആർക്കും വോട്ട് ചെയ്തിട്ടില്ല.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അങ്ങനെ പറയരുത്. ഞങ്ങൾ മുസ്ലീം ലീഗ് ഭരിക്കുന്ന പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യോടൊപ്പം നിങ്ങൾ ഒരുമിച്ചുനിന്നു. നാല് വർഷം ഞങ്ങൾ ഭരിച്ചതാണ്. കഴിഞ്ഞ രണ്ട് മാസംമുമ്പ് അവിശ്വാസ പ്രമേയം കൊണ്ടുവന്ന് എസ്.ഡി.പി.ഐ.-ക്കാരെക്കൊണ്ട് വോട്ട് ചെയ്യിപ്പിച്ച് നിങ്ങൾ ഒരുമിച്ച് ഇപ്പോൾ ഇടതുപക്ഷം ഭരിക്കുന്നു. പറപ്പൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യും ഇടതുപക്ഷവും ഒരുമിച്ച് ഭരിക്കുകയാണ്. ഈ വർഗ്ഗീയ ശക്തികളെ തീവ്രവാദ ശക്തികളായി പ്രോത്സാഹിപ്പിച്ചത് നിങ്ങളാണ്, ഞങ്ങളല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിങ്ങൾ ഇടപെട്ടതുകൊണ്ട് എന്റെ സമയം കഴിഞ്ഞു. എനിക്ക് ചില കാര്യങ്ങൾകൂടി പറയാനുണ്ട്. കഴിഞ്ഞ ഡിസംബർ 19-ന് മാംഗ്ലൂരിൽ ഒരു വെടിവയ്പ്പ് നടന്നു. ആ വെടിവയ്പ്പുമായി ബന്ധപ്പെട്ടുണ്ടായ വിഷയത്തിൽ മാംഗ്ലൂരിലെ 5 ടവറുകൾക്ക് കീഴിൽ അന്നുണ്ടായിരുന്ന രണ്ടായിരത്തോളം മലയാളികൾക്കെതിരെ കേസ് വന്നിരിക്കുകയാണ്. ആരാണ് ഈ മലയാളികൾ? അവിടെ ഏറ്റവും വലിയ ആശുപത്രികളും കോളേജുകളും കച്ചവട സ്ഥാപനങ്ങളുമുണ്ട്. അവിടെയൊക്കെ ജോലി ചെയ്യുന്ന ആളുകളും പഠിക്കുന്ന കുട്ടികളുമൊക്കെ കേസ്സിലെ പ്രതിയാക്കി രണ്ടായിരത്തിലധികം ആളുകൾക്കെതിരായി കേസ് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ മലയാളികളായ രണ്ടായിരത്തോളം ആളുകളെ, കേസിൽ യഥാർത്ഥ പ്രതികളുണ്ടെങ്കിൽ അവരെ പിടിക്കട്ടെ, നിരപരാധികളായ ആളുകളെ ഇത്രയും വലിയ മാരകമായ വകുപ്പുകൾ ചുമത്തി കേസ്സെടുക്കുമ്പോൾ അതിനെതിരെ ശക്തമായ നടപടിയും നിലപാടുമായി സംസ്ഥാന സർക്കാർ നീങ്ങണമെന്ന അപേക്ഷ എനിക്കുണ്ട്. അതുപോലെ സംസ്ഥാനത്ത് സെൻസസ് നടപടികൾ പൂർത്തിയാകുന്നതോടെ എൻ.പി.ആർ.

അനായാസം നടപ്പാക്കാനാകുമെന്നാണ് വിലയിരുത്തൽ. 31/32 Field Operations, 2019 എന്ന നമ്പർ കത്താണ് Directorate of Census Operations, Kerala ഇതുസംബന്ധമായി തദ്ദേശസ്ഥാപനങ്ങൾക്ക് അയച്ചത്. ഇതിൽ എൻ.പി.ആർ.-നെക്കുറിച്ച് വ്യക്തമായ സൂചനയുണ്ട്. ഒരു കത്തിൽ എൻ.പി.ആർ.-ഉം സെൻസസും നടപ്പാക്കാൻ നിർദ്ദേശം നൽകിയാൽ സെൻസസ് വിവരങ്ങൾ ഉപയോഗിച്ച് പിന്നീട് ദേശീയ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കാൻ കേന്ദ്രത്തിന് നിയമതടസ്സമുണ്ടാകില്ലെന്ന് നിയമരംഗത്തുള്ളവർ വിലയിരുത്തുന്നുണ്ട്. ഈ സന്ദർഭത്തിൽ സെൻസസിനും എൻ.പി.ആർ.-നും വ്യത്യസ്ത ഉത്തരവുകൾ ഇറക്കാൻ സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, സർക്കാരിനുവേണ്ടി കേരള ഗവർണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെയും അതിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തെയും ഞാൻ പിന്തുണയ്ക്കുകയാണ്. നയപ്രഖ്യാപനം എന്നുപറഞ്ഞാൽ അത്

ഭരണഘടനാപരമായി നടത്താനുള്ള ഉത്തരവാദിത്തം ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഗവർണർക്കാണ്. അത് ഗവർണറുടെ പ്രസംഗമല്ല, സർക്കാരിന്റെ പ്രസംഗമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി ഗവർണർ നടത്തിയ പ്രസംഗമാണ്. വളരെക്കാലത്തെ പരിചയമുള്ളവരെല്ലാം അത് ഗവർണറുടെ പ്രസംഗമാണെന്നാണ് വ്യാഖ്യാനിക്കുന്നത്. അല്ല, കേരള സർക്കാരിനുവേണ്ടി നടത്തിയ പ്രസംഗമാണ്. അതിൽ കഴിഞ്ഞ കാലങ്ങളിൽ ഈ ഗവൺമെന്റ് നടത്തിയ നേട്ടങ്ങളെക്കുറിച്ച് ഭരണപക്ഷത്തുള്ള പലരും പറഞ്ഞുവെന്ന് പറഞ്ഞു, നല്ല കാര്യം. ആ നേട്ടങ്ങളെക്കുറിച്ച് പറയുകയും വരാൻ പോകുന്ന നാളുകളിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ച് സുതാര്യവും സുവ്യക്തവുമായ പ്രഖ്യാപനമാണ് ആ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ മേഖല, വിദ്യാഭ്യാസ മേഖല, കാർഷിക മേഖല, മത്സ്യ മേഖല, വ്യാവസായിക മേഖല തുടങ്ങി കേരളത്തിന്റെ സമസ്ത മേഖലകളിലും കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും വരാൻ പോകുന്ന നാളുകളിൽ നടത്താൻ പോകുന്ന പ്രവർത്തനങ്ങളുമാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞതെല്ലാം നടപ്പിലാക്കിയ ഗവൺമെന്റ് എന്നുള്ളതുകൊണ്ട് ഇതിലെ പ്രഖ്യാപനത്തെയും ജനങ്ങൾ

പ്രതീക്ഷയോടെ കാണുന്ന എന്നുള്ളതാണ് വസ്തുത. ഇതൊന്നും മനസ്സിലാക്കാത്ത ചിലർ ഭരണഘടനാ സംരക്ഷണത്തിനുവേണ്ടി സമരം ചെയ്യുന്ന കേരളത്തിൽ, പ്രതിഷേധങ്ങളാകാം. പക്ഷേ ഭരണഘടനാപരമായ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനെ തടസ്സപ്പെടുത്താൻ പാടുണ്ടോ? ഭരണഘടനാപരമായ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനെ ഭരണഘടന സംരക്ഷിക്കുന്നതിനുവേണ്ടി സമരം ചെയ്യുന്ന കേരളം തടസ്സപ്പെടുത്താൻ പാടുണ്ടോയെന്ന് പ്രതിപക്ഷം ആലോചിക്കണം. എന്താണ് യാഥാർത്ഥ്യം? ഇന്നുനടന്ന ചർച്ചകളും കഴിഞ്ഞ കാലങ്ങളിലെ പ്രസംഗങ്ങളുമെല്ലാം 'മോൻ ചത്താലും വേണ്ടില്ല, മരുമകളുടെ കണ്ണീർ കണ്ടാൽ മതി' എന്ന തരത്തിൽ ഇവിടെ ബി.ജെ.പി. പൗരത്വ നിയമം നടപ്പിലാക്കിയാലും വേണ്ടില്ല, മതന്യൂനപക്ഷങ്ങളെ ഇവിടെനിന്നും ഓടിച്ചാലും വേണ്ടില്ല, ഇവിടത്തെ ഇടതുപക്ഷത്തെ ഇല്ലാതാക്കണമെന്ന ഒരൊറ്റ ലക്ഷ്യം മാത്രമാണ് ഇവിടത്തെ യു.ഡി.എഫ്.-നുള്ളത്. അതിന്റെ മുൻപന്തിയിലാണ് ലീഗ്. ഇത്രയും കാലം ന്യൂനപക്ഷ പ്രേമം പറഞ്ഞുകൊണ്ടാണ് കൂടെ നിർത്തിയിരുന്നത്. സ്വന്തം മണ്ണ് ഒലിച്ചുപോകുന്നുവെന്നുള്ള യാഥാർത്ഥ്യത്തിൽ, ആ തിരിച്ചറിവിൽനിന്നുള്ള ഒരു വെപ്രാളം, അത് സ്വാഭാവികമായും നമുക്ക് മനസ്സിലാക്കാൻ കഴിയും. നിങ്ങൾ

വെപ്രാളപ്പെട്ട് എന്തെല്ലാം പറഞ്ഞാലും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ വസ്തുതകൾ മനസ്സിലാക്കിക്കഴിഞ്ഞു. അതിന്റെ ഏറ്റവും വലിയ തെളിവല്ലേ മനുഷ്യ മഹാശൃംഖല. അത് ലോകത്തിനാകെ മാതൃകയാണ്. ഇത്രയും മഹത്തായ സമരം ജനങ്ങൾ സ്വയം ഏറ്റെടുത്തു. മൂന്നര മണിവരെ റോഡിൽ ആരുമില്ലായിരുന്നു. ബഹുമാനപ്പെട്ട അംഗം നേരത്തെ സൂചിപ്പിച്ചതുപോലെ നാല് മണിയായപ്പോൾ നമസ്കാരം പോലും മാറ്റിവച്ച് അതിൽ പങ്കെടുക്കാൻ വന്നു. എന്തിനുവേണ്ടി? നാളെ സ്വസ്ഥമായി നമസ്കരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെങ്കിൽ ഇതിൽ പങ്കെടുത്താലെ മതിയാകൂ എന്നുള്ള വിശ്വാസികളുടെ തിരിച്ചറിവാണ് ഈ സമരം വമ്പിച്ച വിജയമായി തീർന്നത്. ആ സമരത്തിൽ ലീഗിന്റെ നിലപാട് എന്താണ്? ബി.ജെ.പി.-യുടെ ഫണ്ട് പിരിവ് ഉദ്ഘാടനം നടത്തിയ ഖമറുന്നീസ അൻവറിനെതിരെ നിങ്ങൾ നടപടിയെടുത്തില്ല. അതുപോലെ ശിവസേനയുടെ പരിപാടിയിൽ പങ്കെടുത്ത് ഉദ്ഘാടനം നടത്തിയ ഡോ. എം. കെ. മുനീറിനെതിരെ നിങ്ങൾ നടപടിയെടുത്തില്ല. പക്ഷെ, പൗരത്വ ഭേദഗതി നിയമത്തിനെതിരായി ഇന്ത്യ കണ്ട ഏറ്റവും ബൃഹത്തായ സമരത്തിൽ പങ്കെടുത്തുവെന്നുള്ള കാരണത്താൽ കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് ബഷീറിനെ പുറത്താക്കിയ ലീഗിന്റെ

നടപടിയിലൂടെ നിങ്ങൾ ആരോടൊപ്പമാണെന്ന് കേരളം തിരിച്ചറിയുന്നു. ആർ.എസ്.എസ്.-നെതിരെ ശക്തമായ നിലപാട് യു.ഡി.എഫ്. എന്നാണ് സ്വീകരിച്ചിട്ടുള്ളത്? ഇന്ത്യയിൽ രണ്ട് ദുരന്തങ്ങൾ സംഭവിച്ചു. ഒന്നാമത്തെ ദുരന്തം, നമ്മുടെ പ്രിയങ്കരനായ രാഷ്ട്രപിതാവിനെ കൊലപ്പെടുത്തിയതാണ്, ആ കൊല നടത്തിയത് ആർ.എസ്.എസ്.-കാരാണ്, അന്ന് ഇന്ത്യ ഭരിച്ചിരുന്നത് കോൺഗ്രസ്സുകാരാണ്. രണ്ടാമത്തേത്, ബാബ്റി മസ്ജിദ് തകർത്തപ്പോൾ പൂജാമുറിയിൽ കയറി കതകടച്ചിരുന്ന പ്രധാനമന്ത്രി കോൺഗ്രസ്സിന്റേതായിരുന്നു. ആ യാഥാർത്ഥ്യം മനസ്സിലാക്കണം.

കേരളത്തിന്റെ കാര്യമെടുത്താൽ ഒരുപാട് ചരിത്രത്തിലേയ്ക്കൊന്നും പോകേണ്ട. ഈ സഭയിൽ ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കുന്നില്ലെന്നുപറഞ്ഞ് നടത്തിയ കോലാഹലങ്ങൾ മറന്നുപോകരുത്. അതുപോലെതന്നെ, ശബരിമല വിധി വന്നപ്പോൾ അതുമായി ബന്ധപ്പെട്ട് കൊടിപിടിക്കാതെ സമരത്തിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്ത് സംഘ് പരിവാർ ശക്തികൾക്ക് ആവശ്യമായ പിന്തുണ നൽകിയത് ആരാണ്? ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയ്ക്ക്

ഭ്രൂതോദയമുണ്ടായിയെന്നത് നല്ല കാര്യം. ഇനിയും ഒരുപാട് ഭ്രൂതോദയങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ശ്രീ. ടി. പി. സെൻകുമാറിനെ പിന്തുണച്ചതാണ് എന്റെ ജീവിതത്തിലുണ്ടായ മഹാപരാധമെന്ന് അങ്ങേക്ക് ഏറ്റുപറയേണ്ടി വന്നപ്പോൾ, ഏറ്റവും ശരിയായ നിലപാടെടുത്ത മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ എന്നുപറയാനുള്ള ആർജ്ജവംകൂടി കാണിക്കണ്ടേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ; അതല്ലേ യാഥാർത്ഥ്യം. ഇവിടെ കഴിഞ്ഞ കാലങ്ങളിൽ, എന്നായാലും എപ്പോഴായാലും ബി.ജെ.പി.-ക്കെതിരെ വരുമ്പോൾ അവർക്കൊരു മെല്ലെപ്പോക്കാണ്. അതേസമയം ഇവിടെ നിങ്ങൾ മനസ്സിലാക്കുക, ഈ പൗരത്വ ഭേദഗതി നിയമത്തിനെതിരെ കേരളം ഒറ്റക്കെട്ടാണ്. ഒന്നാമത്തെ സമരം ഞാൻ പറഞ്ഞിട്ടാണെന്ന് പ്രതിപക്ഷനേതാവ് പറയുന്നു. അങ്ങനെ പറഞ്ഞിട്ടാണെങ്കിലും അത് സമ്മതിച്ച് അവിടെ ഒരുമിച്ച് സമരം ചെയ്തു. അത് ഇൻഡ്യയിലെ പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള പ്രക്ഷോഭത്തിന് ആ സമര പോരാളികൾക്ക് നൽകിയ ഊർജ്ജം വളരെ വലുതാണ്. രണ്ടാമത്, ഐക്യകണ്ഠ്യേന നമ്മുടെ സഭ പ്രമേയം പാസ്സാക്കി. മൂന്നാമത്, കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട ഹർജി സമർപ്പിച്ചു. കേരളം പൗരത്വ

ഭേദഗതി നിയമത്തിനെതിരെയുള്ള ചാമ്പ്യനായി മാറുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ തുടക്കത്തിൽതന്നെ ഇങ്ങനെ മുന്നോട്ടുപോകണ്ട എന്ന നിലപാടെടുത്തത് ആരാണ്? ഇപ്പോഴും കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഒരുമിച്ച് സമരം ചെയ്യാമെന്ന് പറയുമ്പോൾ ആ സമരത്തെ തള്ളിക്കളയാനും ദുർബലപ്പെടുത്താനുമുള്ള നിലപാടല്ലേ യു.ഡി.എഫ്. സ്വീകരിക്കുന്നത്? യു.ഡി.എഫ്. ഈ നിലപാടുകൾ സ്വീകരിക്കുന്നത് ആരെ ശക്തിപ്പെടുത്താനാണ്? ബി.ജെ.പി.-ക്ക് എതിരെയുള്ള വർത്തമാനം നിങ്ങൾ ഈ ഫ്ലോറിൽ കേട്ടോ? കേരളം ഇത്തരത്തിൽ സംഘ് പരിവാറിനെതിരായി നിലപാടുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തെ ഞെക്കിക്കൊല്ലാൻ പരിശ്രമിക്കുന്നു. എന്നാൽ, ഒരു പ്രതിപക്ഷ സ്വരമെങ്കിലും അതിനെതിരെ ഉണ്ടായോ; ഇവിടെ പ്രളയം വന്നപ്പോൾ നിങ്ങൾ ആരോടൊപ്പമായിരുന്നു? പ്രളയ കാലഘട്ടത്തിൽ കേന്ദ്രം സഹായിച്ചില്ല. വിദേശത്തുനിന്ന് ലഭിക്കുമായിരുന്ന സഹായം വാങ്ങാനും അനുവദിച്ചില്ല. അതിനോടൊപ്പം ഒരുമാസത്തെ ശമ്പളം ഇവിടത്തെ സർക്കാർ ജീവനക്കാരോട് ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കരുതെന്ന് പറഞ്ഞ ബി.ജെ.പി.-യുടെ നിലപാടിനെ കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിൽ, ഈ ഗവൺമെന്റിനെ

സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ചത് ആരാണ്? ആ നിങ്ങളാണോ കേരളത്തെ സ്നേഹിക്കുന്നത്; നിങ്ങളാണോ ബി.ജെ.പി-ക്ക് എതിരായ നിലപാടുകൾ സ്വീകരിക്കുന്നത്? അതുപോലെ ജി.എസ്.ടി.യുടെ കേന്ദ്രവിഹിതവും നമുക്ക് അധികമായി തരേണ്ട കോമ്പൻസേഷനും തരുന്നില്ല. പ്രളയത്തിനുവേണ്ടി ഫണ്ട് അനുവദിച്ചപ്പോൾ ലോകം കണ്ട ഏറ്റവും വലിയ പ്രളയം നടന്ന കേരളത്തിന് നയാപൈസയില്ല. ഏത് യു.ഡി.എഫ്. പ്രതികരിച്ചു; ഏത് ലീഗ് പ്രതികരിച്ചു? ബി.ജെ.പി-യെ കാണുമ്പോൾ സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുന്നതുപോലെയാണ്. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻപോലും പോകാത്ത, 'ഫ്ലൈറ്റ് മിസ്സായി' എന്ന ന്യായം പറഞ്ഞ നേതാവിനെയും കൊണ്ടുനടക്കുന്ന ലീഗിന് ആരോടാണ് സ്നേഹമെന്ന് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. അതിന്റെ തിരിച്ചടികൾ നേരിടാൻ തുടങ്ങിയതിന്റെ വെപ്രാളത്തിൽ നിന്നാണ് നിങ്ങളുടെ ഈ പ്രതികരണങ്ങളെല്ലാം വരുന്നത്. ലീഗുകാർ പ്രസംഗിച്ചപ്പോഴൊക്കെ ബി.ജെ.പി.-ക്ക് എതിരായിട്ടല്ല പ്രസംഗിച്ചത്. നിങ്ങൾക്ക് ഇടതുപക്ഷത്തെയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ആക്രമിക്കണമെന്നാണ്. നിങ്ങൾ എന്തെല്ലാം ആക്രമണങ്ങൾ നടത്തിയാലും

ഇന്ന് കേരളത്തിന്റെ സംരക്ഷകനായി, രക്ഷകനായി ജനം കാണുന്നത് സഖാവ് പിണറായിയെ തന്നെയാണ്. കഴിഞ്ഞ കാലങ്ങളിൽ ഒരു മുഖ്യമന്ത്രിക്കും കാണാൻ കഴിയാത്ത തരത്തിൽ, അദ്ദേഹത്തിന്റെ പത്രസമ്മേളനമുണ്ടെന്നറിഞ്ഞാൽ ജനങ്ങൾ ടി.വി.യുടെ മുമ്പിൽ ഇരിപ്പാണ്. നിപ വന്നു, ഇപ്പോൾ കൊറോണ വന്നു. ഈ കൊറോണയുടെ കാലഘട്ടത്തിൽ ഉത്കണ്ഠ വേണ്ടായെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുമ്പോൾ ജനം അത് വിശ്വസിക്കുന്നതും മനസ്സുകൊണ്ട് ഏറ്റുവാങ്ങുന്നതും ആ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടാണ്. ഇവിടെ ബി.ജെ.പി. ഹിന്ദുസ്നേഹം പറയുന്നു. ഞാൻ പറയുന്നത്, ഇൻഡ്യയിലെ 80 ശതമാനത്തോളം വരുന്ന ഹിന്ദുമത വിശ്വാസികളെ വഞ്ചിക്കുന്ന, ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്ന, കോർപ്പറേറ്റുകളെ കനപ്പിക്കുന്ന ഭരണമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ രജിസ്റ്റർ വേണ്ടത് എന്തിനാണ്? വീടില്ലാത്തവന് രജിസ്റ്റർ വേണം; സ്കൂളില്ലാത്ത സ്ഥലത്തിന്റെ രജിസ്റ്റർ വേണം; ഭൂമിയില്ലാത്തവന്റെ രജിസ്റ്റർ വേണം; അതുപോലെതന്നെ കറണ്ട് ഇല്ലാത്തവന്റെ രജിസ്റ്റർ വേണം; കുടിവെള്ളം ലഭിക്കാത്ത സ്ഥലത്തിന്റെ രജിസ്റ്റർ വേണം; ആശുപത്രിയില്ലാത്തതിന്റെ രജിസ്റ്റർ വേണം. ഇതൊക്കെ തയ്യാറാക്കിയാൽ

ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് ഇൻഡ്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുമത വിശ്വാസികളാണ്. എന്നാൽ, ആ കാര്യങ്ങളിലേയ്ക്കൊന്നും പോകാതെ ഇവിടെ വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കി വോട്ട് ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി..... നമ്മുടെ നാട്ടിൽ പറയുന്നതുപോലെ പ്ലാവില കാണിച്ച് ആട്ടിൻകുട്ടിയെ കൊണ്ടുപോകുന്നതുപോലെ മതന്യൂനപക്ഷമാകുന്ന പ്ലാവില കാണിച്ച് ആട്ടിൻകുട്ടിയാകുന്ന ബഹുഭൂരിപക്ഷത്തെ ഇവിടത്തെ കോർപ്പറേറ്റുകൾക്ക് പിഴിഞ്ഞെടുക്കുവാനുള്ള, ഊറ്റിക്കുടിക്കുവാനുള്ള ഉപകരണങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ഭരണമാണ് അവർ നടത്തുന്നത്.

കഴിഞ്ഞ കാലങ്ങളിൽ അവർ ഭരിച്ചപ്പോഴൊന്നും ജനക്ഷേമകരമായ പ്രവർത്തനമെന്ന് പറയാൻ അവരുടെ കയ്യിൽ ഒന്നുമില്ല. അവരുടെ കൈയിൽ ആകെയുള്ളത് വർഗ്ഗീയതയാണ്. ആ വർഗ്ഗീയത മനുഷ്യന്റെ മതപരമായ വിശ്വാസത്തെ ഉണർത്തിയെടുത്തുകൊണ്ട് അതിൽ തീയിട്ട് രാജ്യത്തെ ജനങ്ങളിലാകെ അസഹിഷ്ണുത സൃഷ്ടിച്ച് തങ്ങളുടെ അധികാരം നിലനിർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അവർ നടത്തുമ്പോൾ ഇവിടെ ഒറ്റപ്പെട്ട സമരങ്ങളുമായി പോകാതെ ഒരുമയോടെനിന്ന് പോരാടാനുള്ള

ഉത്തരവാദിത്വം ജനങ്ങളോടുള്ള പ്രതിബദ്ധത ഏറ്റെടുക്കാൻ ഇനിയെങ്കിലും നിങ്ങൾ തയ്യാറാകണം. ഇല്ലെങ്കിൽ നിങ്ങൾ ഒറ്റപ്പെടും, ജനം അതിന് തയ്യാറായി എന്ന കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ഗവൺമെന്റിനുവേണ്ടി ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെയും നന്ദിപ്രമേയത്തെയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണറുടെ നയത്തെയും സർക്കാരിന്റെ നയത്തെയും എതിർക്കുന്നു. രണ്ട് നയങ്ങളാണ് ഇവിടെ പ്രസംഗിച്ചത്. ഗവർണർ അദ്ദേഹത്തിന്റെ വ്യക്തിപരമായ നയങ്ങളും സർക്കാരിന്റെ നയങ്ങളും പ്രസംഗിച്ചു. ഈ രണ്ട് നയങ്ങളെയും ഞാൻ എതിർക്കുന്നു. സർക്കാർ അധികാരത്തിൽ വരുമ്പോൾ മന്ത്രിമാർ ഭരണഘടന അടിസ്ഥാനത്തിൽതന്നെ ഭീതിയോ പ്രീതിയോ കൂടാതെ ഞങ്ങൾ ഞങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുമെന്നാണ് എല്ലാവരും സത്യപ്രതിജ്ഞ ചെയ്യുന്നത്. ഇവർ ആരെയാണ് ഭയപ്പെടുന്നത്? കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ ഭയക്കുന്നത്. You are not bold enough to confront with the Centre. നിങ്ങൾ ശ്രമിക്കുന്നതെന്തിനാണ്? You are trying to compromise with the Centre; നിങ്ങൾ കേന്ദ്രവുമായും കേന്ദ്രത്തിന്റെ

പ്രതിനിധിയായ ഗവർണറുമായും ഒരു ഏറ്റുമുട്ടൽ അത്യാവശ്യമായ ഘട്ടങ്ങളിൽ മതേതരത്വം സംരക്ഷിക്കുന്ന കാര്യത്തിൽ, ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരു ഏറ്റുമുട്ടലിലേയ്ക്ക് പോകാൻ നിങ്ങൾക്ക് ചങ്കുറ്റമില്ല. You want to appease the Government. നിങ്ങൾക്ക് ഈ ഗവർണറെ പ്രീണിപ്പിക്കാൻ, അതിനുവേണ്ടി കയ്യടിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. പ്രതിപക്ഷനേതാവ് കൊണ്ടുവന്ന പ്രമേയത്തിന് എന്ത് കുറ്റമാണ് നിങ്ങൾ കാണുന്നത്? കേരള നിയമസഭ ഐക്യകണ്ഠേന പാസാക്കിയ പ്രമേയത്തെ അംഗീകരിക്കാത്ത, ഈ സർക്കാർ സുപ്രീം കോടതിയിൽ പോകുന്ന തീരുമാനത്തെ ചോദ്യം ചെയ്യുന്ന, കേരളത്തിലെ ജനവിഭാഗങ്ങളുടെ നിലപാടുകളെ പരസ്യമായി മാധ്യമങ്ങളുടെ മുന്നിൽ അവഹേളിക്കുന്ന ഗവർണറെ തിരിച്ചുവിളിക്കണമെന്ന് കേരള നിയമസഭയിൽ പ്രതിപക്ഷ നേതാവ് ഒരു പ്രമേയം അവതരിപ്പിക്കാൻ അനുമതി തേടിയപ്പോൾ, ഈ സഭയിലും ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലും അതിന് സമയം കണ്ടെത്താത്ത നിങ്ങളാണ് ഇവിടെ ബി.ജെ.പി.-ക്ക് ഓശാന പാടുന്നവർ, ബി.ജെ.പി.യെ സഹായിക്കുന്നവർ എന്ന് നിങ്ങൾ മനസ്സിലാക്കണം. പല നേതാക്കന്മാരും ഭരണപക്ഷത്തുനിന്നും സംസാരിച്ച പല അംഗങ്ങളും

കോൺഗ്രസ്സിനെ പാഠം പഠിപ്പിക്കാനും ഉപദേശിക്കാനും തയ്യാറാകുമ്പോൾ ഇന്നലെകളിൽ കോൺഗ്രസ്സിനെ എതിർത്തവരാണ് നിങ്ങൾ. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും മതേതരത്വത്തിനും രാഷ്ട്രത്തിന്റെ വികസനത്തിനുംവേണ്ടി കോൺഗ്രസ്സ് പ്രസ്ഥാനം ചെയ്ത നന്മകളെ തള്ളിപ്പറഞ്ഞ് കോൺഗ്രസ്സിനെ എതിർത്തവരാണ്. അന്ധമായ കോൺഗ്രസ് വിരോധമാണ് നിങ്ങളെ നയിച്ചത്. കോൺഗ്രസ് ഇവിടെ ക്ഷീണിച്ചാൽ, കോൺഗ്രസ് ഇവിടെ പരാജയപ്പെട്ടാൽ പകരം ആര് അധികാരത്തിൽ വരും? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വരുമോ; ഇന്ത്യയിൽ കോൺഗ്രസ്സിന് ബദലായി ഒരു മതേതര പ്രസ്ഥാനം വരുമോ; എന്നുമുതലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിലുണ്ടായത്? കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഏഴയൽപക്കത്തേയ്ക്ക് വരാൻ സാധ്യമല്ല. ബംഗാൾ, കേരളം, ത്രിപുര എന്ന് പറഞ്ഞവർക്ക് ഇന്ന് എവിടെ നിൽക്കാൻ സാധിക്കുന്നു. കോൺഗ്രസ്സിനെ നിങ്ങൾ എതിർത്ത് പരാജയപ്പെടുത്തിയപ്പോൾ പകരം വന്നത് ബി.ജെ.പി.യാണ്. ശ്രീ. മാത്യൂ ടി. തോമസിന്റെ പാർട്ടിയും മറ്റെല്ലാ പാർട്ടികളും അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ ബി.ജെ.പി.യെ സഹായിച്ചവരാണ്. അതുകൊണ്ടുണ്ടായതാണ് ഇന്നത്തെ ദേശീയ ദുരന്തം. ഇന്നത്തെ തിരിച്ചറിവെന്താണ്? ബി.ജെ.പി.യെ താഴെയിറക്കണമെങ്കിൽ

കോൺഗ്രസ്സിനേ സാധിക്കൂ, അതാണ് ഉത്തരേന്ത്യയിൽ കാണുന്നത്. അതാണ് കേരളത്തിലെ പാർലമെന്റ് ഇലക്ഷനിൽ ജനങ്ങൾ നൽകിയ വികാരം. ജനങ്ങൾ പ്രകടിപ്പിച്ച സമ്മതിദാനാവകാശം അതായിരുന്നുവെന്ന് മനസിലാക്കാൻ സാധിക്കണം. ഈ സർക്കാർ കഴിഞ്ഞ കാലത്തെ നയപ്രഖ്യാപനങ്ങളിലും ബഡ്ജറ്റുകളിലുമെല്ലാം പറഞ്ഞ ഏതെങ്കിലും കാര്യം നടപ്പിലാക്കിയിട്ടുണ്ടോ? കാർഷികമേഖല തകർച്ചയിൽ നിന്ന് തകർച്ചയിലേയ്ക്കാണ് പോകുന്നത്. വിലത്തകർച്ച, വിളത്തകർച്ച, പ്രകൃതിക്ഷോഭങ്ങൾ, വന്യമൃഗശല്യം, രോഗങ്ങൾ, പെരുകുന്ന കർഷക ആത്മഹത്യ, പ്രളയത്തെത്തുടർന്ന് കാർഷികമേഖലയ്ക്കുണ്ടായ പ്രതിസന്ധികൾ തുടങ്ങിയവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? റബ്ബർ കർഷകർ ഇന്ന് ഏറെ പ്രതിസന്ധിയിലല്ലേ? യു.ഡി.എഫ്. സർക്കാർ നിശ്ചയിച്ച 150 രൂപ വിലസ്ഥിരതാ ഫണ്ട് കഴിഞ്ഞ 9 മാസത്തിലേറെക്കാലമായി കർഷകർക്ക് നൽകിയിട്ടില്ല. എവിടെപ്പോയാലും ഇതുസംബന്ധിച്ച് കൃഷിക്കാർ പറയുകയാണ്. 150 രൂപ എന്നത് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റും കേരള ഗവൺമെന്റും ഒരു നടപടിയും സ്വീകരിക്കുന്നില്ല. പ്രളയക്കെടുതി

എല്ലാവരും വിശകലനം ചെയ്തു. 2018-ലും 2019-ലും ആവർത്തിച്ച് പ്രളയമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ധാരാളം തുക പിരിച്ചു, കേന്ദ്രസഹായം കിട്ടി, വിദേശത്തുനിന്നും ധാരാളം തുക ലഭിച്ചു, ഉദ്യോഗസ്ഥരിൽ നിന്നും പിരിച്ചു. എന്നിട്ട് എന്തായി? പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പിരിച്ച തുകയെ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. പ്രളയ ദുരിതാശ്വാസമായി സമാഹരിച്ച 3000 കോടി രൂപപോലും ചെലവഴിച്ചിട്ടില്ല. എന്റെ താലൂക്കിൽ അധികം വീടുകൾ നഷ്ടപ്പെട്ടിട്ടില്ല. ഒരു പൈസപോലും ലഭിക്കാത്ത എത്ര വീടുകളുണ്ടെന്ന് ഞാൻ മിനിഞ്ഞാന്ന് പങ്കെടുത്ത താലൂക്ക് സഭയിൽ ചോദിച്ചു. ഇരുട്ടി താലൂക്കിൽ പ്രളയത്തിൽ നഷ്ടപ്പെട്ട 70 വീടുകൾക്ക് ഒരു രൂപപോലും കൊടുത്തിട്ടില്ലെന്ന് തഹസിൽദാർ മറുപടി പറയാൻ നിർബന്ധിതനായി. വ്യാപാര സ്ഥാപനങ്ങളും വ്യാപാരികളും സമരത്തിലാണ്. ഒരു പരിഹാരവും ചെയ്തിട്ടില്ല. ഗ്രാമീണ റോഡുകൾ തകർന്നുകിടക്കുന്നു. മുഖ്യമന്ത്രിയുടെ ഫണ്ടെന്നുപറഞ്ഞ് രണ്ടുവർഷം കഴിഞ്ഞിട്ടാണ് നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത്. വളരെയേറെ കാലതാമസം വന്നു. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ നേട്ടങ്ങൾ സംബന്ധിച്ച് ഇവിടെ കൊട്ടിഘോഷിച്ചു. സ്കൂളിലെ ക്ലാസ് മുറിയിൽ

വച്ച് പാമ്പുകടിയേറ്റ് ഷഹല ഷെറിൻ എന്ന പെൺകുട്ടി മരിച്ചു. ഒരു കുട്ടിക്കുമാത്രമല്ല, വിദ്യാലയങ്ങൾക്കകത്തുവച്ച് നിരവധി കുട്ടികൾക്ക് പാമ്പുകടിയേറ്റിട്ടുണ്ട്. പത്രങ്ങളിൽ വാർത്തവന്നു. അതിൽ ഒരു കുട്ടി ദാരുണമായി മരിച്ചു. അവിടെയാണ് വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുന്നത്. ഉന്നത വിദ്യാഭ്യാസമേഖലയാണ് ഏറെ ശ്രദ്ധിക്കുന്ന കേരളത്തിന്റെ അഭിമാനം. ആന കയറിയ കരിമ്പിൻതോട്ടത്തിന്റെ അവസ്ഥയാണ് ഇന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖല. പരീക്ഷകൾക്ക് എന്തെങ്കിലും മാന്യതയുണ്ടോ; മാർക്കുദാനം ഇന്ന് ഒരു നിത്യ സംഭവമല്ലേ; അതിനായി വകുപ്പുമന്ത്രിയും മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയും പ്രത്യേകമായി അദാലത്തുകൾവിളിക്കുന്നു. ഇന്നത്തെ വാർത്ത, വിദ്യാഭ്യാസ മന്ത്രിയും പ്രൈവറ്റ് സെക്രട്ടറിയും പരീക്ഷാ നടത്തിപ്പിൽ ഇടപെടാൻ പാടില്ലെന്നും മാർക്കുദാന അദാലത്തുകൾ നടത്താൻ പാടില്ലെന്നുമാണ്. പരീക്ഷകൾക്കെന്തെങ്കിലും മാനദണ്ഡമുണ്ടോ; എസ്.എഫ്.ഐ.-യുടെ നേതാവിനെ ആ പാർട്ടിയുടെ തന്നെ നേതാക്കന്മാർ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ കുത്തിമലർത്തിയ സംഭവമില്ലായിരുന്നെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റി പരീക്ഷകളിൽ നടക്കുന്ന ഇത്തരം വ്യാപകമായ ക്രമക്കേടുകൾ ലോകം

അറിയുമായിരുന്നോ? ചോദ്യപേപ്പർ നേരത്തെ കൊടുത്താൽപ്പോലും ശരിയായി ഉത്തരമെഴുതാൻ കഴിയാത്ത നേതാക്കന്മാർക്ക് ഉത്തരക്കടലാസ് നേരത്തെ കൊടുക്കുകയാണ്. അതുകൊണ്ടാണ് ശിവരഞ്ജിത്തിന്റെ വീട്ടിൽനിന്നും കെട്ട് കണക്കിന് ഉത്തര കടലാസുകൾ കണ്ടെടുത്തത്. നമ്മളൊക്കെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതി ജയിച്ചവരാണ്, ഈ സഭയിൽ അധികംപേരും കോളേജുകളിൽ പഠിച്ചവരാണ്. ഇല്ലെങ്കിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിൽപ്രവർത്തിച്ചവരാണ്. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന്റെ അവസ്ഥയെന്താണ്; പരീക്ഷകൾക്ക് എന്തെങ്കിലും മാനദണ്ഡമുണ്ടോ; കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിൽരഹിതരായ ചെറുപ്പക്കാർ ആശ്രയിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് ഇന്ന് വിശ്വാസ്യതയുണ്ടോ? പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പോലീസ് പരീക്ഷയിൽ ഒന്നും രണ്ടും റാങ്ക് കരസ്ഥമാക്കിയവരോട് ആ കേസ് അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ചോദ്യക്കടലാസിലെ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം പറയാൻ സാധിക്കുമോയെന്ന് ചോദിച്ച് ശരിയായ പരീക്ഷ നടത്തിയപ്പോൾ അവർക്ക് കിട്ടിയത് വട്ടപൂജ്യമാണ്. കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിൽരഹിതർ ആശ്രയിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന ഭരണഘടനാ

സ്ഥാപനത്തെ ഇന്ന് പൂർണ്ണമായി രാഷ്ട്രീയവത്കരിച്ചിരിക്കുന്നു. അതൊരു രാഷ്ട്രീയ സ്ഥാപനമായി അധഃപതിച്ചിരിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഗവൺമെന്റാണിത്. കൊലപാതക കേസ്സുകളിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? ഷുഹൈബിന്റെയും ശരത്‌ലാലിന്റെയും കൃപേഷിന്റെയും രാഷ്ട്രീയ കൊലക്കേസ്സുകളിൽ സർക്കാർ ആരുടെ ഭാഗത്താണ് നിൽക്കുന്നത്; ലക്ഷക്കണക്കിനല്ല, കോടിക്കണക്കിന് രൂപ സുപ്രീം കോടതിയിലെ അഭിഭാഷകർക്ക് നൽകി കേരളത്തിന്റെ ഖജനാവ് ധൂർത്തടിക്കുന്ന ആ കേസ്സിൽ ഗവൺമെന്റ് സ്വീകരിക്കുന്ന വാദമുഖമെന്താണ്? ആ കേസ്സുകൾ നിഷ്പക്ഷമായി അന്വേഷിക്കണമെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞത്. കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് പറഞ്ഞതെന്താണ്? കാസർഗോഡ് ഇരട്ടക്കൊലക്കേസ്സിലെ അന്വേഷണ ഉദ്യോഗസ്ഥന്മാർ നിയമത്തെ പൂർണ്ണമായും കാറ്റിൽപ്പറത്തിയിരിക്കുന്നു. അവർ ഫയൽ ചെയ്ത ചാർജ്ജ് ഷീറ്റ് പൂർണ്ണമായും റദ്ദാക്കി ആ കേസ്സിൽ നീതി നടപ്പിലാക്കണം. ആ കേസിലെ ഗൂഢാലോചന പ്രതികളുൾപ്പെടെയുള്ള മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് കുട്ടിയുടെ മാതാപിതാക്കൾ ആഗ്രഹിച്ച്

കോടതിയിൽ പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി ആ കേസ്സിന്റെ വാദം കേട്ട് അംഗീകരിച്ച് വിധി പ്രഖ്യാപിച്ചു. കേരളത്തിൽ എത്രയോ സർക്കാർ വക്കീലന്മാരുണ്ട്; അഡ്വക്കേറ്റ് ജനറലും പ്രോസിക്യൂഷൻ ഡയറക്ടറും ഗവൺമെന്റിന്റെ 150-ഓളം വക്കീലന്മാരും ഹൈക്കോടതിയിൽ കേരള സർക്കാരിന്റെ പ്രതിനിധികളായി പ്രവർത്തിക്കുമ്പോൾ സുപ്രീംകോടതിയിൽനിന്നും അഭിഭാഷകരെ കൊണ്ടുവന്ന് കേരളത്തിന്റെ ഖജനാവിൽനിന്നും ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നത് ഈ കേസ്സിലെ പ്രതികൾക്ക് ശിക്ഷ വാങ്ങി കൊടുക്കാനല്ല, പ്രതികളെയും പ്രതികളാകാൻ സാധ്യതയുള്ളവരെയും രക്ഷിക്കാൻ വേണ്ടിയാണെന്ന് മനസിലാക്കാൻ സാധിക്കും. ധാരാളിത്വത്തിന് നിരവധി കാരണങ്ങളുണ്ട്, ഉപദേശികളായി പലരെയും നിയമിക്കുന്നു, കാബിനറ്റ് റാങ്കുകൾ സൃഷ്ടിക്കുന്നു, ഹെലികോപ്ടർ വാങ്ങുന്നു, ഇന്ന് കേരള സർക്കാരിന് ആവശ്യം ഹെലികോപ്ടറാണോ? മുഖ്യമന്ത്രിയുടെ പരസ്യങ്ങൾ കാണാൻ ആളുകൾ നിർബന്ധിതരാകുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കാനും ബസ്സിന് ടയർ വാങ്ങാനും സർക്കാരിന് കാശില്ല. ഇന്ന് ഏറ്റവും രക്ഷപ്പെട്ടുനിൽക്കുന്നത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയാണ്. കാരണം ഒരു എം.എൽ.എ.മാരും

അദ്ദേഹത്തോട് പരാതി പറയില്ല. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ഭരണകക്ഷിയിലെ ശ്രീ. കോവൂർ കുഞ്ഞുമോൻ ഉൾപ്പെടെ പല എം.എൽ.എ.-മാരും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൊട്ടിത്തെറിച്ചു സംസാരിച്ചു. എന്നാൽ മന്ത്രി മറുപടിയൊന്നും പറയുന്നില്ല. ആക്ഷേപമോ പരാതിയോ പറഞ്ഞിട്ടും യാതൊരു കാര്യവുമില്ല. കെ.എസ്.ആർ.ടി.സി. കട്ടപ്പുറത്ത് തന്നെയാണ്. കെ.എസ്.ആർ.ടി.സി.യുടെ യഥാർത്ഥ പ്രശ്നമെന്താണെന്നും അക്കാര്യത്തിൽ മന്ത്രിയുടെ നിലപാടെന്താണെന്നും സി.ഐ.ടി.യു. നേതാവായ ശ്രീ. ആനത്തലവട്ടം ആനന്ദൻ പരസ്യമായി പറഞ്ഞിട്ടുണ്ട്. ഇവിടെ മാവോയിസ്റ്റുകളെ കൊന്നു, അതിൽ അന്വേഷണമില്ല. സി.പി.ഐ.-ക്ക് നിലപാടുണ്ടെന്ന് ആദ്യമേ നമ്മൾ കേട്ടു. പിന്നീട് ആ നിലപാട് അവർ തന്നെ തിരുത്തി. മാവോയ്സിറ്റുകളുടെ പുറകിൽനിന്നാണ് വെടിയേറ്റത്. ഒരു ഏറ്റുമുട്ടലിലൂടെ സംഭവിച്ച മരണമല്ല. അവരുടെ പുറകുവശത്താണ് പരിക്കേറ്റതെങ്കിൽ അതിനർത്ഥം പുറകിൽ നിന്നാണ് വെടിവച്ചതെന്നാണ്. ഇവിടെ UAPA നടപ്പിലാക്കുന്നതിനെതിരായി പ്രസംഗിച്ച ആളുകൾ തന്നെ അത് നടപ്പിലാക്കുന്നു. അലനും താഹയും മാവോയിസ്റ്റുകളല്ലെന്ന് പറയുന്നത് കോഴിക്കോട് ജില്ലാ സി.പി.ഐ.(എം)-ന്റെ സെക്രട്ടറി ശ്രീ. മോഹനൻ

മാസ്റ്ററാണ്. ഈ സർക്കാരിന്റെ പ്രഖ്യാപനങ്ങളും പ്രവൃത്തികളുമായി അജഗജാന്തര വ്യത്യാസമുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല. പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നില്ല. ജനദ്രോഹ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കാർഷികമേഖല തകർന്നിരിക്കുന്നു. പ്രളയദുരന്തത്തിന് പരിഹാരമില്ല. വിദ്യാഭ്യാസമേഖലയ്ക്ക് ദുഷ്കരമായ പ്രവണതകൾ പിടിപെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ജനവിരുദ്ധമായ ഈ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ 4 വർഷം പൂർത്തിയാകാൻ പോകുന്ന ഈ ഘട്ടത്തിൽ ഇവിടെ വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങളിൽ 90 ശതമാനവും പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ ഇക്കഴിഞ്ഞ കാലഘട്ടം പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. ഓഖി, രണ്ട് പ്രളയ ദുരന്തങ്ങൾ, കേന്ദ്ര സർക്കാരിന്റെ ദുർനയങ്ങൾ, ജി.എസ്.ടി., നോട്ട് നിരോധനം എന്നിങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന ഒരു ഘട്ടത്തിലും വികസനരംഗത്ത് ഒരു വെട്ടിക്കുറവും വരുത്താൻ ഈ

സർക്കാർ തയ്യാറായിട്ടില്ല. കുട്ടികൾക്ക് ഹൈടെക് വിദ്യാഭ്യാസം നൽകിയ സർക്കാരാണിത്. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകിയ സർക്കാരാണിത്. സ്ത്രീകൾക്ക് തുല്യത നൽകിയ സർക്കാരാണിത്. തൊഴിലാളികൾക്ക് പരിരക്ഷ നൽകിയ സർക്കാരാണിത്. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകിയ സർക്കാരാണിത്. ട്രാൻസ് ജെൻഡേഴ്സിന് ഇന്ത്യയിൽ ആദ്യമായി അംഗീകാരം കൊടുത്ത സർക്കാരാണിത്. കർഷകർക്ക് രാജ്യത്തിന് മാതൃകയാകുന്ന വിധത്തിൽ അവരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും കടാശ്വാസ പദ്ധതി കൊണ്ടുവന്ന സർക്കാരാണിത്. ഭവനരഹിതർക്ക് വീട് വച്ചുനൽകിയ സർക്കാരാണിത്. നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്ന സർക്കാരാണിത്. കേരളത്തിൽ യാത്ര സുഗമമാക്കാൻ എല്ലാ റോഡുകളും ആധുനിക നിലവാരത്തിലേയ്ക്ക് ഉയർത്തിയ സർക്കാരാണിത്. ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളെ പര്യാപ്തമാക്കുംവിധം എല്ലാ ആശുപത്രികളെയും അത്യാധുനിക നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ള സർക്കാരാണിത്. ഈ സർക്കാരിനെ എങ്ങനെയാണ് നിങ്ങൾക്ക് വിമർശിക്കാൻ കഴിയുന്നത്; ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തേ കിഫ്ബിയെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നത് കേട്ടു. ഞാൻ അദ്ദേഹത്തോട് പറയുന്നത്, ഈ സഭയിൽ

ആദ്യം കിഫ്ബി കൊണ്ടുവന്നപ്പോൾ പറഞ്ഞത് 'മലർപൊടിക്കാരന്റെ സ്വപ്നം' എന്നാണ്. കിഫ്ബി പ്രാബല്യത്തിൽ വന്നപ്പോൾ ഇത് വെറും വാചക കസർത്താണ് എന്ന് നിങ്ങൾ പറഞ്ഞു, ഇതൊന്നും നടക്കാൻ പോകുന്നില്ല എന്ന് പിന്നീട് നിങ്ങൾ പറഞ്ഞു. എന്നാൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ പോയപ്പോൾ ഭരണകക്ഷിയുടെ ഒരു എം.എൽ.എ. അവിടെ വന്നിരിക്കുകയാണ്. എം.എൽ.എ.-യുടെ പേര് ഞാൻ പറയുന്നില്ല. രണ്ട് വർക്ക് പൂർത്തിയായി. ഒരു വർക്കിന്റെ പ്രവൃത്തി ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ക്ഷണിക്കാൻ വേണ്ടിയാണ് അദ്ദേഹം വന്നിരിക്കുന്നത്. കിഫ്ബി ' കൊലക്കയർ' ആണെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, കിഫ്ബിയുമായി ബന്ധപ്പെട്ട് ഒരു കാര്യവും നടന്നിട്ടില്ല എന്നൊരു പത്ര സമ്മേളനം കോട്ടയം പ്രസ് ക്ലബ്ബിൽ നടത്താൻ ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്. അദ്ദേഹം തയ്യാറാകുമോ? എനിക്ക് ഈ സർക്കാരിനെക്കുറിച്ച് ഓർക്കുമ്പോൾ ഒരു സിനിമ പാട്ടാണ് ഓർമ്മ വരുന്നത്.

"കയ്യെത്താ കൊമ്പത്തോ കണ്ണെത്തണം

കണ്ണെത്താദൂരത്തോ ചെന്നെത്തണം

ചെന്നെത്തി നീ കയ്യെത്തണം.

കയ്യെത്തി നീ കണ്ടെത്തണം. " - വയലാർ ശരത് ചന്ദ്രവർമ്മ വിനോദയാത്ര എന്ന സിനിമയ്ക്ക് എഴുതിയിട്ടുള്ള ഈ ഗാനശകലങ്ങൾ അന്വർത്ഥമാകുന്ന ഒരു സർക്കാരല്ലേ ഈ കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഓരോ വിഭാഗത്തിനും ചെയ്യേണ്ട കാര്യങ്ങൾ അറിഞ്ഞു ചെയ്യുന്ന ഒരു സർക്കാരായി കേരളത്തിലെ ഈ സർക്കാർ മാറിക്കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം നമുക്കറിയാം കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഭാവി പ്രധാനമന്ത്രിയായിട്ടാണ് ശ്രീ. രാഹുൽ ഗാന്ധിയെ ഉയർത്തിക്കാണിച്ചത്. ഇപ്പോൾ രാഹുൽഗാന്ധിയുടെ പ്രസംഗവും ആക്രോശവും അട്ടഹാസവും വയനാട്ടിൽ ഒതുങ്ങിനിൽക്കുകയാണ്. ഇപ്പോൾ അദ്ദേഹം വയനാട്ടിലെ പ്രധാനമന്ത്രിയായി മാറിയിരിക്കുകയാണ്. ഇവിടെയാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇന്ന് നാഷണൽ ഹീറോ ആയി മാറിയിരിക്കുന്നത്. ഈ രാജ്യത്ത് മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും ഭരണഘടനാ സംരക്ഷണത്തിനുംവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന ദൃഢമായ നിലപാടിന്റെ അംഗീകാരമാണിത്. അത് നിങ്ങൾ അംഗീകരിക്കണം.

ഇവിടെ നേരത്തേ ബഹുമാനപ്പെട്ട പി. ടി. തോമസ് ആർജ്ജവത്തെക്കുറിച്ച് പറഞ്ഞു. വർഗ്ഗീയതയ്ക്കെതിരെ ഞങ്ങൾക്കല്ലാതെ വേറെ ആർക്കാണ് ആർജ്ജവമുള്ളത് എന്നുപറഞ്ഞു. എന്ത് ആർജ്ജവത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്; നമ്മുടെ രാജ്യത്ത് ബി.ജെ.പി.-ക്ക് വളരാൻ അവസരമുണ്ടാക്കിക്കൊടുത്തത് ബാബ്റി മസ്ജിദിന്റെ കോമ്പൗണ്ടിൽ ആദ്യമായി ശിലാന്യാസം നടത്താൻ അനുമതി കൊടുത്തതാണോ നിങ്ങളുടെ വർഗ്ഗീയതയ്ക്കെതിരായ ആർജ്ജവം? നിങ്ങൾ വിശദീകരിക്കണം. 1992 ഡിസംബർ 6-ാം തീയതി നമ്മുടെ രാജ്യത്ത് 500 വർഷം പഴക്കമുള്ള ഇന്ത്യയിലെ ഒരു പ്രബല വിഭാഗത്തിന്റെ ആരാധനാലയം തകർക്കാൻ വർഗ്ഗീയവാദികൾ അവിടെ തടിച്ചുകൂടിയപ്പോൾ ആ വർഗ്ഗീയവാദികൾക്ക് ഓശാന പാടി ഒത്താശ ചെയ്തുകൊടുത്ത് ഇന്ത്യൻ പട്ടാളത്തെ നിഷ്ക്രിയമാക്കിയത് നരസിംഹറാവുവിന്റെ സർക്കാർ. ഞാൻ ഒരു കാര്യം പറയട്ടെ, തലേ ദിവസം ദേശീയോദ്ഗ്രഥന സമിതി യോഗത്തിൽ ഹർകിഷൻ സിംഗ് സുർജിത്ത് ഉൾപ്പെടെയുള്ള നേതാക്കൾ അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവുവിനെ പോയി കണ്ട് പറഞ്ഞു, സർ, ഇവിടെ ഒരു കാരണവശാലും ആരാധനാലയം തകർക്കപ്പെടാൻ പാടില്ല, സംരക്ഷണം കൊടുക്കണം. സംരക്ഷണ

കവചമൊരുക്കണം. ഇന്ത്യൻ പട്ടാളത്തെ ബാരക്കിൽ നിർത്തി ഇവർ വർഗ്ഗീയവാദികൾക്ക് അഴിഞ്ഞാടാൻ, ബാബ്റി മസ്ജിദ് തകർക്കാൻ അവസരമുണ്ടാക്കിക്കൊടുത്ത നിങ്ങളാണ് ഇന്ത്യൻ മതനിരപേക്ഷതയുടെ ആണിക്കല്ല് ഇളക്കിയത് എന്നകാര്യം മറക്കാൻ പറ്റുമോ; ഞാൻ ചോദിക്കട്ടെ, ഇപ്പോഴത്തെ കെ.പി.സി.സി. പ്രസിഡന്റ് ആയ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു എന്ന് നമുക്കറിയാമല്ലോ;

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.....

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, എന്റെ സമയം കളയാൻ വേണ്ടിയാണ്. എനിക്ക് സമയം തരണം. എന്റെ പ്രസംഗത്തിന് പ്രൊട്ടക്ഷൻ തരണം എന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് പറയാനുള്ള കാര്യം, കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞൊരു കാര്യം.......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പോയിന്റ് ഓഫ് ഓർഡർ ചോദിച്ചു.....പ്ലീസ്....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാന്യനായ റ്റി. വി. രാജേഷ്, മുഖ്യമന്ത്രിക്ക് നല്ല സന്തോഷമുണ്ടാകുന്ന രീതിയിൽ നല്ല പ്രസംഗം

നടത്തുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ എന്റെ പ്രധാനപ്പെട്ട കാര്യം, ബാബ്റി മസ്ജിദ് തകർക്കുന്നതിനെപ്പറ്റി അങ്ങ് പറഞ്ഞു. മലപ്പുറത്ത് മഞ്ചേരിയിൽ വച്ച് ബാബ്റി മസ്ജിദ് തകർക്കണം എന്ന് ഇ.എം.എസ്. പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് അല്പം വ്യത്യസ്തനായ ഒരു നേതാവാണ് എന്ന് സഭയിൽ നടിക്കുന്ന ഒരാളാണ്. അത് ആരും തിരിച്ചറിഞ്ഞില്ല. എന്റെ ചോദ്യം ഇതാണ്, ബാബ്റി മസ്ജിദ് പൊളിക്കാൻ വർഗ്ഗീയവാദികൾ തയ്യാറായി വരുമ്പോൾ, ശ്രീ. എൽ. കെ. അദ്വാനിയും ശ്രീമതി ഉമാഭാരതിയും ശ്രീ. വിനയ് കത്ത്യാറും അശോക് സിംഗാളുമൊക്കെ സകല ആയുധങ്ങളുമായി തമ്പടിച്ചപ്പോൾ തലേദിവസം രാത്രി അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവുവിനെ കണ്ട് ഹർകിഷൻ സിംഗ് സുർജിത്ത് ഉൾപ്പെടെയുള്ള രാജ്യത്തിലെ പ്രധാന നേതാക്കൾ ഒരു കാരണവശാലും ഇത് അനുവദിക്കരുതെന്ന് പറഞ്ഞു. അന്ന് പട്ടാളത്തെ ബാരക്കിൽ നിർത്തി പള്ളി പൊളിക്കാൻ ഒത്താശ ചെയ്തുകൊടുത്ത പാതകം. ഈ പാതകത്തിൽനിന്ന് എപ്പോഴാണ് നിങ്ങൾക്ക് കൈകഴുകാൻ കഴിയുന്നത്; ഇനി ഞാൻ ചോദിക്കട്ടെ, മുൻ ആഭ്യന്തര സഹമന്ത്രി, അദ്ദേഹം ആഭ്യന്തര

സഹമന്ത്രിയാണ്. കേരളത്തിലെ ഇടുപക്ഷ രാഷ്ട്രീയനേതാക്കളെ കള്ളക്കേസ്സിൽ കുടുക്കാൻ ഒടുക്കത്തെ തിടുക്കം, വ്യഗ്രത, വെപ്രാളം നമ്മൾ കണ്ടതാണ്. ഞാൻ ചോദിക്കട്ടെ, ശ്രീ. അമിത് ഷായ്ക്കെതിരെ ഫെയ്ക്ക് എൻകൗണ്ടർ കേസ്സിൽ സർപ്പം പോലുള്ള തെളിവ് എന്റെ കയ്യിലുണ്ടായിരുന്നു എന്നുപറഞ്ഞ കേന്ദ്ര ആഭ്യന്തര സഹമന്ത്രി, നിങ്ങൾ എന്തുചെയ്തു; ബാബ്റി മസ്ജിദ് തകർക്കപ്പെട്ടതിനുശേഷം 1992 മുതൽ 1996 വരെ ഇന്ത്യ ഭരിച്ചത് നരസിംഹറാവുവിന്റെ ഗവൺമെന്റ്. 2004 മുതൽ 2009 വരെ ശ്രീ. പി. ടി. തോമസ് അന്ന് എം. പി.-യാണ്. 2009 മുതൽ 2014 വരെ അദ്ദേഹം ഉൾപ്പെടുന്ന, കോൺഗ്രസ് നേതൃത്വം കൊടുത്ത യു.പി.എ. സർക്കാരാണ് ഇവിടെ ഭരിച്ചത്. ബാബ്റി മസ്ജിദ് തകർത്ത കേസ്സിൽ തെളിവുണ്ടായിട്ടും, വിഷ്വൽ എവിഡൻസ് ഉണ്ടായിട്ടും ഒരാളെപ്പോലും 24 മണിക്കൂർ കൽത്തുറുങ്കിലടയ്ക്കാൻ ആർജ്ജവം കാണിക്കാത്ത നിങ്ങൾ വർഗ്ഗീയതയ്ക്കെതിരായി പറയുന്നത് ആരെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ്; ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കണമെന്നുപറഞ്ഞ് നമ്മുടെ നിയമസഭയുടെ വിലപ്പെട്ട ഒരു ദിവസം കളഞ്ഞത് ആരാണ്; യു.ഡി.എഫ്. അല്ലേ; നിങ്ങൾക്ക് അദ്ദേഹത്തെ അറിയില്ല എന്ന് അന്ന് മുഖ്യമന്ത്രി പറഞ്ഞു.

മുഖ്യമന്ത്രി അപകടത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചപ്പോൾ ശ്രീ. ടി. പി. സെൻ കുമാറിനെപ്പോലെ സത്യസന്ധനായ, അർപ്പണ മനോഭാവമുള്ള വേറെ ഉദ്യോഗസ്ഥനില്ല എന്ന് പറഞ്ഞ് അടിയന്തരപ്രമേയം അവതരിപ്പിച്ച യു.ഡി.എഫ്. ഇപ്പോഴെങ്കിലും ഈ സഭയിൽ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇനി നമുക്ക് കാര്യങ്ങളിലേയ്ക്ക് പോകാം. കാശ്മീർ വിഷയം വന്നപ്പോൾ ഒന്നിച്ചുനിന്നിരുന്നുവെങ്കിൽ പൗരത്വ ഭേദഗതി നിയമം കൊണ്ടുവരുമായിരുന്നില്ല എന്ന് ഇവിടെ കഴിഞ്ഞ ദിവസം ഒരു യു.ഡി.എഫ്.-ന്റെ ഉന്നതനായ നേതാവ് പറഞ്ഞു. കാശ്മീരിന്റെ കാര്യത്തിൽ നിങ്ങൾക്ക് ഒരു നിലപാട് ഉണ്ടായിരുന്നോ? കോൺഗ്രസ്സിന്റെ നിലപാട് എന്താണ്; വേണ്ട എന്നാണോ; അല്ല. വേണം എന്നാണോ; അല്ല. 'വേണ്ട' എന്നതാണ് നിങ്ങളുടെ ആർജ്ജവം. നിങ്ങൾ മനസ്സിലാക്കണം. ജനാർദ്ദൻ ദ്വിവേദി എന്താണ് പറഞ്ഞത്; അസോസിയേറ്റ് ന്യൂസ് ഓഫ് ഇന്ത്യയ്ക്കുകൊടുത്ത ഇന്റർവ്യൂവിൽ "…..a mistake is corrected" എന്ന് ജനാർദ്ദൻ ദ്വിവേദിയാണ് പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. ടി. തോമസും കുറച്ചുകാലം ഡൽഹിയിൽ ഉണ്ടായിരുന്നതുകൊണ്ട് അറിയാവുന്ന നേതാക്കന്മാരാണ്. ശ്രീ. ഭൂപീന്ദർ

സിംഗ് ഹൂഡയുടെ മകൻ ശ്രീ. ദീപേന്ദർ സിംഗ് ഹൂഡ, ഹരിയാനയിലെ പി. ടി. തോമസ് എന്താണ് പറഞ്ഞത് എന്നറിയാമോ; ആർട്ടിക്കിൾ 370 എടുത്തുകളഞ്ഞത് രാജ്യത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ജ്യോതിരാദിത്യ സിന്ധ്യയെ പൗരത്വ ഭേദഗതി നിയമത്തിനെതിരായ രാജ്ഭവൻ മാർച്ചിന് കെ.പി.സി.സി. ക്ഷണിച്ചുകൊണ്ടുവന്നതാണ്. ചിരിച്ചുകൊണ്ട് നിൽക്കുന്ന എത്ര പോസ്റ്ററുകളാണുള്ളത്. അദ്ദേഹം എന്താണ് പറഞ്ഞത് എന്നറിയുമോ; " Bifurcation of Jammu Kashmir is for the interest of the people of the Kashmir" . കാശ്മീരിലെ ജനങ്ങളുടെ അഭിലാഷമാണ്. യഥാർത്ഥത്തിൽ കാശ്മീരിനെ വെട്ടിമുറിച്ചതിലൂടെ, 370-ാം പരിരക്ഷ എടുത്തുകളഞ്ഞതിലൂടെ ഉണ്ടായിരിക്കുന്നത് എന്നുപറഞ്ഞ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ ഇപ്പോഴും വർക്കിംഗ് കമ്മിറ്റിയംഗമാണ്. അതുപോലെ ശ്രീ. മിലിന്ദ് ദിയോറ ചില്ലറക്കാരനല്ല. വർക്കിംഗ് കമ്മിറ്റിയംഗമാണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്കുപോലും വർക്കിംഗ് കമ്മിറ്റിയിൽ സ്ഥാനം നേടാൻ കഴിഞ്ഞിട്ടില്ല. അവിടെയാണ് ശ്രീ. മിലിന്ദ് ദിയോറ ഇരിക്കുന്നത്. അദ്ദേഹം എന്താണ് പറഞ്ഞത് എന്നറിയാമോ; It is for the interest of India. ഇത്

ഇന്ത്യയുടെ താൽപ്പര്യമാണെന്നാണ് അദ്ദേഹം പറഞ്ഞത്. മറ്റൊരു പ്രമുഖ കോൺഗ്രസ് നേതാവായ ശ്രീ. അനിൽ ശാസ്ത്രി പറഞ്ഞത് 'Congress should sense the mood of the people of India' എന്നാണ്. ഞാൻ ചോദിക്കട്ടെ, കാശ്മീരിന്റെ കാര്യത്തിൽ നിങ്ങൾക്ക് ഒറ്റക്കെട്ടായ അഭിപ്രായമുണ്ടായിരുന്നോ? യു.എ.പി.എ.-യെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് ഇവിടെ പറഞ്ഞു. നമ്മുടെ രാജ്യത്ത് യു.എ.പി.എ. ഭേദഗതി കൊണ്ടുവന്നപ്പോൾ പാർലമെന്റിനകത്ത് ശക്തമായ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറായോ? അതിനെതിരെ പ്രതികരിക്കാതെ ഇവിടെ വന്ന് പുത്തരിക്കണ്ടം മൈതാനത്തും മുതലക്കുളം മൈതാനത്തുംവച്ച് നരേന്ദ്ര മോദിയെ വെല്ലുവിളിക്കുന്നു. പാർലമെന്റിൽ പോയാൽ പച്ച പാവം, മൗനി ബാവ. എന്താണ് കാര്യം? നിങ്ങൾ അവിടെ പോയി വെല്ലുവിളിക്കണം, അവിടെ പോയി വെല്ലുവിളിക്കാൻ ഇടതുപക്ഷ എം.പി.-മാർ കാണിക്കുന്ന ആർജ്ജവത്തിന്റെ പത്തിലൊന്ന് ആർജ്ജവം ഇവിടെനിന്നും തെരഞ്ഞെടുക്കപ്പെട്ട യു.ഡി.എഫിന്റെ എം.പി.മാർ കാണിച്ചിട്ടുണ്ടോ? ഇനി മുത്തലാഖിന്റെ കാര്യമെടുക്കാം. നമ്മുടെ രാജ്യത്തെ ഒരു മതവിഭാഗത്തോട് വിവേചനം കാണിക്കുന്ന മുത്തലാഖ് ബിൽ, വിവാഹം വേർപെടുത്തലിന്റെ പേരിൽ ഒരു വിഭാഗത്തെ മാത്രം ജയിലിൽ അടയ്ക്കാൻ കഴിയുന്ന ക്രിമിനൽ കുറ്റമായി

കണക്കാക്കുന്ന, രാജ്യത്തിന്റെ തുല്യതയെ നിരാകരിക്കുന്ന, ഭരണഘടനയ്ക്കെതിരായ മുത്തലാഖ് നിയമം പാർലമെന്റിൽ കൊണ്ടുവന്നപ്പോൾ കോൺഗ്രസ് എന്താണ് ചെയ്തത്? കേരളത്തിൽനിന്നുള്ള മുസ്ലീം ലീഗിന്റെ എം.പി.യായ ശ്രീ. പി. കെ. കുഞ്ഞാലക്കുട്ടി നിയമസഭാംഗത്വം രാജി വയ്ക്കുമ്പോൾ പത്രക്കാരോട് പറഞ്ഞത്, ഡൽഹിയിൽ വർഗ്ഗീയ വിരുദ്ധ പോരാട്ടത്തിന് നേതൃത്വം കൊടുക്കാനാണ് ഞാൻ പോകുന്നതെന്നാണ്. മുത്തലാഖ് ബിൽ ചർച്ച ചെയ്യുമ്പോൾ, മുസ്ലീം സമുദായത്തിനെതിരായ വിവേചന നിയമം ചർച്ച ചെയ്യുമ്പോൾ, മലപ്പുറത്തുള്ള ഒരു വ്യവസായ പ്രമുഖന്റെ കല്യാണപ്പുരയിൽ ചെമ്പിന് കാവൽ നിന്നുകൊണ്ടാണ് വർഗ്ഗീയ വിരുദ്ധ പോരാട്ടം അദ്ദേഹം നയിച്ചത്. നാണക്കേടല്ലേ സർ. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മാത്രമല്ല, മുത്തലാഖ് ബില്ലിന്റെ കാര്യത്തിൽ കോൺഗ്രസുകാരുടെ ഒളിച്ചുകളി നമുക്കറിയാം. പക്ഷെ, മുസ്ലീം ലീഗ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിക്കാൻ പാടുണ്ടോ? നിങ്ങൾ ചിന്തിക്കണം. ഇരുപത് വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ബിൽ രാജ്യസഭയിൽ പാസ്സായത്. ആ വോട്ടെടുപ്പ് സമയത്ത് ആറ് കോൺഗ്രസ് എം.പി.മാരായിരുന്നു വോട്ടെടുപ്പിൽനിന്നും മാറി നിന്നത്. ശ്രീ. മുകുത് മിതി, ശ്രീ. കെ. ടി. എസ്. തുളസി, ശ്രീ. രഞ്ജിബ് ബിസ്വാൾ, ശ്രീ. പ്രതാപ് സിംഗ് ബജ്വ, ശ്രീ. വിവേക് തൻഖ, ശ്രീ. ജോസ് കെ. മാണി എന്നീ

അംഗങ്ങളായിരുന്നു അവർ. ഇവിടെയുള്ള യു.ഡി.എഫ്.-കാരോട് ഞാൻ ചോദിക്കുകയാണ്, വോട്ടെടുപ്പിൽ പങ്കെടുക്കാതിരുന്ന ഇവരിൽ ഒരാൾക്കെതിരായെങ്കിലും അച്ചടക്ക നടപടി പോയിട്ട്, ഒരു പരാമർശമെങ്കിലും നടത്തിയോ. വോട്ടെടുപ്പിൽ പങ്കെടുക്കാത്തത് തെറ്റായിപ്പോയി എന്നുപറയാനുള്ള ആർജ്ജവമെങ്കിലും നിങ്ങൾ കാണിച്ചോ? എന്നിട്ട് നിങ്ങൾ വർഗ്ഗീയതയ്ക്കെതിരായി സംസാരിക്കു. പിന്നെ ഗവർണ്ണറോട് എന്തൊരു വിരോധമാണ്? നമ്മുടെ രാജ്യത്തെ സി. രാജഗോപാലാചാരിയുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞതാണ്. ഞാൻ അതിവിടെ വിശദീകരിക്കുന്നില്ല. മഹാനായ ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, ഗവർണ്ണർ ഒരിക്കലും മുൻ രാഷ്ട്രീയക്കാരാകാൻ പാടില്ലെന്നും അക്കാദമിക്, സയൻസ്, ആർട്സ് എന്നീ മേഖലയിൽനിന്നുള്ള പ്രഗത്ഭരായ ആളുകളെ മാത്രമാണ് ഗവർണ്ണറായി നിയമിക്കേണ്ടത് എന്നുമാണ്. അവർക്ക് രാഷ്ട്രീയ ബന്ധങ്ങളുണ്ടാകാൻ പാടില്ല, പൊളിറ്റിക്കൽ അപ്പോയ്മെന്റുകൾ വന്നാൽ അത് സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ അധികാരങ്ങൾ കവരുമെന്നും സമാന്തര അധികാര കേന്ദ്രമായി മാറുമെന്നും ഭരണഘടനാ അസംബ്ലിയിൽ മഹാനായ നെഹ്റു മുന്നറിയിപ്പ് നൽകിയിരുന്നു. ആ മുന്നറിയിപ്പ് അവഗണിച്ചത് ഇന്ദിരാ ഗാന്ധിയായിരുന്നു. 'Governor should not be

an agent of Central Government' എന്ന് റ്റി. റ്റി. കൃഷ്ണമാചാരി ഒരിക്കൽ ഭരണഘടനാ അസംബ്ലിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് തങ്ങൾക്കെതിരായി നിന്നുവെന്നുള്ള ഒറ്റ കാരണത്താൽ 1967 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ 15 സംസ്ഥാന സർക്കാരുകളെ ഗവർണ്ണറെ ഉപയോഗിച്ച് പിരിച്ചുവിട്ട ജനാധിപത്യ കുരുതിയുടെ പാരമ്പര്യവും പൈതൃകവുമാണ് നിങ്ങൾക്കുള്ളതെന്ന കാര്യം മറക്കാൻ പാടില്ല. 'Governor is a civil servant and has to act upon what the center tell him' എന്നാണ് ഗോവിന്ദ ബല്ലഭ പന്ത് പറഞ്ഞത്. നിങ്ങളാണ് ഗവർണ്ണറെ സംസ്ഥാന സർക്കാരുകൾക്കെതിരായി ദുരുപയോഗിക്കാനുള്ള ഒരു ആയുധമാക്കി മാറ്റിയത്. ഇപ്പോൾ നമുക്കറിയാം, കേരളത്തിൽ ഗവർണർ പ്രമേയത്തെ എതിർത്തു. പ്രമേയം കൊണ്ടുവരാൻ ഞാനാണ് മുൻകയ്യെടുത്തതെന്ന് പ്രതിപക്ഷ നേതാവ് പറയുകയാണ്. അങ്ങനെയാകട്ടെ, അത് കേരളത്തിന്റെ നിലപാടാണല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രമേയം അവതരിപ്പിച്ചപ്പോൾ ബി.ജെ.പി. അംഗം പോലും ആ പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്തില്ല. ആ വികാരത്തോടൊപ്പം നിൽക്കാൻ തലമുതിർന്ന ബി.ജെ.പി. അംഗംവരെ തയ്യാറായി. ഞാൻ ചോദിക്കട്ടെ 'ഞാനാണ്, ഞാനാണ്, ഞാൻ മാത്രമാണ് എന്ന് പറയുന്ന പ്രതിപക്ഷനേതാവ് എന്റെ

പ്രസംഗത്തിനുശേഷം ഒരു കാര്യംകൂടി ചെയ്യണം. മധ്യപ്രദേശിലെ ശ്രീ. കമൽനാഥിനെയും പോണ്ടിച്ചേരിയിലെ ശ്രീ. നാരായണ സ്വാമിയെയും ഒന്ന് വിളിക്കണം. അവിടെയും ഈ നിയമത്തിനെതിരെ പ്രമേയം പാസ്സാക്കണമെന്ന് പരസ്യമായി പത്ര സമ്മേളനം നടത്തി പറയാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാണിക്കണം. എത്ര കോൺഗ്രസ് സർക്കാരുകൾ റിട്ട് കൊടുത്തു. റിട്ട് കൊടുത്തപ്പോൾ അതിൽ കുറ്റം, പ്രമേയം കൊണ്ടുവന്നപ്പോൾ അതിലും കുറ്റം, എന്ന് പറഞ്ഞത് ഇവിടത്തെ പ്രതിപക്ഷ പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷനാണ്. അദ്ദേഹത്തെ തിരുത്തുകയാണ് നിങ്ങൾ ചെയ്യേണ്ടത്. ഇവിടെ നേരെത്തെ പ്രസംഗിച്ച ചില മുസ്ലീം ലീഗ് നേതാക്കന്മാരുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നി, അവരിൽ ബി.ജെ.പി-ആർ.എസ്.എസ്. പരകായ പ്രവേശം നടത്തിയിട്ടുണ്ടോ എന്ന സംശയമാണ്. അവരോട് ഒരു കാര്യം മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ, ഞങ്ങളുടേത് സുചിന്തിതമായ നിലപാടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നാല് വോട്ടിനോ നാല് സീറ്റിനോ വേണ്ടിയിട്ടല്ല. നിങ്ങളെ അങ്കലാപ്പിലാക്കിയിരിക്കുന്നത് യഥാർത്ഥത്തിൽ പൗരത്വ ഭേദഗതി നിയമമല്ല, ഈ സർക്കാരിന് തുടർ ഭരണമുണ്ടാകുമോയെന്ന ആശങ്കയാണ്. പൗരത്വം പോയാലും പ്രശ്നമില്ല, 'ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണുനീര് കാണണമെന്ന'

നികൃഷ്ട ചിന്തയാണ് നിങ്ങളെ നയിക്കുന്നതെങ്കിൽ 'വിനാശ കാലേ വിപരീത ബുദ്ധി'- എന്നുമാത്രമേ ഞങ്ങൾക്ക് ഇവിടെ പറയാനുള്ളൂ. അതുകൊണ്ട് ഇവിടത്തെ മുസ്ലീം ലീഗ് നേതൃത്വം ചിന്തിക്കണം. ഇവിടത്തെ മുസ്ലീം ലീഗ് നേതൃത്വം കോൺഗ്രസ്സിനേക്കാൾ ആർജ്ജവത്തിലാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അവിടെ ആർ.എസ്.എസ്.-ന്റെ ഉത്സവത്തിനുപോയി ഡോ. എം. കെ. മുനീറിന് പങ്കെടുക്കാം, ഒരു പ്രശ്നവുമില്ല. മോദിയെ പുകഴ്ത്തിയും പ്രകീർത്തിച്ചും യുവ നേതാവായ മുസ്ലീം ലീഗിന്റെ എം.എൽ.എ.-യ്ക്ക് പ്രസംഗിക്കാം. ഒരു നടപടിയുമില്ല. മഹാരാഷ്ട്രയിൽ ശിവസേനയുമായി ബാന്ധവമാകാം ഒരു പ്രശ്നവുമില്ല. പക്ഷെ ഇവിടെ സി.പി.ഐ.(എം.) ആയിട്ടോ ഇടതുപക്ഷവുമായിട്ടോ ധാരണ പാടില്ല. ഡൽഹിയിൽ എത്തിയാൽ നാല് വർത്തമാനം പറയാൻവേണ്ടി ശ്രീ. സീതാറാം യെച്ചൂരി വേണം. ഞാൻ ഡൽഹിയിൽ ആയിരുന്നപ്പോൾ കേരള ഹൗസിൽ ഒരു ചടങ്ങ് നടന്നു. അത് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന മഹാനായ സി.എച്ച്. മുഹമ്മദ് കോയയുടെ അനുസ്മരണമായിരുന്നു. മുസ്ലീം ലീഗിന്റെ പോഷക സംഘടനയായ കെ.എം.സി.സി. യായിരുന്നു ആ പ്രോഗ്രാം സംഘടിപ്പിച്ചത്. ആ സെമിനാറിൽ കാശ്മീരിനെപ്പറ്റിയുള്ള മുഖ്യവിഷയം അവതരിപ്പിക്കാൻ ക്ഷണിച്ചത് സഖാവ് സീതാറാം യെച്ചൂരിയെയായിരുന്നു. ഒരു കോൺഗ്രസ് നേതാവിനെപ്പോലും ക്ഷണിച്ചില്ല,

കാരണം, കാശ്മീരിന്റെ കാര്യത്തിൽ ഒരു വ്യക്തമായ നിലപാട് കോൺഗ്രസിനില്ല. അപ്പോൾ ഡൽഹിയിൽ എത്തിയാൽ അവിടെ ഇടതുപക്ഷം വേണം, കാശ്മീരിന്റെ വിഷയം ഉയർത്തിക്കൊണ്ട് വരാൻ ഇടതുപക്ഷം വേണം. ഇത് ഇരട്ടത്താപ്പാണ് അതുകൊണ്ട് എനിക്ക് മുസ്ലീം ലീഗിനോട് പറയാനുള്ള ഒരു കാര്യം, പുര കത്തുമ്പോൾ വാഴ വെട്ടരുതെന്നാണ്. ഈ സർക്കാർ വിസ്മയങ്ങൾ സൃഷ്ടിക്കുന്ന സർക്കാരാണ്, മുഖ്യമന്ത്രിയും മന്ത്രിമാരും, 1957-നുശേഷം കേരളം കണ്ട ഏറ്റവും മികച്ച സർക്കാരാണ്. അതുകൊണ്ട് നിങ്ങൾ എത്ര വേവലാതിപ്പെട്ടാലും എത്രയൊക്കെ ചീത്ത പറഞ്ഞാലും എങ്ങനെയൊക്കെ മുഖ്യമന്ത്രിയെ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിച്ചാലും ഒരു കാര്യം ഉറപ്പാണ്, അടുത്ത ഭരണത്തുടർച്ച ഇടതുപക്ഷത്തിന് ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പകയുടെയും ഹിംസയുടെയും ഒരു ഭീകരാന്തരീക്ഷം പരക്കുമ്പോൾ നമ്മുടെ രാജ്യത്തിന് ഒരു വഴികാട്ടിയും വഴിവിളക്കുമാണ് ഈ സർക്കാരെന്ന് സൂചിപ്പിച്ചുകൊണ്ട് സഖാവ് എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയ ചർച്ചയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.06-ന് പിരിഞ്ഞു.)

* * * * * * * *